Date of Publication: 9 മാർച്ച് 2020
വോല്യം 18/ലക്കം 6 / വില 20/-
ISSN 2319 - 9741

അന്വേഷി
പ്രസിദ്ധീകരണം

# സംഘടിത



# തുല്യപ്രാതിനിധ്യം




# സംഘടിത

സംഘടിത/ മാർച്ച് 2020/വോള്യം 18/ലക്കം 6


തുല്യപ്രാതിനിധ്യം
സ്ത്രീകളുടെ അവകാശം 6
**കെ.എം. രമ**

സ്ത്രീകൾക്കു പൂർണ്ണ
പൗരത്വപദവി വേണം 13
**ഗീത**

തുല്യപ്രാതിനിധ്യവും ഉദാരതാവാദവും 16
**ജെ.ദേവിക**

രാഷ്ട്രീയരംഗത്തെ പ്രാതിനിധ്യങ്ങൾ 19
**ഷീബ ദിവാകരൻ**

വിദ്യാർത്ഥി യൂണിയനുകളും
പ്രാതിനിധ്യസ്വഭാവവും 23
**ജയശ്രീ ശ്രീനിവാസൻ**

വനിതാസംവരണ ബില്ലിനെ വിഴുങ്ങുന്ന
അഭിപ്രായസമന്വയ ദുർഭൂതം 27
**അഡ്വ. മരിയ**

ഷഹീൻ ബാഗും ഡൽഹി തിരഞ്ഞെടുപ്പു
ഫലങ്ങളും തുടർ സംഭവങ്ങളും 30
പെൺപക്ഷം/**അജിത കെ.**

സാഫ്രജെറ്റ് (സിനിമ) 35
**സീതാദേവി കാര്യാട്ട്**

കാക്കിക്കുള്ളിലെ ലിംഗസമത്വം 38
**വിനയ എൻ.എ.**

മതസംഘടനകളിലെ സ്ത്രീ: ആണുങ്ങൾ
വരയ്ക്കുന്ന പെൺഭൂപടങ്ങൾ 39
**അമീറ അയിഷാബീഗം**

പ്രസന്നമാകേണ്ട അധ്യയനാനുഭവം 46
വാസ്തവം/**ഡോ. ജാൻസി ജോസ്**

സാംസ്കാരിക രംഗത്തെയും
എഴുത്തിടങ്ങളിലെയും
സ്ത്രീപ്രാതിനിധ്യം 47
**ദീപ പി.എം.**

എന്റെ രാഷ്ട്രീയ ജീവിതം - ഗീത നസീർ 49
**ഗീത നസീർ/ജെന്നി എസ്.**

എന്നെ നയിക്കുന്നത്
ആശയങ്ങളാണ്; വ്യക്തികളല്ല 53
**ജാനമ്മ കുഞ്ഞുണ്ണി/മിനി പ്രസാദ്**

സമത്വം
കവിത/**നിമിത എ.**
തുല്യത
കവിത/**സഞ്ജന കെ.** 56

പ്രാതിനിധ്യം, സ്വത്വം - ക്വിയർ വായന 57
**പ്രിജിത്ത് പി.കെ.**

ലോറ മൾവിയുമൊത്ത് ഒരു ദിനം 60
വഴിത്താരകൾ/**ജാനകി**

ഗണിത വിസ്മയമായി
സുജാത രാംദൊരൈ 61
ശാസ്ത്രം/**സീമാ ശ്രീലയം**




**ഫോട്ടോ ഫീച്ചർ : ഭരണഘടനയുടെ എഴുപതാം വാർഷികത്തോടനുബന്ധിച്ച്**
**കേരള സർക്കാർ പ്രസിദ്ധീകരിച്ച പോസ്റ്ററുകൾ**


**എഡിറ്റർ:**ഡോ. ഷീബ കെ.എം. **മാനേജിംഗ് എഡിറ്റർ:**കെ.അജിത **എക്സി.എഡിറ്റർ :** ഡോ. ജാൻസി ജോസ്, **ഗസ്റ്റ് എഡിറ്റർ:** സുൽഫത്ത് എം. **പത്രാധിപസമിതി**: രാജലക്ഷ്മി കെ.എം., ജ്യോതി നാരായണൻ, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, അഡ്വ.കെ.കെ.പ്രീത, ഡോ. ഷീബ ദിവാകരൻ, ഡോ. ഷംഷാദ് ഹുസൈൻ, സുൽഫത്ത്, ഡോ. സോണിയ ജോർജ്. **എക്സിക്യൂട്ടീവ് കമ്മിറ്റി** : അമീറ വി.യു, ഡോ.ഷർമ്മിള.ആർ, ഗാർഗി ഹരിതകം, ഡോ.മുത്തുലക്ഷ്മി കെ., ശ്രീജിത **ഉപദേശകസമിതി** : സുഗതകുമാരി, പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി, ഡോ. മല്ലികാസാരാഭായ്, ഡോ. ബീനാപോൾ**ലേഔട്ട് & കവർ** : ശാലിനി.പി.എം., **വെബ്സൈറ്റ്** : വസന്ത പി. **പ്രിന്റിംഗ്** : ഏ-വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934

**സംഘടിത മാസിക**
അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370
sanghadithacalicut@gmail.com, anweshicalicut@gmail.com www.anweshi.org www.sanghaditha.com

Federal Bank, A/c.No. 14130100072122, IFSC: FDRL0001413

# മുഖപ്രസംഗം



ഷീബ കെ.എം.

**നാം** ഭയന്നിരുന്നത് ഒടുവിൽ സംഭവിച്ചിരിക്കുന്നു. ഫാഷിസം വംശഹത്യയിലേക്ക് ചവിട്ടിക്കയറിയിരിക്കുന്നു. സാമാന്യപ്രതീക്ഷകളെയൊക്കെ തകർത്തുകൊണ്ട് ഒരു മറയുമില്ലാത്ത നരഹത്യയാണ് ദില്ലിയിൽ അരങ്ങേറിയത്. നേതാക്കൾ കുറേ നാളായി പുറപ്പെടുവിച്ചുകൊണ്ടിരുന്ന വെടിയുതിർത്ത് കൊല്ലാനുള്ള ആഹ്വാനങ്ങൾ അണികൾ ഹിംസയിൽ അഴിഞ്ഞാടി നടപ്പിലാക്കിയിരിക്കുന്നു. ബലിയാടുകളായതോ അവർ ലക്ഷ്യമിട്ട നിരപരാധികളായ മുസ്ലീങ്ങളും അവർക്കൊപ്പമുണ്ടായിരുന്ന ഹിന്ദുക്കളും. നാം ഏറെ പ്രതീക്ഷയർപ്പിച്ച ആം ആദ്മി പാർട്ടി വെറുമൊരു നിർഗുണപാർട്ടിയായി നോക്കി നിന്നു . മാധ്യമങ്ങളാകട്ടെ തീർത്തും നിരുത്തരവാദപരമായി നിയമത്തെ അനുകൂലിക്കുന്നവരും എതിർക്കുന്നവരും തമ്മിലുള്ള സംഘട്ടനമായി ഈ അരുംകൊലയെ ലഘൂകരിക്കാൻ ശ്രമിച്ചു. ഇനിയും നമുക്ക് സംശയമുണ്ടോ ഇത് മുസ്ലീം സ്വത്വത്തെ കേന്ദ്രീകരിച്ചുള്ള തെരഞ്ഞുപിടിച്ചുള്ള വംശഹത്യ തന്നെയാണെന്ന്? ഇനിയെത്ര കൊലകൾ വേണം അത് തെളിയിക്കാൻ ? ഗുജറാത്ത് കലാപാനന്തരം കേരളം കാണിച്ച ജാഗ്രതയും ഐക്യപ്പെടലും സഹായവും ഈ സന്ദർഭത്തിൽ പ്രകടമാവാഞ്ഞത് ഈയവസരത്തിൽ നാം ഗൗരവമായി ചിന്തിക്കേണ്ടതാണ്.

ഏഷ്യാനെറ്റ് മീഡിയ വൺ തുടങ്ങിയ മാധ്യമ ചാനലുകൾക്കേർപ്പെടുത്തെപ്പെട്ട വിലക്ക് രംഗം കൂടുതൽ കൂടുതൽ വഷളാവുന്നതിന്റെ തമോഗതിയാണ് സൂചിപ്പിക്കുന്നത്. മാധ്യമങ്ങൾ പൂർണ്ണമായി മുട്ടുമടക്കുന്നതോടെ ഏകാധിപത്യ തേർവാഴ്ചകൾക്ക് ആക്കം കൂടുക തന്നെ ചെയ്യും. ജീവിക്കാൻ വയ്യാത്ത മണ്ണായി അനുദിനം നമ്മുടെ രാജ്യം മാറുമ്പോൾ ഏതേത് ദിശയിലാണ് കൂട്ട പ്രതിരോധങ്ങൾ തീർക്കേണ്ടത് ? ഏതേത് രാഷ്ട്രീയസമവാക്യങ്ങൾക്കാണ് ഫാഷിസത്തിന്റെ കോട്ടകൾ തകർക്കാൻ കഴിയുക?

രൂപയുടെ വിനിമയനിരക്ക് ഇടിയുന്നു, ബാങ്കുകൾ തകരുന്നു, തൊഴിലില്ലായ്മയും വിലക്കയറ്റവും രൂക്ഷമാകുന്നു. കേരളം പോലെ പക്വഭരണം നടത്തുന്ന സംസ്ഥാനങ്ങൾക്ക് പോലും പിടിച്ചുനിൽക്കാനാവാത്ത ഗതിയാണ്. എല്ലാം വിസ്മരിപ്പിക്കും വിധം ഭീതിയിൽ മരവിപ്പിച്ചു നിർത്താൻ കൂട്ടക്കൊലകളും. ഈ അധോഗതിയുടെ ഭരണം അവസാനിക്കുക തന്നെ വേണം.

ജനങ്ങൾക്കുമേലുള്ള ഭരണകൂടഭീകരതയെ എതിർക്കുമ്പോൾ യു എ പി എ ചുമത്തെപ്പെട്ട് ജയിലിലായ അലന്റെയും താഹയുടേയും ദുരവസ്ഥ കൂടി ചർച്ചാവിഷയം ആകേണ്ടതാണ്. ഇല്ലെങ്കിൽ അത് തികഞ്ഞ ഇരട്ടത്താപ്പാവും. അവർക്കെതിരെയുള്ള കുറ്റം തെളിയിക്കാൻ മതിയായ തെളിവുകളുണ്ടെന്ന് പോലീസ് മേധാവി പറയുകയും എന്നാൽ നമുക്കത് ബോധ്യമാവാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഇതിൽ എന്തോ ചതി സംശയിക്കേണ്ടിയിരിക്കുന്നു. അജണ്ടകൾ മറ്റെന്തോ ആവാനാണ് സാധ്യത എന്ന് ഊഹിച്ചു പോയാൽ തെറ്റാവുമോ?

അന്താരാഷ്ട്ര വനിതാദിനം ഓർമ്മിപ്പിച്ചുകൊണ്ട് വീണ്ടും മാർച്ച് മാസം വരുന്നു. ഇത്തവണത്തെ മുദ്രാവാക്യം 'സമത്വത്തിനായി ഓരോരുത്തരും' എന്നാണ്. സമത്വം കൂടുതൽ കൂടുതൽ അസാധ്യമാക്കുന്ന തീവ്രമുതലാളിത്തത്തിന്റെയും ഹിന്ദുത്വ അധികാരത്തിന്റേയും ജാതീയതയുടേയും പരിതസ്ഥിതിയിൽ ഈ മുദ്രാവാക്യത്തിന് പ്രസക്തിയേറുന്നു. അതിനാൽ ഉച്ചത്തിലുച്ചത്തിലുയരട്ടെ ഈ ആഹ്വാനം! അരികുവൽക്കരിക്കപ്പെട്ടു പോകുന്ന ഓരോരുത്തരുടേയും പൊതുപങ്കാളിത്തം സാധ്യമാകുന്ന ഒരു കാലത്തിനു വേണ്ടി പോരാട്ടം തുടരാൻ സുൽഫത്ത് അതിഥിപത്രാധിപയായി 'തുല്യപ്രാതിനിധ്യം' എന്ന വിഷയം ചർച്ച ചെയ്യുന്ന ഈ ലക്കം സംഘടിത വിപ്ലവാഭിവാദ്യങ്ങളോടെ സമർപ്പിക്കുന്നു.

■

## അതിഥിപത്രാധിപക്കുറിപ്പ്



**സുൽഫത്ത് എം.**
സ്ത്രീ അവകാശ പ്രവർത്തക,
പ്രധാന അദ്ധ്യാപിക

# ജനാധിപത്യം ആണിന്റേത് മാത്രമല്ല

ജനസംഖ്യയിലും വോട്ടർമാരിലും പകുതിയിലധികം വരുന്ന സ്ത്രീകളുടെ നിയമനിർമ്മാണ സഭകളിലെ പ്രാതിനിധ്യം കേരളത്തിലെ രാഷ്ട്രീയ പാർട്ടികളുടെ പരിഗണനാ വിഷയം പോലും ആകാറില്ലെന്നത് ആധുനിക ജനാധിപത്യ സമൂഹത്തിന് അപമാനകരമാണ്. പാർട്ടികളുടെ നയരേഖകളിലും തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയിലുമൊക്കെ അവർ പറയുന്ന തുല്യനീതിയും സ്ത്രീപുരുഷ സമത്വവുമൊക്കെ ഏട്ടിലെ പശുവാണിപ്പോഴും. 2019ലെ കണക്കുകൾ പ്രകാരം നിയനിർമ്മാണ സഭകളിലെ സ്ത്രീ പ്രാതിനിധ്യത്തിന്റെ കാര്യത്തിൽ 191 ലോക രാജ്യങ്ങളിൽ 149-ാം സ്ഥാനത്താണ് ഇന്ത്യ.

ഭരണഘടനയിൽത്തന്നെ സ്ത്രീ സംവരണം എഴുതിച്ചേർത്തു കൊണ്ടാണ് റുവാണ്ടയും ഏത്യോപ്യയും പോലുള്ള രാജ്യങ്ങൾ സ്ത്രീ പ്രാതിനിധ്യം അറുപതു ശതമാനത്തിലും മേലെ ഉയർത്തിയത്. നിയമനിർമ്മാണങ്ങളിലൂടെയും രാഷ്ട്രീയ പാർട്ടികൾ നിശ്ചിതസീറ്റുകൾ സ്ത്രീകൾക്ക് മാറ്റിവെച്ചുകൊണ്ടുമാണ് അൻപതു ശതമാനത്തിലേക്ക് സ്ത്രീ പ്രാതിനിധ്യം മറ്റ് രാജ്യങ്ങളും ഉയർത്തിയത്. ട്രാൻസ്ജെൻഡർ പ്രാതിനിധ്യവും ഈ രീതിയിൽ ബോധപൂർവ്വമായ ശ്രമങ്ങളിലൂടെ നിയമനിർമ്മാണ സഭകളിൽ എത്തേണ്ടതുണ്ട്.

2010 മാർച്ചിൽ രാജ്യസഭയിൽ പാസ്സായിട്ടും വനിതാ സംവരണബിൽ ലോകസഭയിൽ പാസാകാതിരിക്കുന്നത് രാഷ്ട്രീയ നേതൃത്വങ്ങൾക്ക് ഈ വിഷയത്തിൽ ഇച്ഛാശക്തി ഇല്ലാത്തതുകൊണ്ട് മാത്രമാണ്. മുപ്പത്തിമൂന്നു ശതമാനം സംവരണത്തെ എതിർക്കുന്നവർ ആവശ്യപ്പെടുന്ന സംവരണത്തിനുള്ളിലെ സംവരണം ബാക്കി എഴുപത്തിയേഴു ശതമാനത്തിൽ ആവശ്യപ്പെടാത്തതെന്തുകൊണ്ടാണ്? ദളിത് സംവരണം നിലനിൽക്കുന്ന മണ്ഡലങ്ങളിലെ തുല്യപ്രാതിനിധ്യവും പരിശോധിക്കപ്പെടേണ്ടതുണ്ട്.

ഉയർന്ന തൊഴിൽമേഖലകളിലും നീതിനിർവഹണ സഭകളിലും നയരൂപീകരണ സമിതികളിലുമെല്ലാം സ്ത്രീ-ട്രാൻസ്ജെൻഡർ, ദളിത് പ്രാതിനിധ്യങ്ങൾ തുല്യപ്രാതിനിധ്യത്തിലേക്ക് ഉയരേണ്ടതുണ്ട്. സുപ്രീംകോടതിയുടെ ചരിത്രത്തിൽ ഇന്ന് വരെ ഏഴു സ്ത്രീകളാണ് ജഡ്ജിമാരായിട്ടുള്ളത്. സ്ത്രീ പ്രാതിനിധ്യം ഇല്ലാത്ത ഒമ്പത് ഹൈക്കോടതികളും ഇന്ന് രാജ്യത്തുണ്ട്.

സ്ത്രീകൾ അധികാരസ്ഥാനങ്ങളിൽ വരുമ്പോൾ പുരുഷാധിപത്യ മൂല്യങ്ങളിൽ അധിഷ്ഠിതമായ ഗാർഹിക  സാമൂഹ്യഘടനയിലും പൊളിച്ചെഴുത്ത് വേണ്ടി വരുമെന്നും സാമൂഹ്യവൽക്കരിക്കപ്പെടുന്ന സ്ത്രീ ഗാർഹികാടിമത്തത്തിൽ നിന്ന് മോചനം നേടുമെന്നും ആൺകോയ്മ ഭയപ്പെടുന്നുണ്ട്. അധികാരത്തിൽ നിന്ന് സ്ത്രീകളെ ബോധപൂർവ്വം മാറ്റി നിർത്തുന്ന രാഷ്ട്രീയ കുറ്റകൃത്യം മറച്ചുവെച്ചു കൊണ്ട് മൗനം പാലിക്കാൻ രാഷ്ട്രീയ നേതൃത്വങ്ങൾക്ക് കഴിയുന്നത് അതുകൊണ്ടാണ്. ലിംഗസമത്വവും തുല്യനീതിയും അംഗീകരിച്ചു കൊണ്ട് അധികാരസ്ഥാനങ്ങൾ പങ്കുവെക്കപ്പെടുകയാണെങ്കിൽ തങ്ങൾ കയ്യടക്കിവെച്ചിരിക്കുന്ന അധികാരങ്ങൾ നഷ്ടപ്പെടുമെന്ന ഭയം മറികടക്കാൻ രാഷ്ട്രീയ നേതാക്കൾക്കാവണം. ആൺകോയ്മാ സമൂഹത്തിൽനിന്ന് തുല്യനീതിയിലേക്കുള്ള യാത്രയിലാണ് ലോകം. തുല്യപ്രാതിനിധ്യം എന്ന വിഷയം ഏറെ ഉച്ചത്തിൽ ഉയർന്നുവരേണ്ട വേളയിൽ നാം നിശ്ശബ്ദമായിരുന്നുകൂടാ.

സംഘടിതയുടെ ഈ ലക്കം ജനാധിപത്യത്തിലെ ജനങ്ങൾ സ്ത്രീയും പുരുഷനും ലൈംഗിക ന്യൂനപക്ഷങ്ങളുമെല്ലാം ഉൾപ്പെട്ടതാണെന്നും അധികാര സ്ഥാനങ്ങളിലെ അവരുടെ പങ്കാളിത്തവും ജനാധിപത്യരീതിയിലായിരിക്കണമെന്നും ഓർമ്മിപ്പിക്കുകയാണ്.



**കെ.എം. രമ**
സ്ത്രീവാദ പ്രവർത്തക

# തുല്യപ്രാതിനിധ്യം സ്ത്രീകളുടെ അവകാശം

**രാ**ഷ്ട്രീയത്തിൽ ന്യായമായ സ്ഥാനം ഉറപ്പിക്കുന്നതിനുവേണ്ടിയുള്ള സ്ത്രീകളുടെ സമരം സ്വതന്ത്ര ഇന്ത്യയിലെ എറ്റവും വലിയ പോരാട്ടങ്ങളിൽ ഒന്നാണ്. ലോകത്തിലെ തന്നെ ഏറ്റവും മെച്ചപ്പെട്ടത് എന്ന ഖ്യാതിയുള്ള, സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യാവകാശം ഉറപ്പു നൽകുന്ന ഭരണഘടനക്കു കീഴിൽ ജീവിക്കുന്ന ഇന്ത്യയിലെ സ്ത്രീകൾക്ക് ഭരണഘടന നിലവിൽ വന്ന് എഴുപത് വർഷങ്ങൾക്കു ശേഷവും രാഷ്ട്രീയാധികാരത്തിലെ തുല്യാവസരം എന്നത് ഒരു വിദൂരസാധ്യത മാത്രമാണ്. സ്ത്രീകളുടെ പല മേഖലകളിലുമുള്ള പിന്നാക്കാവസ്ഥ നിലനിൽക്കുന്നത് സ്ത്രീകൾ ആഗ്രഹിച്ചതുകൊണ്ടല്ല, മറിച്ച് സാമൂഹികമായി അവർ ഒഴിച്ചുനിർത്തപ്പെട്ടതുകൊണ്ടാണ്. കുടുംബഘടനയും സാമൂഹിക ആചാരങ്ങളും മുതൽ സർക്കാർ പോളിസികൾ വരെ സ്ത്രീകൾക്ക് തുല്യാവസരം നിഷേധിക്കുന്നതിൽ പരസ്പരം സഹായിച്ചു പോരുന്നു.

പൊതു തെരഞ്ഞെടുപ്പുകൾക്കു മുമ്പ് എപ്പോഴും ഉയർന്നുവരുന്ന ചർച്ച (മാത്രം)യാണ് നിയമനിർമാണസഭകളിലെ സ്ത്രീകളുടെ പ്രാതിനിധ്യക്കുറവ്. പാർലമെന്റിലെ സ്ത്രീകളുടെ പ്രാതിനിധ്യത്തിന്റെ കാര്യത്തിൽ ഏറ്റവും പുറകിലുള്ള രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. 188 രാജ്യങ്ങളിലെ 2020 ജനുവരിയിലെ കണക്കനുസരിച്ച് 14.36 ശതമാനം സ്ത്രീപ്രാതിനിധ്യത്തോടുകൂടി 143ാം സ്ഥാനത്താണ് ഇന്ത്യ[1]. 1996ൽ ആദ്യമായി വനിതാ സംവരണബിൽ അവതരിച്ചുകൊണ്ട് നിർദേശിക്കപ്പെട്ട 33 ശതമാനം സ്ത്രീ സംവരണം ഇവിടെ ഇപ്പോഴും തെരഞ്ഞെടുപ്പു വാഗ്ദാനം മാത്രമായി തുടരുമ്പോൾ 43 രാജ്യങ്ങൾ 33 ശതമാനവും അതിനു മുകളിലും സ്ത്രീ പ്രാതിനിധ്യം ഇതിനോടകം യാഥാർഥ്യമാക്കിക്കഴിഞ്ഞു (പട്ടിക 1 കാണുക). പാർലമെന്റിലെ സ്ത്രീ പ്രാതിനിധ്യത്തിന്റെ കാര്യത്തിൽ ലോകശരാശരിയായ 24.9 ശതമാനത്തേക്കാളും ഏഷ്യൻ രാജ്യങ്ങളിലെ ശരാശരിയായ 20.5 ശതമാനത്തേക്കാളും എത്രയോ താഴെയാണ് ഇന്ത്യൻ പാർലമെന്റിലെ സ്ത്രീപ്രാതിനിധ്യം (പട്ടിക 2). എന്നാൽ വികസന സൂചികകളെല്ലാം ലോകോത്തര നിലവാരം പുലർത്തുന്ന കേരളത്തിന്റെ സ്ഥിതി ഇതിനേക്കാൾ എത്രയോ മോശമാണ്. ഈ ലോക്സഭയിൽ കേരളത്തെ പ്രതിനിധീകരിക്കാൻ ഒരേയൊരു സ്ത്രീ മാത്രം (5 ശതമാനം). രാജ്യസഭയിൽ കേരളത്തിൽ നിന്ന് ഇപ്പോൾ സ്ത്രീ മെംബർമാരില്ല. നാളിതുവരെ കേരളത്തെ പ്രതിനിധീകരിച്ച് രാജ്യസഭയിൽ എത്തിയത് വെറും മൂന്ന് സ്ത്രീകളാണ്. നിയമസഭയിൽ ഇപ്പോഴുള്ളത് ഒമ്പത് സ്ത്രീകൾ; അതായത് 6.42 ശതമാനം (പട്ടിക 3). സ്ത്രീസാക്ഷരത, വിദ്യാഭ്യാസനിലവാരം, പൊതുജനാരോഗ്യം, ശിശുമരണനിരക്ക് തുടങ്ങിയ സാമൂഹ്യപുരോഗതി മാനദണ്ഡങ്ങളിലൊക്കെയും ഏറെ പുറകിലായ രാജസ്ഥാനിൽ പോലും കേരളത്തിന്റെ ഇരട്ടിയോളമാണ് നിയമസഭാംഗങ്ങളായ സ്ത്രീകളുടെ എണ്ണം (രാജസ്ഥാൻ നിയമസഭയിൽ 12.5 ശതമാനം സ്ത്രീ അംഗങ്ങളുണ്ട്; ലോക്സഭയിൽ 12 ശതമാനവും). മിസോറാം, നാഗാലാന്റ്, പുതുച്ചേരി നിയസഭകളിൽ ഒരു സ്ത്രീ എം.എൽ.എ. പോലുമില്ല.

മുമ്പ് പുരുഷന്മാർ മാത്രം കൈയാളിയിരുന്ന പല ഔദ്യോഗിക സ്ഥാനങ്ങളിലും തൊഴിൽ മേഖലകളിലും ഇന്ന് സ്ത്രീകൾ എത്തുന്നുണ്ടെങ്കിലും രാഷ്ട്രീയത്തിൽ സജീവമായി നിൽക്കുന്ന സ്ത്രീകളുടെ എണ്ണം തീർത്തും കുറവാണ്. സാമൂഹ്യപുരോഗതി സ്ത്രീകളുടെ രാഷ്ട്രീയ പങ്കാളിത്തത്തിന് പ്രേരണയോ സഹായമോ ചെയ്യുന്നില്ല എന്നതാണ് യാഥാർഥ്യം. നിലവിലുള്ള പുരുഷാധിപത്യ വ്യവസ്ഥ അദൃശ്യരോ അപ്രധാനരോ ആക്കിയ സ്ത്രീകൾ എത്രയാണ്! പുരുഷ നേതാക്കളുടെ അരികുപറ്റിക്കൊണ്ടല്ലാതെ, സ്വന്തം മെറിറ്റിന്റെ അടിസ്ഥാനത്തിൽ രാഷ്ട്രീയത്തിൽ ഉയർന്നു വരുന്ന സ്ത്രീകൾ വളരെ കുറവാണ്. കഴിവും താത്പര്യവും ഇല്ലാത്ത

[1] Global Data on National Parliaments

പട്ടിക 1

| പാർലമെന്റിലെ (അധോസഭ) സ്ത്രീപ്രാതിനിധ്യം 33% ത്തിനു മുകളിലുള്ള രാജ്യങ്ങൾ (ജനുവരി 2020) | | | | |
|---|---|---|---|---|
| റാങ്ക് | രാജ്യം | ആകെ സീറ്റ് | സ്ത്രീ സാമാജികർ എണ്ണം | സ്ത്രീ സാമാജികർ ശതമാനത്തിൽ |
| 1 | റുവാണ്ട | 80 | 49 | 61.25 |
| 2 | ക്യൂബ | 605 | 322 | 53.22 |
| 3 | ബൊളീവിയ | 130 | 69 | 53.08 |
| 4 | UAE | 40 | 20 | 50 |
| 5 | മെക്സിക്കോ | 500 | 241 | 48.2 |
| 6 | നിക്കരാഗ്വ | 91 | 43 | 47.25 |
| 7 | സ്വീഡൻ | 349 | 164 | 46.99 |
| 8 | ഗ്രനേഡ | 15 | 7 | 46.67 |
| 9 | അൻഡോറ | 28 | 13 | 46.43 |
| 10 | സൗത്ത് ആഫ്രിക്ക | 397 | 184 | 46.35 |
| 11 | ഫിൻലാന്റ് | 200 | 92 | 46 |
| 12 | കോസ്റ്റാറിക്ക | 57 | 26 | 45.61 |
| 13 | സ്പെയിൻ | 350 | 154 | 44 |
| 14 | സെനഗൽ | 165 | 71 | 43.03 |
| 15 | നമീബിയ | 96 | 41 | 42.71 |
| 16 | സ്വിറ്റ്സർലാന്റ് | 800 | 83 | 41.5 |
| 17 | നോർവേ | 169 | 70 | 41.42 |
| 18 | മൊസാംബിക് | 250 | 103 | 41.2 |
| 19 | അർജന്റീന | 257 | 105 | 40.86 |
| 20 | ന്യൂസിലാന്റ് | 120 | 49 | 40.83 |
| 21 | ബെൽജിയം | 150 | 61 | 40.67 |
| 22 | ബെലാറസ് | 110 | 44 | 40 |
| 23 | നോർത്ത് മാസഡോണിയ | 120 | 48 | 40 |
| 24 | പോർച്ചുഗൽ | 230 | 92 | 40 |
| 25 | ഡെൻമാർക്ക് | 179 | 71 | 39.66 |
| 26 | ഫ്രാൻസ് | 577 | 228 | 39.51 |
| 27 | ഇക്വഡോർ | 137 | 54 | 39.42 |
| 28 | ഓസ്ട്രിയ | 183 | 72 | 39.34 |
| 29 | എത്യോപ്യ | 547 | 212 | 38.76 |
| 30 | തിമോർ- ലെസ്റ്റ | 65 | 25 | 38.46 |
| 31 | ഡൊമിനിക്ക | 21 | 8 | 38.1 |
| 32 | ഐസ്‌ലന്റ് | 63 | 24 | 38.1 |
| 33 | സെർബിയ | 247 | 93 | 37.65 |
| 34 | ടാൻസാനിയ | 393 | 145 | 36.9 |
| 35 | ബുറൂണ്ടി | 121 | 44 | 36.36 |
| 36 | ഇറ്റലി | 630 | 225 | 35.71 |
| 37 | ഉഗാണ്ട | 459 | 160 | 34.86 |
| 38 | ഗയാന | 69 | 24 | 34.78 |
| 39 | യുണൈറ്റഡ് കിംഗ്ഡം (U.K) | 650 | 220 | 33.85 |
| 40 | എൽ സാൽവദോർ | 84 | 28 | 33.33 |
| 41 | മൊണാക്കോ | 24 | 8 | 33.33 |
| 42 | നെതർലന്റ് | 150 | 50 | 33.33 |

അവലംബം: IPU Parline- Global Data on National Parliaments

പട്ടിക 2

| പാർലമെന്റിലെ സ്ത്രീപ്രാതിനിധ്യം | | | | | |
|---|---|---|---|---|---|
| ലോക്സഭ | | | രാജ്യസഭ | | |
| വർഷം | സ്ത്രീകൾ | സ്ത്രീകൾ (ശതമാനം) | വർഷം | സ്ത്രീകൾ | സ്ത്രീകൾ (ശതമാനം) |
| 1962 | 36 | 7.29 | 1952 | 15 | 6.94 |
| 1967 | 32 | 6.15 | 1962 | 18 | 7.62 |
| 1971 | 27 | 5.21 | 1972 | 18 | 7.4 |
| 1977 | 19 | 3.51 | 1982 | 24 | 10.16 |
| 1980 | 30 | 5.67 | 1992 | 17 | 7.29 |
| 1984 | 44 | 8.56 | 2002 | 25 | 10.2 |
| 1989 | 31 | 5.86 | 2004 | 28 | 11.43 |
| 1991 | 40 | 7.66 | 2006 | 25 | 10.41 |
| 1996 | 43 | 7.89 | 2008 | 23 | 9.5 |
| 1998 | 45 | 8.26 | 2010 | 27 | 11.15 |
| 1999 | 51 | 9.39 | 2012 | 26 | 10.65 |
| 2004 | 47 | 8.66 | 2014 | 31 | 12.7 |
| 2009 | 58 | 10.66 | 2016 | | |
| 2014 | 66 | 12.45 | 2018 | | |
| 2019 | *78 | 14.39 | 2020 | 25 | 10.5 |

*2019ൽ തെരഞ്ഞെടുക്കപ്പെട്ട 78 പേരിൽ [illegible] പേർ പട്ടിക ജാതി- പട്ടിക വർഗ വിഭാഗത്തിൽ നിന്നുള്ളവരാണ്

പട്ടിക 3

| കേരളാ അസംബ്ലിയിലെ സ്ത്രീപ്രാതിനിധ്യം | | | | |
|---|---|---|---|---|
| വർഷം | സ്ത്രീകൾ | പുരുഷന്മാർ | ആകെ അംഗങ്ങൾ | സ്ത്രീകൾ (ശതമാനം) |
| 1957 | 6 | 120 | 126 | 4.76 |
| 1960 | 7 | 119 | 126 | 5.56 |
| 1965 | 3 | 130 | 133 | 2.26 |
| 1967 | 1 | 132 | 133 | 0.75 |
| 1970 | 0 | 133 | 133 | 0 |
| 1977 | 1 | 139 | 140 | 0.71 |
| 1980 | 5 | 135 | 140 | 3.57 |
| 1982 | 4 | 136 | 140 | 2.86 |
| 1987 | 8 | 132 | 140 | 5.71 |
| 1991 | 8 | 132 | 140 | 5.71 |
| 1996 | 13 | 127 | 140 | 9.29 |
| 2001 | 8 | 132 | 140 | 5.71 |
| 2006 | 7 | 133 | 140 | 5 |
| 2011 | 7 | 133 | 140 | 5 |
| 2016 | *9 | 131 | 140 | 6.43 |

* 2019 ലെ ഉപതെരഞ്ഞെടുപ്പിനു ശേഷം. അതിനു മുൻപ് 8 പേർ മാത്രം

തുകൊണ്ടല്ല, കഴിവുറ്റ സ്ത്രീനേതാക്കളും സാമാജികരും പ്രവർത്തകരും ഉയർന്നുവരുന്നത് ഏതു വിധേനയും നിരുത്സാഹപ്പെടുത്തുക എന്നത് എല്ലാ രാഷ്ട്രീയപാർട്ടികളിലും സംഭവിക്കുന്ന ഒരു സാധാരണ കാര്യമാണ്. ജയസാധ്യതയില്ല എന്നതാണ് സ്ത്രീകളെ തെരഞ്ഞെടുപ്പിൽ മൽസരിപ്പിക്കാതിരിക്കാൻ പറയുന്ന കാരണം. അവർ കഴിവു തെളിയിച്ചു വരട്ടെ, അപ്പോൾ നോക്കാം എന്നാണ് നിലപാട്. വിദ്യാർത്ഥികാലഘട്ടം മുതൽ രാഷ്ട്രീയ–പൊതുമണ്ഡലങ്ങളിൽ യഥേഷ്ടം, വിലക്കുകളില്ലാതെ പങ്കെടുക്കാൻ അവസരം ലഭിക്കുന്ന പുരുഷന്മാരുടേതിനു തുല്യമായ രാഷ്ട്രീയപാടവം സ്ത്രീകൾ കാണിക്കുന്നില്ലെങ്കിൽ അതിനെ ഒരു സാമൂഹിക പ്രശ്നമായി കണക്കാക്കി കൂടുതൽ സ്ത്രീകളെ രാഷ്ട്രീയത്തിൽ കൊണ്ടുവരാൻ ശ്രമിക്കുകയാണ് വേണ്ടത്. അത്തരം സാധ്യതകളെല്ലാം ഒരു ഭാഗത്ത് നിഷേധിക്കുകയും എന്നിട്ട് അതിനെ സ്ത്രീകളുടെ കഴിവില്ലായ്മയായി ചിത്രീകരിച്ച് അവർക്കെതിരെ തന്നെ ഉപയോഗിക്കുകയും ചെയ്യുക എന്നതാണ് തന്ത്രം. ഇത്തരമൊരു സാമൂഹ്യസാഹചര്യത്തിൽ സ്ത്രീകളുടെ രാഷ്ട്രീയപ്രവേശം ഏറെ വെല്ലുവിളികൾ നിറഞ്ഞതും പലപ്പോഴും അസാധ്യവുമാണ്. മിടുക്കികളായ പെൺകുട്ടികളെ രാഷ്ട്രീയത്തിൽ ഒഴിച്ചുനിർത്തുന്നതിൽ നിന്ന് കുടുംബം മുതൽ പാർട്ടി നേതൃത്വങ്ങൾ വരെ സജീവ പങ്കാളിത്തം വഹിക്കുന്നുണ്ട്. പേരിന് സ്ത്രീകളെ മൽസരിപ്പിക്കേണ്ടി വന്നാൽ തോൽക്കുമെന്ന് ഉറപ്പുള്ള മണ്ഡലങ്ങളിൽ നിർത്തുന്നതു മുതൽ ജാതിയുടേയും ലിംഗത്തിന്റേയും പേരിൽ അപകീർത്തിപ്പെടുത്തുന്ന ആസൂത്രിതമായ പ്രചാരണങ്ങൾ വരെ എന്തും സ്ത്രീസ്ഥാനാർത്ഥികളെ തോൽപ്പിക്കാനുള്ള ആയുധമാക്കാറുണ്ട്. ഇതിനെയെല്ലാം അതിജീവിച്ചാണ് നമ്മുടെ ഓരോ സ്ത്രീയും പാർലമെന്റിലും നിയമസഭയിലും എത്തിയിട്ടുള്ളത്. അതുകൊണ്ടുതന്നെ, സ്ത്രീകളുടെ രാഷ്ട്രീയ പങ്കാളിത്തം ഉറപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതും അത് അവരുടെ അവകാശമായി ഉറപ്പിച്ചെടുക്കുന്നതിനും സവിശേഷമായ ശ്രമങ്ങൾ ആവശ്യമാണ്. അതു സംബന്ധിച്ച ചില കാര്യങ്ങളാണ് ഇവിടെ പങ്കു വെക്കുന്നത്.

**സംവരണം**

എന്തൊക്കെ ന്യൂനതകളുണ്ടെങ്കിലും മതിയായ പ്രാതിനിധ്യമില്ലാത്തതും സ്വാഭാവികമായി അതിന് അവസരം ലഭിക്കാത്തതുമായ ജനവിഭാഗങ്ങൾക്ക് പ്രാതിനിധ്യവും തുല്യാവസരങ്ങളും ലഭ്യമാക്കാനുള്ള ഫലപ്രദമായ ഒരു മാർഗം തന്നെയാണ് സംവരണം. അതുകൊണ്ടുതന്നെയാണ് നമ്മുടെ ഭരണഘടന സംവരണം അംഗീകരിക്കുന്നതും. പൊതു തെരഞ്ഞെടുപ്പുകളിലും സർക്കാർ–പൊതു മേഖലകളിലുള്ള ജോലികളിലും പട്ടികജാതി–പട്ടിക വർഗവിഭാഗങ്ങൾക്കുള്ള സംവരണം ഈ ദിശയിലുള്ള സുപ്രധാന ചുവടുവെപ്പാണ്. അതുപോലെത്തന്നെ ദൂരവ്യാപകമായ ഗുണഫലങ്ങൾ സൃഷ്ടിച്ചതായിരുന്നു 73, 74 ഭരണഘടനാഭേദഗതികളിലൂടെ നടപ്പാക്കിയ പഞ്ചായത്തിരാജ് നിയമങ്ങളിൽ സത്രീകൾക്ക് 33 ശതമാനത്തിൽ കുറയാത്ത സംവരണം നടപ്പാക്കിയതും. സ്ത്രീകൾ പൊതുമണ്ഡലത്തിൽ സജീവമാകുന്നതിനും പ്രാദേശിക ഭരണത്തിൽ പങ്കെടുക്കുന്നതിനും പ്രസ്തുത നിയമം വളരെയേറെ സഹായിച്ചിട്ടുണ്ട്. പഞ്ചായത്തിരാജ് നിയമം പ്രാബല്യത്തിൽ വരുന്നതിനു മുമ്പ് ഇന്ത്യയിലെ പഞ്ചായത്ത് അംഗങ്ങളിൽ 4.5 ശതമാനം മത്രമായിരുന്നു സ്ത്രീകൾ എങ്കിൽ നിയമം വന്നതിനുശേഷം അത് 40 ശതമാനമായി ഉയർന്നു. ഇന്ന് 14 സംസ്ഥാനങ്ങളിലെ തദ്ദേശ സ്ഥാപനങ്ങളിൽ 50 മുതൽ 59 ശതമാനം വരെ സ്ത്രീകൾ അംഗങ്ങളായുണ്ട്. ഝാർഖണ്ഡിൽ 59 ശതമാനവും രാജസ്ഥാനിലും ഉത്തരാഖണ്ഡിലും 58 ശതമാനം വീതവും. തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ 50 ശതമാനം സംവരണമുള്ള കേരളത്തിൽ 52 ശതമാനം സ്ത്രീകളാണ്. സ്ത്രീകളുടെ മുൻകൈയും കർതൃത്വവും മെച്ചപ്പെടുത്തുന്നതിലും പ്രാദേശിക ഭരണകൂടങ്ങളുടെ

മുൻഗണനാവിഷയങ്ങൾ മാറ്റിമറിക്കുന്നതിലും പഞ്ചായത്ത് തലത്തിലുള്ള സ്ത്രീസംവരണം വലിയ പങ്കു വഹിച്ചിട്ടുണ്ട് എന്ന് വിവിധ പഠനങ്ങൾ തെളിയിക്കുന്നു. മൂന്ന് പഞ്ചായത്ത് തെരഞ്ഞെടുപ്പുകൾക്കു ശേഷം പഞ്ചായത്തിരാജ് മന്ത്രാലയം നടത്തിയ പഠനത്തിൽ സ്ത്രീമെംബർമാരും പഞ്ചായത്ത് ഭാരവാഹികളും സജീവമായി പഞ്ചായത്ത് ഭരണത്തിൽ പങ്കാളികളാകുന്നതായും ഗ്രാമീണസ്ത്രീകൾ ധാരാളമായി ഗ്രാമസഭകളിൽ പങ്കെടുക്കുന്നതായും കണ്ടെത്തിയിട്ടുണ്ട്. അവസരം ലഭിച്ചാൽ പുരുഷന്മാർക്കു തുല്യമായോ അതിലും മെച്ചമായോ ഭരണം നടത്താൻ സ്ത്രീ ഭരണാധികാരികൾക്കു കഴിയും എന്നും പുരുഷന്മാരുടെ പ്രോക്സിയായി പ്രവർത്തിക്കുന്ന മുൻ അവസ്ഥയിൽ നിന്നും ക്രമേണ മാറി അഭിപ്രായങ്ങൾ സ്വതന്ത്രമായി പ്രകടിപ്പിക്കാനും തീരുമാനങ്ങളെടുക്കാനും കഴിവുള്ള ഒട്ടേറെ പേർ ഉയർന്നു വരുന്നുണ്ടെന്നും  പഠനം പറയുന്നു[2].



**2014-ൽ തൃശൂരിൽ നടന്ന തുല്യപ്രാതിനിധ്യം തുല്യനീതി കൺവെൻഷൻ**

സ്ത്രീസാമാജികരുടെ ഉയർന്ന സാന്നിധ്യം സ്ത്രീകളുടെ ജീവിതാവശ്യങ്ങൾ നിറവേറ്റുന്ന വികസന പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകാൻ തുടങ്ങിയതായും സ്ത്രീ പ്രസിഡന്റുമാർ ഭരിക്കുന്ന പഞ്ചായത്തുകളിൽ കുടിവെള്ളം, പൊതുജനാരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയവക്ക് ഉയർന്ന പ്രാധാന്യം നൽകുന്നതായും കണ്ടെത്തിയിട്ടുണ്ട്[3].

താഴേത്തട്ടിൽ പുരുഷാധിപത്യത്തിന്റെ സ്വാധീനം ഇല്ലാതായി എന്നല്ല ഇതിനർത്ഥം. പുരുഷന്മാരുടെ പ്രോക്സിയായി പ്രവർത്തിക്കേണ്ടി വരുന്ന സ്ത്രീപ്രതിനിധികൾ ഇപ്പോഴുമുണ്ട്. പക്ഷേ, ക്രമേണ ആ അവസ്ഥക്ക് മാറ്റം വരുന്നതായി കാണാം. സ്ത്രീകൾ അവരുടെ നേതൃപാടവവും കാര്യക്ഷമതയും കാണിച്ചുതുടങ്ങിയതിന് കേരളത്തിൽ തന്നെ ധാരാളം ഉദാഹരണങ്ങളുണ്ട്. വയനാട്ടിലെ എടവക പഞ്ചായത്ത് പ്രസിഡന്റ് ഉഷാ വിജയൻ തുടർച്ചയായി രണ്ടു വർഷങ്ങളിൽ ഏറ്റവും മികച്ച പഞ്ചായത്ത് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടിരുന്നു. ആദിവാസി വിഭാഗത്തിൽ പെട്ട സ്ത്രീയാണെന്നത് അവരുടെ വിജയത്തിന്റെ തിളക്കം വർദ്ധിപ്പിക്കുന്നു. 2018ലെ മഹാപ്രളയത്തിൽ കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങളിലെ സ്ത്രീ പ്രതിനിധികൾ പുരുഷന്മാരോടൊപ്പം നിന്നു പ്രവർത്തിച്ചതും നാം കണ്ടതാണ്. അവരിൽ വലിയൊരു ശതമാനം സംവരണ മണ്ഡലങ്ങളിൽ നിന്നു മത്സരിച്ചവരായിരുന്നു. സംവരണം അവരുടെ കാര്യശേഷിയെ പുറത്തു കൊണ്ടുവരാൻ സഹായിച്ചു എന്നതാണ് സത്യം. കേരളമടക്കം പല സംസ്ഥാനങ്ങളിലും 50 ശതമാനം സ്ത്രീ സംവരണം നിലവിലുണ്ട്. മറ്റു സംസ്ഥാനങ്ങളിൽ മൂന്നിലൊന്നും. സംവരണം ഇല്ലാതിരുന്നെങ്കിൽ തദ്ദേശ സ്ഥാപനങ്ങളിലെ 10 ലക്ഷം വരുന്ന സ്ത്രീ പ്രതിനിധികളിൽ മിക്കവരും പൊതുരംഗത്തുണ്ടാകുമായിരുന്നില്ല.

**നിയമനിർമാണസഭകളിലെ സംവരണം**

പഞ്ചായത്ത് തലത്തിലുള്ള സ്ത്രീസംവരണം സുഗമമായി പാസാക്കാൻ ഉത്സാഹിച്ച ഇന്ത്യൻ പാർലമെന്റ് നിയമനിർമാണസഭകളിൽ സ്ത്രീകൾക്ക് മൂന്നിലൊന്ന് സീറ്റുകൾ സംവരണം ചെയ്യാനുള്ള ബില്ലിന്റെ കാര്യത്തിൽ കുറ്റകരമായ അനാസ്ഥയാണ് കാണിച്ചിട്ടുള്ളത്. 25ഓളം വർഷമായി രാജ്യത്തെ പാതി ജനത ഈയൊരു നിയമനിർമാണത്തിനായി  കാത്തിരിക്കാൻ തുടങ്ങിയിട്ട്. കാരണം വ്യക്തമാണ്; പാർലമെന്റിലും നിയമസഭകളിലും മരുന്നിനു മാത്രം സ്ത്രീകൾ അംഗങ്ങളായിരിക്കുന്ന ഇന്നത്തെ സ്ഥിതിയിൽ കാര്യമായ മാറ്റം സംഭവിക്കും അവിടങ്ങളിൽ മൂന്നിലൊന്ന് വിഭാഗം സ്ത്രീകളുണ്ടായാൽ എന്ന തിരിച്ചറിവു തന്നെ. നയരൂപീകരണത്തിൽ നിർണായക സ്വാധീനം ചെലുത്താനും രാഷ്ട്രീയാധികാരത്തിൽ ലിംഗസമത്വം ഉറപ്പിക്കാനും കുറഞ്ഞത് 30 ശതമാനം അംഗങ്ങളെങ്കിലും സ്ത്രീകൾ ആയിരിക്കണമെന്നാണ് നിർണായകസംഖ്യാബല സിദ്ധാന്തം (Critical mass theory) പറയുന്നത്. അതായത്, നിയമനിർമാണസഭകളിൽ മൂന്നിലൊന്ന് പേരെങ്കിലും സ്ത്രീകൾ ആയിരുന്നാൽ അവരുടെ അഭിപ്രായങ്ങൾക്ക് കൂടുതൽ ശ്രദ്ധ നേടാൻ കഴിയുകയും സഭാതീരുമാനങ്ങളിൽ അവർക്ക് കൂടുതൽ സ്വാധീനം ചെലുത്താൻ കഴിയുകയും ചെയ്യും. കൂടുതൽ സ്ത്രീകൾ രാഷ്ട്രീയത്തിൽ കടന്നുവരാനുള്ള പ്രേരണയും കൂടിയായിരിക്കും അത്.

[2] Study on Elected Women Representatives in Panchayati Raj Institutions, Ministry of Panchayati Raj, Govt of India, April 2008

[3] Women Politicians, Gender Bias, and Policy-making in Rural India," Lori Beaman, Esther Duflo, Rohini Pande, Petia Topalova, Background Paper for UNICEF, Dec 2006

രാഷ്ട്രീയത്തിലെ പുരുഷാധിപത്യത്തിന് അത് ഏൽപ്പിക്കാനിടയുള്ള ആഘാതം പേടിച്ചു തന്നെ യാണ് സംവരണബിൽ ഇപ്പോഴും പാസാക്കാതെയി രിക്കുന്നത്. പരിഗണനക്കു വന്നപ്പോഴെല്ലാം ബിൽ വലിച്ചുകീറി എറിയലും അംഗങ്ങളെ കൈയേറ്റം ചെയ്യലുമടക്കമുള്ള അക്രമങ്ങൾ സ്ഥിരം കാഴ്ചയാ യിരുന്നു നമ്മുടെ പാർലമെന്റിൽ. സമാജ് വാദി പാർട്ടി, ജനതാദൾ (U), RJD തുടങ്ങിയ പാർട്ടികൾ ബില്ലിന്റെ മുഖ്യ എതിരാളികളായിരുന്നു. ബില്ലിന്റെ എതിരാളികൾ അത് ഒരിക്കലും പാസാക്കാൻ അനു വദിക്കില്ലെന്ന് നിലപാടെടുത്തു.

2008ൽ നിയമമന്ത്രി എച്ച്. ആർ ഭരദ്വാജ് കോൺഗ്രസിലെ സ്ത്രീ എം.പിമാരുടെ സുരക്ഷാവ ലയത്തിനുള്ളിൽ നിന്നാണ് രാജ്യസഭയിൽ ബിൽ അവതരിപ്പിച്ചത്. "വനിതാസംവരണബിൽ പിൻവലി ക്കുക" എന്ന മുദ്രാവാക്യമുയർത്തി സമാജ് വാദി പാർട്ടി സഭയുടെ നടുത്തളത്തിൽ ഇറങ്ങി. ഉപരാ ഷ്ട്രപതി ഹാമിദ് അൻസാരിയെ വരെ ആക്രമിക്കാൻ ശ്രമിച്ചു. നമ്മുടെ പാർലമെന്ററി ചരിത്രത്തിൽ ഇത്ര യധികം അവഹേളിക്കപ്പെടുകയും ആക്രമിക്കപ്പെടു കയും ചെയ്ത ഒരു ബിൽ വേറെയില്ല.

**വനിതാ സംവരണബില്ലിന്റെ നാൾവഴികൾ**

*സെപ്റ്റംബർ 12, 1996:-* ആദ്യമായി വനിതാ സംവരണബിൽ ലോക്സഭയിൽ അവതരിപ്പിച്ചു (ദേ വഗൗഡ സർക്കാരിന്റെ കാലത്ത്).

*1996 ഡിസംബർ 9:-* ബിൽ ലോക്സഭ അംഗീകരിക്കാത്തതിനെ തുടർന്ന് ഗീതാ മുഖർജി അധ്യക്ഷയായ സംയുക്ത പാർലമെന്ററി കമ്മിറ്റിക്ക് വിട്ടു. സഭാകാലാവധി അവസാനിച്ചപ്പോൾ ബിൽ ലാപ്സായി.

*1998, 1999:-* ബിൽ ലോക്സഭയിൽ വീണ്ടും അവതരിപ്പിച്ചു (വാജ്പേയി സർക്കാരിന്റെ കാല ത്ത്). വീണ്ടും ബിൽ ലാപ്സായി.

*2004:-* UPA സർക്കാരിന്റെ പൊതു മിനിമം പരിപാടിയിൽ ബിൽ പാസാക്കൽ ഉൾപ്പെടുത്തി. 2005ൽ BJP ബില്ലിന് പൂർണപിന്തുണ പ്രഖ്യാപിച്ചെ ങ്കിലും പിന്നീട് സംവരണത്തിനുള്ളിൽ സംവരണം ആവശ്യപ്പെട്ടു.

*2008:-* 108ാം ഭരണഘടനാ ഭേദഗതിയായി UPA സർക്കാർ ബിൽ രാജ്യസഭയിൽ അവതരിപ്പിച്ചു. തുടർന്ന് ബിൽ രാജ്യസഭയുടെ പേഴ്സനൽ- പബ്ലിക് ഗ്രീവൻസ്- നിയമകാര്യ പാർലമെന്ററി സ്റ്റാന്റിംഗ് കമ്മിറ്റിക്ക് വിട്ടു. 2009 ഡിസംബറിൽ സമിതി ബിൽ പാസാക്കാൻ ശുപാർശ ചെയ്തു.

*2010 മാർച്ച് 9:-* രാജ്യസഭ വനിതാസംവരണ ബിൽ പാസാക്കി. ബിൽ നിയമമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയം 2019ൽ ഒഡീഷ നിയമസഭ പാസാക്കി. ബിൽ പാസാക്കാ നുള്ള കാര്യമായ ശ്രമങ്ങളൊന്നും പിന്നീട് നടന്നിട്ടി ല്ല. 2014 മുതൽ തുടർച്ചയായി അധികാരത്തിലുള്ള മോദി സർക്കാർ ബിൽ നിയമമാക്കാൻ യാതൊരു നടപടിയും എടുത്തിട്ടില്ല.

**ബില്ലിന്റെ വിശദാംശങ്ങൾ**

- ഭരണഘടനയുടെ 108ാമത് ഭേദഗതി ബിൽ, 2008, ലോക്സഭയിലേക്കും സംസ്ഥാന നിയ സഭകളിലേക്കും കേന്ദ്രഭരണപ്രദശങ്ങളിലേ ക്കുമുള്ള തെരഞ്ഞെടുപ്പുകളിൽ മൂന്നിലൊന്ന് സീറ്റുകൾ സ്ത്രീകൾക്ക് സംവരണം ചെയ്യാൻ നിർദേശിച്ചു.
- പട്ടിക ജാതി-പട്ടികവർഗ വിഭാഗങ്ങൾക്ക് നില വിൽ സംവരണം ചെയ്തിട്ടുള്ള സീറ്റുകളിൽ മൂന്നിലൊന്ന് സീറ്റുകൾ അതത് വിഭാഗങ്ങ ളിലെ സ്ത്രീകൾക്ക് സംവരണം.
- റൊട്ടേഷൻ അടിസ്ഥാനത്തിലാണ് സ്ത്രീക ൾക്കുള്ള സംവരണ സീറ്റുകൾ നിശ്ചയിക്കു ക (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സ്ത്രീസംവരണ സീറ്റുകളും ഇതേ രീതിയി ലാണ് നിശ്ചയിക്കുന്നത്).
- നിയമം നിലവിൽ വരുന്നതു മുതൽ 15 വർഷ ത്തേക്കായിരിക്കും സംവരണം പ്രാബല്യത്തി ലുണ്ടാവുക.
- ലോക്സഭയിലും സംസ്ഥാന നിയസഭകളി ലുമുള്ള ആംഗ്ലോ ഇന്ത്യൻ സീറ്റുകളിൽ സ്ത്രീസംവരണം.
- ഭരണഘടനയുടെ 239AA[4], 331[5], 333[6] അനു ച്ഛേദങ്ങൾ സ്ത്രീസംവരണം അനുവദിക്കുന്ന രീതിയിൽ ഭേദഗതി ചെയ്യുകയും 330A[7], 332A[8], 334A[9] എന്നീ പുതിയ അനുച്ഛേദങ്ങൾ ഭരണ ഘടനയിൽ ഉൾപ്പെടുത്തുകയും ചെയ്യും.

വിവിധ സ്ഥലങ്ങളിൽ ബില്ലിനെക്കുറിച്ച് നടന്ന ചർച്ചകളിൽ പങ്കെടുത്ത സംസ്ഥാന സർക്കാ രുകളും രാഷ്ട്രീയ പാർട്ടികളും സ്ത്രീ-പൗരാവ കാശ സന്നദ്ധ സംഘടനകളും പല നിർദേശങ്ങളും അഭിപ്രായങ്ങളും മുന്നോട്ടു വെച്ചു. അതിൽ പ്രധാന മായവ താഴെ പറയുന്നു:

● സ്ത്രീകൾക്ക് ജനസംഖ്യാനുപാതികമായ സംവരണം ഏർപ്പെടുത്തണം. 50 ശതമാനം വരുന്ന സ്ത്രീകൾക്ക് സാമൂഹിക നീതി ഉറപ്പുവരുത്താൻ ഇത് ആവശ്യമാണ്.

● 33 ശതമാനം എന്നത് ഐക്യരാഷ്ട്രസഭ യുടെ ഏജൻസികൾ ഉൾപ്പെടെ സ്ത്രീകളുടെ രാഷ്ട്രീയാധികാരം ഉറപ്പിക്കാനുള്ള 'ക്രിട്ടിക്കൽ മാസ്' ആയി അംഗീകരിച്ചിട്ടുള്ളതാണ്. അതിനാൽ

4 ദില്ലി സംസ്ഥാന ഭരണം സംബന്ധിച്ച അനുച്ഛേദം
5 ആംഗ്ലോ ഇന്ത്യൻ വിഭാഗത്തിന് ലോക്സഭയിൽ പ്രാതിനിധ്യം നൽകുന്നത് സംബന്ധിച്ച അനുച്ഛേദം
6 ആംഗ്ലോ ഇന്ത്യൻ വിഭാഗത്തിന് നിയമസഭകളിൽ പ്രാതിനിധ്യം നൽകുന്നത് സംബന്ധിച്ച അനുച്ഛേദം
7 ലോക്സഭാ മണ്ഡലങ്ങളിലേക്കുള്ള പട്ടിക ജാതി-പട്ടിക വർഗ സംവരണത്തിൽ സ്ത്രീസംവരണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച്
8 നിയമസഭാ മണ്ഡലങ്ങളിലേക്കുള്ള പട്ടിക ജാതി-പട്ടിക വർഗ സംവരണത്തിൽ സ്ത്രീസംവരണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച്
9 സംവരണ കാലാവധി സംബന്ധിച്ച്

സ്ത്രീ സംവരണം 33 ശതമാനമായി നിശ്ചയിക്കണം.

● പട്ടിക ജാതി-പട്ടികവർഗ വിഭാഗങ്ങൾക്കു പുറമെ മറ്റു പിന്നാക്ക വിഭാഗങ്ങളിലെ (OBC) സ്ത്രീകൾക്കും തെരഞ്ഞെടുപ്പിൽ സംവരണം ഏർപ്പെടുത്തണം.

● ഇന്ത്യൻ അവസ്ഥയിൽ ഏറ്റവും ദുർബല രായ വിഭാഗമെന്ന നിലയിൽ മുസ്ലിം സമുദായ ത്തിലെ സ്ത്രീകൾക്ക് തെരഞ്ഞെടുപ്പിൽ സംവരണം ഏർപ്പെടുത്തണം.

● മൊത്തം സ്ത്രീസംവരണത്തിന്റെ മൂന്നി ലൊന്ന് പട്ടിക ജാതി, പട്ടികവർഗ, OBC വിഭാഗ ങ്ങൾക്ക് സംവരണം ചെയ്യണം (സ്ത്രീസംവരണ ത്തിനുള്ളിൽ സാമുദായിക സംവരണം ഏർപ്പെടു ത്തൽ).

● പാർലമെന്റിന്റെ ഇരു സഭകളിലും സ്ത്രീ കൾക്ക് സംവരണം ഏർപ്പെടുത്തണം.

● സ്ത്രീസംവരണ നിയമത്തിന് മുപ്പത് വർഷത്തെ പ്രാബല്യം വേണം. അല്ലെങ്കിൽ 15 വർഷത്തിനു ശേഷം ആവശ്യമെന്നു കണ്ടാൽ കൂടുതൽ കാലത്തേക്ക് സംവരണം നീട്ടാനുള്ള നിർദ്ദേശം വേണം.

● ട്രാൻസ്ജെന്റർ തുടങ്ങിയ ലിംഗവിഭാഗ ങ്ങൾക്ക് സംവരണം ഏർപ്പെടുത്തണം.

● രാഷ്ട്രീയ പാർട്ടികൾ 33 ശതമാനം സീറ്റു കളിൽ സ്ത്രീകളെ മത്സരിപ്പിക്കുന്നത് നിയമം മൂലം നിർബന്ധമാക്കണം.

● റൊട്ടേഷൻ സമ്പ്രദായം സ്ത്രീ അംഗങ്ങ ൾക്ക് ഫലപ്രദമായി ഒരു പ്രദേശത്ത് തുടർച്ചയായി പ്രവർത്തിക്കാനും മാറ്റങ്ങൾ കൊണ്ടുവരാനുമുള്ള സാഹചര്യം ഇല്ലാതാക്കും. റൊട്ടേഷൻ സമ്പ്രദായം ഒഴിവാക്കാൻ കഴിയില്ലെങ്കിൽ സീറ്റ് റൊട്ടേഷൻ 10 വർഷത്തിലൊരിക്കൽ ആക്കണം.

● ഒരു സ്ത്രീയും ഒരു പുരുഷനും തെരഞ്ഞെ ടുക്കപ്പെടുന്ന രീതിയിൽ ദ്വയാംഗ മണ്ഡലങ്ങളാ ക്കുകയും അതിനായി 81, 170 എന്നീ ഭരണഘടനാ അനുച്ഛേദങ്ങൾ ഭേദഗതി ചെയ്യുകയും വേണം.

സംവരണം സ്ത്രീകളുടെ പ്രശ്നങ്ങൾക്ക് പരി ഹാരമല്ല എന്നും അത് ലിംഗ അസമത്വത്തിന് കാരണ മാകുമെന്നും അത് ജനങ്ങളുടെ ജനാധിപത്യാവകാശ ങ്ങളെ ഹനിക്കുമെന്നും ഉന്നത ജാതി-വിഭാഗങ്ങളിലെ സ്ത്രീകളും പുരുഷന്മാരുടെ പ്രോക്സികളായ സ്ത്രീ കളും മാത്രം തെരഞ്ഞെടുക്കപ്പെടാൻ സംവരണം ഇടയാക്കുമെന്നും സംവരണം ഏർപ്പെടുത്തിയാൽ ജനറൽ സീറ്റുകളിൽ മത്സരിക്കാനുള്ള അവസരം സ്ത്രീകൾക്ക് നഷ്ടപ്പെടുമെന്നുമുള്ള വിമർശനങ്ങളും ചിലർ മുന്നോട്ടു വെച്ചു.

ചുരുക്കം ചില സംഘടനകളും സംസ്ഥാന സർക്കാരുകളും ഒഴികെയുള്ളവർ ബില്ലിനെ പിന്തുണ ക്കുകയും മാറ്റങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു. എന്നാൽ, രാഷ്ട്രീയ പാർട്ടികൾ നിശ്ചിത ശതമാനം സീറ്റുകളിൽ സ്ത്രീകളെ മത്സരിപ്പിക്കുന്നത് നിയമം മൂലം ഉറപ്പു വരുത്തണമെന്നുള്ള, 'ഗിൽ ഫോർമുല' എന്നറിയപ്പെടുന്ന കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദേശവും അതിന് ജനപ്രാതിനിധ്യനിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തണമെന്നുള്ള അഭിപ്രാ യവും മിക്കവാറും രാഷ്ട്രീയ പാർട്ടികൾക്ക് അസ്വീ കാര്യമായിരുന്നു. സമാജ്‌വാദി പാർട്ടി, ബി.ജെ.പി, ഇന്ത്യൻ നാഷണൽ ലോക്ദൾ, എ.ഐ.എഡി. എം.കെ എന്നിവ മാത്രമാണ് ഗിൽഫോർമുലയെ പിൻതുണച്ചത്. ഇടതുപക്ഷ പാർട്ടികളും ഡി.എം.കെ തുടങ്ങിയവരും 'ഗിൽ ഫോർമുല' നടപ്പാക്കുന്നതിനെ എതിർത്തു. നിയമത്തിന്റെ പേരിൽ മാത്രം സ്ത്രീകളെ മത്സരിപ്പിക്കുകയും തോൽക്കാൻ സാധ്യതയുള്ള മണ്ഡലങ്ങളിൽ മത്സരിപ്പിച്ച് അവരെ തോല്പിക്കു കയും ചെയ്യുകയാവും അത്തരമൊരു നിബന്ധന വന്നാലുള്ള ഫലം എന്നാണ് ഗിൽ ഫോർമുലയെ എതിർക്കുന്നവരുടെ വാദം. നിയമനിർമാണ സഭക ളിലെ സ്ത്രീപ്രാതിനിധ്യം ഭരണഘടനയിൽ തന്നെ ഉറപ്പു വരുത്തണമെന്നും അത് രാഷ്ട്രീയ പാർട്ടി കളുടെ ഇഷ്ടാനിഷ്ടങ്ങൾക്ക് വിട്ടു കൊടുക്കരുതെ ന്നുമാണ് ബിൽ സംബന്ധിച്ച പാർലമെന്ററി സ്റ്റാന്റിംഗ് കമ്മിറ്റി നിർദ്ദേശിച്ചത്. രാജ്യസഭയിലും സംസ്ഥാനങ്ങളിലെ അധോസഭകളിലും സ്ത്രീ സംവ രണം ഏർപ്പെടുത്തുക എന്ന നിർദേശം പൊതുവെ സ്വീകാര്യമായിരുന്നു. സ്ത്രീ സംവരണത്തിനകത്ത് സാമുദായികസംവരണം ഏർപ്പെടുത്തുക എന്നത് പൂർണമായി നടപ്പാക്കുന്നതിന് നിയമതടസ്സമുണ്ടെന്നും നിയമനിർമാണ സഭകളിലേക്കുള്ള തെരഞ്ഞെടുപ്പിൽ OBC വിഭാഗങ്ങൾക്കും ന്യൂനപക്ഷങ്ങൾക്കും നില വിൽ സംവരണം ഇല്ലാത്തതിനാൽ സ്ത്രീ സംവ രണനിയമത്തിൽ മാത്രമായി അത് നടപ്പാക്കാൻ കഴി യില്ലെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു. എന്നാൽ പഞ്ചായത്തി രാജ്, നഗരപാലികാ നിയമങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ OBC വിഭാഗങ്ങൾക്ക് ആവശ്യമെങ്കിൽ സംവരണം ഏർപ്പെടുത്താൻ സം സ്ഥാനങ്ങളെ അനുവദിക്കുന്നുണ്ട് (243D(6), 243 T(7) എന്നീ ഭരണഘടനാ അനുച്ഛേദങ്ങൾ കാണുക). അതിന്റെ അടിസ്ഥാനത്തിൽ ചില സംസ്ഥാന ങ്ങളിലെ തദ്ദേശ സ്ഥാപനങ്ങളിൽ OBC സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. മേൽ പറഞ്ഞ പശ്ചാത്തല ത്തിൽ പിന്നാക്കവിഭാഗം സ്ത്രീകൾക്കുള്ള സംവ രണം ഉചിതമായ സമയത്ത് സർക്കാരിന് പരിഗണി ക്കാമെന്നാണ് 1996ലെ ഗീതാ മുഖർജി അധ്യക്ഷയായ കമ്മിറ്റി നിർദേശിച്ചത്. 2008ലെ രാജ്യസഭാ കമ്മിറ്റിയും ഇതിനോട് യോജിക്കുന്നു.

**രാഷ്ട്രീയ പാർട്ടികൾ**

രാഷ്ട്രീയ പാർട്ടികളിൽ, പ്രത്യേകിച്ച് അവ യുടെ നേതൃത്വത്തിൽ സ്ത്രീകളുടെ അഭാവം അവ രുടെ രാഷ്ട്രീയാധികാരത്തിന്റെ തോതിനെ നേരിട്ട് ബാധിക്കുന്നതാണ്. രാഷ്ട്രീയ പാർട്ടികൾക്കു ള്ളിലും സ്വന്തം അഭിപ്രായങ്ങൾ നിർഭയം അവത രിപ്പിക്കാനും പാർട്ടി തീരുമാനങ്ങളിൽ നിർണായക സ്വാധീനം ചെലുത്താനും കെൽപുള്ള ഒരു ക്രിട്ടി ക്കൽ മാസ് ഉണ്ടാകേണ്ടതുണ്ട്. നിയമനിർമാണസഭ കളിലും മറ്റ് അധികാരകേന്ദ്രങ്ങളിലും സ്ത്രീകളുടെ പ്രാതിനിധ്യം വർധിപ്പിക്കുന്നതിലും പോളിസി തീരു മാനങ്ങളിൽ അവർക്ക് കൂട്ടായി ഇടപെടാൻ കഴിയു

ന്നതിനും അത് വഴിയൊരുക്കും. വിവിധ പാർട്ടികളുടെ ഭരണഘടന പരിശോധിച്ചാൽ പലതിലും ഇത്തരം ശ്രമങ്ങളുടെ സൂചനകൾ കാണാൻ കഴിയും. കോൺഗ്രസ്, തൃണമൂൽ കോൺഗ്രസ്, ബി.ജെ.പി എന്നിവ പാർട്ടി കമ്മിറ്റികളിൽ 33 ശതമാനം സ്ത്രീപ്രാതിനിധ്യം ഉണ്ടാകണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. ആം ആദ്മി പാർട്ടി അതിന്റെ കമ്മിറ്റികളിൽ 25 ശതമാനം സ്ത്രീപ്രാതിനിധ്യം വേണമെന്നും പറയുന്നു. സി.പി.എം, സി.പി.ഐ എന്നീ പാർട്ടികളുടെ ഭരണഘടനകൾ സ്ത്രീപ്രാതിനിധ്യത്തെക്കുറിച്ച് ഒന്നും പറയുന്നില്ല. സി.പി.ഐയുടെ ഭരണഘടനയിൽ സ്ത്രീകളുടെ സാമൂഹികമായ പിന്നാക്കാവസ്ഥയെക്കുറിച്ചും അവക്കെതിരെ പോരാടേണ്ടതിനെക്കുറിച്ചും പരാമർശമുണ്ട്.

തെരഞ്ഞെടുപ്പിൽ പങ്കെടുക്കുന്ന മുഴുവൻ രാഷ്ട്രീയ പാർട്ടികളും ഇന്ത്യൻ ഭരണഘടന അനുസരിച്ച് പ്രവർത്തിക്കാൻ ബാധ്യസ്ഥരാണ്. അതായത്, ഭരണഘടന വാഗ്ദാനം ചെയ്യുന്ന തുല്യത നിഷേധിക്കാൻ ഒരു രാഷ്ട്രീയ പാർട്ടിക്കും അവകാശമില്ല. ഇന്ത്യൻ ഭരണഘടനക്ക് വിധേയമായിട്ടാണ് പ്രവർത്തിക്കുക എന്ന് പാർട്ടി ഭരണഘടനകളിൽ വ്യക്തമാക്കുന്നുമുണ്ട്. എന്നാൽ പ്രയോഗത്തിൽ വരുമ്പോൾ മിക്ക പാർട്ടികളും സ്ത്രീകളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കാതിരിക്കുന്നതിൽ നിഷ്കർഷ പുലർത്തുന്നതായി വേണം മനസ്സിലാക്കാൻ. പുരുഷാധിപത്യം വാഴുന്ന രാഷ്ട്രീയ പാർട്ടികളിൽ സ്ത്രീകളുടെ പ്രാതിനിധ്യം സ്വാഭാവികമായി വർദ്ധിച്ച് പാർട്ടി തീരുമാനങ്ങളെ സ്വാധീനിക്കാൻ കഴിയുന്ന നിർണായക ശക്തിയായി അവർ മാറുക എന്നത് അസാധ്യമാണ്. ഇവിടെയാണ് രാഷ്ട്രീയ പാർട്ടി കമ്മിറ്റികളിലും പാർട്ടി സ്ഥാനാർത്ഥികളിലും നിശ്ചിത ശതമാനം സ്ത്രീകളായിരിക്കണമെന്നത് നിയമം മൂലം ഉറപ്പു വരുത്തുന്നതിന്റെ പ്രാധാന്യം. ഫ്രാൻസിലെയും ബെൽജിയത്തിലെയും അനുഭവങ്ങൾ നമുക്ക് വഴി കാട്ടേണ്ടതാണ്. 1995ൽ വെറും 5.6 ശതമാനം സ്ത്രീഅംഗങ്ങൾ മാത്രമാണ് ഫ്രഞ്ച് പാർലമെന്റിൽ ഉണ്ടായിരുന്നത്. പാർട്ടി സ്ഥാനാർത്ഥികളിൽ 50 ശതമാനം വീതം സ്ത്രീകളും പുരുഷൻമാരുമായിരിക്കണമെന്ന് 2000ൽ ഫ്രാൻസ് നിയമം പാസാക്കി. അവിടത്തെ സ്ത്രീ-പൗരാവകാശ സംഘടനകളുടെ സമരത്തിന്റെ ഫലമായിരുന്നു പ്രസ്തുത നിയമനിർമാണം. ഫ്രഞ്ച് പാർലമെന്റിൽ ഇന്ന് 39.5 ശതമാനം സ്ത്രീകളാണ്. 2002ൽ സമാനമായ നിയമം പാസാക്കിയ ബെൽജിയത്തിൽ സ്ത്രീപ്രാതിനിധ്യം 12.2 ശതമാനത്തിൽ നിന്ന് 40.67 ശതമാനമായി വളർന്നു. മാറ്റം എളുപ്പമായിരുന്നില്ല. സ്ത്രീസ്ഥാനാർത്ഥികളെ നിർത്തുന്നതിനേക്കാൾ പിഴയടക്കുന്നതാണ് നല്ലത് എന്നു ചിന്തിച്ച പാർട്ടികൾ വരെയുണ്ടായിരുന്നു ഫ്രാൻസിൽ. അതിനെയെല്ലാം മറികടന്നാണ് ഫ്രഞ്ച് ജനത ഇന്നത്തെ ഔന്നത്യത്തിലെത്തിയത്. ഇന്ത്യയിലും ഇതൊന്നും അസാധ്യമല്ല.

**ഇന്ത്യയുടെ വഴി**

ജാതി-മത-ലിംഗ അസമത്വങ്ങൾ രൂക്ഷമായി നിലനിൽക്കുന്ന ഇന്ത്യയിൽ അവയെല്ലാം പരിഗണിച്ചുകൊണ്ടുള്ള നിയമനിർമാണമായിരിക്കും ഫലപ്രദമാവുക. നിയമനിർമാണ സഭകളിലേക്കുള്ള സ്ത്രീ സംവരണത്തോടൊപ്പം രാഷ്ട്രീയ പാർട്ടികൾ മൂന്നിലൊന്ന് സീറ്റുകളിലെങ്കിലും സ്ത്രീകളെ മത്സരിപ്പിക്കുന്നത് നിയമം മൂലം നിർബന്ധമാക്കണം. ഇവ രണ്ടും ഒരുമിച്ചു നടപ്പാക്കുന്നത് തുല്യപ്രാതിനിധ്യത്തിലേക്കുള്ള നിർണായക ചുവടുവെപ്പായിരിക്കും. കൂടുതൽ ചർച്ചകൾക്കു വേണ്ടി ചില നിർദേശങ്ങൾ അവതരിപ്പിക്കുന്നു.

● പാർലമെന്റിന്റെ ഇരു സഭകളിലും സ്ത്രീകൾക്ക് 33 ശതമാനം സംവരണം ഏർപ്പെടുത്തണം. സ്ത്രീഅംഗങ്ങളുടെ 'ക്രിട്ടിക്കൽ മാസ്' രൂപപ്പെടാനും അതിന്റെ സ്വാധീനത്തിൽ ക്രമേണ തുല്യപ്രാതിനിധ്യം യാഥാർഥ്യമാക്കാനും കഴിയും.

● പട്ടിക ജാതി-പട്ടികവർഗ വിഭാഗങ്ങൾക്ക് പരമാവധി പ്രാതിനിധ്യം ഉറപ്പു വരത്തേണ്ടതുണ്ട്. അതിനായി നിലവിൽ പട്ടിക ജാതി-പട്ടികവർഗ വിഭാഗങ്ങൾക്കുള്ള സംവരണസീറ്റുകളിൽ മൂന്നിലൊന്ന് സീറ്റുകൾ അതത് വിഭാഗങ്ങളിലെ സ്ത്രീകൾക്ക് സംവരണം ചെയ്യുക. കൂടാതെ, സ്ത്രീ സംവരണനിയമത്തിൽ പട്ടിക ജാതി-പട്ടികവർഗ സ്ത്രീകൾക്ക് നിശ്ചിത ശതമാനം സീറ്റുകൾ സംവരണം ചെയ്യുക.

● മറ്റു പിന്നാക്ക വിഭാഗങ്ങളിലെ (OBC) സ്ത്രീകൾക്കും ന്യൂനപക്ഷ സമുദായങ്ങളിലെ സ്ത്രീകൾക്കും നിശ്ചിത ശതമാനം സീറ്റുകൾ സംവരണം ചെയ്യുക. ഇതിനായി പ്രത്യേക ഭരണഘടനാ ഭേദഗതി വേണ്ടിവരുമെന്നതിനാൽ അക്കാര്യം പ്രത്യേകമായി പരിഗണിക്കുന്നതാവും നല്ലത്.

● ട്രാൻസ്ജെന്റർ തുടങ്ങിയ ലിംഗവിഭാഗങ്ങൾക്ക് സംവരണം ഏർപ്പെടുത്തുന്നത് പരിഗണിക്കണം.

● സ്ത്രീ സംവരണ സീറ്റുകളുടെ റൊട്ടേഷൻ 10 വർഷത്തിലൊരിക്കൽ ആക്കുക.

● സ്ത്രീസംവരണ നിയമം തുടക്കത്തിൽ 20 വർഷത്തേക്ക് എന്നു നിശ്ചയിക്കുകയും അതിനു ശേഷം ആവശ്യമെങ്കിൽ കൂടുതൽ കാലത്തേക്ക് നീട്ടാൻ നിയമത്തിൽ വ്യവസ്ഥ ചെയ്യുകയും വേണം. നിയമം എന്തു ഫലം ചെയ്തു എന്ന് വസ്തുനിഷ്ഠമായി വിലയിരുത്താൻ അത് സഹായിക്കും.

● രാഷ്ട്രീയ പാർട്ടികൾ 33 ശതമാനം സീറ്റുകളിൽ സ്ത്രീകളെ മത്സരിപ്പിക്കുന്നത് നിയമം മൂലം നിർബന്ധമാക്കണം. അതിനു വേണ്ടി ജനപ്രാതിനിധ്യ നിയമത്തിൽ ആവശ്യമായ ഭേദഗതി സ്ത്രീസംവരണ നിയമം പാസാക്കുന്നതോടൊപ്പം കൊണ്ടുവരിക.

● അടുത്ത ഒരു വർഷത്തിനുള്ളിൽ സ്ത്രീ സംവരണ നിയമം പാസാക്കുക. പഴുതടച്ച നിയമനിർമാണവും കൃത്യമായ നിർവഹണവും ഒരേ പോലെ പ്രധാനപ്പെട്ടതാണ്.

**സ്ത്രീ-പൗരാവകാശ സംഘടനകളുടെ ചുമതല**

എല്ലാ ജനവിഭാഗങ്ങളുടെയും തുല്യനീതിയിൽ അധിഷ്ഠിതമായ പ്രാതിനിധ്യം ഏതൊരു

*(ശേഷം 18-ാം പേജ്)*




**ഗീത**
സ്ത്രീവാദ പ്രവർത്തക,
എഴുത്തുകാരി

# സ്ത്രീകൾക്കു പൂർണ പൗരത്വപദവി വേണം


സ്ത്രീകൾക്കു പൗരത്വപദവി ലഭിച്ചില്ലെന്നോ, എന്തെല്ലാം തെറ്റിദ്ധാരണകളാണ് ഈ വിവരം കെട്ട ഫെമിനിച്ചികൾ പ്രചരിപ്പിച്ചു കൊണ്ടിരിക്കുന്നത് എന്ന ആണധികാരത്തിന്റെ അസ്വസ്ഥമായ നെറ്റി ചുളിക്കൽ കാണുന്നുണ്ട്. സ്ത്രീകൾ ഇവിടെ പൂർണ പൗരത്വപദവിയിലേക്കു വികസിച്ചിട്ടില്ല എന്നു തന്നെയാണ് എന്റെ പൂർണ ബോധ്യം.

ഇനി എന്താണ് ഉദ്ദേശിക്കപ്പെട്ട പൂർണ പൗരത്വ പദവിയെന്നു വിശദീകരിക്കാൻ ശ്രമിക്കാം.

സ്ത്രീകൾ ഇന്നു കാണുന്ന സാമൂഹിക രാഷ്ട്രീയപദവികളിൽ എത്തിച്ചേർന്നത് നൂറ്റാണ്ടുകളുടെ സമരമാർഗങ്ങളിലൂടെയാണ്.

17-ാം നൂറ്റാണ്ടിൽ കൃത്യമായി പറഞ്ഞാൽ 1642 ൽ ബ്രിട്ടനിലെ പൊതുസഭയിൽ നാനൂറോളം സ്ത്രീകൾ ചേർന്നു നല്കിയ നിവേദനത്തിൽ കുടുംബത്തിലെ സ്ത്രീയുടെ താഴ്ന്ന പദവി ഇല്ലാതാക്കണമെന്നു കൂടി അഭ്യർഥിച്ചിരുന്നു. സ്ത്രീമുന്നേറ്റം ഒരു സാമൂഹിക പ്രസ്ഥാനമായി മാറുന്നതിന്റെ ആദ്യത്തെ ചുവടുകളിലൊന്നായി ചരിത്രം ഈ നിവേദനത്തെ അടയാളപ്പെടുത്തുന്നു. അതിനു മുമ്പും സ്ത്രീകൾക്ക് ഇത്തരം വിവേചനങ്ങൾ അനുഭവപ്പെട്ടിരിക്കാം, അവർ ചിലരെങ്കിലും പരസ്പരം പറഞ്ഞിരിക്കാം, കൂട്ടത്തിൽച്ചിലർ കലഹിച്ചിരിക്കാം. പക്ഷേ ഈ നിവേദനം ആയിരക്കണക്കിനു വർഷങ്ങൾ സ്ത്രീകൾ സഹിച്ച അടിച്ചമർത്തലിനെ പൊതു ശ്രദ്ധയിലേക്കു കൊണ്ടുവരാൻ ഉപകരിച്ചു എന്നതാണ് പ്രസക്തമായത്. അതാകട്ടെ ഒരു രാഷ്ട്രീയ പ്രശ്നമായാണ് ഉന്നയിക്കപ്പെട്ടത്. പറഞ്ഞൊതുക്കാവുന്ന കുടുംബ പ്രശ്നമല്ല തങ്ങൾ സഹിക്കുന്ന വീട്ടടിമത്തമെന്ന തിരിച്ചറിവിൽ നിന്നാണ് ഇത്തരമൊരു നിവേദനം പൊതു സഭയിൽത്തന്നെ സമർപ്പിക്കപ്പെട്ടത്.

കഷ്ടിച്ച് ഒന്നര നൂറ്റാണ്ടിനു ശേഷം 1792 ൽ പുറത്തു വന്ന മേരി വോൾ സ്റ്റൺ ക്രാഫ്റ്റിന്റെ വിൻഡിക്കേഷൻ ഓഫ് ദ റൈറ്റ്സ് ഓഫ് വിമൻ ഈ നിവേദനത്തിന് സൈദ്ധാന്തികമായ അടിത്തറയായി മാറുകയായിരുന്നു. സ്ത്രീകൾ യുക്തിയില്ലാത്ത വികാരജീവികൾ മാത്രമായി ചിത്രീകരിക്കപ്പെടുന്നതിനെതിരെ ക്രാഫ്റ്റ് ശക്തമായി പ്രതികരിച്ചു. കുടുംബത്തിലും സമൂഹത്തിലും പുരുഷനെ ആശ്രയിച്ചു കഴിയുകയെന്ന താഴ്ന്ന പദവിയെയും




സ്ത്രീ അബലയാണ് എന്ന സങ്കല്പത്തേയും ക്രാഫ്റ്റ് അതിശക്തമായി ചോദ്യംചെയ്തു. സ്ത്രീകൾക്ക് പുരുഷനു തുല്യമായ വിദ്യാഭ്യാസവും കായികപരിശീലനവും ലഭിക്കണമെന്നുള്ള വാദം ശക്തമായി ഉയർത്തിയത് ഈ പുസ്തകമായിരുന്നു. മതത്തിലും കുടുംബത്തിലുമുള്ള തുല്യ പദവിക്കു വേണ്ടിയുള്ള നിവേദനം സമൂഹത്തിലും വിദ്യാഭ്യാസത്തിലുമുള്ള തുല്യ അവസരത്തിനു വേണ്ടിയുള്ള ന്യായ സമർത്ഥനമായി മാറിയ ചരിത്ര ഘട്ടമായിരുന്നു ഇത്. കുടുംബജീവി എന്നതിൽ നിന്ന് സാമൂഹ്യജീവിയാണു താൻ എന്ന തിരിച്ചറിവിലേക്കു സ്ത്രീകൾ മാറുകയായിരുന്നു. എവിടെയാണെങ്കിലും തങ്ങൾ അടിമകളല്ലെന്നും തുല്യ പദവിയുള്ള സഹജീവികളാണ് എന്നുമുള്ളതിലേക്ക് സ്ത്രീബോധം വികസിക്കുകയായിരുന്നു.

മനുഷ്യരെന്ന നിലയിൽ സ്ത്രീ പുരുഷന്മാർ തുല്യരാണെന്നും ഈ അവകാശം സ്ത്രീക്കു നിഷേധിക്കപ്പെട്ടതുകൊണ്ടാണ് കുടുംബത്തിലും സമൂഹത്തിലും അവൾ അടിമയാകേണ്ടി വരുന്നതെന്നുമുള്ള കാഴ്ചപ്പാട് 1869 ൽ ജോൺ സ്റ്റുവർട്ട് മിൽ തന്റെ സബ്ജക്ഷൻ ഓഫ് വിമൻ എന്ന ഗ്രന്ഥത്തിലൂടെ അവതരിപ്പിച്ചു. സ്ത്രീകൾക്ക് വോട്ടവകാശം വേണമെന്ന ആവശ്യം ബ്രിട്ടീഷ് പാർലമെണ്ടിൽ അവതരിപ്പിച്ച ബില്ലിനെ മറ്റുള്ള അംഗങ്ങൾ എതിർക്കുകയും അപഹസിക്കുകയും ചെയ്തു.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ മധ്യത്തോടെ ഇംഗ്ലണ്ടിൽ മാത്രമല്ല ലോകമെമ്പാടും സ്ത്രീകളുടെ വോട്ടവകാശം സംബന്ധിച്ച ചൂടുപിടിച്ച ചർച്ചകൾ ഉയർന്നു വന്നു. പുരുഷാധികാരം ഈ ആവശ്യത്തോട് ഭ്രാന്തമായ ആവേശത്തോടെയും അവിവേകത്തോടെയുമാണ് എവിടെയും പ്രതികരിച്ചതെന്നു കാണാം. ഉദാഹരണത്തിന് 1867ൽ കാനഡയിലെ ഓറിഗണിൽ നിന്നുള്ള ജനപ്രതിനിധി സ്ത്രീകൾക്കു വോട്ടവകാശമില്ലാതിരിക്കുന്നതാണ് അന്തസ്സെന്നു വരെ വാദിച്ചു. കുലാംഗനകളുടെ മനോഹരമായ കൈകൾ കുഞ്ഞുങ്ങളെ തൊട്ടിലാട്ടാനുള്ളതാണെന്നും തുരുമ്പിച്ച ഇരുമ്പു പെട്ടിയിൽ വോട്ടു രേഖപ്പെടുത്താനുള്ളതല്ലെന്നും വരെ നീണ്ടു പോയി വാദങ്ങൾ. സ്ത്രീകൾക്കു വോട്ടവകാശം ലഭിച്ചാൽ കുടുംബം തകരുമെന്നും ക്രമേണ നാടു മുഴുവൻ മുടിഞ്ഞു പോകുമെന്നുമുള്ള വാദങ്ങൾ ഉയർന്നു വന്നു. ലോകത്തെല്ലായിടത്തും സ്ത്രീകളുടെ വോട്ടവകാശസമരങ്ങളെ ഏതാണ്ട് ഒരേ രീതിയിലാണ് പ്രതിരോധിക്കാൻ ശ്രമിച്ചത്. സ്വഭാവശുദ്ധി കുലമഹിമ കുടുംബ ബന്ധങ്ങൾ മതം എന്നിങ്ങനെ...

അമേരിക്കയിലെ ആഭ്യന്തര യുദ്ധത്തിനു ശേഷം നീഗ്രോകൾക്കു വോട്ടവകാശം അനുവദിക്കപ്പെടുകയും സ്ത്രീകൾക്കതു നിഷേധിക്കപ്പെടുകയും ചെയ്തു. 1860ൽ അമേരിക്കയിൽ രൂപപ്പെട്ട വോട്ടവകാശ പ്രസ്ഥാനം നടത്തിയ നിരന്തര സമരങ്ങൾക്കു ശേഷം 1920ൽ മാത്രമാണ് സ്ത്രീകളുടെ വോട്ടവകാശം അമേരിക്കയിൽ എല്ലായിടത്തും നിയമമായത്. 1903 ൽ ബ്രിട്ടനിൽ രൂപപ്പെട്ട സ്ത്രീ സംഘടനയുടെ നേതൃത്വത്തിൽ നടന്ന നിരവധി സമരങ്ങൾക്കു ശേഷം 1918 ലാണ് സ്ത്രീകൾക്കു വോട്ടവകാശമനുവദിക്കുന്ന നിയമം ബ്രിട്ടനിൽ പ്രാബല്യത്തിൽ വന്നത്. ജർമ്മനിയിൽ 1865 ൽ സ്ഥാപിതമായ സ്ത്രീ സംഘടനയുടെ നേതൃത്വത്തിൽ പല വിധ സമരങ്ങൾ നടന്നു.

1918 ലാണ് ജർമ്മനിയിലെ സ്ത്രീകൾക്ക് വോട്ടവകാശം ലഭിച്ചത്. എന്നാൽ അധികാരത്തിൽ വന്ന ഹിറ്റ്ലർ ഭരണകൂടം സ്ത്രീകളെ പ്രസവിക്കാൻ മാത്രമുള്ള യന്ത്രങ്ങളായി ചിത്രീകരിക്കുകയും സ്ത്രീ പുരുഷ സമത്വമെന്നതു വെറും അസംബന്ധമാണെന്നു പ്രചരിപ്പിക്കുകയും ചെയ്തു. സ്ത്രീകൾ ആർജിച്ച സമര വിജയങ്ങളെ റദ്ദാക്കിക്കൊണ്ടായിരുന്ന ജർമ്മനിയിലെ ഫാസിസ്റ്റു ഭരണവാഴ്ച സ്വന്തം അധികാരമുപയോഗിച്ചതെന്നു കാണാം.

വലിയ രാഷ്ട്രീയ പ്രബുദ്ധത അവകാശപ്പെട്ട ഫ്രാൻസിലെ കാര്യം ഇക്കാര്യത്തിൽ സവിശേഷമായി പഠിക്കപ്പെടേണ്ടതാണ്. 1878ൽ ഫ്രാൻസിൽ വിളിച്ചുകൂട്ടിയ അന്താരാഷ്ട്ര കോൺഫെറൻസിൽ പ്പോലും സ്ത്രീകളുടെ വോട്ടവകാശ പ്രശ്നം ഉന്നയിക്കപ്പെട്ടില്ല. 1901 ൽ ആണ് ഫ്രാൻസിലെ ജനപ്രതിനിധി സഭയിൽ സ്ത്രീകളുടെ വോട്ടവകാശ പ്രശ്നം ഉന്നയിക്കപ്പെട്ടത്. 1945ൽ മാത്രമാണ് ഫ്രാൻസിലെ സ്ത്രീകൾക്കു വോട്ടു ചെയ്യാനനുവദിക്കുന്ന നിയമം പാസാക്കപ്പെട്ടത്.

മേൽക്കൊടുത്ത സ്ത്രീവോട്ടവകാശസമരങ്ങളുടെ ചരിത്രം വ്യക്തമാക്കുന്നത് ഒരു നാട്ടിലും അതത്ര എളുപ്പമായിരുന്നില്ല എന്നു തന്നെയാണ്. ദീർഘകാല സമരങ്ങളാണ് വേണ്ടി വന്നത്. ഫ്രഞ്ചു വിപ്ലവം, മാർക്സിസം, സോഷ്യലിസം, ജനാധിപത്യം ഇതൊക്കെ ലോകത്തെ പഠിപ്പിച്ച നാടുകൾക്കു പക്ഷേ സ്ത്രീകളുടെ വോട്ടവകാശമില്ലായ്മ ഒരു പ്രശ്നമായി തോന്നിയില്ല. അവിടെയാണ് വോട്ടവകാശത്തിനു വേണ്ടിയുള്ള സ്ത്രീ സമരങ്ങൾ ലോകത്താകമാനം സ്വന്തം രാഷ്ട്രീയം പ്രഖ്യാപിക്കുന്നത്. അത് വ്യക്തമായും തുല്യ പൗരത്വ പദവിക്കു വേണ്ടിയുള്ള പക്കാ രാഷ്ട്രീയ സമരങ്ങളായിരുന്നു.

പുരുഷന് ലോകം മുഴുവൻ ഈ പൗരത്വം ജന്മനാ സിദ്ധമായിരുന്നു. എന്നാൽ സ്ത്രീകളുടെ കാര്യം അതായിരുന്നില്ല. നിരന്തരമായ കലാപങ്ങളിലൂടെ നേടിയെടുക്കേണ്ട രാഷ്ട്രീയ വിജയമായിരുന്നു ഈ പൗരത്വ പദവി. സ്വാതന്ത്ര്യവും സമത്വവും പുരുഷനു മാത്രമുള്ള അവകാശങ്ങളല്ലെന്നു ലോകത്തെ ബോധ്യപ്പെടുത്താൻ സ്ത്രീകൾ നൂറ്റാണ്ടുകൾ തന്നെ സമരം ചെയ്യേണ്ടി വന്നതിന്റെ രാഷ്ട്രീയ ചരിത്രമാണിത്. 2015 ലാണ് സൗദി അറേബ്യയിലെ സ്ത്രീകൾക്കു വോട്ടവകാശം കിട്ടിയത്.

ബ്രിട്ടന്റെ കോളനികളിലെ സ്ത്രീകൾക്ക് വോട്ടവകാശം അനുവദിക്കപ്പെട്ട കൂട്ടത്തിൽ ഇന്ത്യയിലെ സ്ത്രീകൾക്കു വീണു കിട്ടിയ ഭാഗ്യമായിരുന്നു വോട്ടവകാശം എന്നു പറഞ്ഞാൽ തെറ്റില്ല. സ്ത്രീകൾക്കു വോട്ടവകാശം ലഭിക്കുക എന്നതു കൊണ്ട് മാത്രം സ്ത്രീകളുടെ പൗരത്വ പ്രശ്നം പൂർണമായി പരിഹരിക്കപ്പെടുന്നില്ല.

അതായതു വോട്ടു ചെയ്യാനുള്ള അവകാശം മാത്രമല്ല സ്ത്രീകളുടെ തുല്യ പ്രാതിനിധ്യമുറപ്പിക്കുന്നത്. വോട്ടു നേടി ജയിച്ച് അധികാരത്തിലെത്തൽ കൂടിയാണത്. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ആ നിലക്ക് തുല്യ പ്രാതിനിധ്യം അനുവദിക്കപ്പെട്ടിരിക്കുന്നു. എന്നാൽ നമ്മുടെ നിയമനിർമ്മാതാക്കൾ പൂർണമായും പുരുഷന്മാർ മാത്രമാണ്. നിയമസഭകളിലും ലോകസഭകളിലും സ്ത്രീകൾക്ക് മുപ്പത്തിമൂന്നു ശതമാനം സംവരണം നിർദേശിക്കുന്ന ബില്ല് കഴിഞ്ഞ കാൽ നൂറ്റാണ്ടിലേറെക്കാലമായി നിരന്തരമായി തള്ളപ്പെട്ടു കൊണ്ടേ ഇരിക്കുന്നു. എല്ലാ മുന്നണികളുടെയും തെരഞ്ഞെടുപ്പു പ്രചരണ പത്രികകളിൽ വാഗ്ദാനം ചെയ്യപ്പെടുന്ന ഒന്നുകൂടിയാണത് എന്നറിയുമ്പോഴാണ് സ്ത്രീകളോടുള്ള വഞ്ചനയുടെ ആഴം മനസിലാവുക. എന്തു കൊണ്ടിങ്ങനെ സംഭവിക്കുന്നു വെന്നന്വേഷിക്കുമ്പോൾ നമുക്കു കൃത്യമായ ഉത്തരങ്ങളിൽ എത്തിച്ചേരാനാകും. ബില്ലവതരണവുമായി ബന്ധപ്പെട്ട് ഇന്ത്യൻ പാർലമെണ്ടിന്റെ വരാന്തകളിൽ ഉയർന്നു കേട്ട ഒരു പാർലമെണ്ടേറിയന്റെ ഉത്കണ്ഠ ഇങ്ങനെയായിരുന്നു - ഇന്ത്യയിലെ എല്ലാ പെണ്ണുങ്ങളും പാർലമെൻറിൽ കയറിയിരുന്നാൽ വീട്ടിൽ ഞങ്ങൾക്കാരാണ് ഇഡ്ഢലി ഉണ്ടാക്കിത്തരിക? വ്യക്തമാണ് പുരുഷാധികാര മനോഭാവം. രണ്ടു തരം നിർബന്ധങ്ങൾ ഈ പരാമർശത്തിൽ ഉള്ളടങ്ങിയിട്ടുണ്ട്:

1. അതു വരെയും തന്റേതായിരുന്ന അധികാരവും പദവിയും തുടർന്നും തന്റേതു മാത്രമായിരിക്കണം.

2. സ്ത്രീ സ്വന്തം വസ്തുവകകളിൽ ഒന്നു തന്നെ (മാത്രം) ആയിരിക്കണം.

സ്വന്തം അധികാരം നഷ്ടപ്പെടാനോ പങ്കു വെക്കാൻ പോലുമോ പുരുഷൻ തയ്യാറല്ല. അതോടൊപ്പം തന്നെ സ്വന്തം സ്വത്തു വകയായ പെണ്ണ് വീട്ടടിമത്തത്തിൽ നിന്നു മോചിപ്പിക്കപ്പെടാൻ




വ്യവസ്ഥയുടെ അധികാരിയായ പുരുഷൻ ആഗ്രഹിക്കുന്നില്ല. ഇത്തരത്തിൽ ഏകപക്ഷീയമായി അവൻ കൈവശം വെച്ചിരിക്കുന്ന ഒന്നും സ്വാഭാവികമായി പങ്കുവെക്കുന്ന പ്രശ്നമേ ഇല്ല. വർഗ, വർണ പരിഗണനകൾക്കതീതമായി പുരുഷാധികാരം പ്രവർത്തിക്കുന്ന മേഖലയാണിത്. കാരണം അടിസ്ഥാന പ്രശ്നം അധികാരം തന്നെയാണ്. അങ്ങനെ വരുമ്പോൾ ഒരേയൊരു പോംവഴിയേ ഉള്ളൂ. തുല്യ പ്രാതിനിധ്യത്തിനായി സംവരണ നിയമം പ്രാബല്യത്തിൽ വരുത്തുക. പക്ഷേ അതെങ്ങനെ സംഭവിക്കും, ഈ നിയമം ഉണ്ടാക്കുന്നവരും പാസാക്കേണ്ടിയവരും പുരുഷന്മാർ മാത്രമായിരിക്കുമ്പോൾ?

അപ്പോൾ പോംവഴി മറ്റൊന്നല്ല. സ്ത്രീകൾ സ്വയം സംഘടിക്കുകയും സമരമാർഗത്തിലേക്കു സ്വയം വലിച്ചെറിയുകയുമാണത്. അഹങ്ങളുടെ പൂർണ ത്യാഗമാവശ്യപ്പെടുന്ന സമരപഥമാണത്. പകുതി വഴി നടന്നെത്തിയവർക്ക് മടങ്ങിപ്പോക്കല്ല മുഴുവൻ ദൂരവും നടന്നു തീർക്കലാണ് കർത്തവ്യം. വോട്ടു കൊടുക്കാനുള്ള പെണ്ണിന്റെ അവകാശം വോട്ടു നേടാനുള്ള പുരുഷന്റെ മാത്രം അവകാശമാകുന്നിടത്ത് ഈ സമരം അവസാനിപ്പിക്കാനാകില്ല. വോട്ടു കിട്ടാനും കൂടിയുള്ള അവകാശം പെണ്ണിനുമുള്ളതാണ്. അപ്പോഴാണ് അവളുടെ രാഷ്ട്രീയ പൗരത്വം കക്ഷിരാഷ്ട്രീയ, മത-ജാതി-ദരിദ്ര-ധനിക പരിഗണനകൾക്കതീതമായി സ്ത്രീയെന്ന നിലയിൽ പൂർണതയിലേക്കു വികസിക്കുക.

ഗ്രന്ഥസൂചി:

1. രാമകൃഷ്ണൻ എ കെ., കെ എം വേണുഗോപാലൻ 1989 സ്ത്രീ വിമോചനം ചരിത്രം സിദ്ധാന്തം സമീപനം പയ്യന്നൂർ: നയന ബുക്സ്

■



ജെ.ദേവിക
അദ്ധ്യാപിക, എഴുത്തുകാരി,
സ്ത്രീവാദ പ്രവർത്തക

# തുല്യപ്രാതിനിധ്യവും ഉദാരതാവാദവും

ലിംഗപരമായ തുല്യപ്രാതിനിധ്യമെന്ന രാഷ്ട്രീയലക്ഷ്യത്തിന് ഉദാരവാദത്തോളം തന്നെ പഴക്കമുണ്ടെങ്കിലും അത് മുഖ്യധാരാരാഷ്ട്രീയത്തിൽ ഒരു പ്രായോഗികസാദ്ധ്യതയായി അംഗീകരിക്കപ്പെടുകയും പിൻതുടരപ്പെടുകയും ചെയ്യപ്പെട്ടത് 1990കളോടെയാണ്. ഫ്രഞ്ചുവിപ്ലവം മുതൽ ലോകത്തുണ്ടായ പ്രധാനപ്പെട്ട സാമൂഹ്യനീതി പോരാട്ടങ്ങളിൽ സ്ത്രീകൾ മുൻനിരയിലായിരുന്നുവെന്നു മാത്രമല്ല, അവയ്ക്കു തുടക്കംകുറിച്ചത് പലപ്പോഴും അവരായിരുന്നു. എന്നാൽ ശ്രദ്ധേയമായ ആ പങ്കാളിത്തത്തിനു പ്രതിഫലമായോ അംഗീകാരമായോ അധികാരത്തിൽ തുല്യപങ്കാളിത്തം അവർക്കൊരിക്കലും കല്പിക്കപ്പെട്ടില്ല എന്നുതന്നെയുമല്ല, ആ ആവശ്യം ഉന്നയിച്ച സ്ത്രീകളെ അടിച്ചമർത്താൻ പിതൃമേധാവിത്വ ഉദാരവാദികളടക്കമുള്ളവർ മടിച്ചിരുന്നുമില്ല. 1990കളിൽ ലോകത്ത് ഉദാരവാദത്തിന്റെ നിർണായകവിജയം (സോവിയറ്റ് യൂണിയന്റെയും അതോടൊപ്പം സോഷ്യലിസ്റ്റ് ബദലിന്റെയും പതനത്തിനു ശേഷം) മുതലാളിത്തലോകത്ത് ആഘോഷിച്ച വേളയിലാണ് സ്ത്രീകൾക്ക് പുതിയ ഉദാരവാദ വ്യവസ്ഥകളിൽ തുല്യപങ്കാളിത്തം നൽകുക എന്നത് ഒരു മുഖ്യധാരാ ആവശ്യമായി പരിണമിച്ചത്. ബെയ്ജിങ് സമ്മേളനത്തിൽ ഇത് ജെൻറർ മുഖ്യധാരാവത്ക്കരണത്തിന്റെ ചട്ടക്കൂടിൽ ഉയർത്തപ്പെട്ടതോടെയാണ് കേരളമടക്കമുള്ള പ്രാദേശിക ഇടങ്ങളിൽ ഇത് കാര്യമായി ചർച്ച ചെയ്യപ്പെട്ടത്.

സംവരണത്തിലൂടെയും പ്രത്യേകവികസന ഫണ്ടുകളിലൂടെയും സ്ത്രീനീതിയ്ക്കായുള്ള പ്രത്യേകഭരണസംവിധാനങ്ങളിലൂടെയും വന്ന ഔപചാരിക തുല്യപങ്കാളിത്തം പക്ഷേ പൂർണമായില്ല. അധികാരത്തിന്റെ ഉന്നതശ്രേണികളിൽ അത് ഏതാണ്ട് അസാദ്ധ്യമാണെന്ന ലക്ഷണങ്ങൾ പുതിയ നൂറ്റാണ്ടിന്റെ ആരംഭത്തിൽ തന്നെ കണ്ടുതുടങ്ങി. പിന്നീട്, അതായത്, ലോകരാഷ്ട്രവ്യവസ്ഥയിൽ തന്നെ, വലതുപക്ഷ തീവ്രദേശീയതകളുടെ മുന്നേറ്റമുണ്ടായതോടെ, ഈ ലക്ഷ്യം അവതാളത്തിലായെന്നു മാത്രമല്ല, അതു സങ്കീർണമാവുകയും ചെയ്തു. ഉദാഹരണത്തിന്, ഇന്ന് യൂറോപ്പിൽ ജനാധിപത്യതുല്യതയെ ഇടുങ്ങിയ ദേശീയവംശീയകാഴ്ചപ്പാടിൽ നിന്നു ഇടിച്ചു താഴ്ത്താൻ നോക്കുന്നവരായ നേതാക്കളിലും ഭരണാധികാരികളിലും കുറവല്ലാത്ത സ്ത്രീപ്രാതിനിധ്യമുണ്ടായിരിക്കുന്നു. അധികാരസ്ഥാനങ്ങളിലേക്കു പ്രവേശം ലഭിച്ച യാഥാസ്ഥിതികകക്ഷി നേതാക്കളായ സ്ത്രീകൾ യൂറോപ്യേതരവംശജരോടും അഭയാർത്ഥികളോടും കടുത്ത അസഹിഷ്ണുത കാണിക്കുന്നു. അവർ കയറിവന്ന വഴി മറ്റുള്ളവർക്കുകൂടി തുറന്നിടാൻ അവർ വിസമ്മതിക്കുന്നു.

സ്ത്രീകളുടെ രാഷ്ട്രീയപ്രവേശം സ്ത്രീകൾക്കു ഗുണകരമാകും എന്ന ധാരണ അസ്ഥാനത്താണെന്നും ഭരണഅധികാരവ്യവസ്ഥയിൽ തുല്യപ്രാതിനിധ്യം സ്ത്രീകളുടെ അവകാശം മാത്രമാണെന്നും വാദിച്ചുകൊണ്ടാണ് സ്ത്രീവാദികൾ പൊതുവെ സ്ത്രീകൾക്കു തുല്യപ്രാതിനിധ്യത്തിനായുള്ള ആഗോളസമ്മർദ്ദത്തെ സ്വാഗതം ചെയ്തത്. ആ വാദം ശരിയായിരുന്നെങ്കിലും അതുന്നയിക്കപ്പെട്ട ആഗോളരാഷ്ട്രീയത്തിന്റെ ലിംഗാധികാരമാനങ്ങൾ നാം വേണ്ടത്ര ശ്രദ്ധിച്ചുവെന്നു തോന്നുന്നില്ല.. എന്നാൽ ആഗോളതലത്തിൽ രൂപപ്പെട്ടുവന്ന മുതലാളിത്തത്തിന് അനുരൂപമായ പുതിയ ഉദാരവാദവ്യവസ്ഥയുടെ അവിഭാജ്യഘടകമായിരുന്നു ഇതെന്ന് പിൻവെളിച്ചത്തിൽ വ്യക്തമാകുന്നുണ്ട്. ആഗോളതലത്തിൽ ചലനാത്മകമായ മൂലധനത്തിനു തടസ്സമായി നിൽക്കുന്ന ജനങ്ങളെ അതായത്, ലോകത്തെ പലഭാഗങ്ങളിലായുള്ള ആദിവാസിജനങ്ങൾ, ചെറുകിട കർഷകർ, ഉദാരവാദസ്ഥാപനങ്ങളോട് പൂർണമായും ഇണങ്ങാത്ത മുസ്ലിംജനങ്ങൾ, ദലിതർ മുതലായവരെ ഈ ആഗോള ഉദാരവാദത്തിൽ ശിക്ഷിക്കപ്പെടേണ്ട 'ചീത്തക്കുട്ടികളാ'ക്കിയതിനൊപ്പമാണ് സ്ത്രീകൾ എന്ന വിഭാഗം അതിന്റെ 'നല്ലകുട്ടികളാ'യി ഉയർത്തപ്പെട്ടതും. സ്വയംതൊഴിലിലൂടെ സ്വന്തം വരുമാനം കണ്ടെത്തി വിപണിയിൽ പങ്കാളികളായി അങ്ങനെ സർക്കാരുകളുടെ ജനക്ഷേമച്ചെലവുകൾ കുറച്ചുകൊടുക്കുന്ന ഉത്തമ നവഉദാരവാദ വിഷയികളായാണ് 'ദരിദ്രസ്ത്രീകൾ' സങ്കല്പിക്കപ്പെട്ടത്.



മറ്റു സാമൂഹ്യ നിലകളിൽ നിന്നും അനായാസം അടർത്തിയെടുക്കാവുന്ന ലിംഗ സ്വഭാവപ്രധാനമായ ഒരു ജനവിഭാഗത്തെ കുറിക്കുന്ന സംവർഗമായിരുന്നു ഇതെന്നത് യാദൃച്ഛികമായിരുന്നില്ല. അങ്ങനെയൊരു വിഭാഗം മൂർത്തരൂപത്തിൽ ഇപ്പോൾത്തന്നെയുണ്ടെന്നും, സാമ്പത്തികവിഷയികളെന്ന നിലയ്ക്ക് അവരെ അടർത്തിയെടുക്കാനുള്ള പ്രവർത്തനങ്ങളാണു വേണ്ടതെന്നുമുള്ള മുൻധാരണയായിരുന്നു ഈ വ്യവഹാരത്തിലാകെ.

ഇന്ത്യയിലാണെങ്കിൽ, ഇന്ത്യൻ ഭരണഘടന സ്ത്രീകൾക്ക് ഏതാണ്ട് 40 വർഷം മുൻപുതന്നെ നൽകിയ അവകാശങ്ങളുടെ ഉചിതമായ വിപുലീകരണമായാണ് നാം തുല്യപ്രാതിനിധ്യവിഷയത്തിന്റെ മുഖ്യധാരാവത്ക്കരണത്തെ കണ്ടത്. ബെയ്ജിങ് സമ്മേളനം സ്ത്രീസംഘടനകളുടെ ഏകോപനത്തെയും സർക്കാരിന്റെ ലിംഗതുല്യതാ സംവിധാനത്തോട് അവ കൈകോർക്കേണ്ടതിന്റെ പ്രാധാന്യത്തെയും ഊന്നി. എന്നാൽ ഇന്ത്യൻ ഭരണഘടന നേരിട്ട് അംഗീകരിച്ച ഒരു കാര്യം ഇന്ത്യയിൽ സ്ത്രീകൾ ചരിത്രപരമായ പിന്നാക്കാവസ്ഥ അനുഭവിക്കുന്നവരാണെന്നും അവർക്കു നൽകപ്പെടുന്ന വിഭവങ്ങളെയും അവസരങ്ങളെയും സ്ഥാനങ്ങളെയും അതു പരിഹരിക്കാനുള്ള മാർഗങ്ങളായി കണക്കാക്കണമെന്നുമുള്ള തിരിച്ചറിവ് 1990കളിലെ സ്ത്രീസംവരണസംവാദങ്ങളിൽ വിരളമായിരുന്നു. മറിച്ച്, തദ്ദേശസമൂഹത്തിലേക്ക് സ്ത്രീകളുടെ കരുതലും ഊർജവും പ്രവർത്തനവും വ്യാപിപ്പിച്ചാൽ അത് സമൂഹത്തിനു പൊതുവേ ഗുണകരമാകുമെന്ന വാദമാണ് കാര്യമായി ഉയർത്തപ്പെട്ടതെന്ന് വെൻറീ സിംഗറിനെപ്പോലുള്ള ഗവേഷകർ ചൂണ്ടിക്കാട്ടുന്നു. അതായത്, തുല്യപ്രാതിനിധ്യത്തിലേക്കുള്ള ആദ്യചുവടുകളായി എണ്ണപ്പെട്ട പഞ്ചായത്തുതല സ്ത്രീസംവരണം സ്ത്രീകളെ പൂർണരാഷ്ട്രീയ വിഷയികളായും ചരിത്രപരമായ അനീതി അനുഭവിക്കുന്ന സാമൂഹ്യവിഭാഗമായുമല്ല കണ്ടത്, മറിച്ച്, സമൂഹത്തിനു മുഴുവൻ ഗുണകരമായ അദ്ധ്വാനം പ്രദാനം ചെയ്യുന്നവരാണ് സ്ത്രീകൾ, അതുകൊണ്ട് അവർ തുല്യപ്രാതിനിധ്യം അർഹിക്കുന്നു എന്ന വാദമാണ് തുല്യപ്രാതിനിധ്യത്തെ സാധൂകരിക്കാൻ വിനിയോഗിക്കപ്പെട്ടത്. അപ്പോൾ രാഷ്ട്രീയരംഗത്തിന്റെ മേൽത്തട്ടുകളിൽ സ്ത്രീകളുടെ തുല്യപ്രാതിനിധ്യം ഉണ്ടാകാതെ പോയതിൽ അതിശയകരമായി ഒന്നുമില്ല, വാസ്തവത്തിൽ. ഇന്നാകട്ടെ, ഇന്ത്യൻ രാഷ്ട്രീയവ്യവസ്ഥ 1990കളിൽ നിന്ന് ഏറെ മാറിയിരിക്കുന്നു. മതഭൂരിപക്ഷതീവ്രദേശീയവാദത്തിന്റെ ആധിപത്യം മാത്രമല്ല, ദേശീയനിയമസഭകളിൽ അതിസമ്പന്നരുടെ കാര്യമായ സാന്നിദ്ധ്യവും പലപ്പോഴും പരസ്പരം എതിരിട്ടു നിൽക്കുന്ന രാഷ്ട്രീയകക്ഷികൾ തമ്മിൽ ജനവിരുദ്ധവും മൂലധനത്തിന് അനുകൂലവുമായ തീരുമാനങ്ങളിൽ നേരിട്ടോ അല്ലാത്തതോ ആയ സമവായം ഉണ്ടാകുന്നതും കാണാം. കുടുംബവഴിക്കോ പ്രമുഖ പുരുഷരാഷ്ട്രീയക്കാരുടെ താങ്ങോടുകൂടിയോ സ്ത്രീകൾ രാഷ്ട്രീയരംഗത്തേയ്ക്കു പ്രവേശിക്കുന്ന പ്രവണത കുറഞ്ഞിട്ടുമില്ല. സ്ത്രീകളുടെ വിഷയങ്ങളിൽ പോലും വിവിധരാഷ്ട്രീയകക്ഷികളിലെ സ്ത്രീസാമാജികർക്ക് യോജിക്കാനുള്ള സാദ്ധ്യത തന്നെയും കുറഞ്ഞുവരുന്നു. സ്ത്രീകളുടെ തുല്യപ്രാതിനിധ്യത്തെയും തുല്യപൊതുവിടപ്രവേശന സ്വാതന്ത്ര്യത്തെയും അടിസ്ഥാനപരമായി തള്ളിപ്പറയുന്ന ശബ്ദങ്ങൾ വലതുപക്ഷത്തു പൊതുവെയും വലതുപക്ഷ സ്ത്രീകൾക്കിടയിലും ഉയർന്നുകേൾക്കുന്നു. ഇന്നത്തെ ഈ സാഹചര്യത്തിൽ തുല്യപ്രാതിനിധ്യവിഷയത്തെ ഇന്ത്യൻ ഫെമിനിസം എങ്ങനെ സമീപിക്കണം? ആ ചോദ്യത്തിനു മറുപടി പറയും മുൻപ് സമകാലിക ഇന്ത്യൻ ഫെമിനിസത്തിന്റെ സ്വഭാവമെന്തെന്നുകൂടി ചിന്തിക്കണം. ലിംഗസ്വഭാവപ്രധാനമായ പൊതുതന്മയെന്ന നിലയ്ക്ക് 'സ്ത്രീകൾ'ക്ക് മുഖ്യധാരയിൽ കിട്ടിയ അംഗീകാരത്തിന്റെ മറുവശം മറ്റു കീഴാളതന്മകളെ ഉപേക്ഷിച്ച് ഇതോടു ചേരാൻ മടിച്ച സ്ത്രീകളോട് നവഉദാരവാദവ്യവസ്ഥകൾ കാട്ടിയ പകയുടേതാണ്. ആ പരീക്ഷണങ്ങളിലൂടെ രൂപമെടുത്ത ദലിത്മുസ്ലിം സ്ത്രീശബ്ദങ്ങൾ ഉയർത്തിക്കൊണ്ടുവന്ന 'പരസ്പരം മുറിച്ചു കടക്കലിന്റെ' (intersectional) ഫെമിനിസമാണ് ഇന്ന് ഇന്ത്യയിൽ പ്രബലമായിരിക്കുന്നത്. അതായത്, നവഉദാരവാദത്തിന്റെ ഫെമിനിസ വ്യാഖ്യാനം (അതായത്, ശുദ്ധസാമ്പത്തിക വിഷയികളും നവഉദാരവാദ സ്വയംസഹായസംസ്കാരത്തിന്റെ നിർവാഹകരും വിപണി വഴിയോ ഭരണകൂടാധികാരത്തിന്റെ പങ്കാളിത്തത്തിലൂടെയോ പിതൃമേധാവിത്വത്തിൽ നിന്നു വിമോചനം തേടുന്നവരുമാണ് യഥാർത്ഥ ഫെമിനിസ്റ്റുകൾ എന്ന പലപ്പോഴും പരോക്ഷമായ ധാരണ) ആദിവാസി ദലിത്മുസ്ലിം സ്ത്രീകൾ നവഉദാരവാദികളായ അധികാരികളിൽ നിന്നു സഹിച്ച അവഹേളനത്തിന്റെയും മർദ്ദനത്തിന്റെയും ഒടുവിൽ പൊളിഞ്ഞുവീണുകൊണ്ടിരിക്കുന്നു. തങ്ങളുടെ മറ്റു പാർശ്വവത്കൃത തന്മകളെ കണക്കിലെടുക്കാതെ പിതൃമേധാവിത്വവിരുദ്ധരാഷ്ട്രീയം മെനയാനാവില്ലെന്ന് ആ സ്ത്രീകൾ പ്രഖ്യാപിക്കുന്നു. സ്ത്രീകൾ എന്ന സാർവജനീനസംവർഗത്തെ പ്രശ്നരഹിതമായി എണ്ണുന്നതിലെ വരേണ്യരാഷ്ട്രീയത്തെ തുറന്നുകാട്ടുന്ന ഇത്തരം ഫെമിനിസത്തിന്റെ കണ്ണിലൂടെയാണ് സ്ത്രീപുരുഷന്മാരുടെ തുല്യ



പ്രാതിനിധ്യമെന്ന ആശയം വിലയിരുത്തപ്പെടേണ്ടത്.

ആ പക്ഷത്തു നിന്ന് മുൻപു തന്നെ പാർലമെൻറിലേക്കുള്ള സ്ത്രീസംവരണബില്ലിനെപ്പറ്റിയുള്ള വിമർശനത്തെ കാര്യമായി എടുക്കാതെ ഇനി ഈ ആവശ്യത്തെ ഉയർത്തിപ്പിടിക്കാൻ പ്രയാസമായിരിക്കും. സ്ത്രീകൾ എന്ന ലിംഗസ്വഭാവപ്രധാനമായ സംവർഗം എല്ലാ സ്ത്രീകൾക്കും പ്രയോജനകരമല്ലെന്നും അതിലൂടെ നേട്ടം കൊയ്യുന്നത് വരേണ്യരും അഭ്യസ്തവിദ്യരുമായ ഉന്നതജാതി ഹിന്ദുസ്ത്രീകളായിരിക്കുമെന്നും ന്യായമായും കരുതാം. ഒബിസി വനിതകൾക്ക് കൃത്യമായ സംവരണം അനുവദിക്കാത്തിടത്തോളം കാലം അത് പ്രശ്നകരമായിത്തന്നെ തുടരും. ഇതാണ് ഔപചാരികരാഷ്ട്രീയത്തിൽ സ്ത്രീകളുടെ തുല്യപ്രാതിനിധ്യം കാംക്ഷിക്കുന്നവർ പരിഹരിക്കേണ്ടുന്ന ആദ്യപ്രശ്നം. രണ്ടാമതായി, ഇന്ത്യൻ ഭരണഘടന സ്ത്രീകളെ വികസനനിർവാഹകരായല്ല, പൂർണപൗരത്വവും അവകാശങ്ങളും ചരിത്രപരമായി അടിച്ചമർത്തപ്പെട്ടവരുമായി കണക്കാക്കുന്നെങ്കിലും പ്രായോഗികസാഹചര്യങ്ങളിൽ അവരെ കേവലം വികസനനിർവാഹകരായി കാണുന്ന രീതി പൂർണമായും നിർമാർജനം ചെയ്യപ്പെടണം. തുല്യാവകാശങ്ങൾക്കായി ഇന്നു നടക്കുന്ന സമരങ്ങൾ സ്ത്രീകൾക്ക് കഴിഞ്ഞനൂറ്റാണ്ടിലും ഇപ്പോഴും കല്പിച്ചു കിട്ടിയിട്ടുള്ള നിഷ്ക്രിയ വികസനനിർവാഹകത്വത്തെ ഉപേക്ഷിച്ച് സ്ത്രീയുടെ പൂർണപൗരത്വനിലയെത്തന്നെ ഊന്നണം. അഥവാ, തുല്യപ്രാതിനിധ്യത്തെ ചരിത്രപരമായ അനീതികൾക്കു വിധേയമായ ഒരു വിഭാഗത്തിന്റെ സ്വയം ശാക്തീകരണശ്രമങ്ങളുടെ ഭാഗമാക്കുന്ന വ്യവഹാരത്തെ നാം കാര്യമായിത്തന്നെ ഉറപ്പിക്കണം. മൂന്നാമതായി, ഇന്ത്യൻ ഫെമിനിസത്തിന് ഇനി ലിംഗദ്വന്ദ്വവാദത്തിന്മേൽ സ്വയമുറപ്പിക്കാൻ കഴിയില്ല എന്നതാണ് യാഥാർത്ഥ്യം. തുല്യപ്രാതിനിധ്യത്തിന്റെ പ്രശ്നം തന്നെ അടിസ്ഥാനപരമായി മാറിയിരിക്കുന്നു. സ്ത്രീകൾക്ക് തുല്യത എന്ന് അതിനെ ഇനി വ്യാഖ്യാനിക്കാൻ പ്രയാസമാണ്. ട്രാൻസ് വനിതകളുടെയും ഭിന്ന ലൈംഗികതയ്ക്കുള്ളിൽ ജീവിക്കാത്ത സ്ത്രീകളുടെയും പ്രാതിനിധ്യവും ഇനി അവഗണിക്കാനാവില്ല.

മേൽപ്പറഞ്ഞ വിഷയങ്ങളെ കണ്ടില്ലെന്നു നടിച്ചുകൊണ്ട് രാഷ്ട്രീയത്തിൽ സ്ത്രീകൾക്ക് തുല്യപ്രാതിനിധ്യം എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിക്കാൻ ശ്രമിക്കുന്നത് വരേണ്യസ്ത്രീകളുടെ ഇന്ന് അനുഭവിക്കുന്ന സവിശേഷാധികാരങ്ങളെ ഒന്നുകൂടി ഉറപ്പിക്കാനാവും സഹായിക്കുക. ഉദാരവാദത്തിന്റെ കേവലമായ പുനഃസ്ഥാപനമല്ല ഫെമിനിസം. അതങ്ങനെയാണെന്നു ശഠിക്കുന്നത് ഒന്നുകിൽ ഫെമിനിസത്തിന്റെ ശത്രുക്കളാണ് ഫെമിനിസത്തെപ്പറ്റി തെറ്റിദ്ധാരണകൾ പരത്തുന്നവരാണ്. അല്ലെങ്കിൽ അമേരിക്കൻ സാമ്രാജ്യവാദികളായ ഫെമിനിസ്റ്റുകളാണ്. നവഉദാരവാദവാഗ്ദാനങ്ങളിൽ നിന്ന് വിമർശനപരമായ അകലം നേടിയെടുക്കാനുള്ള നമ്മുടെ ശ്രമങ്ങൾ തീർച്ചയായും തുല്യപ്രാതിനിധ്യത്തിന്റെ നവഉദാരവാദവ്യാഖ്യാനങ്ങളെയും വിമർശനവിധേയമാക്കണം, തിരുത്തിയെഴുതണം.

■

---

*(തുടർച്ച പേജ് 12)*

ജനാധിപത്യ സമൂഹത്തിന്റെയും അവശ്യഘടകങ്ങളിലൊന്നാണ്. അന്തസ്സും സമാധാനവുമുള്ള ഒരു സാമൂഹ്യജീവിതത്തിന് അത് അത്യന്താപേക്ഷിതവും. സ്ത്രീകൾക്ക് അർഹമായ രാഷ്ട്രീയാധികാരം ഉറപ്പിക്കുന്നതിനുള്ള ഉപാധികളിൽ ഒന്നു മാത്രമാണ് സംവരണം. സംവരണമില്ലാതെ, ഇന്നത്തെ നിലയിൽ പോകുകയാണെങ്കിൽ സ്ത്രീകൾക്ക് തുല്യമായ പ്രാതിനിധ്യം ലഭിക്കാൻ ഇനിയും ചുരുങ്ങിയത് 100 വർഷമെങ്കിലും വേണ്ടി വരുമെന്നാണ് കണക്കുകൾ പറയുന്നത്. ന്യായമായി ലഭിക്കേണ്ട തുല്യപ്രാതിനിധ്യത്തിന്റെ ആദ്യചുവടായ സംവരണനിയമം പാസാക്കുന്നതിന്റെ പേരിൽ ഇന്ത്യയിലെ പാതി ജനത അനുഭവിക്കേണ്ടിവന്ന അവഹേളനം എത്രയാണെന്ന് നാം കണ്ടു. ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ സംവരണനിയമം പാസായിരുന്നെങ്കിൽ ആയിരക്കണക്കിന് സ്ത്രീകൾ ഇതിനകം നമ്മുടെ പാർലമെന്റിലും നിയമസഭകളിലും എത്തുമായിരുന്നു. അത്തരം ഒരു കുതിച്ചുചാട്ടം തടയപ്പെട്ടിട്ടും ഇന്ത്യയിലെ സ്ത്രീകൾക്കിടയിൽ നിന്നും കക്ഷിഭേദങ്ങൾക്കതീതമായി ശക്തമായ, തുടർച്ചയുള്ള പ്രതിരോധങ്ങളൊന്നും ഉണ്ടായില്ല. അത്രമാത്രം ശക്തമാണ് ജാതി-മത-സാമുദായിക അടരുകളോടുകൂടിയ ഇവിടത്തെ പുരുഷാധിപത്യം. സാക്ഷരതാ പ്രസ്ഥാനവും ജനകീയാസൂത്രണവും മറ്റും വിജയകരമാക്കിയ കേരളത്തിൽ സ്ത്രീകളുടെ തുല്യപ്രാതിനിധ്യത്തിനു വേണ്ടിയുള്ള ഒരു പൊതുമുന്നേറ്റം സംഘടിപ്പിക്കുന്നതിന് കാര്യമായ ശ്രമങ്ങളൊന്നും ഉണ്ടായിട്ടില്ല. സ്ത്രീകളുടെ നേതൃത്വത്തിൽ അത്തരമൊരു വിശാല സാമൂഹ്യപ്രസ്ഥാനം ഇവിടെ വളർന്നുവരേണ്ടതുണ്ട്. അതിന് അഖിലേന്ത്യാതലത്തിൽ സമാനലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്ന സംഘടനകളും ഗ്രൂപ്പുകളുമായി ചേർന്ന് ഒരു വിശാലസഖ്യമായി പ്രവർത്തിക്കാൻ കഴിയുകയും വേണം.

■



**ഷീബ ദിവാകരൻ**
അദ്ധ്യാപിക,
എഴുത്തുകാരി

# രാഷ്ട്രീയരംഗത്തെ പ്രാതിനിധ്യങ്ങൾ

സിനിമയെപ്പോലെ രാഷ്ട്രീയവും പുരുഷന്റെ വിഹാരരംഗങ്ങളാണെന്നു പറയാറുണ്ട്. സമൂഹം പൊതുവിൽ ആണധികാരത്തിനു കീഴ്പ്പെട്ടിരിക്കയാണെങ്കിലും ഇത്രയധികം പുരുഷവൽക്കരിക്കപ്പെട്ട മേഖല വേറെയധികമില്ല. പ്രത്യക്ഷാധികാരത്തിന്റെ മേഖലയാണെന്നതുകൂടിയാവാം രാഷ്ട്രീയം ആണിന്റെ കർമരംഗമാവുന്നത്. കോൺഗ്രസ് നേതാവും രാജ്യസഭാംഗവും യുഎൻ മനുഷ്യാവകാശക്കമ്മീഷൻ വൈസ് ചെയർമാനും നയതന്ത്രജ്ഞയുമൊക്കെയായിരുന്നിട്ടും ലീലാ ദാമോദരമേനോൻ എന്ന രാഷ്ട്രീയപ്രവർത്തകയ്ക്ക് സ്വന്തം കഥ പറയാൻ 'ചേട്ടന്റെ നിഴലിൽ' എന്ന വിനയാന്വിതമായൊരു തലക്കെട്ട് സ്വീകരിക്കേണ്ടിവന്നു എന്നോർക്കണം; ഭർത്താവിന്റെ കഥയായിരുന്നു അവർക്ക് ആത്മകഥ.

നമ്മുടെ രാഷ്ട്രീയപ്പാർട്ടികളിലും അധികാരത്തിലും ആണധികാരം ശക്തമായി നിലനിൽക്കുന്നുണ്ട്. ഇന്ത്യയുടെ മാത്രം കാര്യമല്ലിത്. ജനസംഖ്യയിൽ പകുതിവരുന്ന സ്ത്രീകൾക്ക് അർഹമായ പ്രാതിനിധ്യം ലഭിച്ച മൂന്നേ മൂന്ന് രാജ്യമേയുള്ളൂ- ആഫ്രിക്കൻ രാജ്യമായ റുവാണ്ട (61.3%), ക്യൂബ (53.2%), ബൊളീവിയ (53.1%). മുപ്പത് ശതമാനത്തോളം പ്രാതിനിധ്യം ലഭിച്ച അമ്പതോളം പാർലമെന്റുകളുണ്ട്. നമ്മുടെ ലോക്സഭയിൽ 14 ശതമാനമാണ് സ്ത്രീപ്രാതിനിധ്യം. സ്ത്രീകൾക്ക് അർഹമായ പ്രാതിനിധ്യം നൽകുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾ 1920 കളിൽത്തുടങ്ങിയതാണ്. കേരളമുൾപ്പെടെ ഏതാനും സംസ്ഥാനങ്ങൾ തദ്ദേശസ്ഥാപനങ്ങളിൽ 50 ശതമാനം വനിതാപങ്കാളിത്തം ഉറപ്പുവരുത്തുന്നുണ്ടെങ്കിലും നിയമസഭകളിലോ പാർലമെന്റിലോ ഇത് ഇനിയും സാധ്യമായിട്ടില്ല. സ്ത്രീകൾ തിരഞ്ഞെടുക്കപ്പെടുമ്പോൾ കാര്യങ്ങളിൽ വ്യത്യാസമുണ്ടാവുന്നുണ്ട്. കുടിവെള്ളപദ്ധതികളുടെ കാര്യത്തിൽ ഇന്ത്യയിലെ വനിതാമണ്ഡലങ്ങളിൽ മറ്റുള്ളവയെക്കാൾ 62 ശതമാനം വർധനയുണ്ടായതായി ഐക്യരാഷ്ട്രസഭയുടെ കണക്കുകളിൽക്കാണാം.



പി. സതീദേവി

കാര്യങ്ങൾ മാറണമെങ്കിൽ ആദ്യം രാഷ്ട്രീയപ്പാർട്ടികളുടെ മനോഭാവത്തിലാണ് മാറ്റം വരേണ്ടത്. പൊതുപ്രവർത്തനമെന്നും രാഷ്ട്രീയമെന്നും കേൾക്കുമ്പോൾ ആണിനെമാത്രം ഓർമ വരുന്ന സ്റ്റീരിയോടൈപ്പ് ചിത്രങ്ങൾ മാറിക്കഴിഞ്ഞു; ചുരുങ്ങിയപക്ഷം തദ്ദേശസ്ഥാപനങ്ങളിലെങ്കിലും. വലിയൊരു പ്രക്ഷോഭത്തിനുള്ള വകുപ്പ് ഇക്കാര്യത്തിലുണ്ട്. കേരളത്തിലെ പ്രഗല്ഭരായ മൂന്നു രാഷ്ട്രീയനേതാക്കൾ ഇക്കാര്യത്തെ എങ്ങനെ സമീപിക്കുന്നുവെന്ന് നോക്കുക. കമറുന്നീസാ അൻവർ (മുസ്ലീം ലീഗ്), ഷാനിമോൾ ഉസ്മാൻ (കോൺഗ്രസ്), പി. സതീദേവി (സി.പി.എം) എന്നിവരാണ് ചർച്ചയിൽ

പങ്കെടുത്തത്. മുസ്ലീംലീഗ് സംസ്ഥാന സെക്രട്ടറി യേറ്റ് അംഗവും വനിതാലീഗ് സംസ്ഥാന അധ്യക്ഷ യും സാമൂഹ്യപ്രവർത്തകയുമായ കമറുന്നീസ എംഇഎസ് വനിതാവിഭാഗം ദേശീയസെക്രട്ടറിയായും പ്രവർത്തിച്ചിട്ടുണ്ട്. എ ഐ സി സി സെക്രട്ടറിയാ കുന്ന ആദ്യമലയാളി വനിതയായ ഷാനിമോൾ ഉസ്മാൻ ഇപ്പോൾ കേരളനിയസഭയിൽ പ്രതിപക്ഷ ത്തുള്ള ഏകവനിതയാണ്. സിപിഎം സംസ്ഥാനസ മിതി അംഗവും മുൻ എംപിയുമാണ് പി സതീദേവി.

നിയമനിർമാണസഭകളിൽ ഒരിക്കലും അർഹ മായ സ്ത്രീപ്രാധിനിധ്യം ഇല്ലാതെപോകുന്നത് എന്തുകൊണ്ടാണ്, വനിതാസംവരണബിൽ ലോക് സഭ ഇനിയും ചർച്ചക്കുപോലും എടുക്കാത്തതി നോട് എങ്ങനെ പ്രതികരിക്കുന്നു, ഇതിനായി പാർട്ടി കാര്യമായി പ്രവർത്തിച്ചിട്ടുണ്ടോ, താങ്കൾ ഇക്കാര്യം പാർടിയിൽ ഉന്നയിച്ചിട്ടുണ്ടോ,താങ്കളുടെ പാർടി ക്കുള്ളിൽ സ്ത്രീ-പുരുഷതുല്യത എന്ന ആശയം യാഥാർഥ്യമായിട്ടുണ്ടോ,അങ്ങനൊരു ആശയം പ്രസക്തമാണോ, സീറ്റ്ചർച്ചാവേളയിൽ താങ്കളുടെ പാർടി സ്ത്രീകളെ കാര്യമായി പരിഗണിക്കാ റുണ്ടോ, സ്ത്രീകളെ രാഷ്ട്രീയപ്രവർത്തനത്തിന്റെ മുൻനിരയിലെത്തിക്കുന്നതിന് പാർട്ടികളുടെ വനിതാ സംഘടനകൾ ഇക്കാര്യത്തിൽ താല്പര്യമെടുക്കാ റുണ്ടോ, കേഡറുകളെ സൃഷ്ടിക്കുന്നതിൽ അവ ർക്ക് എന്തൊക്കെ ചെയ്യാനാവും തുടങ്ങിയകാര്യങ്ങ ളെക്കുറിച്ചായിരുന്നു പ്രധാനമായും സംസാരിച്ചത്. ഇത്തരം കാര്യങ്ങളിൽ വ്യക്തമായ കാഴ്ചപ്പാട് മൂന്നു പേർക്കുമുണ്ടായിരുന്നു. അവരുടെ നിരീക്ഷണങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം.

നിലനിൽക്കുന്ന പുരുഷമേധാവിത്വം തന്നെ യാണ് നിയമനിർമാണസഭകളിൽ ഒരിക്കലും അർഹ മായ സ്ത്രീപ്രാതിനിധ്യം ഇല്ലാതെ പോകുന്നതിനു പ്രധാനകാരണമെന്ന് കമറുന്നീസാ അൻവർ നിരീ ക്ഷിക്കുന്നു. സ്ത്രീകൾ ബുദ്ധിയില്ലാത്തവരാ ണെന്നും ഒന്നിനും കൊള്ളാത്തവരാണെന്നും ചില പുരുഷന്മാർ ധരിച്ചുവച്ചിരിക്കുന്നത് വേദനിപ്പിക്കു ന്നുവെന്നും അവർ അഭിപ്രായപ്പെടുന്നു. കാര്യങ്ങൾ സ്ത്രീകളെ ഏൽപ്പിച്ചാൽ പുരുഷന്മാരെക്കാൾ നന്നായി ചെയ്യും. ഇരുകൂട്ടർക്കും ബുദ്ധി ഒരേപോ ലെയാണ്. എന്നാൽ സംവരണമുള്ളതുകൊണ്ടുമാത്ര മാണ് തദ്ദേശതെരഞ്ഞെടുപ്പിൽ സ്ത്രീകൾക്ക് പ്രാതി നിധ്യം കിട്ടുന്നത്. തുല്യനീതി പ്രാവർത്തികമാവുന്ന തുവരെ ഇതു തുടരുകയും വേണം- അവർ കൂട്ടി ച്ചേർക്കുന്നു. 'പെണ്ണ് അധികാരത്തിൽ വരുന്നതിനെ ആണ് പേടിക്കുന്നുണ്ട്' അതുകൊണ്ടാണ് വനിതാ സംവരണബിൽ ലോക്സഭ ഇനിയും ചർച്ചക്കു പോലും എടുക്കാത്തത് എന്നാണ് കമറുന്നീസാ അൻവറിന്റെ അഭിപ്രായം. ആണിന് അവരുടെ സ്ഥാനം പോയ്പ്പോകുമോ എന്നുപേടിയുണ്ട്. സ്ത്രീകൾ മുന്നോട്ടുവരാൻ തയ്യാറാണ്. പക്ഷേ, അവർക്ക് അർഹിക്കുന്ന പ്രോത്സാഹനം ലഭിക്കുന്നി ല്ല. സ്ത്രീകൾക്ക് അന്തസ്സും അഭിമാനവും കിട്ടാൻ



**ഷാനിമോൾ ഉസ്മാൻ**

ഈ ബിൽ പാസ്സായേ പറ്റൂ. ഇന്ദിരാഗാന്ധി പ്രധാന മന്ത്രിയായത് അതിനിടെ കുടുംബംകൂടി നോക്കി യിട്ടാണ്, എല്ലാ കടമകളും ചെയ്തുകൊണ്ടുമാണ്. സ്ത്രീകൾക്ക് അവരുടെ കടമകൾ ചെയ്തുകൊണ്ടു തന്നെ രാഷ്ട്രീയം കൈകാര്യം ചെയ്യാനാകും എന്നും അവർ കൂട്ടിച്ചേർത്തു. വനിതാസംവരണ ബിൽ പാസ്സാകുന്നതിനുവേണ്ടി തന്റെ പാർട്ടി മാത്രം വിചാരിച്ചിട്ട് കാര്യമില്ല എന്നും അംഗസംഖ്യ കുറവുള്ള പാർട്ടികൾ വിചാരിച്ചാൽ ഇതൊന്നും നടക്കില്ലെന്നും വനിതാസംവരണബിൽ പാസ്സാകാ ത്തതിൽ തനിക്ക് എതിർപ്പുണ്ടെന്നും തന്റെ എതി ർപ്പ് പെണ്ണുങ്ങളുടെ മീറ്റിംഗുകളിൽ പ്രകടിപ്പിച്ചിട്ടു ണ്ടന്നും അവർ പറഞ്ഞു.ഒരിക്കലും നടക്കുന്ന കാര്യ മല്ല, സ്ത്രീ-പുരുഷതുല്യത എന്ന ആശയം എന്ന് കമറുന്നീസാ അൻവർ ആഭിപ്രായപ്പെട്ടു. അർഹി ക്കുന്ന സ്ത്രീകളുണ്ടെങ്കിൽ അവരെ പരിഗണി ക്കണം എന്ന അഭിപ്രായം അവർക്കുണ്ട്. തുല്യ പ്രാതിനിധ്യം ഒരിക്കലും നടക്കില്ല. 33 ശതമാനം എന്നൊക്കെ നിർബന്ധമായും വച്ചാൽ അത്രയും നടക്കും എന്നും അവർ കൂട്ടിച്ചേർത്തു. സീറ്റ്ചർച്ചാ വേളയിൽ ഒരു പാർട്ടിയും സ്ത്രീകളെ കാര്യമായി പരിഗണിക്കാറില്ല എന്ന് അവർ അഭിപ്രായപ്പെട്ടു. പുരുഷന്മാർ അങ്ങനെ നല്ല മനസ്സോടെ, സ്ത്രീകളെ ഉയർത്തണം എന്ന ഉദ്ദേശത്തോടെ പ്രവർത്തിക്കില്ല എന്നായിരുന്നു, കമറുന്നീസാ അൻവറിന്റെ പ്രതികര ണം. പുരുഷന്റെ പ്രാതിനിധ്യം പോയ്പ്പോകും. ഉന്ന തരംഗങ്ങളിൽ സ്ത്രീകൾ വന്നാൽ അതിനുതാഴെ പുരുഷന്മാർ നിൽക്കേണ്ടിവരുമെന്ന പേടിയു ണ്ടാകും. അതിനാൽ അവർ ഇതിനു സമ്മതിക്കില്ല എന്നും അവർ കുട്ടിച്ചേർത്തു. ഇലക്ഷൻ വരുമ്പോൾ വോട്ടിനുവേണ്ടി സ്ത്രീകൾക്കിടയിൽ പാർട്ടി പ്രത്യേക പ്രവർത്തനം നടത്തും എന്ന് കമറുന്നീസാ അൻവർ പ്രതികരിച്ചു. രാവിലെ ആറു മണി മുതൽ



**ലേഖിക കമറുന്നീസ്സ അൻവറിനോടൊപ്പം**

ഒൻപതുമണി വരെ പാർട്ടിയുടെ വിവിധതലങ്ങ ളിൽനിന്ന് അവിടെ വരണം, ഇവിടെ വരണം എന്നൊക്കെ പറഞ്ഞ് വിളിക്കാറുണ്ട്. ഇലക്ഷൻ കഴി ഞ്ഞാൽ അത്തരം വിളികൾ ഉണ്ടാവാറില്ല. സ്ത്രീ കളെ രാഷ്ട്രീയപ്രവർത്തനത്തിന്റെ മുൻനിരയിലെ ത്തിക്കുന്നതിന് ആഗ്രഹമുണ്ട്, സംഘടനകളിലൂ ടെയും അല്ലാതെയും മുമ്പോട്ടുകടക്കാനുള്ള വെമ്പ ലാണ് ഇന്ന് സ്ത്രീകളിൽ കണ്ടുവരുന്നത്. മുമ്പോട്ടു കടക്കത്തക്ക രീതിയിൽ അവർ സ്വയമേവ പ്രവർത്തി ക്കുന്നുണ്ട്. "ഇന്നലെയും ഇന്നും വനിതകളെ വളരെ നിയന്ത്രിച്ചുതന്നെയാണ് പാർട്ടി മുന്നോട്ടുപോയത്. പക്ഷേ, ഞാനെന്നും പറയുംപോലെ ഇന്ന് ഞങ്ങളെ നിയന്ത്രിക്കാം, ഇനിവരുന്നതലമുറയെ നിയന്ത്രി ക്കാൻ പ്രയാസപ്പെടേണ്ടിവരും"- എന്നും അവർ തുറന്നടിച്ചു.

അർഹമായ സ്ത്രീപ്രാതിനിധ്യം നിയമനിർമാ ണസഭകളിൽ ഇപ്പോളില്ലെന്നും അതിനുകാരണം രാഷ്ട്രീയരംഗത്ത് ഇന്നു നിലനിൽക്കുന്ന പുരുഷ മേധാവിത്തമാണെന്നും ഷാനിമോൾ ഉസ്മാനും അഭിപ്രായപ്പെട്ടു. കോൺഗ്രസ്പാർട്ടിയടക്കം ഇക്കാ ര്യത്തിൽ കൃത്യവിലോപം കാണിക്കുന്നു. പഞ്ചായ ത്തുകളിൽ അമ്പതുശതമാനം സംവരണം നടപ്പായ തിൽ സന്തോഷമുണ്ട്. പലതരത്തിൽ വേദനിക്കുന്ന വർക്കൊപ്പം നിൽക്കാൻ പുരുഷനേക്കാൾ സ്ത്രീക്കു കഴിയും എന്നും അവർ പറഞ്ഞു. വനിതാസംവരണ ബിൽ പ്രശ്നത്തിൽ സോണിയാഗാന്ധി എടുത്ത നിലപാടുകളോട് പൂർണയോജിപ്പാണ്, ഷാനിമോൾ ഉസ്മാന്. രാജ്യസഭയിൽ അതു പാസ്സാക്കാൻ കഴി ഞ്ഞത് കോൺഗ്രസ്സിനാണ്. എല്ലാ രാഷ്ട്രീയപാർട്ടി കളുടെയും പുരുഷനേതാക്കൾക്ക് അവരുടെ സീറ്റ് നഷ്ടപ്പെടുമോ എന്ന ഭയവും ആശങ്കയുമുണ്ട്. അതുകൊണ്ടാണത് എളുപ്പം പാസ്സാക്കാൻ കഴിയാ ത്തത്. ബിജെപി മൃഗീയ ഭൂരിപക്ഷത്തോടെ അധി കാരത്തിൽ വന്നു. അവർക്കിതു സുഖമായി പാസ്സാ ക്കിയെടുക്കാം. നോക്കൂ, പക്ഷേ ചെയ്യുന്നില്ല. അതി നുകാരണം മറ്റൊന്നല്ല- ഷാനിമോൾ പറഞ്ഞു. ഇന്ദി രാഗാന്ധിമുതൽ ഒട്ടനവധി സ്ത്രീനേതാക്കളെ രാഷ്ട്രീയരംഗത്തിന് സംഭാവന ചെയ്തിട്ടുള്ളത് കോൺഗ്രസ് തന്നെയാണ്. ദേശീയതലത്തിൽ കോൺഗ്രസ് എല്ലായ്പ്പോഴും വനിതകൾക്ക് പ്രാധാന്യം നൽകിയിട്ടുണ്ട്. മഹിളാ അസോസിയേ ഷൻ ഇക്കാര്യത്തിനായി എല്ലാക്കാലത്തും ശക്ത മായ നിലപാടുതന്നെയാണ്, സ്വീകരിച്ചിട്ടുള്ളത്. കോൺഗ്രസ് അധികാരത്തിലെത്തിയാൽ ഈ ബിൽ പാസ്സാക്കും എന്ന് എനിക്കഭിപ്രായമുണ്ട്. ഞാൻ ഇടപെടാൻ കഴിയുന്ന എല്ലാ മേഖലകളിലും ഈ ബില്ല് പാസ്സാവാൻവേണ്ടി ശബ്ദമുയർത്തിയിട്ടുണ്ട്. തുല്യത എന്ന ആശയം കോൺഗ്രസ് പാർട്ടിയിലെ ന്നല്ല, ഒരു പാർട്ടിയിലും യാഥാർഥ്യമായിട്ടില്ല. ഭാര വാഹിത്വ പ്രശ്നം വരുമ്പോൾ അർഹമായ പ്രാതി നിധ്യം സ്ത്രീകൾക്ക് കിട്ടാറില്ല. സ്ത്രീകളുടെ മനോ ഗതിയും മാറേണ്ടതുണ്ട്. അവരിലേറെയും 'ഇതിന്ന പ്പുറമൊന്നും പോവണ്ട' എന്ന ചിന്താഗതിക്കാരാണ്. ആ ചിന്താഗതി മാറണം. സ്ത്രീകൾ മികവുതെളി യിക്കണം. സീറ്റ് നിർണയത്തിൽ പരിഗണനയില്ല, അവഗണനമാത്രമാണ് സ്ത്രീക്കുള്ളത്, കഴിവില്ലാ യ്മ എന്നു പറഞ്ഞ് മാറ്റുകയല്ല. അങ്ങനെ മാറ്റാൻ കഴിയില്ല. കഴിവു തെളിയിച്ച സ്ത്രീകൾ കോൺഗ്ര സ്സിൽ ഒരുപാടുണ്ട്. പുരുഷന് സ്ഥാനമാനങ്ങൾ നഷ്ടപ്പെടുന്നതിലുള്ള ആശങ്കയാണ് അതിനുകാര ണം. എല്ലാ പാർട്ടികളിലും ഇതേയവസ്ഥ നില നിൽക്കുന്നു. മഹിളാകോൺഗ്രസ് ശക്തമാണ്. അതിന് ശബ്ദമുണ്ട്. അതിന്റെ ഭാഗമാകുന്ന സ്ത്രീകൾക്ക് രാഷ്ട്രീയ പ്രവർത്തനത്തിന്റെ മുൻ നിരയിലേക്കെത്തുന്നതിന് അവസരമുണ്ട്. പഞ്ചാ യത്ത് ഭരണം സ്ത്രീകൾ ഭംഗിയായി ചെയ്യുന്നുണ്ട്. അവസരം കിട്ടിയാൽ സ്ത്രീകൾക്ക് ഉയരാനാവും എന്നതിന് തെളിവാണത്. സ്ത്രീകൾക്ക് രാഷ്ട്രീയ ത്തിൽ നിർബന്ധമായും സംവരണം വേണം. സ്ത്രീകൾ മുഖ്യധാരയിലെത്തുന്നതുവരെ അതു തുടരണം. നയരൂപീകരണസമിതികളിലെല്ലാം

സ്ത്രീകൾ വേണം. പൊതുവായ ആശയങ്ങൾക്ക് പൊതുപ്ലാറ്റ്ഫോം വേണം. വനിതാസംവരണബിൽ അത്തരമൊരു പൊതു ആവശ്യമാണ്. അതിന്നായി രാഷ്ട്രീയഭേദമെന്യേ എല്ലാവരും ഒന്നിക്കണം എന്ന് ഷാനിമോൾ ഉസ്മാൻ അഭിപ്രായപ്പെട്ടു.

നിയമനിർമ്മാണ സഭകളിൽ സ്ത്രീ പ്രാതിനിധ്യം എപ്പോഴും നാമ മാത്രമാണ്. ഇത് നില നിൽക്കുന്ന സാമൂഹ്യ വ്യവസ്ഥിതിയുടെ ഫലമായി ത്തന്നെയാണ് എന്ന് പി. സതീദേവി അഭിപ്രായ പ്പെട്ടു. പുരുഷാധിപത്യത്വമായ സാമൂഹ്യ വ്യവ സ്ഥിതി നിലനിൽക്കുന്നിടത്തോളം ഇത് ഇങ്ങനെ ത്തന്നെ തുടരും. സ്ത്രീ സാന്നിദ്ധ്യമില്ലാത്ത വേദി കൾ കൈക്കൊള്ളുന്ന നടപടികളും തീരുമാന ങ്ങളും ഒരിക്കലും സ്ത്രീപക്ഷത്ത് നിന്നു കൊണ്ടാ വില്ല. സ്ത്രീപ്രശ്നങ്ങൾ ഒരിക്കലും അത്തരം വേദി കളിൽ ചർച്ച ചെയ്യപ്പെടുക പോലുമില്ല. നിയമ നിർമ്മാണങ്ങളെല്ലാം പുരുഷാധിപത്യപരമായിരി ക്കുക തന്നെ ചെയ്യും.

വനിതാ സംവരണബിൽ രാജ്യസഭ പാസ്സാ ക്കിയെങ്കിലും ഇത് ലോക്സഭയിൽ അവതരിപ്പിക്കു ന്നതിനുള്ള രാഷ്ട്രീയ ഇച്ഛാശക്തി യു.പി.എ. ഗവ ൺമെന്റിനോ ഇന്ന് അധികാരത്തിലുള്ള മോദി സർ ക്കാരിനോ ഉണ്ടായിട്ടില്ല. പുരുഷാധിപത്യ സമീപന മുള്ള രാഷ്ട്രീയ കക്ഷികൾ അധികാരത്തിലിരുന്നു കൊണ്ട് ഈ നിയമം പാസാക്കിയെടുക്കുക എളുപ്പ മല്ല. രാജ്യസഭയിൽ ബില്ല് അവതരിപ്പിച്ചപ്പോൾ തന്നെ എല്ലാ രാഷ്ട്രീയ പാർട്ടികളും ബില്ലിനെ ശക്ത മായി എതിർത്തു. സാമുദായിക സംവരണം ഉറപ്പുവ രുത്തിക്കൊണ്ട് മാത്രമേ വനിതാ സംവരണബില്ല് പാസ്സാക്കാവൂ എന്നാണ് ചില രാഷ്ട്രീയ പാർട്ടികൾ നിലപാടെടുത്തത്. രാജ്യത്തെ ഇടതുപക്ഷ പാർട്ടി കൾ മാത്രമാണ് ബില്ലിനെ പൂർണ്ണമായും അംഗീകരി ക്കാനും ബിൽ പാസ്സാക്കണമെന്ന് ശക്തിയുക്തം ആവശ്യപ്പെടാനും മുന്നോട്ടുവന്നത്. ഞാൻ ഉൾ ക്കൊള്ളുന്ന സി.പി.ഐ.എം. വനിതാ സംവരണ ബില്ലിന്റെ കാര്യത്തിൽ ശക്തമായ നിലപാട് തന്നെ യാണ് കൈക്കൊണ്ടിട്ടുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ സ്ത്രീ സംവരണം മൂന്നിൽ ഒന്ന് രീതിയിലായിരുന്നത് അമ്പതു ശതമാനമാക്കി മാറ്റാൻ കേരളത്തിലെ ഇടതുപക്ഷ മുന്നണി ഗവൺ മെന്റ് തയ്യാറായി എന്നത് തികച്ചും മാതൃകപരമായ നടപടിയായിരുന്നു.

സി.പി.ഐ.എം. പ്രശ്നങ്ങളെ ശാസ്ത്രീയ മായി അപഗ്രഥിച്ചിട്ടുണ്ട്. പാർട്ടിയുടെ ഇരുപതാം കോൺഗ്രസ് അംഗീകരിച്ച രാഷ്ട്രീയ പ്രമേയത്തിൽ സ്ത്രീപ്രശ്നങ്ങൾ സാമൂഹ്യപ്രശ്നങ്ങൾ ആണെന്ന് വിലയിരുത്തിക്കൊണ്ട് തന്നെ സ്ത്രീ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള ഇടപെടലുകൾ ശക്തിപ്പെ ടുത്തണമെന്ന് തീരുമാനിച്ചിട്ടുണ്ട്. സ്ത്രീപ്രശ്നങ്ങൾ കേവലം സ്ത്രീസംഘടനകൾ മാത്രം കൈകാര്യം ചെയ്യേണ്ടതല്ല എന്നും സാമൂഹ്യപ്രശ്നങ്ങൾ എന്ന നിലയിൽ പാർട്ടി തന്നെ ഏറ്റെടുക്കണമെന്നും തീരു മാനിച്ചിട്ടുണ്ട്.

പാർട്ടിക്കകത്തു സ്ത്രീപക്ഷ സമത്വം ഉറപ്പു വരുത്തുന്നതിന് ശക്തമായ ഇടപെടൽ സാധ്യമാ ക്കാൻ ലക്ഷ്യമിട്ടുകൊണ്ട് "സ്ത്രീപ്രശ്നങ്ങളെ സംബന്ധിച്ച്" എന്ന ഒരു രേഖ തന്നെ ചർച്ച ചെയ്ത് അംഗീകരിച്ചിട്ടുണ്ട്: പുരുഷാധിപത്യ സമൂഹത്തിൽ നടമാടുന്ന എല്ലാ തരത്തിലുമുള്ള വിവേചനങ്ങൾക്കുമെതിരെ നിലപാട് കൈക്കൊ ള്ളാൻ പാർട്ടി സംഘടന സംവിധാനത്തെയാകെ സജ്ജമാക്കാൻ കേന്ദ്ര കമ്മിറ്റി തീരുമാനിച്ചതിന്റെ ഭാഗമായി നല്ല ഇടപെടലുകൾ ഉണ്ടായിട്ടുണ്ട്.

പാർട്ടി അംഗസംഖ്യയിൽ ഇരുപത്തഞ്ച് ശതമാനം സ്ത്രീ പങ്കാളിത്തം ഉറപ്പുവരുത്താനുള്ള ശ്രമം കേരളത്തിലെ ജില്ലകളിലും വിജയിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. പാർട്ടിക്കകത്ത് സ്ത്രീ പങ്കാളിത്തം എല്ലാ തലങ്ങളിലും വർദ്ധിപ്പിക്കാൻ കഴിയണമെ ങ്കിൽ താഴെ തലങ്ങളിലുള്ള പ്രവർത്തനങ്ങളിൽ സ്ത്രീകളെ സജീവമാക്കിക്കൊണ്ടുവന്ന് കൊണ്ട് മാത്രമേ കഴിയുകയുള്ളൂ.

സീറ്റ് ചർച്ചകളിൽ സ്ത്രീകൾക്ക് പരിഗണന നൽകാൻ പാർട്ടി തയ്യാറാവാറുണ്ട്. സംവരണമി ല്ലാതെ തന്നെയാണ് സ്ത്രീകളെ പാർലമെന്റി ലേക്കും അസംബ്ലികളിലേക്കും മത്സരിപ്പിക്കുന്നതി നുള്ള അവസരമൊരുക്കുന്നത്. കേരള നിയമസഭ യ്ക്കകത്ത് ഇന്ന് ഏഴു സ്ത്രീകളെ പ്രതിനിധികളാ ക്കിയതും രണ്ട് വനിതാ മന്ത്രിമാരെ മന്ത്രിസഭയിൽ ഉൾപ്പെടുത്തിയതും ആ നിലപാടിന്റെ തന്നെ ഭാഗ മായിട്ടാണ്. ഒഴിവില്ല എന്ന് പറഞ്ഞ് മാറ്റി നിർത്തുന്ന രീതി സി.പി.എമ്മിന് ഇല്ല. സംവരണ നിയമം അനു ശാസിക്കുന്നതിനേക്കാൾ കൂടുതൽ പങ്കാളിത്തം സ്ത്രീകൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നൽകിയതും സി.പി.ഐ.എം. ആണ്.

സമൂഹത്തിൽ നിലനിൽക്കുന്ന പുരുഷാധി പത്യ പ്രവണതകളുടെ സ്വാധീനം രാഷ്ട്രീയപാർട്ടി ളുടെ നേതൃത്വത്തിൽ ഇല്ലാതാക്കുന്നതിനുള്ള ഇട പെടൽ അനിവാര്യമാണ്. സ്ത്രീകളെ രാഷ്ട്രീയ പ്രവർത്തനത്തിന്റെ മുൻനിരയിൽ എത്തിക്കുന്നതിന് കഴിയത്തക്കവിധത്തിലുള്ള ചർച്ചകൾ പാർട്ടിയുടെ കമ്മിറ്റികളിൽ തന്നെ ഉന്നയിക്കാൻ ശ്രദ്ധിക്കാറുണ്ട്: സ്ത്രീ വിരുദ്ധമായ സമീപനങ്ങൾക്കെതിരെ പ്രതിക രിക്കാറുണ്ട്.

കേഡർമാരെ സൃഷ്ടിക്കുക എന്നതിനർത്ഥം നേതൃത്വ നിരയിൽ നിന്ന് നോമിനേറ്റ് ചെയ്യപ്പെടുക യെന്നതല്ല. സ്ത്രീ പ്രശ്നങ്ങളിൽ നിരന്തരം ഇടപെട്ടു കൊണ്ട് മാത്രമേ കേഡർമാർ വളർന്നു വരാൻ പാടു ള്ളൂ. അനുഭവ സമ്പത്തുള്ളവരാവണം കേഡർ മാർ. അതിന് ജനങ്ങളോടൊപ്പം നിന്ന് പ്രവർത്തിച്ചു കൊണ്ട് സ്ത്രീകളിൽ നല്ല നേതൃത്വപാടവം ഉണ്ടാക്കി യെടുക്കാൻ വനിതാ സംഘടനയുടെ പ്രവർത്തനം അനിവാര്യമാണ് എന്ന് സതീദേവി ഓർമ്മിപ്പിച്ചു. ■



**ജയശ്രീ ശ്രീനിവാസൻ**
മലയാളവിഭാഗം ഗവേഷക
ശ്രീ ശങ്കരാചാര്യ സംസ്കൃത
സർവകലാശാല, കാലടി

# വിദ്യാർത്ഥി യൂണിയനുകളും പ്രാതിനിധ്യസ്വഭാവവും

ഫാഷിസം ഒരു ജനതയ്ക്കു മേൽ ശക്തമായ വേരുകളാഴ്ത്തുമ്പോൾ അവിടുത്തെ ജനത അരാഷ്ട്രീയവൽക്കരിക്കപ്പെട്ടിട്ടുണ്ടെങ്കിൽ ആ അരാഷ്ട്രീയവൽക്കരണത്തിന് നിശ്ചയമായും അതിലൊരു പങ്കുണ്ടാവും എന്നതിൽ യാതൊരു സംശയവുമില്ല. അത്തരത്തിലുള്ള പ്രവണതകൾ സമൂഹമധ്യത്തിൽ സംഭവിക്കുന്നില്ല എന്ന് ഉറപ്പിച്ചു പറയാനാകാത്ത ഒരു കാലഘട്ടത്തിൽ പോലും ശക്തമായ പ്രതിരോധത്തിന്റെ കരുത്തുറ്റ സാധ്യതകൾ കടന്നു വരുന്നത് ക്യാംപസുകളിൽ നിന്നാണ്. ചെറുത്തുനിൽപ്പിന്റെ അനന്യ മാതൃകകൾ ആയി മാറുന്ന ക്യാമ്പസ് ഇടങ്ങളിൽ ആണ് ജനാധിപത്യത്തെ ധീരമായി ഉൾകൊണ്ടിട്ടുള്ളത് എന്ന് പറയുന്നതാവും കൂടുതൽ ശരി. എന്നാൽ ഈ ക്യാംപസുകളിൽ ജനാധിപത്യം എത്രത്തോളം വേരുറച്ചിട്ടുണ്ട് എന്നറിയാനുള്ള ഏറ്റവും നല്ല ഉരകല്ല് ക്യാമ്പസ് രാഷ്ട്രീയത്തിനുള്ളിൽ/ ക്യാംപസിലെ യൂണിയൻ തിരഞ്ഞെടുപ്പുകളിൽ നിലവിലുള്ള പ്രാതിനിധ്യത്തിന്റെ സ്വഭാവത്തെ കുറിച്ചുള്ള അന്വേഷണം ആണ്.

അത്തരം ഒരു അന്വേഷണത്തെ മൂന്ന് തലങ്ങൾ മുൻ നിർത്തി നോക്കിക്കാണേണ്ടതുണ്ട് എന്നാണ് കരുതുന്നത്. അത്തരം ഇടങ്ങളിൽ എല്ലാം സ്ത്രീകൾ അഥവാ പെൺകുട്ടികൾ സവിശേഷമായ ഒരു പോരാട്ടവീര്യം പ്രകടിപ്പിച്ചു കൊണ്ടിരിക്കുന്ന കാലത്തുതന്നെയാണ് അവർക്ക് ക്യാമ്പസിനുള്ളിൽ ലഭിക്കുന്ന പ്രാതിനിധ്യത്തെക്കുറിച്ച് ചർച്ച ചെയ്യേണ്ടത്. ജാമിയ മിലിയയിലെ ഐഷ റെന്നയുടെ ചൂണ്ടുവിരലിന് മുന്നിൽ പുരുഷ പോലീസ് പോലും ചൂളി പോകുന്ന ചിത്രവും വീഡിയോയും വ്യാപകമായി പങ്കുവയ്ക്കപ്പെടുകയും അത് ഇന്ത്യയുടെ രാഷ്ട്രീയ ഭാവിയെ നിർണയിക്കുന്നതിൽ ഏറെ സ്വാധീനം ചെലുത്തുക തന്നെ ചെയ്യും എന്ന് വിശ്വസിക്കപ്പെടുകയും ചെയ്യുമ്പോൾ നാം ആവർത്തിച്ച് അടിവരയിട്ട് മറ്റൊരു കാര്യം പ്രശ്നങ്ങളുടെയും പ്രതിസന്ധികളുടെയും കലാപത്തിന്റെയും കാലയളവിൽ മാത്രം ഉയർത്തി കാണിക്കേണ്ടത് അല്ല ആ ക്യാമ്പസുകളിൽ സ്ത്രീയുടെ ചിത്രം എന്നതാണ്. മറ്റൊരു പ്രധാനപ്പെട്ട വസ്തുത ക്യാമ്പസുകൾ ട്രാൻസ്ജെൻഡർ വ്യക്തികളെ ഉൾക്കൊള്ളാനും അവരുടെ പ്രാതിനിധ്യത്തെ അംഗീകരിക്കാനും തയ്യാറാവുന്നുണ്ടോ എന്നതാണ്. ട്രാൻസ്ജെൻഡർ നയം നടപ്പിലാക്കിയ ഒരു സംസ്ഥാനമാണ് കേരളം. കൂടാതെ തന്നെ സുപ്രീം കോടതിയുടെ നൽസാ വിധി ഉൾപ്പെടെ സൂക്ഷ്മമായി പഠിക്കുവാനും നടപ്പിലാക്കാനുമുള്ള ജാഗ്രത കാണിച്ച ഒരു സംസ്ഥാനം എന്നുള്ള നിലക്ക് കൂടി ഇവിടുത്തെ ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന അവസരസമത്വത്തെക്കുറിച്ചും പ്രാതിനിധ്യത്തെക്കുറിച്ചും നാം കൂടുതൽ ചർച്ച ചെയ്യേണ്ടതുണ്ട്. ഈ അടുത്ത കാലത്ത് കേന്ദ്ര സർക്കാർ നടപ്പിലാക്കിയ ട്രാൻസ്ജെൻഡർ ബില്ലിനെ ശക്തമായി എതിർത്ത കമ്മ്യൂണിറ്റി അംഗങ്ങളാണ് ഇവിടെയുള്ളതും. ഏറ്റവും പ്രധാനപ്പെട്ട കാര്യം ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ സീറ്റ് സംവരണം ചെയ്യണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുമുണ്ട്. അങ്ങനെ വിവിധ കോളേജുകളിൽ ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾ പ്രവേശനം നേടിയ പശ്ചാത്തലത്തിലും യൂണിയൻ തിരഞ്ഞെടുപ്പുകളിൽ അർഹമായ പ്രാതിനിധ്യം നൽകുന്നുണ്ടോ അതാത് സംഘടനകൾ തങ്ങളുടെ സാമൂഹ്യ പ്രതിബദ്ധത കാണിക്കാൻ വേണ്ടി മാത്രം സ്ഥാനാർഥികളായി നിൽക്കാനുള്ള ഔദാര്യം നൽകിയിട്ടാണോ ഇതുവരെ കേരളത്തിൽ ഉണ്ടായിട്ടുള്ള വിരലിലെണ്ണാവുന്ന ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് കൂടി ഇടമുള്ള യൂണിയൻ എന്നൊക്കെയുള്ള ആലോചനകൾ സമൂഹത്തിന്റെ ആരോഗ്യകരമായ നീതി ചിന്തയെ കുറിച്ചുള്ള



കാഴ്ചപ്പാടുകളുടെ ഭാഗമായി തന്നെ ഉരുത്തിരിഞ്ഞു വരേണ്ടതുണ്ട്.

മൂന്നാമതായി ഏറ്റവും പ്രാധാന്യത്തോടെ ചർച്ച ചെയ്യേണ്ടത് ഇന്ത്യയുടെ സാമൂഹ്യ സാഹചര്യങ്ങളിൽ എല്ലാകാലത്തും ഏറ്റവും വലിയ വിവേചന മാനദണ്ഡമായി നിലനിന്നുപോന്നിട്ടുള്ള ജാതിയെ പ്രാതിനിധ്യചിന്ത എങ്ങനെയാണ് നോക്കി കണ്ടിട്ടുള്ളത് എന്നതുതന്നെയാണ്. വിദ്യാഭ്യാസത്തിനും തൊഴിലിനും ജാതിയുടെ അടിസ്ഥാനത്തിൽ സംവരണം നടപ്പിലാക്കിയിട്ടുള്ള ഇന്ത്യാ രാജ്യത്ത് ഏതെങ്കിലും സർവകലാശാലകളിലോ കോളേജുകളിലോ നടക്കുന്ന തെരഞ്ഞെടുപ്പുകളിൽ സീറ്റ് സംവരണം ഇതുവരെ നടപ്പിലാക്കാതെ പോയതിന് കാരണം എന്തായിരിക്കും എന്ന ആലോചന രോഗഗ്രസ്തമായ ജാതി ജീവിതത്തിന്റെ ചില തെളിവുകൾ ആയിരിക്കും നൽകുക. അതേസമയം തന്നെ ഇത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എല്ലാം തന്നെ ജാതീയമായും മതപരമായും ന്യൂനപക്ഷ വിഭാഗത്തിൽ നിൽക്കുന്ന വിദ്യാർഥികൾക്ക് നേരിടേണ്ടിവരുന്ന രൂക്ഷമായ പീഡനങ്ങളുടെ നിരവധി തെളിവുകൾ പുറത്തുവന്നു കഴിഞ്ഞതുമാണ്. ഒരു രോഹിത് വെമുലയോ ഒരു ഫാത്തിമയോ മാത്രമല്ല ഇതിന് ഇരയാക്കപ്പെട്ടിട്ടുള്ളതും. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിച്ചുകൊണ്ടിരിക്കുന്ന കാലയളവിൽ ആത്മഹത്യ ചെയ്ത വിദ്യാർത്ഥികളുടെ എണ്ണം എടുത്താൽ പോലും അവർ ന്യൂനപക്ഷ സമൂഹത്തിന്റെ ഭാഗമായിരുന്നു എന്ന് കാണാം. ഇത്തരമൊരു ബോധ്യം ഈ അടുത്ത കാലത്ത് എങ്കിലും നമ്മുടെ മുമ്പിലേക്ക് വരുമ്പോൾ വിദ്യാർത്ഥികൾക്ക് സ്വന്തം അവകാശങ്ങൾ കാണാനുള്ള ഏറ്റവും പ്രധാനപ്പെട്ട മാർഗമാണ് വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ എന്നിരിക്കെ, യൂണിയൻ തിരഞ്ഞെടുപ്പ് അതിന്റെ ഏറ്റവും നിർണായകമായ ഒരു ഘടകമാണ് എന്നത് സർവ്വസമ്മതമായിരിക്കെ എന്തുകൊണ്ടാണ് ഒരു സീറ്റ് എങ്കിലും പിന്നാക്ക വിഭാഗത്തിന് മാറ്റി വയ്ക്കണം എന്ന ചിന്ത ഉയരാത്തത്. ഒരു പക്ഷെ അംബേദ്കർ സ്റ്റഡി സർക്കിൾ പോലെ ചില ബദലുകൾ ഉയർന്നു വരുന്നത് ഈ പ്രശ്നത്തെ പരിഹരിക്കാൻ അടിത്തട്ടിൽ നിന്നുള്ള ശ്രമം എന്ന നിലയ്ക്ക് ആണ്. ഇത്തരത്തിലുള്ള രാഷ്ട്രീയ കക്ഷികൾ വളർന്നു വരുന്നെങ്കിൽ വന്നോട്ടെ അത് സ്വാഗതാർഹം തന്നെ എന്ന് പറഞ്ഞൊഴിയുന്ന പ്രത്യക്ഷത്തിൽ നിഷ്പക്ഷർ എന്ന് തോന്നുന്ന ആളുകൾ യഥാർത്ഥത്തിൽ സംവരണ വിരുദ്ധ നിലപാട് തന്നെയാണ് സ്വീകരിക്കുന്നത് എന്ന് കാണാം. മുഖ്യധാരാ രാഷ്ട്രീയത്തിൽ തുടർച്ചയായി സംവരണ വിരുദ്ധ നിലപാടുകൾ എടുത്തു വരുന്ന കക്ഷികളുടെ വിദ്യാർത്ഥി സംഘടനകൾ പങ്കെടുക്കുന്ന തിരഞ്ഞെടുപ്പിലും സംവരണം നടപ്പാക്കാൻ അനുവദിക്കില്ല എന്ന ബുദ്ധി തന്നെയാണ് ഉള്ളിൽ പ്രവർത്തിക്കുന്നത് എന്ന് തിരിച്ചറിയാതെ പോകരുത്.

ഇതുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ള ആലോചനകൾ പരിമിതമാണ് എങ്കിലും ക്യാമ്പസ് ഇലക്ഷൻ പ്രക്രിയകൾ ഏതു തരത്തിൽ ആകണമെന്ന് ചില കമ്മറ്റികൾ പരിശോധിക്കുകയും കണ്ടെത്തലുകൾ മാനവവിഭവശേഷി വകുപ്പിന് കൈമാറുകയും ചെയ്തിട്ടുണ്ട് എന്ന് തന്നെയാണ് യാഥാർത്ഥ്യം. 2006 ൽ സമർപ്പിക്കപ്പെട്ട ലിങ്ഡോ കമ്മീഷൻ റിപ്പോർട്ട് ഇവയിൽ പ്രധാനപ്പെട്ടതാണ്. ക്യാമ്പസുകളിൽ ശക്തമായ വിദ്യാർത്ഥി രാഷ്ട്രീയം ഉണ്ടാവേണ്ടത് കുട്ടികൾക്കു നേരെയുണ്ടാകുന്ന ലൈംഗിക അതിക്രമങ്ങൾ മുതൽ വൻതോതിലുള്ള ക്യാപിറ്റേഷൻ ഫീസ് ഈടാക്കുന്നത്, വിദ്യാർത്ഥി വിരുദ്ധ നിലപാടുകൾ അധികൃതർ സ്വീകരിക്കുന്നത് ഒക്കെ എതിർക്കാൻ അനിവാര്യമാണെന്ന് റിപ്പോർട്ട് അടിവരയിടുന്നുണ്ട്. ഇന്ത്യയിലെ വിവിധ സർവ്വകലാശാല/കോളേജ് വിദ്യാർത്ഥികൾ, അധ്യാപകർ, സംഘടനകൾ, മറ്റു വ്യക്തികൾ എന്നിവരിൽനിന്നുമായി നടത്തിയ വിവര ശേഖരണത്തിലൂടെയാണ് ഈ റിപ്പോർട്ടിന്റെ നിഗമനങ്ങളിൽ എത്തിച്ചേർന്നിട്ടുള്ളത്. വിവരശേഖരണത്തിന്റെ ഭാഗമായി തയ്യാറാക്കിയ ചോദ്യാവലിയിൽ വിദ്യാർഥികൾ അടങ്ങുന്ന ബോഡികളിലും യൂണിയനുകളിലും പെൺകുട്ടികളുടെ പ്രാതിനിധ്യം എപ്രകാരമാണ്, ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും അനുപാതം എത്ര, എത്ര പെൺകുട്ടികൾ ഇലക്ഷനു മത്സരിക്കുന്നു, പെൺകുട്ടികൾക്ക് റിസർവേഷൻ വഴിയോ നോമിനേഷൻ വഴിയോ ഏതെ

ങ്കിലും സീറ്റ് മാറ്റിവെച്ചിട്ടുണ്ടോ തുടങ്ങിയ ചോദ്യങ്ങളും ഉൾപ്പെടുന്നുണ്ട്. സ്ത്രീകൾക്ക് സംവരണം ഏർപ്പെടുത്തുന്ന കാര്യത്തെ കുറിച്ചുള്ള അഭിപ്രായം ശേഖരിക്കപ്പെട്ടപ്പോൾ വളരെ ദുർബലമായ പ്രതികരണം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ റിപ്പോർട്ടിന്റെ ഭാഗമായി വനിതാ പ്രതിനിധി എന്ന സീറ്റ് നിർബന്ധമായും നിലനിർത്തേണ്ടതാണ് എന്ന ബോധ്യം ഓരോ യൂണിവേഴ്സിറ്റിയുടെയും കോളേജിലെയും ഇലക്ഷൻ മാന്വലിൽ പ്രതിഫലിച്ചിട്ടുണ്ട്.

പക്ഷേ സ്വാഗതാർഹമെന്ന് പറയട്ടെ നിരവധി യൂണിവേഴ്സിറ്റികൾ ഉൾപ്പെടെ, ഫുൾ പാനലിൽ സ്ത്രീകളെ തന്നെ മത്സരിപ്പിക്കാൻ മുന്നോട്ട് വന്നിട്ടുണ്ട്. പക്ഷേ അവിടങ്ങളിൽ ഒക്കെ തന്നെ സ്ത്രീകളെ ഇലക്ഷന് ‘നിർത്തുകയാണോ’ അതോ സ്ത്രീകൾ ഇലക്ഷന് ‘നിൽക്കുകയാണോ’ ചെയ്യുന്നത് എന്ന കാര്യത്തിൽ തീർച്ചയില്ല എന്ന് തന്നെ പറയേണ്ടി വരും. ക്യാംപസുകളിൽ ഏതു രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ ജയിച്ചാലും ഭരണം നടത്തുന്നത്, വിശിഷ്യാ തീരുമാനങ്ങൾ എടുക്കുന്നത് യൂണിയൻ ഓഫീസ് ബെയറേഴ്സ് ആയിരിക്കില്ല മറിച്ച് ആ പാർട്ടിയുടെ യൂണിറ്റ് കമ്മിറ്റി ആയിരിക്കും. യൂണിറ്റ് കമ്മിറ്റിയിൽ ആകട്ടെ മുഴുവൻ അംഗങ്ങളും സ്ത്രീകൾ എന്നത് ചിന്തിക്കാൻ പോലും പറ്റാത്ത കാര്യമായാണ് മിക്കവരും കരുതിപ്പോരുന്നതും. അതിനാൽ തന്നെ യൂണിയൻ ചെയർപേഴ്സൺ ആയി ‘വളയിട്ട കൈകൾ’ വന്നിട്ടുണ്ട് എന്ന് കൊട്ടി ഘോഷിക്കുന്നത് യഥാർത്ഥത്തിൽ സ്ത്രീകളുടെ പ്രാതിനിധ്യ പ്രശ്നത്തെ ശരിയായ രീതിയിൽ നോക്കിക്കാണുകയും പരിഹരിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു എന്ന് തെറ്റിദ്ധരിച്ചു കൂടാ.




ട്രാൻസ് സൗഹൃദ സംസ്ഥാനം എന്ന നിലയ്ക്ക് പേരെടുക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന കേരളത്തിലെ വിദ്യാഭ്യാസ അന്തരീക്ഷം ട്രാൻസ് സൗഹൃദമാണോ എന്ന ചോദ്യം വലിയ ആലോചനകൾക്കും ചർച്ചകൾക്കും വഴി തുറക്കേണ്ടതുണ്ട്. പൊതു സമൂഹത്തിന്റെ പരിഹാസ പാത്രമായി തീരുന്ന ഇവർക്ക് വിമോചനത്തിന്റെ വാതിൽ ആയി ഉള്ള ഒരുപാധിയാണ് വിദ്യാഭ്യാസം. കലാലയങ്ങളിലും വിദ്യാലയങ്ങളിലും ഒരിക്കൽ പോലും പോകാത്തവർ അല്ല യഥാർത്ഥത്തിൽ ട്രാൻസ് വ്യക്തികൾ. വിദ്യാഭ്യാസത്തിന്റെതും അതുവഴി പ്രബുദ്ധതയുടെ യും ഇടം എന്ന് കരുതപ്പെടുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉൾപ്പെടെ അതിക്രമങ്ങൾക്കും അധിക്ഷേപങ്ങൾക്കും ഇക്കൂട്ടർ ഇരയായി മാറാറുണ്ട്. അങ്ങനെ അത് വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്ന് ഡ്രോപ്പ് ഔട്ടായി സ്വന്തം കുടുംബത്തിൽ നിന്ന് പോലും ബഹിഷ്കൃതരായി തെരുവിൽ അലയേണ്ട അവസ്ഥ വന്നു ചേരുന്നു. അധ്യാപകരും വിദ്യാർത്ഥികളും അടങ്ങുന്ന സമൂഹം പോലും ട്രാൻസ് വിരുദ്ധതയിൽ നിന്നും മുക്തരല്ല എന്നത് സമ്മതിച്ചേ തീരൂ. അതുകൊണ്ടുതന്നെ വിദ്യാഭ്യാസത്തിനുള്ള അവസരം, അതും ആത്മാഭിമാനത്തോടെ കൂടി തന്നെ വിദ്യാഭ്യാസം പൂർത്തീകരിക്കാൻ ഉള്ള സാഹചര്യം സംജാതമാകേണ്ടതുണ്ട്. ചെറിയ തോതിലാണെങ്കിലും അത്തരത്തിൽ ചിലർക്കൊക്കെ അവസരം കിട്ടുന്നു എന്നത് സന്തോഷകരം തന്നെ. അതോടൊപ്പംതന്നെ വിദ്യാർത്ഥികൾ അവകാശ സംരക്ഷണത്തിനായി നിലകൊള്ളുന്ന വേദികളിലും അവർക്ക് അവസരം ലഭിക്കേണ്ടതുണ്ട്. ദയ ഗായത്രി, അരുണിമ എന്നിവർ യൂണിയനുകളിലേക്ക് ട്രാൻസ്ജെൻഡർ വിദ്യാർത്ഥി പ്രതിനിധികൾ എന്ന നിലയ്ക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ടതും യൂണിവേഴ്സിറ്റി കോളേജിൽ നാദിറ മെഹ്റിൻ തിരഞ്ഞെടു



പ്പിൽ മത്സരിച്ചതും കേരള യൂണിവേഴ്സിറ്റി ഫാക്കൽറ്റി ഓഫ് സോഷ്യൽ സയൻസസിന്റെ പ്രതിനിധിയായി മാനുഷ ആഹ്ലാദ് തിരഞ്ഞെടുക്കപ്പെട്ടതും മാത്രമാണ് കേരളത്തിലെ ട്രാൻസ്ജെൻഡർ വിദ്യാർത്ഥികളുടെ പ്രാതിനിധ്യത്തിന്റെ ലിസ്റ്റ്. ആർട്ടിക്കിൾ 377 റദ്ദാക്കിക്കൊണ്ട് നടത്തിയ വിധി പ്രസ്താവത്തിൽ ജസ്റ്റിസ് ഇന്ദു മൽഹോത്ര നടത്തിയ ശക്തമായ നിരീക്ഷണം ഇപ്രകാരമാണ്. ‘History owes an apology to the members of this communtiy and their families, for the delay in providing redressal for the ignominy and ostracism they have suffered.’ ഇത് എല്ലാവിധ ലിംഗ ലൈംഗിക ന്യൂനപക്ഷങ്ങൾക്കും ആത്മാഭിമാനത്തോടെ വ്യക്തിപരമായ എല്ലാ അവകാശങ്ങളും അനുഭവിച്ചുകൊണ്ട് തന്നെ ജീവിക്കാൻ അവകാശമുണ്ട് എന്ന ബോധ്യം ആദ്യം കടന്നു വരേണ്ടത് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തന്നെയാണ് എന്നും അത് കടന്നു വരാത്ത പക്ഷം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ആധുനിക മുഖത്തിന് സാരമായ കോട്ടം സംഭവിച്ചിട്ടുണ്ട് എന്നുമാണ് മനസ്സിലാക്കേണ്ടതും എന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല.

ഇന്ത്യൻ ജാതിവ്യവസ്ഥയുടെ ആധാരം അസ്പൃശ്യത ആണ് എന്നും ഇന്ന് അസ്പൃശ്യത സമൂഹത്തിൽ നിലനിൽക്കുന്നില്ല അതുകൊണ്ടു തന്നെ ജാതി പറയുമ്പോഴാണ് ജാതി ഉണ്ടാകുന്നത് എന്നും തുടങ്ങിയ വാദങ്ങൾ വിദ്യാർത്ഥികൾ, അധ്യാപകർ, വിദ്യാർത്ഥി സംഘടനകൾ തുടങ്ങിയവയൊക്കെ ഉയർത്തുന്നത് വലിയ ഭയാശങ്കകളോടുകൂടി മാത്രമേ നോക്കി കാണാൻ കഴിയൂ. ജാതി എന്നത് പാഠപുസ്തകത്തിലേക്ക് എത്തുകയും അവിടങ്ങളിൽ വൈജ്ഞാനിക സന്ദിഗ്ധതകളെ അഭിസംബോധന ചെയ്യുകയും ചെയ്യുന്നുണ്ട് എന്നത് മാറ്റി നിർത്തിയാൽ പിന്നാക്ക ജാതി മത വിഭാഗങ്ങളിൽ പെട്ട വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം ഉറപ്പുവരുത്താനായി ഏർപ്പെടുത്തിയിട്ടുള്ള സംവരണത്തെ വരെ അട്ടിമറിക്കുന്ന ശ്രമങ്ങൾ പലയിടത്തായി നടന്നുകൊണ്ടേയിരിക്കുന്നു. സമരോത്സുകമായ അറുപതുകളിൽ ഇന്ത്യയുടെ വിമോചന സ്വപ്നം എന്ന നിലയിലാണ് ദളിത് എന്ന പദം സ്വീകരിക്കപ്പെട്ടത് എങ്കിൽ അതിനെ പ്രതിരോധത്തിന് വലിയ നില എന്ന നിലയിലേക്ക് വളർത്തി കൊണ്ടാണ് ഓരോ ചരിത്ര സന്ധിയിലും നിർണായക ഇടപെടലുകൾ നടത്തിയത്. പക്ഷേ വിദ്യാർഥി സംഘടനകളിൽ, യൂണിയൻ ഇലക്ഷനുകളിൽ ഇവർക്ക് അർഹമായ പ്രാതിനിധ്യം കിട്ടുന്നുണ്ടോ, അർഹമായ പ്രാതിനിധ്യം ഉറപ്പാക്കാൻ സംവരണം അടക്കം ഉള്ള മാർഗങ്ങൾ സ്വീകരിക്കേണ്ടതില്ലേ തുടങ്ങിയ ചോദ്യങ്ങൾ കലാലയങ്ങളിൽ നിന്നുതന്നെ ഉയരുകയും അത് സമൂഹത്തിന് ബോധ്യമായി മാറുകയും അതിനനുസരിച്ചുള്ള നിയമനിർമ്മാണം കൊണ്ടുവരികയും ആണ് ആവശ്യം. എന്തുകൊണ്ടാണ് ഇത്തരം ചിന്തകളിൽ നിന്ന് ക്ഷുഭിതം എന്ന് വിളിക്കപ്പെടുന്ന യൗവനം മാറിനിൽക്കുന്നത് അഥവാ അത്തരം ചിന്തകൾ ഉണ്ടായാൽ തന്നെ അത് വിലപ്പെട്ടതാണ് എന്ന് കരുതി മിണ്ടാതിരിക്കുന്നത് എന്തുകൊണ്ട് എന്ന സംശയം ക്ഷുഭിതയൗവ്വനത്തിന്റെ ക്ഷോഭത്തിന് ജാതി ഉണ്ടോ എന്ന ചോദ്യത്തിലേക്ക് ആണ് നയിക്കുന്നത്.

അതായത് നമ്മുടെ കോളേജുകളും യൂണിവേഴ്സിറ്റികളും പ്രാതിനിധ്യത്തിന്റെ കാര്യത്തിൽ പിന്തിരിപ്പനാണ് എന്ന് തന്നെ വേണം മനസ്സിലാക്കാൻ. ജെൻഡറും ജാതിയും അഭിസംബോധന ചെയ്യപ്പെടേണ്ട പ്രശ്നങ്ങളാണ് എന്ന് എത്രയും വേഗം ബോധ്യപ്പെടാൻ ഇട വരേണ്ടതുണ്ട്. അല്ലാത്ത പക്ഷം വിദ്യാഭ്യാസത്തിന്റെ യഥാർത്ഥ ലക്ഷ്യം പോലും അസാക്ഷാത്കൃതമായി തുടരുകയും ചെയ്യും. ■

ചർച്ചാവിഷയം





അഡ്വ. മരിയ

# വനിതാസംവരണ ബില്ലിനെ വിഴുങ്ങുന്ന അഭിപ്രായ സമന്വയ ദുർഭൂതം

**പരമമായ സ്ത്രീ ശാക്തീകരണം രാഷ്ട്രീയ ശാക്തീകരണമാണെന്ന വസ്തുത നമുക്ക് ഊണിലും ഉറക്കത്തിലും മറക്കാതിരിക്കാം**

ഓരോ വ്യക്തിയും പിറന്നു വീഴുന്നത് സ്വതന്ത്രരായും അന്തസ്സിലും അവകാശത്തിലും തുല്യരായുമാണെന്നാണ് ആഗോള മനുഷ്യാവകാശ പ്രഖ്യാപനത്തിലെ തുടക്കം തന്നെ. ലോകത്തിലെ മഹത്തരമായ ഭരണഘടനകളിൽ ഒന്നായ ഇന്ത്യൻ ഭരണഘടനയുടെ ജീവാത്മാവും പരമാത്മാവും ഇതേ കാഴ്ച്ചപ്പാട് തന്നെയാണ്. ഇന്ത്യൻ ഭരണഘടനയിലെ ആറ് മൗലിക അവകാശങ്ങളിൽ ഒന്നാണ് തുല്യതയ്ക്കുള്ള അവകാശം. ഇത് നിയമത്തിന് മുന്നിൽ തുല്യത നൽകുകയും, വംശത്തിന്റേയും, മതത്തിന്റേയും, ലിംഗത്തിന്റേയും, ജാതിയുടേയും, ജന്മസ്ഥലത്തിന്റേയും അടിസ്ഥാനത്തിലുള്ള വിവേചനം നിരോധിക്കുകയും ചെയ്യുന്നു. എന്നാൽ ഭരണഘടന നിലവിൽ വന്ന് ഏഴ് പതിറ്റാണ്ടുകളായിട്ടും തുല്യതയ്ക്കുള്ള അവകാശം ഇന്നും വലിയൊരു ചോദ്യ ചിഹ്നമായി നിൽക്കുകയാണ്. പ്രത്യേകിച്ചും പുരുഷ മേധാവിത്വം കൊടികുത്തിവാഴുന്ന നിയമ നിർമ്മാണ സഭകളിൽ വനിതകൾക്ക് തുല്യമായ പ്രാതിനിധ്യം നൽകുന്ന കാര്യത്തിൽ. ഭരണഘടനയെ ഉയർത്തിപ്പിടിച്ച് തങ്ങളുടെ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുമെന്ന് പരസ്യമായി പ്രഖ്യാപിച്ച് എം.പി.യാകുന്നവർ ഭരണഘടന ലംഘനമല്ലേ ഈ കാര്യത്തിൽ കഴിഞ്ഞ രണ്ടര പതിറ്റാണ്ടായി തുടർന്നു വരുന്നതെന്ന് ന്യായമായും സംശയിക്കേണ്ടിയിരിക്കുന്നു.

ലോകസഭയിലും സംസ്ഥാന നിയമനിർമ്മാണസഭകളിലും 33 ശതമാനം സ്ത്രീ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനായുള്ള വനിതസംവരണ ബിൽ 12-ാം ലോകസഭയുടെ കാലത്ത് 1996-ൽ ദേവഗൗഡ പ്രധാനമന്ത്രി ആയിരിക്കുമ്പോഴാണ് അവതരിപ്പിച്ചത്. തുടർന്നു വന്ന 13, 14 ലോകസഭകളുടെ കാലത്തും ബിൽ അവതരണ പ്രഹസനം രാജ്യത്തെ ജനസംഖ്യയുടെ പകുതിയോളം വരുന്ന സ്ത്രീകളുടെ കണ്ണിൽ പൊടിയാൻ വേണ്ടി വിദഗ്ദമായി ഭരണകക്ഷിയിൽ പെട്ടവർ നടത്തി. ഈ അസംബന്ധ നാടകത്തിനെതിരെ രാജ്യ വ്യാപകമായി സ്ത്രീ സമൂഹത്തിൽ നിന്ന് പ്രതിഷേധം ഉയർന്നതോടെ 2010 മാർച്ച് ഒൻപതിന് രാജ്യസഭ വനിതസംവരണ ബിൽ പാസാക്കിയെങ്കിലും 2014 -ലെ അവസാന ലോകസഭ സമ്മേളനത്തിൽ ബിൽ അവതരിപ്പിക്കാൻ പോലും അന്നത്തെ മൻമോഹൻ സിങ് സർക്കാർ തയ്യാറായില്ല. പാർലമെന്റിന്റെ ഇരു




സഭകളിലും ബിൽ പാസായാലേ ബിൽ നിയമമാകൂ എന്ന തിരിച്ചറിവ് ഇല്ലാഞ്ഞിട്ടല്ലായിരുന്നു ഇത്. അന്തിയോളം വെള്ളം കോരിയിട്ട് അവസാനം കല മുടച്ചതിന് കാരണം ബിൽ പാസായാൽ വലിയൊരു ഭാഗം സീറ്റുകൾ സ്ത്രീകളുടെ കൈകളിലേക്ക് കൈമാറ്റം ചെയ്യപ്പെടേണ്ടി വരുമെന്ന ഭീതിയായിരുന്നു. എന്നാൽ ബിൽ ലോകസഭയിൽ അവതരിപ്പിക്കാതിരിക്കുന്നതിനുള്ള കാരണമായി ഭരണപക്ഷത്തുള്ളവർ അന്ന് ചൂണ്ടിക്കാട്ടിയത് എം.പി.മാരുടെ അഭിപ്രായ സമന്വയം അല്ലെങ്കിൽ പൊതുസമ്മതം ബില്ലിന് ഇല്ലാതിരുന്നതു കൊണ്ടെന്നാണ്.

അപ്പോൾ രാജ്യസഭയിൽ ബിൽ അവതരിപ്പിച്ച് പാസാക്കുമ്പോൾ അഭിപ്രായ സമന്വയം ഉണ്ടായിരുന്നെന്നാണോ? അതങ്ങിനെ അല്ലെന്ന് അൽഷിമേഴ്സ് രോഗ ബാധിതർ ഒഴികെയുള്ള എല്ലാവർക്കും അറിയാം. അന്ന് രാജ്യസഭയിൽ ബിൽ പാസാക്കിയത് ബിൽ അവതരണത്തിനെതിരെ ബഹളം വച്ച സമാജ്‌വാദി പാർട്ടി, രാഷ്ട്രീയ ജനതാദൾ, ലോക്ശക്തി പാർട്ടി, ബഹുജൻ സമാജ് പാർട്ടി എന്നിവയിലെ ഏഴ് അംഗങ്ങളെ രാജ്യസഭ ചെയർമാൻ ഹമീദ് അൻസാരി മാർഷൽമാരെ കൊണ്ട് ബലം പ്രയോഗിച്ച് പുറത്താക്കിയ ശേഷം ബിൽ ചർച്ചയ്ക്കെടുക്കാതെ നേരിട്ട് വോട്ടിനിട്ടു കൊണ്ടായിരുന്നു. എന്തേ ഇതേ തന്ത്രം 2014-ലെ അവസാന ലോകസഭ സമ്മേളനത്തിൽ പ്രയോഗിച്ചില്ല. കഷ്ടകാലത്തിന് ബില്ലെങ്ങാനും പാസായിപോയാൽ സഭയിലെ മുന്നിലൊന്ന് പുരുഷ എം.പി. മാരുടെ പണി പോകും. അധികാരം പോകും. ജനങ്ങളുടെ നികുതിപ്പണം ഉപയോഗിച്ചുള്ള സൗജന്യ വിമാന-ട്രെയിൻ യാത്ര പോകും. ദൽഹിയിലെ




സൗജന്യ താമസം പോകും. മുടക്കമില്ലാതെ മാസാമാസം കിട്ടുന്ന അടിസ്ഥാന ശമ്പളമായ ലക്ഷം രൂപയും അലവൻസുകളും പോകും.

ആണുങ്ങൾ ഊണിലും ഉറക്കത്തിലും പേടിക്കുന്ന ഒന്നുണ്ട്. അധികാര നഷ്ടം. അധികാരം നഷ്ടപ്പെട്ടാൽ പല്ലുകൾ പിഴുതെടുക്കപ്പെട്ട സിംഹങ്ങളായി തങ്ങൾ തരംതാഴ്ത്തപ്പെടും എന്ന് ആത്മവിശ്വാസം കൈമുതലായില്ലാത്ത ആണുങ്ങൾ ചിന്തിച്ചു പോകുന്നത് കാലഹരണപ്പെട്ട പുരുഷാധിപത്യ സംസ്ക്കാരത്തിന്റെ കുഴപ്പം കൊണ്ടാണ്. പുരുഷന്മാർക്ക് മൃഗീയ ഭൂരിപക്ഷമുള്ള പാർലമെന്റിൽ എന്തു കൊണ്ട് രണ്ടരപതിറ്റാണ്ടായിട്ടും വനിതാസംവരണ ബിൽ പാസാക്കപ്പെട്ടില്ല എന്നതിന് ലളിതമായ ഉത്തരം പുരുഷ ലിംഗത്തിൽ പെട്ട പാർലമെന്റ് അംഗങ്ങളുടെ അധികാര നഷ്ട ഭീതി എന്നതാണ്. പണമില്ലാത്തവൻ പിണമാണെന്ന് ചിന്തിക്കുന്ന പുരുഷൻ അധികാരം ഇല്ലാത്തവൻ ആണല്ലെന്നുള്ള മതിവിഭ്രമത്തിന്റെ ഇരകൂടിയാണ്.

വനിതസംവരണ ബില്ലിനെ പരസ്യമായും രഹസ്യമായും തന്ത്രപരമായും ഇന്നത്തെ പുരുഷ

ഭൂരിപക്ഷമുള്ള രാഷ്ട്രീയ കക്ഷികൾ എതിർക്കുന്നത് എന്തുകൊണ്ടാണെന്ന് പൊതുസമൂഹത്തിനറിയാം. ലോകസഭയിലും സംസ്ഥാന നിയമസഭകളിലും 33 ശതമാനം സംവരണം സ്ത്രീകൾക്ക് നൽകിയാൽ അത് 33 ശതമാനത്തിൽ മാത്രം ഒരുങ്ങി നിൽക്കില്ലെന്നും കാലക്രമത്തിൽ നിയമ നിർമ്മാണ സഭകളിലെ സ്ത്രീ പ്രാതിനിധ്യം 50 ശതമാനം കടക്കുമെന്നും പുരുഷ ഭൂരിപക്ഷമുള്ള രാഷ്ട്രീയ കക്ഷികൾ ഭയപ്പെടുന്നുണ്ട്. കാരണം സംവരണ സീറ്റുകളിൽ നിന്ന് മത്സരിക്കാതെ പൊതു സീറ്റുകളിൽ നിന്ന് മത്സരിച്ച് വിജയിക്കാൻ കഴിവുള്ള നിരവധി വനിതകൾ ഇന്ന് രാജ്യത്തുണ്ട്. സോണിയ ഗാന്ധി, മമതാ ബനാർജി, എന്നിവർ ചില ഉദാഹരണങ്ങൾ മാത്രം. അങ്ങിനെ വരുമ്പോൾ നിയമ നിർമ്മാണ സഭകളിലെ മുന്നിലൊന്ന് സീറ്റുകൾ മാത്രമല്ല ഇന്നത്തെ പുരുഷ എം.പി.മാർക്ക് നഷ്ടപ്പടുക. മറിച്ച് കാലക്രമത്തിൽ അത് 50 ശതമാനത്തിൽ അധികമായിരിക്കും. ജനാധിപത്യ വ്യവസ്ഥയിൽ 50 ശതമാനത്തിൽ അധികം ആര് കൈയ്യാളുന്നുവോ അവരുടേതായിരിക്കും ഭരണാധിപത്യം എന്നതു കൊണ്ട് തന്നെ വനിതസംവരണ ബിൽ പാസാക്കപ്പെടാതിരിക്കാൻ ഭരണ-പ്രതിപക്ഷ പാർട്ടികൾ ഒത്തുകളികൾ നടത്തുകയാണെന്ന് സംശയിക്കുന്നതിൽ തെറ്റില്ല.



രാജ്യസഭയിൽ ഒന്നിനെതിരെ 186 വോട്ടുകൾക്ക് വനിതസംവരണ ബിൽ പാസായപ്പോൾ പ്രധാനമന്ത്രി മൻമോഹൻസിംഗ് അതിനെ വിശേഷിപ്പിച്ചത് സ്ത്രീത്വത്തിന്റെ ആഘോഷമെന്നാണ്. അന്നത്തെ പ്രതിപക്ഷ നേതാവ് അരുൺ ജെയ്റ്റിലിയുടെ പ്രതികരണം ലിംഗ ചരിത്രം നാം തിരുത്തി കുറിക്കുകയാണെന്നായിരുന്നു. എന്നാൽ രണ്ടുപേരും സ്ത്രീ സമുഹത്തെ വഞ്ചിക്കുകയായിരുന്നെന്ന് 15-ാം ലോകസഭയുടെ അവസാന നാളുകൾ തെളിയിച്ച് കഴിഞ്ഞു. കാരണം മൻമോഹൻസിംഗ് നേതൃത്വം നൽകുന്ന യു.പി.എ. സർക്കാർ ബിൽ അവതരിപ്പിക്കുകയോ അരുൺ ജെയ്റ്റിലി പ്രതിനിധീകരിക്കുന്ന ബി..ജെ.പി. ബിൽ അവതരിപ്പിക്കണമെന്ന് ആവശ്യപ്പെടുകയോ ചെയ്തില്ല. ജനാധിപത്യ വ്യവസ്ഥിതിയിൽ 50 ശതമാനം വരുന്ന ജനവിഭാഗത്തിന് അവർ അർഹിക്കുന്ന ആനുപാതിക പ്രാതിനിധ്യം നൽകുക എന്നത് സാമൂഹ്യ നീതിയുടെ ഭാഗം മാത്രമാണ്. എന്നാൽ വനിതസംവരണ ബില്ലിനെ തുടരെ തുടരെ കഴുത്ത് ഞെരിച്ച് കൊല്ലുന്നതിലൂടെ ജനാധിപത്യത്തെ തന്നെയാണ് കഴുത്ത് ഞെരിച്ച് കൊല്ലുന്നത്. ഇന്ന് മോദി സർക്കാരിന് മൃഗീയ ഭൂരിപക്ഷം ലോക്സഭയിലുണ്ട്. രാജ്യസഭയിലും ഏത് ബില്ലും മോദി സർക്കാരിന് പാസാക്കാൻ കഴിയുമെന്നതിന് സമീപ കാല ചരിത്രം തെളിവാണ്. ഈ കാരണങ്ങളാൽ ഇപ്പോഴത്തെ ലോക്സഭയുടെ കാലാവധി കഴിയും മുമ്പെങ്കിലും ഭരണഘടന ഉറപ്പ് നൽകുന്ന മൗലിക അവകാശമായ തുല്യതയ്ക്കുള്ള അവകാശം വനിത പ്രാതിനിധ്യ കാര്യത്തിൽ കേന്ദ്ര-സംസ്ഥാന നിയമ നിർമ്മാണ സഭകളിൽ യാഥാർത്ഥ്യമാകുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. പരമമായ സ്ത്രീ ശാക്തീകരണം രാഷ്ട്രീയ ശാക്തീകരണമാണെന്ന വസ്തുത നമുക്ക് ഊണിലും ഉറക്കത്തിലും മറക്കാതിരിക്കാം. ■



പെൺപക്ഷം



അജിത കെ.

# ഷഹീൻ ബാഗും ഡൽഹി തിരഞ്ഞെടുപ്പു ഫലങ്ങളും തുടർ സംഭവങ്ങളും

ഇന്ത്യയിലെ വിദ്യാർത്ഥി സമൂഹം സിഎഎയ്ക്കും എൻആർസിയ്ക്കും എൻപിആറിനുമെതിരെ ആരംഭിച്ച പ്രതിഷേധ ഉയിർത്തെഴുന്നേല്പ് തുടങ്ങിവെച്ചതുതന്നെ ജാമിയാ മിലിയാ ഇസ്ലാമിയ സർവ്വകലാശാലയിലെ വിദ്യാർത്ഥിനികളും വിദ്യാർത്ഥികളുമാണ്. തുടർന്ന് ജെ.എൻ.യുവിലെ വിദ്യാർത്ഥി സമൂഹവും അതേറ്റെടുത്തു. അവിടുന്നു തുടങ്ങിയ പ്രതിഷേധ കൊടുങ്കാറ്റ് ഇന്ത്യ മുഴുവനും ആഞ്ഞടിച്ചു. ആ തീപ്പന്തം ഏറ്റെടുത്തു ഡൽഹിയിലെ ഷഹീൻ ബാഗിലെ ഉമ്മമാരും അമ്മൂമ്മമാരും കുഞ്ഞുമക്കളുമടക്കം ഒരു വൻ സ്ത്രീസമൂഹം രാപ്പകൽ സമരം അനിശ്ചിതമായി തുടരുന്നു. സിഎഎ (പൗരത്വഭേദഗതി നിയമം) പിൻവലിക്കാതെ ഈ സമരം നിർത്തുകയില്ലെന്നാണ് അവർ പ്രഖ്യാപിച്ചിരിക്കുന്നത്.

**ഇന്ത്യ ഇപ്പോൾ കൂപ്പുകുത്തിക്കൊണ്ടിരിക്കുന്നത് സവർണ്ണ ഹിന്ദുത്വ രാഷ്ട്രത്തിന്റെ ആഴമേറിയ ചതുപ്പുനിലത്തേക്കാണ്. നമ്മുടെ നാടിനെ രക്ഷിക്കാൻ ഒരു മഹാത്മാ ഗാന്ധി വീണ്ടും ജനിക്കേണ്ടി വരുമോ?**

തുടർന്ന് നടന്ന മഹാത്ഭുതമാണ് ഡൽഹി തെരഞ്ഞെടുപ്പ് ഫലം. കോൺഗ്രസ്സിനെ നാമാവശേഷമാക്കുകയും ബി.ജെ.പി.യെ ഒന്നുമല്ലാതാക്കുകയും ചെയ്തുകൊണ്ട് അരവിന്ദ് കേജരിവാളിന്റെ നേതൃത്വത്തിലുള്ള ആം ആദ്മി പാർട്ടി കേവല ഭൂരിപക്ഷത്തിനുമേൽ സീറ്റും നേടി. എഎപി (62), ബി.ജെ.പി. (8), കോൺഗ്രസ് (0) അങ്ങനെ ആംആദ്മി പാർട്ടി ഡൽഹി ഭരണം ഏറ്റെടുത്തു. പാർലമെന്റിൽ മൃഗീയ ഭൂരിപക്ഷം നേടിയ ബി.ജെ.പി.ക്കേറ്റ കനത്ത പ്രഹരമായിരുന്നു ഇത്.

തുടർന്നുണ്ടായ സംഭവവികാസങ്ങൾ ഗുജറാത്തിലെ നരോദപാടിയയേയും കൂടി ലജ്ജിപ്പിക്കുന്ന അതിഭീകരമായ മുസ്ലിം കൂട്ടക്കൊലയാണ്. ഇതുമൂലം ലോകരാഷ്ട്രങ്ങൾക്കു മുമ്പിൽ ഇന്ത്യയുടെ ജനാധിപത്യത്തിനും മതേതരത്വത്തിനും ബഹുസ്വരതയ്ക്കും ഉണ്ടായ തീരാനാണക്കേട് എങ്ങനെ മായ്ച്ചു കളയാനാകും. ആർ.എസ്.എസ്. സംഘപരിവാർ ഗുണ്ടകളും പൊലീസും ഗുജറാത്ത് മോഡലിൽ വംശഹത്യ നടത്തിക്കൊണ്ടിരുന്നപ്പോൾ നമ്മുടെ പ്രധാനമന്ത്രിയും ആഭ്യന്തരമന്ത്രിയും സൗകര്യപൂർവ്വം അമേരിക്കൻ പ്രസിഡണ്ട് ട്രംപിന്റെ സന്ദർശനത്തിന്റെ പേരിൽ ഡൽഹിയിൽ നിന്നു മാറി നിന്നു. ട്രംപ് മടങ്ങിപ്പോയിട്ടും അവരെവിടെയായിരുന്നു?

ഇന്ത്യ ഇപ്പോൾ കൂപ്പുകുത്തിക്കൊണ്ടിരിക്കുന്നത് സവർണ്ണ ഹിന്ദുത്വ രാഷ്ട്രത്തിന്റെ ആഴമേറിയ ചതുപ്പുനിലത്തേക്കാണ്. നമ്മുടെ നാടിനെ രക്ഷിക്കാൻ ഒരു മഹാത്മാ ഗാന്ധി വീണ്ടും ജനിക്കേണ്ടി വരുമോ?



**സീതാദേവി കാര്യാട്ട്**
എഴുത്തുകാരി,
സാമൂഹ്യ പ്രവർത്തക

# സാഫ്രജെറ്റ്

**1920**കളിൽ ലണ്ടനിൽ നടന്ന സ്ത്രീകളുടെ വോട്ടവകാശ സമര ചരിത്രത്തെ ആസ്പദമാക്കി 2015-ൽ നിർമ്മിച്ച സിനിമയാണ് സാഫ്രജെറ്റ്. രാഷ്ട്രീയപ്രസ്ഥാനങ്ങളെക്കുറിച്ചുള്ള സിനിമകൾക്ക് രണ്ടു പ്രശ്നങ്ങളുണ്ട്. ഒന്ന് വ്യക്തിയുടെ അനുഭവത്തിൽനിന്ന് സംഭവങ്ങളെ വീക്ഷിക്കുന്നു. രണ്ട്, വൈകാരിക സങ്കീർണ്ണതകളെ ത്യജിച്ചുകൊണ്ട് സിനിമ ശ്രദ്ധാപൂർവ്വം സമീപിക്കുന്നു. അബി മോർഗൻ രചിച്ച് സാറാ ഗാപ്രോൺ സംവിധാനം നിർമ്മിച്ച ഈ ചിത്രത്തിന് ഇത് രണ്ടുമുണ്ട്. അതുകൊണ്ടു തന്നെ ഈ കഥയ്ക്ക് അസാധാരണമായ പ്രതിരോധ മൂല്യവും ചാലകശേഷിയുമുണ്ട്. മൗണ്ട് എന്ന കേന്ദ്ര കഥാപാത്രം സാങ്കല്പിക സൃഷ്ടിയാണ്.



നഗരത്തിലെ ഒരു അലക്കുശാലയിലാണ് കഥ ആരംഭിക്കുന്നത്. കാരി മുള്ളകിൻ ആണ് പ്രധാന കഥാപാത്രമായ മൗണ്ടിനെ അവതരിപ്പിക്കുന്നത്. ആണധികാരത്തിന്റെ, പീഡനത്തിനും ചൂഷണത്തിനും ഇരയാക്കപ്പെടുന്ന മൂന്നു സ്ത്രീകളെ ഒരേ പ്ലാറ്റ്ഫോമിലേക്ക് കൊണ്ടുവരുന്ന ഇവരാരും തന്നെ സ്വമേധയാ സ്ത്രീവിമോചനം ആഗ്രഹിച്ചു വരുന്നവരല്ല. മറിച്ച് അതിസങ്കീർണ്ണവും ദാരുണവുമായ ദൈനംദിന സാഹചര്യങ്ങളിലൂടെ സഞ്ചരിച്ച് സമരമുഖത്തേക്ക് ചെന്നു കയറുകയോ എടുത്തെറിയപ്പെടുകയോ ചെയ്യപ്പെടുകയാണ്.

ഭർത്താവും മകനുമൊത്തുള്ള സന്തുഷ്ടമെന്നു തോന്നിക്കുന്ന കുടുംബജീവിതം നയിക്കുന്ന നായിക തൊഴിൽശാലയിൽ നടക്കുന്ന ശാരീരിക ചൂഷണത്തിന് സാക്ഷിയാകേണ്ടിവരുന്നു. ഈ കാഴ്ച ചെറുതല്ലാത്ത നടുക്കവും അസന്തുലിതാവസ്ഥയും നായികയിൽ സൃഷ്ടിക്കപ്പെടുന്നു. കുറഞ്ഞ വേതനവും കൂടിയ ജോലിഭാരവും തൊഴിൽശാലയിൽ സ്ത്രീകൾ അനുഭവിക്കുന്ന മറ്റൊരു പ്രതിസന്ധിയാണ്. കുടുംബത്തിനകത്തും മറിച്ചല്ല അവസ്ഥ. മകനോടുള്ള സ്നേഹവും കരുതലും കുട്ടിയിലുള്ള അളവറ്റ ആനന്ദവും മാത്രമാണ് നായിക സന്തുഷ്ട ജീവിതം നയിക്കുന്നതിനുള്ള ഏക തെളിവ്. തന്റെ വിഷമങ്ങളോ പ്രയാസങ്ങളോ പങ്കുവെക്കാനുള്ള ഇടമായി പങ്കാളി മാറുന്നില്ല എന്നതും ശ്രദ്ധേയമാണ്.

തൊഴിൽശാലയിൽ വെച്ചുണ്ടായ ലൈംഗികാതിക്രമത്തിൽ ചൂടായ ഇസ്തിരിപ്പെട്ടി പ്രതിയുടെ കൈപ്പത്തിയിൽ വെച്ചു പൊള്ളിച്ചുകൊണ്ടാണ് പ്രതിരോധത്തിന്റെ ആദ്യശ്രമം നായിക




നടത്തുന്നത്. ഇതിന് അറസ്റ്റു ചെയ്യുകയും പിന്നീട് വിട്ടയക്കുകയും ചെയ്യുന്നുണ്ട്. വിചാരണ വേളയിൽ വാദം കേൾക്കാനുള്ള ബെഞ്ചിൽ പുരുഷന്മാർമാത്ര മാണ് എന്നത് ആണധികാരത്തിന്റെ ഉരുക്കുമുഷ്ടി കൾ സ്ത്രീകൾക്കുമേൽ എങ്ങനെ സമർത്ഥമായി ഉപയോഗിക്കുന്നു എന്ന് കാട്ടിത്തരുന്നു. സ്ത്രീ എവിടെയും രണ്ടാംതരക്കാരി തന്നെ. അതിന് രാജ്യ -ദേശ ഭേദങ്ങളില്ല.

തുല്യ പ്രാതിനിധ്യത്തിനും വോട്ടവകാശ ത്തിനും വേണ്ടി സുഹൃത്തിന്റെ (എഡിത്ത് എല്ലിൻ) വസതിയിൽ സമ്മേളിക്കുകയും സമരത്തെക്കുറി ച്ചുള്ള കൂടിയാലോചനകളിൽ മുഴുകുകയും ചെയ്യുന്ന നായിക പിന്നീട് തെരുവിൽ പ്ലക്കാർഡു മായി ജാഥ നയിക്കുകയും ചെയ്യുന്നു. ഇത് സംബ ന്ധിച്ച വാർത്തകളിൽ നായികയുടെ മുഖം പ്രത്യക്ഷ പ്പെടുന്നതോടെ കുടുംബജീവിതം താറുമാറാകുന്നു. ക്രൂദ്ധനായ ഭർത്താവ് ഒരു രാത്രി വീട്ടിൽ നിന്നും അടിച്ചിറക്കുന്നതോടൊപ്പം കുട്ടിയെ അമ്മയിൽ നിന്നും തടഞ്ഞുവെക്കുകയും ചെയ്യുന്നു. മാതൃ- പുത്ര ബന്ധത്തിന്റെ വികാരഭരിതമായ രംഗങ്ങൾക്ക് പ്രേക്ഷകർ സാക്ഷിയാവുന്നു.

നല്ല ദാമ്പത്യം എന്നവകാശപ്പെടുന്ന സുഹൃ ത്ത് എഡിത്തിന്റെ വീട്ടിലാണ് അവൾ അഭയം തേടുന്നത്. തുടർന്ന് അവളുടെ സമ്മതമോ വോട്ടോ ഇല്ലാതെ പാസ്സാക്കിയ നിയമങ്ങൾ ലംഘിക്കാൻ അവൾ തീരുമാനിക്കുകയാണ്.

ബ്രോണ്ടൻ ഗ്ലീസർ എന്ന പോലീസുകാരൻ തൊഴിലാളിവർഗ്ഗ സ്ത്രീകളെ കാലിത്തീറ്റയായി ഉപയോഗിക്കാമെന്ന് വിലയിരുത്തുന്നുണ്ട്. സാഫ്ര ജെറ്റ് വിഷലിൽ ഒരു ഡോക്യുമെന്ററി പോലെയാണ് അനുഭവപ്പെടുന്നത്. ഇതേ സമയം ആത്മനിഷ്ഠ യിൽ മുങ്ങുന്നുമുണ്ട്.

തപാൽപെട്ടിയിൽ ബോംബ് വെച്ച് തകർത്തു കൊണ്ടാണ് പ്രതിഷേധത്തിന്റെ അടുത്തപടി ആരം ഭിക്കുന്നത്. മെയിൽ ബോബിന് തീപിടിച്ച് ലോയിഡ് ജോർജിന്റെ വേനൽക്കാല വസതി പൊട്ടിത്തെറിക്കു ന്നു. അവളുടെ കയ്യിലുള്ള 'വോട്ട് ഫോർ വുമൺ' ബാനർ ചവിട്ടിമെതിക്കപ്പെടുന്നു. പിടിക്കപ്പെട്ട മൗണ്ട് കുറ്റവിചാരണക്കും ജയിൽശിക്ഷക്കും വിധേ യയാകുന്നു. സ്ത്രീകളെ പൂർണ്ണനഗ്നരാക്കി ജയി ലിലടക്കപ്പെടുന്നു. ഉദ്വോഗജനകമായ നിരവധി മുഹൂർത്തങ്ങളിലൂടെ സിനിമ കടന്നു പോകുന്നു. ശിക്ഷാ കാലാവധി കഴിഞ്ഞ് വീട്ടിൽ തിരിച്ചെത്തുന്ന നായികയ്ക്ക് സ്വന്തം മകനെ പിതാവ് മറ്റൊരു കുടുംബത്തിന് കൈമാറ്റം ചെയ്യുന്നതിന് സാക്ഷി യാകേണ്ടി വന്നു. കരഞ്ഞും കാലുപിടിച്ചും മകനു വേണ്ടി യാചിക്കുന്ന അമ്മയെ കാണാം. മാതൃത്വ ത്തിന്റെ മഹനീയ ഭാവം. പക്ഷെ ഭർത്താവ് വഴങ്ങു ന്നില്ല. അദ്ദേഹം കുഞ്ഞിനെ കൈമാറാനുള്ള തീരു മാനത്തിൽ ഉറച്ചു നിൽക്കുന്നു. അമ്മയോടൊപ്പം പോകാനുള്ള കുഞ്ഞിന്റെ ആഗ്രഹം മാനിക്കപ്പെടു



ന്നുമില്ല. കുഞ്ഞിൽ അമ്മക്ക് യാതൊരു അവകാശ വുമില്ല എന്ന തിരിച്ചറിവ് അവളുടെ മനോനില തെറ്റിക്കുന്നു. ആണധികാര വ്യവസ്ഥയെ ചോദ്യം ചെയ്യുന്ന നായികയെയാണ് പിന്നീട് കാണാൻ കഴി യുന്നത്. വാദപ്രതിവാദങ്ങളും ഭർത്താവിന്റെ മുഖത്ത് ആഞ്ഞ് പ്രഹരിക്കുന്ന നായിക. സംഭ്രമ ജനകമായ കാഴ്ചകളിലൂടെയാണ് ക്യാമറ ചലിക്കു ന്നത്. മോനെ ചേർത്ത് പിടിച്ച് അമ്മ പറയുന്നു: "മകനേ... നീ എന്റെ മാത്രം മകനാണ്. അടയാള ങ്ങൾ സൂക്ഷിക്കുക. ലോകത്തിലെ ഏത് കോണിൽ വളർന്നാലും നീ അമ്മയെ തേടി വരിക. ഞാൻ കാത്തിരിക്കും ജീവൻ അണയാതെ..."

**പല പ്രസ്ഥാനങ്ങളെയും പോലെ യുള്ള ഗ്രൂപ്പുകളെയും തുടക്കത്തിൽ ഒഴിവാക്കിയിരുന്നു. തൊഴിലാളി വർഗ്ഗ സ്ത്രീകൾ, നിറമുള്ള സ്ത്രീ കൾ, അവിവാഹിതരായ സ്ത്രീകൾ, മുഖ്യധാരാ പിടിവാശികളിൽ നിന്ന് വ്യതിചലിച്ചവർ, വിവിധ രാജ്യങ്ങൾ സ്ത്രീകൾക്ക് വോട്ടവകാശം നൽകി യപ്പോൾ കാണിക്കുന്ന നീയതിക ളുടെ പട്ടികയോടെയാണ് സാഫ്രജെറ്റ് അവസാനിക്കുന്നത്. 1920ൽ അമേരി ക്കയിൽ എല്ലാ സ്ത്രീകൾക്കും വോട്ട വകാശം കൊടുത്തു. പക്ഷേ സംസ്ഥാന നിയമങ്ങളും ഭയപ്പെടു ത്തലും കറുത്ത സ്ത്രീകളെ പല പ്രദേശങ്ങളിലെയും വോട്ടിങ്ങ് ബൂത്തിൽ നിന്ന് പതിറ്റാണ്ടുകൾക്കു ശേഷവും മാറ്റി നിർത്തി. ഇത് വ്യക്ത മായ ഒഴിവാക്കലാണ്. വീണ്ടും യാഥാർത്ഥ്യത്തിന്റെ സമഗ്രമായ സങ്കീർണ്ണതയിൽ ജീവിക്കാനുള്ള അവസരമില്ലായ്മ കാണിക്കുന്നു.**

പിന്നീട് ഇച്ഛാശക്തിയാൽ തീക്ഷ്ണമായ നായികയുടെ മറ്റൊരു മുഖമാണ് സ്ക്രീനിൽ തെളി യുന്നത്. അസാധാരണമായ ധൈര്യവും സമരവീ ര്യവും പ്രകടിപ്പിക്കുന്ന നായിക. കൂടുതൽ സ്ത്രീകൾ സമരമുഖത്തേക്ക് ആകർഷിക്കപ്പെടുന്നു എന്നതും അധികൃതർക്ക് തലവേദനയുണ്ടാക്കുന്നു. സ്ത്രീശാക്തീകരണം നിറഞ്ഞു നിൽക്കുന്ന പത്ര വാർത്തകൾ അസ്വസ്ഥജനകമായ അന്തരീക്ഷം സൃഷ്ടിക്കുന്നു. ഭരണകൂട പ്രതിനിധികൾ ഒത്തുകൂടി പ്രതിവിധികൾ ആരായുന്നു. ഭയം അവരുടെ കണ്ണു കളിൽ വ്യക്തമായി പ്രതിഫലിച്ചിരിക്കുന്നു.

സ്ത്രീകൾ തന്റെ ഷൂസ് തുടച്ചു വൃത്തി യാക്കുന്ന കാഴ്ചയിലൂടെയാണ് അവർ തെരുവിലിറ



ങ്ങാനുള്ള ഉദ്യമത്തെ വിദഗ്ദ്ധമായി സംവിധായകൻ അവതരിപ്പിക്കുന്നത്. സ്ത്രീകളുടെ കണ്ണിലെ ജ്വലി ക്കുന്ന പ്രകാശം അണയാത്ത പ്രത്യാശയെ ധ്വനിപ്പി ക്കുന്നു. പല പ്രസ്ഥാനങ്ങളെയും പോലെയുള്ള ഗ്രൂപ്പുകളെയും തുടക്കത്തിൽ ഒഴിവാക്കിയിരുന്നു. തൊഴിലാളി വർഗ്ഗ സ്ത്രീകൾ, നിറമുള്ള സ്ത്രീകൾ, അവിവാഹിതരായ സ്ത്രീകൾ, മുഖ്യധാരാ പിടിവാ ശികളിൽ നിന്ന് വ്യതിചലിച്ചവർ, വിവിധ രാജ്യങ്ങൾ സ്ത്രീകൾക്ക് വോട്ടവകാശം നൽകിയപ്പോൾ കാണി ക്കുന്ന നീയതികളുടെ പട്ടികയോടെയാണ് സാഫ്ര ജെറ്റ് അവസാനിക്കുന്നത്. 1920ൽ അമേരിക്കയിൽ എല്ലാ സ്ത്രീകൾക്കും വോട്ടവകാശം കൊടുത്തു. പക്ഷേ സംസ്ഥാന നിയമങ്ങളും ഭയപ്പെടുത്തലും കറുത്ത സ്ത്രീകളെ പല പ്രദേശങ്ങളിലെയും വോട്ടിങ്ങ് ബൂത്തിൽ നിന്ന് പതിറ്റാണ്ടുകൾക്കു ശേഷവും മാറ്റി നിർത്തി. ഇത് വ്യക്തമായ ഒഴിവാക്ക ലാണ്. വീണ്ടും യാഥാർത്ഥ്യത്തിന്റെ സമഗ്രമായ സങ്കീർണ്ണതയിൽ ജീവിക്കാനുള്ള അവസരമില്ലായ്മ കാണിക്കുന്നു.

ഡെർബി ദിനത്തിൽ (1913) ജോർജ് രാജാ വിന്റെ കുതിച്ചുയരുന്ന കുതിരയുടെ മുമ്പിൽ ഇറങ്ങി യപ്പോൾ അവളുടെ കയ്യിലുള്ള 'വോട്ട് ഫോർ വുമൺ' എന്ന ബാനർ ചവുട്ടിമെതിക്കപ്പെടുന്നു. ഒരു രക്തസാക്ഷി ശവസംസ്കാരം കാണാൻ ആയിരക്ക ണക്കിനാളുകൾ അണിനിരന്നു. ഇതാണ് സാഫ്രജെ റ്റിന്റെ അവസാന ഭാഗം. പക്ഷേ മൗണ്ടിനെ വഴി യിൽ നിന്നും മാറ്റുന്നു. അതിനാൽ അതൊരു കാഴ്ച മാത്രമാകുന്നു.

കാലങ്ങളായി സ്ത്രീകൾ അനുഭവിക്കുന്ന വിവേചനങ്ങൾക്കും ഒഴിവാക്കപ്പെടലുകൾക്കുമെ തിരെ സിനിമ, കാഴ്ചക്കപ്പുറം എങ്ങനെ രാഷ്ട്രീയ പ്രവർത്തനവും സാമൂഹ്യപ്രവർത്തവുമായി മാറുന്നു എന്നതിന് തെളിവാണ് സാഫ്രജെറ്റ്. സ്ത്രീകൾ നാളിതുവരെ നേടിയതെല്ലാം പോരാട്ടങ്ങളിലൂടെയാ ണെന്നത് ചരിത്രം. ഓരോ ചവിട്ടുപടിയിലും അവ ളുടെ സഹനമുണ്ട്, ത്യാഗമുണ്ട്, സമരമുണ്ട്. തെര ഞ്ഞെടുക്കാനുള്ള അവകാശം തെരഞ്ഞെടുക്കപ്പെ ടാനുള്ള അവകാശം കൂടിയായി മാറ്റിയെടുക്കപ്പെ ടാൻ വേണ്ട ഇടപെടലുകളെ ഓർമ്മിപ്പിക്കുന്നതാണ് ഈ സിനിമ. ■



വിനയ എൻ.എ.

# കാക്കിക്കുള്ളിലെ ലിംഗസമത്വം

തുല്യ പ്രാതിനിധ്യം എന്ന ആശയത്തിലൂടെയല്ലാതെ ഒരു സംഘടനയിലും സ്ത്രീകൾക്ക് അർഹമായ സാധ്യതകൾ / അവസരങ്ങൾ ലഭിക്കുകയില്ല എന്നത് സുനിശ്ചിതം. അവിടെ കഴിവുകൾക്ക് യാതൊരു പ്രസക്തിയും ഇല്ല.



1998 കാലഘട്ടത്തിൽ 30 ഓളം പോലീസുകാർ കൂത്തുപറമ്പ് പോലീസ് വെടിവെപ്പു കേസിൽ അകപ്പെട്ട പോലീസുകാരെ സസ്പെന്റ് ചെയ്ത നടപടിക്കെതിരെ എന്തു ചെയ്യണമെന്ന് ആലോചിക്കുന്നതിനായി തൃശൂരിൽ വെച്ച് ഒരു യോഗം ചേർന്നിരുന്നു. ആ യോഗം ചേർന്ന പോലീസുകാരിലധികവും UDF അനുഭാവമുള്ള പോലീസുകാരായിരുന്നു. ആ യോഗത്തിൽ ഞാനും പങ്കെടുത്തിരുന്നു. യോഗവിവരം ആരോ മേലുദ്യോഗസ്ഥരെ തെറ്റിദ്ധരിപ്പിക്കുകയും പോലീസ് ഹാൾ വളയുകയും ഞാനുൾപ്പെടെ 30 ഓളം പേരെ പ്രതി ചേർത്ത് കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തു. കുറച്ചു നാൾ ഞങ്ങൾ ഒളിവിൽ കഴിയേണ്ടി വന്നു. പിന്നീടാ കേസ് MF ആയി കണക്കാക്കി തീർപ്പാക്കി.

തുടർന്നു വന്ന പൊതു തെരഞ്ഞെടുപ്പിൽ UDF ഭരണത്തിൽ വന്നു. ആ വർഷത്തെ പോലീസ് സംഘടനാ തിരഞ്ഞെടുപ്പിൽ ഞാനും തിരഞ്ഞെടുക്കപ്പെട്ടു.



എനിക്കൊഴികെ അന്നത്തെ യോഗത്തിൽ പങ്കെടുത്തവർക്കും പങ്കെടുക്കാൻ വിചാരിച്ചു എന്നവതരിപ്പിച്ചു ഫലിപ്പിച്ചവർക്കും ജില്ലാ സംസ്ഥാന നേതൃത്വത്തിൽ മുഖ്യസ്ഥാനങ്ങൾ തന്നെ ലഭിച്ചു. എനിക്ക് കൗൺസെലർ എന്നതിനപ്പുറത്തേക്ക് ഒരു സ്ഥാനവും നൽകാതിരിക്കാൻ അന്നത്തെ മുൻനിര നേതാക്കളായ മണിയപ്പൻ സാറും ബാലകൃഷ്ണൻ പുതിയേടത്തു മൊഴികെ ബാക്കിയുള്ള പുരുഷപ്രജകൾ കൂട്ടത്തോടെ വാദിച്ചു. എനിക്കും സ്ഥാനത്തിനർഹതയുണ്ടെന്നുള്ള എന്റെ വാദത്തെ മീറ്റിംഗിലെ ആൺകൂട്ടം കൂട്ടച്ചിരിയോടെയും എന്താണ് നിങ്ങൾക്കുള്ള യോഗ്യത, സംഘടനയെപ്പറ്റി നിങ്ങൾക്കെന്തറിയാം എന്ന ചോദ്യത്തോടെയും പരിഹസിച്ചു. ഞാൻ അപമാനിതയായി അവർക്കൊപ്പം കിട്ടിയ സ്ഥാനം നിലനിർത്തി തുടർന്നുള്ള പ്രവർത്തനങ്ങളിൽ സഹകരിച്ചു. രാജി വെച്ചാൽ ആ സ്ഥാനത്തേക്ക് മറ്റൊരാളെ കയറ്റാൻ പോലുമുള്ള അവരുടെ ശ്രമം ഞാൻ മണത്തറിഞ്ഞു.

അതെ അറിവും പ്രാപ്തിയുമുള്ളവർ എല്ലാം ആണുങ്ങളാണെന്ന് ധരിക്കുന്ന അംഗസംഖ്യയിൽ കൂടുതൽ വരുന്ന– പൊതു രംഗത്തിറങ്ങാൻ അവസരം ലഭിച്ച് കരുത്തു നേടിയ ആണുങ്ങൾക്കിടയിലേക്ക് സ്ത്രീകൾ എത്തണമെങ്കിൽ തുല്യ പ്രാതിനിധ്യം എന്ന ആശയം നടപ്പിലാവുക തന്നെ വേണം.

■



**അമീറ അയിഷാബീഗം**
ഇംഗ്ലീഷ് അദ്ധ്യാപിക,
എം.ഇ.എസ്. കോളേജ്
പൊന്നാനി

# മതസംഘടനകളിലെ സ്ത്രീ: ആണുങ്ങൾ വരയ്ക്കുന്ന പെൺഭൂപടങ്ങൾ

സ്ത്രീകളെ സാമൂഹിക തിരശ്ശീലയുടെ പിറകിലേക്ക് ഒതുക്കിനിർത്താൻ മതങ്ങളും അവയെ നിയന്ത്രിക്കുന്ന ആണധികാരവ്യവസ്ഥയും വഹിക്കുന്ന പങ്ക് ചെറുതല്ല. ഓരോ മതങ്ങളും മത്സരബുദ്ധിയോടെ പടച്ചുവെച്ച വാർപ്പുമാതൃകകളിൽ നിന്ന് പുറത്തു കടക്കാത്ത മകൾ, സഹോദരി, കാമുകി, ഭാര്യ, മാതാവ്- അവർ കുലസ്ത്രീകളും ഉത്തമ മാതൃകകളുമായി വാഴ്ത്തപ്പെട്ടു. വ്യവസ്ഥാപിത മാതൃകകളിൽ നിന്ന് വ്യതിചലിച്ചവർ കുലടകളായി മുദ്രകുത്തപ്പെട്ടു. പെൺകൂട്ടങ്ങളിൽനിന്നുപോലും ഭ്രഷ്ടയാക്കപ്പെട്ടു.

മതത്തിലെ സ്ത്രീയ്ക്ക് തുല്യതയുണ്ടെന്ന് എത്ര ഉദാഹരണങ്ങൾ നിരത്തി സ്ഥാപിക്കാൻ ശ്രമിച്ചാലും മതഘടനയ്ക്കുള്ളിൽ സ്ത്രീയുടെ സ്ഥാനം വളരെ പരിമിതമാണെന്നും മനസിലാക്കാം. ആണധികാരത്തിന്റെ ഭാഷ കൈമുതലാക്കിയ മതങ്ങൾ നിയമങ്ങൾക്കും ഭരണഘടനക്കും മീതെ പറന്നുകൊണ്ട് സ്ത്രീകളെ വീട്ടകങ്ങളിലേക്ക് തിരിച്ചു കയറ്റാനുള്ള യജ്ഞത്തിലാണ്. അനുസരണയുള്ള ആട്ടിൻപറ്റങ്ങളായി നിൽക്കാൻ സ്ത്രീകളെ പഠിപ്പിക്കാനുള്ള ഒരു ഉപകരണമായി മതം എന്ന സ്ഥാപനം ഉപയോഗിക്കപ്പെടുകയാണ്. വിദ്യാഭ്യാസപരമായും തൊഴിൽപരമായും എല്ലാം ബഹുദൂരം സ്ത്രീകൾ മുന്നോട്ട് പോയെങ്കിലും മതസംഘടനകളിൽ സ്ത്രീകളുടെ പ്രാതിനിധ്യം പരിശോധിച്ചാൽ അതിപ്പോഴും നാമമാത്രമാണെന്നു വ്യക്തമാകും. സ്ത്രീയുടെ കർതൃത്വം ഏറ്റെടുക്കുന്ന, അവളെ ബാധിക്കുന്ന വിഷയങ്ങളിൽ തീരുമാനമെടുക്കുന്ന, അവളുടെ ശുദ്ധിയും അശുദ്ധിയും വസ്ത്രവും തൊഴിലും ജീവിതരീതിയും വരെ നിശ്ചയിക്കുന്ന ആൺപഞ്ചായത്തുകൾ ആണ് പല മതസംഘടനകളും.

എല്ലാ ഇലക്ഷൻ കാലത്തും സ്ത്രീ പ്രാതിനിധ്യത്തെ കുറിച്ചുള്ള ചർച്ചകൾ ഉയർന്നു വരും. അവരോടുള്ള വിവേചനം ചർച്ച ചെയ്യും. സ്ത്രീപോഷക ഘടകങ്ങളെ തൃപ്തിപ്പെടുത്താൻ വളരെക്കുറഞ്ഞ സീറ്റുകൾ മാറ്റിവെക്കും. രാഷ്ട്രീയ രംഗത്തെ സ്ത്രീതുല്യത തന്നെ ചോദ്യം ചെയ്യപ്പെടേണ്ട അവസ്ഥയിൽ നിൽക്കുമ്പോൾ, അതിനെ കുറ്റപ്പെടുത്താൻ മത, സാമുദായിക സംഘടനകൾ പലപ്പോഴും രംഗത്തുവരാറുണ്ട്. എന്നാൽ, ഈ മതസാമുദായിക സംഘടനകളുടെ കാര്യമോ? സൂക്ഷ്മമായി പരിശോധിക്കുമ്പോൾ അതിലും പരിഹാസ്യമാണ് അവിടെ കാര്യങ്ങൾ.

**ഹറാമിനും ഹലാലിനുമിടയിൽ ഒളിഞ്ഞും തെളിഞ്ഞും**

മുസ്ലിം സമുദായ സംഘടനകളിൽ സ്ത്രീക്കുള്ള തുല്യതയുടേയും അഭിപ്രായ സ്വാതന്ത്ര്യത്തിന്റെയും പ്രാതിനിധ്യത്തിന്റേയും കാര്യം എടുക്കാം.

ആൾബലം കൊണ്ടും സ്ഥാപനങ്ങൾ കൊണ്ടും മറ്റു സംവിധാനങ്ങൾ കൊണ്ടും മുസ്ലിം സമുദായത്തിലെ ഏറ്റവും വലിയ വിഭാഗം ആണ് സമസ്ത. ആശയപരമായ വിയോജിപ്പുകൾ കാരണം രണ്ട് ഗ്രൂപ്പുകളായി മുറിഞ്ഞുവെങ്കിലും വളച്ചുകെട്ടലുകൾ ഇല്ലാതെ, മറയേതുമില്ലാതെ സ്ത്രീ വിരുദ്ധത വിളംബരം ചെയ്യുന്നതിൽ ഇവർ ഒറ്റക്കെട്ടാണ്. നവോത്ഥാന ആശയങ്ങളോടും പുരോഗമനനിലപാടുകളോടും എക്കാലത്തും മുഖം തിരിച്ചുനിൽക്കുന്നവർ. പ്രഭാഷണങ്ങളിലും സൈബറിടങ്ങളിലും വരെ സ്ത്രീ വിരുദ്ധത ആഘോഷമാക്കുന്നവർ. സ്ത്രീകളുമായി വേദി പങ്കിടുന്നത് ഹറാമാണെങ്കിലും മറ്റുള്ളവർ വിളിച്ചുകൂട്ടുന്ന റാലികളിൽ മറ്റു സംഘടനകളിലെ, രാഷ്ട്രീയപാർട്ടികളിലെ സ്ത്രീയുമായി സ്റ്റേജ് പങ്കിടാം എന്ന 'ഇളവ്' അടുത്തകാലത്തു വരുത്തിയിരുന്നു.

കേരള മുസ്ലിങ്ങൾക്ക് മാർഗ്ഗ ദർശനം എന്നോണം തെരഞ്ഞെടുക്കപ്പെട്ട ഉന്നതരായ മതപണ്ഡിതരുടെ കൂടിയാലോചനാ സമിതിയാണ് മുശാവറ. 40 അംഗങ്ങളാണ് ഈ സമിതിയിലുള്ളത്. മതപരമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുക, സാമൂഹിക തിന്മകളെ തുടച്ച് നീക്കുക തുടങ്ങിയവയാണ് സമിതിയുടെ ലക്ഷ്യങ്ങൾ. ഇതിൽ ഒരു സ്ത്രീ പണ്ഡിത പോലും ഇല്ലെന്നത് ശ്രദ്ധേയമാണ്. സമസ്തയുടെ ഇ കെ വിഭാഗം, എ പി വിഭാഗം, സമസ്താന, ദക്ഷിണ കേരള



**1880 ഓട്ടോമാൻ ടർക്കിയിൽ രചിക്കപ്പെട്ട 'വുമൻ റീഡിങ് ദ് ഖുറാൻ'**

ജംഇയ്യത്തുൽ ഉലമ തുടങ്ങിയ ഫ്രാക്ഷനുകളിലും അതിന്റെ പോഷകഘടകങ്ങളായ യുവജനസംഘടനകളിലും വിദ്യാർത്ഥി സംഘടനകളിലും ഒന്നും തന്നെ സ്ത്രീകൾ ഇല്ല. സ്ത്രീകൾ പൊതുരംഗത്തു പ്രവർത്തിക്കുന്നത് അങ്ങേയറ്റം എതിർക്കുന്നുണ്ടെങ്കിലും ഇവർ വനിതാകോളേജുകൾ നടത്തുന്നുണ്ട്. ആദ്യകാലത്ത് സ്ത്രീ വിദ്യാഭ്യാസത്തോട് മുഖം തിരിഞ്ഞു നിന്നെങ്കിലും കാലം മാറിയതോടെ പെണ്ണുങ്ങൾ വേണേൽ പഠിക്കാൻ പോവട്ടെ എന്ന നിലപാട് ഇവർ സ്വീകരിച്ചു. വിദ്യാഭ്യാസം കച്ചവടമായ കാലത്ത്, ആ ഒഴുക്കിനൊപ്പം നീങ്ങാനും സ്ത്രീകൾക്കായുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്താനും ഇവർ തയ്യാറായിട്ടുണ്ട്. പള്ളികളിൽ സ്ത്രീകൾക്ക് പ്രവേശനം നൽകുന്നത് എതിർക്കുന്ന ഇവർ ആകെ അതിന് അനുമതി നൽകാറുള്ളത് ആരാധനാലയങ്ങളുടെ നിർമ്മാണവും പുനരുദ്ധാന പ്രവർത്തനങ്ങളും മറ്റുമായി ബന്ധപ്പെട്ട ധനസമാഹാരണത്തിന് സാധാരണ നടത്താറുള്ള പള്ളി 'വിരുന്നുകളുടെ' കാര്യത്തിലാണ്.

എം എൻ കാരശ്ശേരി നിരീക്ഷിക്കുന്നത് പോലെ 'കേരളീയ മുസ്ലിങ്ങൾക്കിടയിൽ ഭൂരിപക്ഷം വരുന്ന സുന്നി സംഘടനകൾ സ്ത്രീകളെ ഭാരവാഹികളാക്കുന്നതിനെ പറ്റിയോ അവർക്ക് പ്രത്യേകം സംഘടനകൾ ഉണ്ടാക്കുന്നതിനെ പറ്റിയോ ആലോചിച്ചിട്ടില്ല. ആലോചിക്കുമെന്നും തോന്നുന്നില്ല. സുന്നികൾക്കിടയിലെ ലീഗനുകൂല ഇ കെ വിഭാഗവും ലീഗ് വിരുദ്ധ എപി വിഭാഗവും ഈ വിഷയത്തിൽ ഏകാഭിപ്രായക്കാരാണ്.'

രാഷ്ട്രീയ സംഘടനകളിൽ സ്ത്രീകൾ പ്രവർത്തിക്കുന്നത് എതിർക്കുന്നവർ, കഴിവുള്ള പുരുഷന്മാരുള്ളപ്പോൾ സ്ത്രീ തിരഞ്ഞെടുപ്പുകളിൽ മത്സരിക്കേണ്ടതില്ല എന്ന് പറയുന്നവർ, മത സംഘടനകളുടെ തലപ്പത്തു സ്ത്രീ വരുന്നത് തടയുന്നവർ, എന്തിന്, പുതിയ പൗരത്വനിയമത്തിന്റെ പശ്ചാത്തലത്തിൽ സ്വന്തം പൗരത്വം നഷ്ടപ്പെട്ട് ഡിറ്റെൻഷൻ സെന്ററുകളിലേക്ക് മാർച്ചു ചെയ്യേണ്ടി വരുമോ എന്ന ഭീതിയിൽ ഒരിക്കലുമില്ലാത്ത വിധം സ്ത്രീകളും കുഞ്ഞുങ്ങളുമടങ്ങുന്ന സമുദായം തെരുവുകളിൽ അണിനിരക്കുമ്പോൾ പോലും, സ്ത്രീകൾ മുഷ്ടി ഉയർത്തിയാൽ ആകാശത്തിന് തുള വീഴും എന്ന പരിഹാസ്യ പ്രതികരണമായി വരുന്നവർ ആത്മീയ വേദികളിൽ, സാന്മാർഗികളായ സ്ത്രീരത്നങ്ങളെ വാർത്തെടുക്കുന്ന വേദികളിൽ അവരെ മാക്സിമം പങ്കെടുപ്പിക്കും. അവിടെ കൂടുതൽ 'പ്രാതിനിധ്യം' സ്ത്രീകൾക്കാണ്. ലക്ഷങ്ങൾ പ്രതിഫലം വാങ്ങി മത ഉദ്ബോധനം നടത്തുന്ന ഉസ്താദിന്റെ വാഗ്ധോരണി കേട്ട് കയ്യടിച്ചു സംഭാവന ചെയ്യുന്നതും അവർ തന്നെ.

ജമാഅത്തെ ഇസ്ലാമി തുടക്കം മുതൽതന്നെ സ്ത്രീകളേയും പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നുണ്ട്. സ്ത്രീകൾക്ക് ആദ്യകാലങ്ങളിൽ പ്രത്യേകം വനിതാക്ലാസുകൾ സംഘടിപ്പിച്ചിരുന്നു. പിന്നീടവ വനിതാ ഘടകങ്ങളായി മാറി. 1994 ജൂലൈ 7-നാണ് ഔദ്യോഗികമായി വനിതകൾക്കായി ഒരു വകുപ്പ് രൂപവത്കരിച്ചത്. വനിതാ വിഭാഗം സംസ്ഥാന പ്രസിഡന്റായ കെ.കെ. സുഹ്റ ജമാഅത്തെ ഇസ്ലാമി കേരള ശൂറ അഥവാ കൂടിയാലോചനാ സമിതി അംഗമായിരുന്നു. ജമാഅത്തെ ഇസ്ലാമി വിദ്യാർത്ഥിനികൾക്കു വേണ്ടി 1984 ജൂലൈ 7-ന് രൂപീകരിച്ച സംഘടനയാണ് ഗേൾസ് ഇസ്ലാമിക് ഓർഗനൈസേഷൻ അഥവാ (ജി.ഐ.ഒ.). 2015-19 കാലത്തെ സംസ്ഥാന കമ്മിറ്റിയിൽ അഞ്ചു സെക്രട്ടറിമാരിൽ ഒരാൾ ഒരു വനിതയാണ്. സംസ്ഥാന കൗൺസിലിലും രണ്ട് അംഗങ്ങൾ സ്ത്രീകൾ ആണ്.

കേരള നദ് വത്തുൽ മുജാഹിദീൻ ആണ് മറ്റൊരു പ്രബല സംഘടന. അതിന്റെ വനിതാഘടകമാണ് മുസ്ലിം ഗേൾസ് ആൻഡ് വിമൻസ് മൂവ്മെന്റ്.

ജമാഅത്തെ ഇസ്ലാമിയെ പോലെ തന്നെ സ്ത്രീകൾക്ക് കുറെ കൂടെ പ്രാതിനിധ്യം നൽകുന്നവരാണ് മുജാഹിദ് വിഭാഗവും. സ്ത്രീകളുടെ പള്ളിപ്രവേശം, മഹല്ല് കമ്മിറ്റി പ്രവേശം, മുഖാവരണം പോലെയുള്ള വിഷയങ്ങളിൽ സ്ത്രീകൾക്ക് അനുകൂലമായി നിലപാടുകൾ എടുക്കുന്നവർ. കെഎൻഎം സംസ്ഥാന കമ്മിറ്റിയിൽ സ്ത്രീകൾക്കും അഭിപ്രായം ഉണ്ട്, പ്രാതിനിധ്യം ഉണ്ടെന്നല്ലാം വനിതാനേതാക്കൾ പറഞ്ഞെങ്കിലും ഔദ്യോഗിക വെബ്സൈറ്റിൽ സംസ്ഥാന സമിതിയിൽ സ്ത്രീകളുടെ പേരുകൾ കണ്ടില്ല.

മുസ്ലിം നവോത്ഥാനത്തിന് ഏറ്റവും പശിമയുള്ള മണ്ണ് എന്നറിയപ്പെടുന്ന കേരളത്തിൽ നിന്നും ഉയരുന്ന പുരുഷ ആക്രോശങ്ങൾ കാണിക്കുന്നത് ലിംഗ സമത്വം എന്ന ചിന്ത തന്നെ ഇപ്പോഴും അവരെ വിറളി പിടിപ്പിക്കുന്നുവെന്നാണ്. സമീപകാല കേരള ചരിത്രം പരിശോധിച്ചാൽ സ്ത്രീകളെ സംബന്ധിക്കുന്ന പല വിഷയങ്ങളിലും ഉയർന്നു കേട്ട ഡയലോഗുകൾ, പ്രത്യേകിച്ച് സ്ത്രീയുടെ ചുവടുകൾക്ക് ലക്ഷ്മണ രേഖ വരച്ചുകൊണ്ട് ഉയർന്നു കേട്ട ശബ്ദങ്ങൾ മതബ്രാൻഡിൽ നിൽക്കുന്ന കുല പുരുഷന്മാരുടേതാണെന്നു കാണാം. മതവും രാഷ്ട്രീയവും അടക്കിവാഴുന്ന ആൺവേഷങ്ങൾ സ്ഥാപിതതാല്പര്യങ്ങൾക്കനുസൃതമായി സ്ത്രീകളുടെ കർതൃത്വം നിശ്ചയിക്കുന്ന, അവരുടെ പരിധി നിർണയിക്കുന്ന പല ഉദാഹരണങ്ങളും കാണാം. മുസ്ലീം സ്ത്രീകൾ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതും പൊതുരംഗത്ത് വരുന്നതും മത നിഷേധമാണ് എന്ന സമസ്ത യുവ പണ്ഡിതൻ സിംസാറുൽ ഹഖ് ഹുദവിയുടെ പ്രസംഗവും,

തെരഞ്ഞെടുപ്പിലെ സ്ത്രീ സംവരണത്തിന്റെ കാര്യത്തിൽ 'ഭരണനടത്തിപ്പ് പിൻസീറ്റ് ഡ്രൈവിങ്ങായി പരിണമിക്കുന്നു' എന്ന ജമാഅത്ത് ഇസ്ലാമി നേതാവ് ഒ അബ്ദുറഹ്മാൻ നടത്തിയ മുൻപ്രസ്താവനയും 'തെരഞ്ഞെടുപ്പിൽ സ്ത്രീ സംവരണം കൂടിപ്പോയി, പുരുഷന്മാരെ പോലെ രംഗത്തിറങ്ങാൻ ഇസ്ലാം സ്ത്രീയെ അനുവദിച്ചിട്ടില്ല. അതിന് ഒരു പാട് കാരണങ്ങളുണ്ട്. പുരുഷന്മാരെ പോലെ സ്ത്രീകൾ രംഗത്ത് ഇറങ്ങിയാൽ നാശവും ബുദ്ധിമുട്ടും ആക്രമവും ഉണ്ടാവും' എന്ന സുന്നി പണ്ഡിതൻ കാന്തപുരത്തിന്റെ പ്രസ്താവനയും അതെ സമയം മുസ്ലിം സ്ത്രീകൾ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നത് ഇസ്ലാം മതം വിലക്കിയിട്ടില്ലെന്ന മത പണ്ഡിതനും ഓൾ ഇന്ത്യ ഇസ്ലാമി മൂവ്മെന്റ് ജനറൽ സെക്രട്ടറിയുമായ ഹുസൈൻ മടവൂരിന്റെ നിലപാടും എല്ലാം കാണിക്കുന്നത് സ്ത്രീകളെ സംബന്ധിക്കുന്ന വിഷയങ്ങളിലെല്ലാം ആധികാരികമായി അഭിപ്രായം പറയേണ്ടത് തങ്ങൾ ആണെന്ന പുരുഷകേന്ദ്രീകൃത സമുദായ സംഘടനകളുടെ ധാരണകളാണ്.

സമസ്ത കേരള ജംഇയ്യത്തുൽ ഉലമ യുവജനവിഭാഗം സംസ്ഥാന സെക്രട്ടറി അബ്ദുസമദ് പൂക്കോട്ടൂർ വനിതാമതിലിനെ എതിർത്തുകൊണ്ട് രംഗത്തു വന്നത് സ്ത്രീകളെ പരസ്യമായി പൊതുരംഗത്തു ഇറക്കുന്നതിലെ, മതത്തിന്റെ പരിധിക്കു പുറത്തു സ്ത്രീകളെ കൊണ്ടുവരുന്നതിലെ 'ശരികേട്' ചൂണ്ടിക്കാണിച്ചായിരുന്നു. എന്നാൽ മുസ്ലിം സമുദായത്തിൽ നിന്ന് പതിനായിരക്കണക്കിന് സ്ത്രീകളാണ് പർദകൾ അണിഞ്ഞും മുഖംമറച്ചും ദേശീയപാതയിൽ മതിൽകെട്ടാനെത്തിയത് എന്നത് വേറെ കാര്യം. രക്ഷാധികാരി ചമയുന്ന പുരുഷ പുരോഹിതർക്കുള്ള അർഹിക്കുന്ന മറുപടിയായി മാറി വനിതാമതിലിലെ ഈ പ്രാതിനിധ്യം. നവോത്ഥാനത്തെ കുറിച്ചും അക്ഷരങ്ങൾ വിലക്കപ്പെട്ട കാലത്തു നിന്നും മതപൗരോഹിത്യത്തിന്റെ തിട്ടൂരങ്ങൾ പതിയെപ്പതിയെ കാറ്റിൽ പറത്തി വിദ്യാഭ്യാസം കൊണ്ട്, തൊഴിൽ കൊണ്ട് എല്ലാം ശാക്തീകരിക്കപ്പെട്ട മുസ്ലിം സ്ത്രീയെ കുറിച്ചു വാ തോരാതെ സംസാരിക്കുമ്പോഴും പൗരോഹിത്യ ജന്മികൾ തങ്ങൾക്ക് നഷ്ടമായിക്കൊണ്ടിരിക്കുന്ന അധികാര ഭൂമിക നിലനിർത്താൻ യത്നിക്കുകയാണ്. തുടരെ തുടരെ ഉണ്ടാകുന്ന സ്ത്രീ വിരുദ്ധ പരാമർശങ്ങളെ അങ്ങിനെ വേണം കാണാൻ. മുസ്ലിം പെൺകുട്ടികളുടെ വിവാഹപ്രായം വിവാദമായി വന്നപ്പോഴും സ്ത്രീകളുടെ കർതൃത്വം കവർന്നുകൊണ്ട് അതിൽ അഭിപ്രായം പറയേണ്ടത് തങ്ങളാണെന്ന മട്ടിൽ വന്നവരിൽ പുരോഗമന പ്രസ്ഥാനങ്ങൾ എന്ന് സ്വയം വിശേഷിപ്പിക്കുന്നവരുടെ തലവന്മാരും ഉണ്ടായിരുന്നു. പതിവുകൾ തെറ്റിക്കാതെ, സ്ത്രീകളെ സംബന്ധിക്കുന്ന വിഷയങ്ങളിൽ അഭിപ്രായം പറയാൻ സംഘടിപ്പിക്കുന്ന മതസംഘടനകളുടെ മീറ്റിംഗുകളിൽ ഒന്നും തന്നെ സ്ത്രീകളെ കാണാറില്ല. അതിൽ പങ്കെടുക്കുന്ന പല സംഘടനകൾക്കും പ്രത്യേകം വനിതാവിങ് ഉണ്ട് താനും. സ്ത്രീകളുടെ വിവാഹപ്രായം ചർച്ച ചെയ്യാൻ വിളിച്ച യോഗത്തിൽ കേരളത്തിലെ പ്രമുഖ മുസ്ലിം വനിതാസംഘടനകളെയും, വിദ്യാർത്ഥിനീ സംഘടനകളെയും ക്ഷണിക്കാതിരുന്നത് മതസംഘടനകളുടെ സ്ത്രീ വിരുദ്ധതയുടെയും ആൺകോയ്മാബോധത്തിന്റെയും തെളിവാണ്. നികാബ് നിരോധനം ചർച്ച ചെയ്യാനും മുത്തലാഖ് വിഷയം ചർച്ച ചെയ്യാനും കൂടിയ ചർച്ചകളിലും സ്ത്രീകളെ ഇരുത്തിയതായി കണ്ടില്ല.

രാഷ്ട്രീയവും മതവും പരസ്പരം പൂരകങ്ങളായി നിലകൊള്ളുന്ന അവസ്ഥയിൽ, മതങ്ങളിലെ സ്ത്രീ വിരുദ്ധത രാഷ്ട്രീയത്തിലേക്കും മറയേതുമില്ലാതെ അരിച്ചിറങ്ങുന്നതും ആധുനിക തുല്യതാ സങ്കല്പങ്ങൾക്കു തുരങ്കം വെക്കുന്നതും പ്രകടമായി കാണാം. വനിതാലീഗിന്റെ നിരന്തര പ്രതിഷേധം വകവെക്കാതെ മുസ്ലിം ലീഗ് സ്ത്രീകൾക്കു സീറ്റ് നിഷേധിക്കുന്നതും മതസംഘടനകൾ രാഷ്ട്രീയത്തിൽ ഇടപെടുന്നതിന്റെ സൂചനയാണ്.

തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിലേക്കു നടന്ന തിരഞ്ഞെടുപ്പുകളിലും കുടുംബശ്രീ യൂണിറ്റുകളിലുമെല്ലാം സജീവമായ മുസ്ലിം സ്ത്രീകളെ അകത്തേക്ക് ഓടിച്ചു കയറ്റാൻ സമസ്തയുടെ പിണിയാളുകൾ ശ്രമിച്ചെങ്കിലും ജനാധിപത്യ, പുരോഗമന ശബ്ദങ്ങൾ അടിച്ചമർത്തുന്നത് രാഷ്ട്രീയ താത്പര്യങ്ങൾക്ക് വിഘാതമാകുമെന്നു കണ്ട് തൽക്കാലം നിശബ്ദമാകുകയായിരുന്നു. കമറുന്നിസ അൻവറിനു ശേഷം മുസ്ലിം ലീഗ് ഒരു സ്ത്രീക്ക് അസംബ്ലി സീറ്റ് നൽകാത്തതും ഈ പൗരോഹിത്യ വാഴ്ചക്ക് ദാസ്യപ്പണി ചെയ്യുന്നത് കൊണ്ടെന്നും വ്യക്തം. സമുദായത്തിലെ സ്വപാതിക്ക് എല്ലാത്തരത്തിലും അസ്തിത്വം നിഷേധിക്കുന്നവർ തുല്യതയ്ക്കു വേണ്ടിയും ഭരണഘടനയ്ക്ക് വേണ്ടിയും സമരം ചെയ്യാൻ തെരുവിലിറങ്ങിയപ്പോഴും സമരത്തിനിറങ്ങുന്ന സ്ത്രീകളെ പിന്തിരിപ്പിക്കാനുള്ള എല്ലാ ശ്രമങ്ങളും നടത്തി. പൗരത്വ നിയമ ഭേദഗതിയുമായി ബന്ധപ്പെട്ട സമരങ്ങളിൽ സ്ത്രീകൾ തെരുവിൽ ഇറങ്ങരുതെന്ന് ഇന്ത്യൻ ഗ്രാന്റ് മുഫ്തി കാന്തപുരം എ.പി അബൂബക്കർ മുസ്ലിയാർ ഫത്വ ഇറക്കി. മുസ്ലിം സ്ത്രീകൾ പൊതുരംഗത്തിറങ്ങുന്നതും അറസ്റ്റിനും മറ്റും ഇടവരുത്തുന്ന വിധം പരിധി വിടുന്നതും ഇസ്ലാമിക വിരുദ്ധമാണെന്ന് ഇ കെ വിഭാഗം സമസ്തയുടെ ഒൻപത് നേതാക്കളുടെ പേരിൽ ഇറക്കിയ പ്രസ്താവനയിൽ പറഞ്ഞു.

എല്ലാ വിഭാഗങ്ങളെയും ചേർത്തു സംഘടിപ്പിച്ച റാലികളിൽ സ്ത്രീകളെ ഒഴിച്ച് നിർത്തി. സമസ്തയുടെ ഇരു വിഭാഗങ്ങളുടെയും തിട്ടൂരങ്ങളെ തള്ളിക്കളഞ്ഞു കൊണ്ട് സ്ത്രീകൾ തെരുവിൽ നിറഞ്ഞ കാഴ്ചയാണ് പിന്നെയും കേരളം കണ്ടത്. എല്ലാ കർതൃത്വത്തിൽ നിന്നും അവരെ അകറ്റി നിർത്തിയ ഒരു സംഘടനയ്ക്ക് സ്ത്രീകൾ നൽകിയ മറുപടി. ഇസ്ലാം മതസംഘടനകളുടെ പൊതുവേദിയിൽ വനിതകൾക്ക് ഇടം കൊടുക്കാതിരിക്കുന്നതിന്റെ പേരിൽ വനിതാനേതാക്കൾക്ക് പരിതപിക്കേണ്ടി വരുമ്പോഴും സ്ത്രീകളുടെ പള്ളിപ്രവേശനത്തിൽ സംഘടനകൾ വ്യത്യസ്ത അഭിപ്രായങ്ങൾ പ്രകടിപ്പിക്കുമ്പോഴും ആശ്വാസകരമായ പല ചുവടുവെപ്പുകളും നവോ

ത്ഥാന സംഘടനകളുടെ ഭാഗത്തു നിന്നുണ്ടാകുന്നുണ്ട് എന്നത് ശ്രദ്ധേയമാണ്.

പല മുസ്ലിം പള്ളികളിലും പ്രാർത്ഥനയ്ക്ക് സ്ത്രീകൾക്ക് സൗകര്യമൊരുക്കി കഴിഞ്ഞു. മഹല്ല് ഭരണസമിതിയിൽ സ്ത്രീകളെ ഉൾപ്പെടുത്തിക്കൊണ്ട് കേരളത്തിൽ രണ്ട് മൂന്ന് മഹല്ലുകൾ മാതൃക കാണിച്ചു കഴിഞ്ഞു. 2011 മുതൽ കോഴിക്കോട് ജില്ലയിലെ ശിവപുരം വില്ലേജിലും 2012 മുതൽ മലപ്പുറം ജില്ലയിലെ ശാന്തപുരത്തും, വളരെ അടുത്ത കാലത്തായി കോഴിക്കോട് ജില്ലയിലെ ചേന്ദമംഗലൂരും വനിതകളെ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള മഹല്ലു കമ്മറ്റികൾ പ്രവർത്തിച്ചു വരുന്നുണ്ട്. ശാന്തപുരം മഹല്ലിൽ കമ്മിറ്റി മെമ്പർമാരെ തിരഞ്ഞെടുക്കുന്നതിൽ എല്ലാ സ്ത്രീകൾക്കും വോട്ടവകാശം ഉണ്ട്. എട്ട് സ്ത്രീകൾ നിർബന്ധമായും മഹല്ല് കമ്മിറ്റിയിൽ ഉണ്ടാവണമെന്നും അവർ നിഷ്കർഷിക്കുന്നു.

**ഏദൻ തോട്ടങ്ങളിൽ നിന്നുള്ള പുറപ്പാടുകൾ**

ഏദൻതോട്ടത്തിൽനിന്നു പുറത്താക്കപ്പെട്ട ഹവ്വ ഒരു തുടക്കമായിരുന്നു. 'ശപിക്കപ്പെട്ടവൾ' എന്ന ഇമേജ് അവിടെനിന്നിങ്ങോളം അവളെ വിടാതെ പിന്തുടർന്നുപോന്നു. പാർശ്വവൽക്കരണത്തിന്റെ വാതിൽ അവൾക്കുമുന്നിൽ സദാ തുറന്നുകിടന്നു. യഹൂദ സമുദായത്തിലെ സ്ത്രീകൾ പൂർണ്ണമായും അരികുവൽക്കരിക്കപ്പെട്ടവർ ആയിരുന്നു. ഈ അവസ്ഥയ്ക്ക് മാറ്റമുണ്ടാക്കാനുള്ള ആത്മാർത്ഥ പരിശ്രമം യേശു ക്രിസ്തുവിന്റെ ജീവിതത്തിൽ കാണാം. അദ്ദേഹം ജീവിതം മുഴുവൻ സ്ത്രീകളെയും കുഞ്ഞുങ്ങളെയും ചേർത്തുപിടിച്ചു. അപ്പൊസ്തലരിൽ സ്ത്രീകൾ ഇല്ലെങ്കിലും ശിഷ്യഗണത്തിൽ അദ്ദേഹം സ്ത്രീകൾക്ക് കൂടി സ്ഥാനം നൽകി. പ്രബോധന വേളയിൽ സ്ത്രീകൾ അദ്ദേഹത്തെ അനുഗമിച്ചു. സ്ത്രീ പുരുഷ വ്യത്യാസമില്ലാതെ എല്ലാവർക്കുമിടയിൽ അദ്ദേഹം സുവിശേഷ പ്രചരണം നടത്തി മതകാര്യങ്ങളിൽ സ്ത്രീകളെ പൂർണ്ണമായി പുറംതള്ളിയിരുന്ന യഹൂദ സമുദായത്തിൽ വിപ്ലവകരമായിരുന്നു ഇവയെല്ലാം. എന്നാൽ, പിൽക്കാലത്ത് കാര്യങ്ങൾ മാറി. പഴയ യഹൂദ സമുദായത്തിന്റെ സ്ത്രീകളോടുള്ള കാഴ്ചപ്പാടുകൾ പലതും പിൽക്കാലത്ത് സഭ സ്വീകരിച്ചു. പൗലോസ് സഭാ നേതൃത്വം ഏറ്റെടുത്തതോടെ ഇക്കാര്യം കൂടുതൽ വെളിവായി. പൗലോസിന്റെ ലേഖനങ്ങളിലെ സ്ത്രീ വിരുദ്ധത പിൽക്കാലത്ത് ഏറെ ചർച്ചയായതാണ്. സ്ഥാപനവൽക്കരിക്കപ്പെട്ട മതത്തിന്റെ സ്ത്രീകളോടുള്ള കാഴ്ചപ്പാട് രൂപവൽക്കരിക്കപ്പെട്ടത് ഈ വഴികളിലൂടെയായിരുന്നു.

ക്രിസ്തുവിന്റെ പന്ത്രണ്ട് അപ്പസ്തോലരിൽ ഒരാളായിരുന്ന തോമാശ്ലീഹ വഴിയാണ് കേരളത്തിൽ ക്രിസ്തുവിന്റെ സന്ദേശമെത്തിയത് എന്ന വിശ്വാസം പ്രബലമാണ്. അത് പ്രകാരം തോമാശ്ലീഹ പൊതുവർഷം 52-ൽ കേരളത്തിലെത്തി. അദ്ദേഹം കേരളത്തിൽ ദേവാലയങ്ങൾ സ്ഥാപിച്ചതായും കരുതുന്നു. പിന്നാലെ, അനേകം മതപ്രചാരകർ ഇവിടെ വരികയും മതപ്രചരണം നടത്തുകയും ചെയ്തു. നിരവധി പേർ ക്രിസ്തുമതം സ്വീകരിച്ചു. മുഖ്യമായും അഞ്ച് സഭകളാണ് കേരളത്തിൽ പ്രവർത്തിക്കുന്നത്. കത്തോലിക്കാ സഭകൾ, ഓർത്തഡോക്സ് സഭകൾ, ഇതര സുറിയാനി സഭകൾ, പ്രൊട്ടസ്റ്റന്റ് സഭകൾ, അൾട്രാ പ്രൊട്ടസ്റ്റന്റ് സ്വയശീർഷക സഭകൾ എന്നിവ. കത്തോലിക്കാ സഭയുടെ മൂന്ന് വ്യക്തിസഭകൾ കേരളത്തിൽ പ്രവർത്തിക്കുന്നു. സുറിയാനി പാരമ്പര്യത്തിലുള്ള കത്തോലിക്കാ സഭ (സീറോ മലബാർ കത്തോലിക്കാ സഭ, സീറോ മലങ്കര കത്തോലിക്കാ സഭ), ലത്തീൻ പാരമ്പര്യത്തിലുള്ള കത്തോലിക്കാ സഭ (ലത്തീൻ കത്തോലിക്കാ സഭ). ഓറിയന്റൽ ഓർത്തഡോക്സ് സഭാകുടുംബത്തിൽ ഉൾപ്പെടുന്ന രണ്ട് സഭകൾ കേരളത്തിലുണ്ട്. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ, യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭ. കൽദായ സുറിയാനി സഭ, മലബാർ സ്വതന്ത്ര സുറിയാനി സഭ, മലങ്കര മാർത്തോമ്മാ സുറിയാനി സഭ എന്നിങ്ങനെ സുറിയാനി പാരമ്പര്യത്തിലുള്ള ഇതരസഭകളും ഇവിടെ പ്രവർത്തിക്കുന്നു. കേരളത്തിലുള്ള കത്തോലിക്കാ-ഓർത്തഡോക്സ്-പൗരസ്ത്യ സഭകളിൽ പെടാത്ത പ്രൊട്ടസ്റ്റന്റ് സഭകൾ ഇവയാണ്: ചർച്ച് ഓഫ് സൗത്ത് ഇന്ത്യ (സി.എസ്.ഐ), ആംഗ്ലിക്കൻ സഭ, ശാബത് സഭ (സെവൻത് ഡേ അഡ്വന്റിസ്റ്റുകൾ), സാൽവേഷൻ ആർമി, ബിലീവേഴ്സ് ചർച്ച്. ഇവ കൂടാതെ, അൾട്രാ പ്രൊട്ടസ്റ്റന്റ് സ്വയശീർഷക സഭകളായ പെന്തക്കോസ്തു സഭകൾ, ബ്രദറൺ സഭ (വേർപാടുകാർ) എന്നിവയും യഹോവയുടെ സാക്ഷികൾ പോലുള്ള മുഖ്യധാര ക്രൈസ്തവസഭകളിൽ പെടാത്ത വിഭാഗങ്ങളും കേരളത്തിലുണ്ട്.

വിശ്വാസപരമായ കാര്യങ്ങളിൽ വ്യത്യസ്ത ധാരകൾ പിന്തുടരുന്ന ഈ സഭകളിൽ ഭൂരിഭാഗവും സ്ത്രീകളുടെ കാര്യത്തിൽ പുലർത്തുന്നത് സമാനമായ നിലപാടുകളാണ് എന്നു കാണാം. സഭാ അധികാര ഘടനയിലും സാമ്പത്തിക കാര്യങ്ങളിലുമെല്ലാം സ്ത്രീകൾ പലപ്പോഴും പുറത്താണ്. വിദേശങ്ങളിലൊക്കെ സഭാ നേതൃത്വങ്ങൾ സ്ത്രീകളോ



**2006ൽ ആംഗ്ലിക്കൻ സഭയുടെ ആദ്യ വനിത ബിഷപ്പായി അവരോധിക്കപ്പെട്ട കാതറിൻ ഷോൻ**

ടുള്ള നിലപാടിൽ കാതലായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെങ്കിലും കേരളത്തിൽ ഈ മാറ്റങ്ങളൊന്നും കാര്യമായി കടന്നുവന്നിട്ടില്ല. സഭാ നേതൃത്വത്തിൽ പങ്കാളിത്തം, ധനവിനിയോഗവുമായി ബന്ധപ്പെട്ട അധികാര സ്ഥാനങ്ങളിലെ പങ്കാളിത്തം, വോട്ടവകാശം, സ്ത്രീകൾക്ക് പൗരോഹിത്യ പദവി തുടങ്ങിയ കാര്യങ്ങളിൽ ആശാവഹമായ പുരോഗതി ഉണ്ടായിട്ടേയില്ല.

ഓർത്തഡോക്സ് സഭകളൊന്നും ഈ നിലപാടിൽ ഒരു മാറ്റത്തിനും തയ്യാറല്ല എന്ന സൂചനയാണ് നൽകുന്നത്. കത്തോലിക്ക സഭകളിൽ കന്യാസ്ത്രീകളുടെ സാന്നിധ്യമാണ് എടുത്തുപറയാവുന്ന ആകെയുള്ള സ്ത്രീ പങ്കാളിത്തം. സഭയുടെ മുൻകൈയിൽ സ്ത്രീകൾക്ക് മാത്രമായുള്ള യുവദീപ്തി പോലുള്ള ചില സംഘടനകൾ പ്രവർത്തിക്കുന്നുവെങ്കിലും അച്ചൻമാരുടെ നേതൃത്വത്തിലും താൽപ്പര്യത്തിലുമാണ് ഇവയുടെ പ്രവർത്തനങ്ങൾ. കമ്മിറ്റികളിൽ പ്രാതിനിധ്യം, വോട്ടവകാശം പോലുള്ള കാര്യങ്ങളിൽ കത്തോലിക്ക സഭകളിൽ വലിയ മാറ്റങ്ങൾ സംഭവിച്ചിട്ടില്ല. മാർത്തോമ സഭ കുറച്ചുകൂടി ബാലൻസ്ഡ് ആണ്. എന്നാൽ, അവർ സ്ത്രീ പുരോഹിതരെ അംഗീകരിക്കുന്നില്ല. വിദേശത്തുനിന്ന് വനിതാ ബിഷപ്പുമാരെത്തുമ്പോൾ സ്വീകരിക്കുകയോ പരിപാടികളിൽ പങ്കെടുപ്പിക്കുകയോ ഒക്കെ ചെയ്യാറുണ്ടെങ്കിലും സഭയ്ക്കുള്ളിൽ ഇക്കാര്യം അനുവദിക്കുന്നില്ല. മാരാമൺ കൺവൻഷനിൽ രാത്രികാലങ്ങളിൽ സ്ത്രീകൾക്ക് പങ്കെടുക്കാനുള്ള അവകാശങ്ങൾക്കായി മുറവിളികൾ ഉയർന്നിട്ടും വലിയ മാറ്റം സംഭവിച്ചിട്ടില്ല.

എന്നാൽ, മതത്തിനുള്ളിൽ സമഗ്ര പരിഷ്കരണം ലക്ഷ്യമിട്ട് രൂപവൽക്യതമായ ലൂതറൻ സഭകൾ ഇക്കാര്യത്തിൽ ഏറെ മുന്നോട്ടുപോയിട്ടുണ്ട്. പക്ഷേ, തിരുവനന്തപുരത്തും ആലപ്പുഴയിലുമുള്ള വിരലിലെണ്ണാവുന്ന പള്ളികൾ മാത്രമേ ലൂതറൻ സഭകൾക്ക് കേരളത്തിലുള്ളൂ. രാജ്യത്തെ ആദ്യ വനിതാ ബിഷപ്പ് ആയി കണക്കാക്കുന്ന കടാക്ഷമ്മ ലൂതറൻ സഭയുടെ സംഭാവനയാണ്. ഗുഡ് സമരിറ്റൻ ഇവാഞ്ചലിക്കൽ ലൂതറൻ ചർച്ചിലാണ് ഡോ. കടാക്ഷമ്മ. എന്നാൽ ആന്ധ്രയിലെ ഖമ്മം ജില്ലയിലെ ബദാചലം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന കടാക്ഷമ്മയെ പൂർണ്ണാർത്ഥത്തിൽ ബിഷപ്പ് എന്ന് വിളിക്കാനാവില്ലെന്ന് ചൂണ്ടിക്കാട്ടപ്പെടുന്നു. അവർ ഉൾക്കൊള്ളുന്ന സഭയുടെ സവിശേഷതയാണ് ഇതിനു കാരണം. ലൂതറൻ സഭകൾക്കെല്ലാം തത്വത്തിൽ സ്ത്രീ പുരോഹിതരുണ്ട്. കേരളത്തിൽ അത് നടപ്പാക്കിയില്ലെങ്കിലും സംസ്ഥാനത്തിനു പുറത്ത് പലയിടങ്ങളിലും അതുണ്ട്.

ലൂതറൻ പാരമ്പര്യമുള്ള ചർച്ച് ഓഫ് സൗത്ത് ഇന്ത്യ (സി.എസ്.ഐ) സഭയാണ് സ്ത്രീകളോടുള്ള സമീപനത്തിൽ കാര്യമായ മാറ്റങ്ങൾ കൊണ്ടുവന്ന പ്രബല വിഭാഗം. ഇന്ത്യയിലെ ആദ്യത്തെ പൂർണ്ണാർത്ഥത്തിലുള്ള വനിതാ ബിഷപ്പ് ആയി കണക്കാക്കുന്ന ബിഷപ്പ് പുഷ്പ ലളിത എഗോണി സി.എസ്.ഐ സഭയുടെ ഭാഗമാണ്. ആന്ധ്രയിലെ നന്ത്യാൽ കേന്ദ്രമായി പ്രവർത്തിക്കുന്ന ബിഷപ്പ് പുഷ്പ ലളിത 2013-ലാണ് കർണൂൽ ജില്ലയിലെ കുഗ്രാമത്തിൽനിന്ന് ബിഷപ്പ് പദവിയിലേക്ക് എത്തുന്നത്.

ഇവർ മാത്രമല്ല, നിരവധി സ്ത്രീ വൈദികരും സി എസ് ഐ സഭയിലുണ്ട്. എന്നാൽ, കേരളത്തിലെത്തുമ്പോൾ സി എസ് ഐ സഭയിലും കാര്യം വ്യത്യസ്തമല്ല. സ്ത്രീ പൗരോഹിത്യത്തെ അംഗീകരിച്ചിട്ടുണ്ടെങ്കിലും ഇവിടെയുള്ള ആറു രൂപതകളിലും ഇപ്പോൾ സ്ത്രീ പുരോഹിതർ ഇല്ല. എന്നാൽ നേരത്തെ അതായിരുന്നില്ല അവസ്ഥ. തിരുവനന്തപുരം രൂപതയ്ക്ക് കീഴിൽ രണ്ട് സ്തീ വൈദികർ ഉണ്ടായിരുന്നു. 31 വർഷംമുമ്പ് വൈദിക പദവിയിൽ എത്തിയ റവ. മരതകവല്ലി രണ്ട് പതിറ്റാണ്ടിലേറെ നീണ്ട പ്രേഷിത വൃത്തിക്കു ശേഷം വിരമിച്ചു. അതേ രൂപതയ്ക്ക് കീഴിൽ പ്രവർത്തിച്ച റവ. ഓമന വിക്റ്റർ 67 വയസ്സിൽ കഴിഞ്ഞ വർഷം വിരമിച്ചു. അതിനു ശേഷം കേരളത്തിലെ സി എസ് ഐ സഭയിൽ വനിതാ വൈദികർ ഉണ്ടായിട്ടില്ല. നാലു വർഷംമുമ്പ് സി എസ് ഐ സഭയുടെ ഡെപ്യൂട്ടി മോഡറേറ്ററും മധ്യ കേരളാ രൂപതയുടെ തലവനുമായ ബിഷപ് തോമസ് കെ ഉമ്മൻ കോട്ടയത്ത് നടത്തിയ വാർത്താ സമ്മേളനത്തിൽ കൂടുതൽ വനിതാ വൈദികരെ കൊണ്ടുവരുമെന്ന് പറഞ്ഞിരുന്നെങ്കിലും മധ്യ കേരളാ രൂപതയിൽ അടക്കം കേരളത്തിൽ എവിടെയും ഇപ്പോഴും വനിതാ വൈദികർ ഇല്ല. തിയോളജിയിൽ ഡോക്ടറേറ്റ് നേടിയ, യോഗ്യരായ വനിതകൾ നിലവിലുള്ളപ്പോഴാണ് ഈ അവസ്ഥ.

കേരളത്തിലെ സി എസ് ഐ സഭകൾക്ക് ഓർത്തഡോക്സ്, മാർത്തോമാ സഭകളൊക്കെയുമായുള്ള ബന്ധമാണ് ഇതിനു കാരണമായി പറയപ്പെടുന്നത്. സ്ത്രീകളുടെ പൗരോഹിത്യത്തോട് താൽപ്പര്യമില്ലാത്ത ഈ സഭകളുടെ സ്വാധീനം മൂലമാണ് കേരളത്തിൽ മാത്രം ഈ സവിശേഷ സാഹചര്യമെന്ന് ചൂണ്ടിക്കാട്ടപ്പെടുന്നു. നാലു വർഷം മുമ്പ് അന്തർ സംസ്ഥാനതലത്തിൽ 150 ഓളം സ്ത്രീ വൈദികർ ഉണ്ടായിരുന്ന സി എസ് ഐ സഭയിലാണ് കേരളത്തിലെത്തുമ്പോൾ ഈ അവസ്ഥ. സിഎസ്ഐ സഭകളെക്കുറിച്ച് പൊതുവെ പറയുമ്പോൾ സ്ത്രീ പ്രാതിനിധ്യത്തെക്കുറിച്ച് അഭിമാനകരമായി പറയാവുന്ന കാര്യം കേരളം മാത്രം അടർത്തിയെടുത്താൽ ഇല്ല എന്നർത്ഥം.

എന്നാൽ, സി എസ് ഐ സഭാ നേതൃത്വത്തിൽ താഴേത്തട്ടുമുതലുള്ള എല്ലാ കമ്മിറ്റികളിലും സ്ത്രീകൾ ഇത്ര ശതമാനം വേണം എന്ന കാര്യം നിർബന്ധമാണ്. ഒമ്പത് പേരുള്ള കമ്മിറ്റി ആണെങ്കിൽ അതിൽ മൂന്ന് പേരെങ്കിലും സ്ത്രീകളായിരിക്കണം. ഡയോസിസ് കൗൺസിലിലും സ്ത്രീ പ്രാതിനിധ്യം നിർബന്ധമാണ്. ഈ സ്ത്രീകൾക്കെല്ലാം ഏതൊരു പദവിയിലേക്കും മൽസരിക്കാനുള്ള അവകാശവുമുണ്ട്. പല ഇടങ്ങളിലും ചർച്ച് സെക്രട്ടറിമാർ സ്ത്രീകളാണ്. 20 വർഷം മുമ്പ് സിഎസ്ഐ സഭയ്ക്ക് വനിതാ ജനറൽ സെക്രട്ടറി ഉണ്ടായിരുന്നു.

ശാബത് സഭ എന്നറിയപ്പെടുന്ന സെവൻത് ഡേ അഡ്വന്റിസ്റ്റ് സ്ത്രീ പൗരോഹിത്യത്തിന്റെ കാര്യത്തിൽ മുന്നോട്ടുപോയിട്ടില്ല. എന്നാൽ, കമ്മിറ്റികളിലെ സ്ത്രീ പ്രാതിനിധ്യത്തിൽ ഏറെ മുന്നിലാണ് ഈ സഭ. മിക്കവാറും എല്ലാ പള്ളികളിലും അധികാര സ്ഥാനങ്ങളിൽ സ്ത്രീകളുണ്ട്.

**ജാതിയുടെ പോർനിലങ്ങളിൽനിന്നുള്ള തിരോധാനങ്ങൾ**

പുറത്തുനിന്നു വന്ന പേരാണ് ഹിന്ദു. സിന്ധു നദീ തടത്തിൽ വസിക്കുന്ന മനുഷ്യരെ അടയാളപ്പെടുത്താൻ വിദേശികൾ ഉപയോഗിച്ച പദം. സെമിറ്റിക് മതങ്ങളിൽനിന്നും വ്യത്യസ്തമായി, നിയതമായ രൂപമോ, സ്വാഭാവമോ ഇല്ലാത്ത ഒന്നായിരുന്നു ഹിന്ദുയിസം. സാംസ്കാരികമായ ഒരടയാളപ്പെടുത്തൽ ആയിരുന്നുവെങ്കിലും പിന്നീടത് മതത്തിന്റെ രൂപഭാവങ്ങളിലേക്ക് വന്നു. മുപ്പത്തിമുക്കോടി ദൈവങ്ങൾക്കിടമുള്ള, ചാതുർവർണ്യവും ജാതിയുമെല്ലാം നിലനിൽക്കുന്ന സവിശേഷമായ ആ ഇടം പിന്നീട്, രാഷ്ട്രീയമായി അടയാളപ്പെടുത്താൻ തുടങ്ങി. വേദങ്ങളും ഇതിഹാസങ്ങളുമെല്ലാം പല കാലങ്ങളിൽ അടയാളപ്പെടുത്തിയ ജീവിതങ്ങളിൽനിന്നും ദേശരാഷ്ട്രങ്ങളുടെ കാലം, മതത്തിന്റെ അടിസ്ഥാനത്തിൽ മനുഷ്യരെ അരിച്ചെടുക്കാൻ തുടങ്ങി. പല ജാതികളായി ഭാഗം വെക്കപ്പെട്ട ജനതയെ ഹിന്ദു എന്ന ഏകശിലാത്മകതയിലേക്ക് ചുരുക്കാനുള്ള ശ്രമങ്ങൾ, രാഷ്ട്രീയമായി ഇന്ത്യയെ തന്നെ നിർണയിക്കാൻ തുടങ്ങി. ഇങ്ങനെ സങ്കീർണ്ണമായ ചരിത്ര സാംസ്കാരിക പശ്ചാത്തലത്തിൽ വേണം, ഹിന്ദു മതത്തിനുള്ളിലെ പെണ്ണിടങ്ങളെ അടയാളപ്പെടുത്താൻ.

മനുസ്മൃതിയും ജാതിവ്യവസ്ഥയും സവർണ്ണ-അവർണ്ണ ഭേദങ്ങളും പ്രാദേശികമായ വ്യത്യാസങ്ങളുമെല്ലാം ചേർന്ന് രൂപപ്പെടുത്തിയ പ്രതലത്തിലാണ് ഹിന്ദുമതത്തിലെ സ്ത്രീ ഇടം നിലകൊള്ളുന്നത്. എങ്കിലും, ബ്രാഹ്മണ്യം മുന്നോട്ടുവെക്കുന്ന കുലീനയായ കുടുംബിനി എന്ന സവിശേഷ പദവിയിലേക്ക്, പല കാരണങ്ങളാൽ സങ്കീർണ്ണമായ ഹിന്ദു പെണ്ണിടങ്ങൾ പിൽക്കാലത്ത് മാറ്റിമറിക്കപ്പെടുന്നുണ്ട്. സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി രൂപപ്പെട്ട പോരാട്ടങ്ങളിലെ രാഷ്ട്രീയ കർതൃത്വത്തിൽനിന്നും സ്വാതന്ത്ര്യാനന്തര കാലത്തെ, അടക്കവും ഒതുക്കവുമുള്ള സ്ത്രീ എന്ന കർതൃത്വത്തിലേക്കുള്ള ഹിന്ദു സ്ത്രീയുടെ പരിണാമം ഏറെ കാലങ്ങൾ കൊണ്ട് പതം വന്നതാണ്. ആൺകോയ്മയുടെ അടിസ്ഥാനത്തിൽ രൂപപ്പെട്ട സാംസ്കാരിക രാഷ്ട്രീയ കാലാവസ്ഥകൾ വരച്ചുണ്ടാക്കിയ ഉത്തമ സ്ത്രീയുടെ ചിത്രങ്ങൾ ആഗിരണം ചെയ്തതായിരുന്നു മതത്തിനുള്ളിലെ സ്ത്രീ ഇടങ്ങൾ. ജാതി-സമുദായ സംഘടനകളിലെ ഹിന്ദു സ്ത്രീ ഇടങ്ങൾ പരിശോധിക്കുമ്പോൾ, ഈ ചരിത്ര പശ്ചാത്തലം കൂടി പരിഗണിക്കേണ്ടതുണ്ട്.

1914-ൽ മന്നത്ത് പത്മനാഭൻ നായർ സർവീസ് സൊസൈറ്റിക്ക് തുടക്കമിടുമ്പോൾ അതിന്റെ 15 സ്ഥാപക അംഗങ്ങളിൽ ഒരാൾ സ്ത്രീ ആയിരുന്നു. മന്നത്ത് പാർവ്വതിയമ്മ. എന്നാൽ, അതിനുശേഷമുള്ള കാലം, എൻ എസ് എസ് എന്ന ചുരുക്കപ്പേരിലറിയപ്പെടുന്ന നായർ സമുദായ സംഘടനയിൽ സ്ത്രീകൾ അധികാര പദവികളിൽ ഉണ്ടായിരുന്നത് ഒരൊറ്റത്തവണയാണ്. ട്രഷററായി ഒരു തവണ പി കെ. കമലം വന്നു. പിന്നീടിങ്ങോട്ട്, എൻ എസ് എസ് ഡയരക്ടർ ബോർഡിൽ നിറയെ പുരുഷൻമാർ മാത്രമായി. നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങളും ആതുരാലയങ്ങളുമുള്ള, സാമ്പത്തികമായി നല്ല നിലയിലുള്ള എൻ എസ് എസിന്റെ ചുക്കാൻ പിടിക്കാൻ നായർ സമുദായത്തിലെ സ്ത്രീകൾക്കൊന്നും അവസരം ലഭിച്ചില്ല.

കാലത്തിന്റെ പരിണാമം കേരളത്തിലെ ഹിന്ദുസമുദായ സംഘടനകളെ മാറ്റിയത് ഏതു വിധമാണ് എന്നതിന്റെ ചെറിയ ഉദാഹരണമാണ് എൻ എസ്.എസ്. പ്രബലമായ മറ്റൊരു സമുദായമായ എസ് എൻ ഡി പിയെ നോക്കുക. ശ്രീനാരായണ ഗുരുവിന്റെ ഉജ്ജ്വലമായ നവോത്ഥാന പാരമ്പര്യം കൊണ്ടുനടക്കുന്ന ശ്രീനാരായണ ധർമ്മപരിപാലന സംഘത്തിന് സ്ത്രീകൾ ഇപ്പോഴും പരിധിക്കു പുറത്താണ്. യോഗ നേതൃത്വം എല്ലായ്പ്പോഴും പുരുഷൻമാരുടെ കൈകളിലായിരുന്നു. എൻ എസ് എസിനെപ്പോലെ



**ഒരു പോസ്റ്റർ**

വമ്പിച്ച സാമ്പത്തിക അടിത്തറയുള്ള സ് എൻ ഡി പി യോഗത്തിന്റെ അധികാര, സാമ്പത്തിക രംഗങ്ങളിലൊന്നും പടർന്നു കയറാൻ സ്ത്രീകൾക്ക് കഴിഞ്ഞില്ല.

വി ടി ഭട്ടതിരിപ്പാടിന്റെ മുൻകൈയിൽ, സ്ത്രീകളെ അടുക്കളയിൽനിന്നും അരങ്ങത്തെത്തിക്കാൻ കിണഞ്ഞു പരിശ്രമിച്ച യോഗക്ഷേമ സഭയ്ക്കും പിൽക്കാലത്ത് സംഭവിച്ചത് ഇതൊക്കെയാണ്. അങ്ങേയറ്റം അവശതയിൽ കഴിഞ്ഞ നമ്പൂതിരി സ്ത്രീകളുടെ ജീവിതാവസ്ഥകൾ മാറ്റിയെഴുതിയ യോഗക്ഷേമ സഭയുടെ തുടക്കത്തിൽ സ്ത്രീകൾ വലിയ ഊർജ സ്രോതസ്സായിരുന്നു. നാടകങ്ങളിലൂടെയും എഴുത്തിലൂടെയും തങ്ങൾ അനുഭവിക്കുന്ന ജീവിതദുരിതങ്ങൾ തുറന്നുപറയാൻ ധൈര്യം കാട്ടിയ നമ്പൂതിരി സമുദായത്തിലെ സ്ത്രീകൾ പിന്നീട് സഭയുടെ നേതൃത്വത്തിലേക്ക് വന്നതേയില്ല. പകരം, പുരുഷമേധാവിത്വപരമായ സാമുദായിക രാഷ്ട്രീയത്തിന്റെ താൽപ്പര്യങ്ങളും ചലനങ്ങളും നിർണയിക്കുന്നതിൽനിന്നും സ്ത്രീശക്തി മാറ്റിനിർത്തപ്പെട്ടു.

നവോത്ഥാനത്തിന്റെ മേൽക്കുപ്പായമിട്ട ഈ പരിണാമങ്ങളെ ജെ ദേവിക 'കുലസ്ത്രീകളും ചന്തപ്പെണ്ണുങ്ങളും ഉണ്ടായതെങ്ങനെ' എന്ന പുസ്തകത്തിൽ അടയാളപ്പെടുത്തുന്നത് ഇങ്ങനെയാണ്: "സ്വാഭാവികമായും, 'സമുദായപരിഷ്ക്കർത്താവ്' എന്ന

അധികാരസ്ഥാനത്തിലേറിയ മലയാളി പുരുഷൻ സ്ത്രീകളെ ആധുനികജീവിതം കെട്ടിപ്പടുക്കുക എന്ന ബൃഹദ്പദ്ധതിയിൽ തന്നോടു തുല്യനിലയുള്ള കൂട്ടാളികളായല്ല കണ്ടത്. മറിച്ച്, പരമ്പരാഗത ജീവിതത്തിൽ ആണ്ടുമുങ്ങിക്കിടക്കുന്ന നിസ്സഹായക ളാണ് പരമ്പരാഗതസമൂഹത്തിലെ സ്ത്രീകളെന്ന് അയാൾ വിധിച്ചു. ചുരുക്കിപ്പറഞ്ഞാൽ, 'ഗതിയില്ലാത്ത' കുറേ പാവങ്ങളെ രക്ഷപ്പെടുത്താൻ തയ്യാറാകുന്ന ത്യാഗസന്നദ്ധരായിട്ടാണ് സമുദായപരിഷ്ക്കർത്താ ക്കൾ സ്വയം തിരിച്ചറിഞ്ഞത്. പരിഷ്ക്കരണവസ്തു വായ സ്ത്രീയുടെ നില നിഷ്ക്രിയവും പരിഷ് ക്കർത്താവായ പുരുഷന്റേത് സക്രിയവുമായി സങ്കൽപ്പിക്കപ്പെട്ടു. സ്ത്രീ പുരുഷനു കീഴ്വഴങ്ങി നിൽക്കേണ്ടവൾതന്നെയെന്ന പഴയ പല്ലവിയെ മറ്റൊരുവിധത്തിൽ – കൂടുതൽ സൂക്ഷ്മതയോടെ – പാടുകയായിരുന്നു, സമുദായപരിഷ്ക്കരണപ്രസ്ഥാ നങ്ങൾ"

"പരമ്പരാഗതകുടുംബങ്ങളിലെ പിതാവ്, അല്ലെങ്കിൽ കാരണവർ, കുടുംബാംഗങ്ങളുടെമേൽ ചെലുത്തിയിരുന്ന അധികാരത്തിൽനിന്ന് തുലോം വ്യത്യസ്തമായ അധികാരമായിരുന്നു പരിഷ്ക്കർ ത്താവായ പുരുഷന്റേത്. സ്ത്രീയെ ഭയപ്പെടുത്തി അനുസരിപ്പിക്കുന്ന പഴയ രീതിയെ ഉപേക്ഷിച്ചു കൊണ്ടായിരുന്നു ഈ പുതിയ പിതൃമേധാവിയുടെ രംഗപ്രവേശം. സ്ത്രീകളെ അവരുടെ 'യഥാർത്ഥ സത്ത' – അതായത്, മേൽവിവരിച്ച 'സ്ത്രീഗുണ ങ്ങൾ' – വീണ്ടെടുക്കാൻ സഹായിക്കുകയെന്ന ഭാരിച്ച ഉത്തരവാദിത്വം നിർവ്വഹിക്കുവാൻവേണ്ടി ത്യാഗമനു ഭവിക്കാൻ തയ്യാറായ പുരുഷന്മാരാണ് പുതിയ പിതൃമേധാവിത്വത്തിന്റെ വക്താക്കളും പ്രയോക്താ ക്കളുമായിത്തീർന്നത്. ബലപ്രയോഗത്തിലൂടെയല്ല, മറിച്ച്, മനഃപരിഷ്ക്കരണത്തിലൂടെവേണം സ്ത്രീകളെ ഉത്തമ വീട്ടമ്മമാരാക്കിമാറ്റാനെന്ന നിർദ്ദേശം പുതിയ പിതൃമേധാവികൾ പരക്കെ അംഗീകരിച്ചിരുന്നു. പരമ്പ രാഗത കുടുംബത്തിൽനിന്നും ആധുനിക കുടുംബ ത്തിലേക്ക് സ്ത്രീയെ കൈപിടിച്ചുയർത്തുന്ന ക്ലേശ കരമായ ഉത്തരവാദിത്വം ഏൽക്കുന്നതുകൊണ്ട് പുരു ഷനു ചില ഗുണങ്ങളുണ്ടായിരുന്നു: തന്റെ പരിഷ്ക്ക രണവസ്തുക്കളായ സ്ത്രീകളുടെമേൽ ഒടുങ്ങാത്ത ധാർമ്മികാധികാരം അയാൾക്കു കൈവന്നു. നവപിതൃ മേധാവിത്വത്തിന്റെ വക്താക്കളായിരുന്ന പല പുരുഷപരിഷ്ക്കർത്താക്കന്മാർക്കും 'സ്ത്രീവിമോചക' രെന്ന ബിരുദം കൈവന്നത് അങ്ങനെയാണ്" (കുല സ്ത്രീകളും ചന്തപ്പെണ്ണുങ്ങളും ഉണ്ടായതെങ്ങനെ).

**പിതൃവാഴ്ചയുടെ ബഹുമുഖ അരങ്ങുകൾ**

ചുരുക്കത്തിൽ, പിതൃവാഴ്ചയുടെ അരങ്ങു വാഴലുകൾ തന്നെയാണ് മത സംഘടനകൾക്കു ള്ളിലും നടക്കുന്നത്. പുരോഗമന ലിബറൽ ആശയ ങ്ങളെ, ആധുനിക ജനാധിപത്യ സങ്കൽപനങ്ങളെ, ലിംഗനീതി വാദങ്ങളെ എല്ലാം തൃപ്തിപ്പെടുത്താൻ കുറച്ചു അപ്പക്കഷണങ്ങൾ സ്ത്രീകൾക്കായി എറി ഞ്ഞു കൊടുത്തിട്ടുണ്ടെങ്കിലും അതിലും തങ്ങളുടെ പേര് കൊത്തിവെക്കാൻ എന്താ മാർഗം എന്ന് അന്വേ ഷിക്കുന്നവരാണ് സാമുദായിക സംഘടനകളുടെ തലപ്പത്തിരിക്കുന്ന പുരുഷന്മാർ.

പുരുഷന്മാരുടെ കാർമികത്വത്തിലും ആശിർ വാദത്തിലും താൽപ്പര്യത്തിലും മാത്രം രൂപം കൊള്ളുന്ന ലേഡീസ് വിങ്ങുകൾ. (അത് തന്നെ എല്ലാ സംഘടനകൾക്കുമില്ല.) സ്ത്രീകൾക്കുള്ള നിയമാ വലികൾ എഴുതിയുണ്ടാക്കുന്ന പുരുഷന്മാർ. സംഘട നകൾക്കുള്ളിൽ പോലും സ്വാതന്ത്ര്യത്തിനു വിലക്ക് കൽപിക്കപ്പെട്ട സ്ത്രീകൾ. ലേഡീസ് വിങ്ങുകളുടെ വേദികളിൽ പോലും ഞെളിഞ്ഞിരിക്കുന്ന ആണുങ്ങൾ, സ്ത്രീകളുടെ വസ്ത്രത്തിൽ നിന്ന് തുടങ്ങി പെൺ വേദിയിൽ ഇരിക്കേണ്ടവരെയും അവർ സ്പർശിക്കേണ്ട വിഷയങ്ങളെയും വരെ നിശ്ചയിക്കുന്ന, നിയന്ത്രിക്കുന്ന ആൺ റിമോട്ടുകൾ.

പാട്രിയാർക്കിയുടെ വക്താക്കൾ ആയി നിൽ ക്കുന്ന ഒരു പെൺകൂട്ടത്തെ സൃഷ്ടിക്കുകയാണ് പ്രത്യേക വനിതാവിഭാഗം എന്നതിലൂടെ പലപ്പോഴും സംഭവിക്കുന്നത്. സ്ത്രീ വിമോചകരുടെ വേഷം ഇടുന്നവരുടെ അപദാനങ്ങൾ വാഴ്ത്തിപ്പാടാനും ന്യായീകരണ തൊഴിലാളികൾ ആകാനും അങ്ങിനെ വലിയ കോട്ടമൊന്നും തട്ടാതെ ആണധികാരത്തെ നിലനിർത്താനും വേണ്ടി ഉള്ള ഒരു തന്ത്രപരമായ സംവിധാനം. പലപ്പോഴും അവകാശബോധത്തോടെ, സാമൂഹ്യജീവിയെന്ന നിലയിൽ നിവർത്തിക്കേണ്ട കടമകൾ ഓർത്തു കൊണ്ട് പൊതുരംഗത്തേക്കു വന്ന സ്ത്രീകൾ ആണധികാരത്തിന്റെ വ്യവസ്ഥകളുമായി സമരസപ്പെടുകയാണ്. ആണധികാരക്രമത്തിനെതിരെ സ്ത്രീകൾ തെരുവിലേക്കിറങ്ങുമ്പോൾ അതിനെതിരെ തങ്ങളുടെ വരുതിയിലുള്ള സ്ത്രീകളെ തന്നെ ഇറ ക്കുക എന്ന അടവാണ് എല്ലാ മതസാമുദായിക സംഘടനകളും പയറ്റുന്നത്. മാറ്റങ്ങളുടെ മുനമ്പു കളിൽ, 'വി ആർ റെഡി ടു വെയിറ്റ്' എന്നു വിളംബരം ചെയ്യുന്ന സ്ത്രീകളാണ് ഈ ആണധികാരവ്യവ സ്ഥയെ താങ്ങി നിർത്തുന്നതും.

ജെറെമി ബെൻതം വിശദീകരിച്ചത് പോലുള്ള പനോപ്ടികോൺ അവസ്ഥ. പുരുഷന്റെ കാമറ കണ്ണുകളിൽ സദാ കുരുങ്ങികിടക്കുന്നവർ. അവരുടെ മാർക്കിടലിനും ഓഡിറ്റിംഗിനും അനുസരിച്ചു പ്രവൃത്തികൾ, ആശയങ്ങൾ എല്ലാം ക്രമീകരിക്കേണ്ട വൾ. ചെറുത്തുനിൽക്കുന്നവർ പടിക്കു പുറത്താ യേക്കാം. വിമർശനത്തിന്റെ വിരലുകൾ ഉയർത്തുന്ന വർക്കു നേരെ അപവാദപ്രചാരണങ്ങൾ ഉൾപ്പെടെ ഉള്ള ആയുധങ്ങൾ ഉപയോഗിക്കപ്പെട്ടേക്കാം. അതു കൊണ്ട് തന്നെ ബഹുഭൂരിപക്ഷവും ആ പുരുഷ നിയന്ത്രിത വ്യവസ്ഥയോട് പൊരുത്തപ്പെട്ടു പോകുവാൻ ആണ് ശ്രമിക്കാറ്.

മതസംഘടനകൾക്കുള്ളിലെ തുല്യ പ്രാതി നിധ്യം എന്ന ലക്ഷ്യത്തിലേക്കു ഇതുവരെ സ്ത്രീ കൾ നടന്നെത്തിയ അത്രയും ദൂരം തന്നെ ഇനിയും നടക്കാൻ ഉണ്ടെന്ന് സ്പഷ്ടമാണ്. സ്ത്രീ കർതൃത്വം ആവശ്യമാണെന്നും, തങ്ങളെ സംബന്ധിക്കുന്ന കാര്യങ്ങളിൽ തങ്ങൾക്കും അഭിപ്രായം പറയാൻ കഴിയണമെന്നും, പുരുഷകേന്ദ്രീകൃത വ്യവസ്ഥ യുടെ ഓരം പറ്റിനിൽക്കുന്ന സ്ത്രീകൾ തിരിച്ച റിഞ്ഞു കൊണ്ട് സ്വയം വിടുതൽ പ്രഖ്യാപിക്കാതെ തുല്യനീതി പരികൽപനകൾ ലക്ഷ്യത്തിലെത്തില്ല.

■



വാസ്തവം



ഡോ.ജാൻസി ജോസ്

# പ്രസന്നമാകേണ്ട അധ്യയനാനുഭവം

വിദേശീയരായ ഒരമ്മയും മകനും രാജ്യങ്ങൾ സന്ദർശിക്കുന്ന കൂട്ടത്തിൽ ഇന്ത്യയിലെത്തി; കേരളത്തിലും.ഏതു രാജ്യത്തു ചെന്നാലും അമ്മ അവിടം ചുറ്റിക്കറങ്ങി അടുത്ത രാജ്യത്തു ചെന്ന് മകന് വിസ ശരിയാകുന്നതുവരെ ആദ്യം ചെന്ന രാജ്യത്ത് മകനെ പഠിപ്പിക്കുമായിരുന്നു. ഒരിക്കൽ സ്വന്തം രാജ്യത്തു നിന്നും ഏഴു വയസായ മകൻ കേരളത്തിൽ തനിയെ വന്നിറങ്ങി. അമ്മയുടെ സുഹൃത്തായ കേരളീയൻ അവനെ സ്വീകരിച്ചു. അവരു തമ്മിൽ സംസാരിച്ചതിൽ നിന്നും എന്റെ സുഹൃത്തുകൂടിയായ ആ കേരളീയൻ എന്നോടു് പറഞ്ഞ കാര്യമാണ് ഞാൻ ഇവിടെ പറയാൻ ഉദ്ദേശിക്കുന്നത്.

വിദേശീയനായ ആ കുട്ടി ഇവിടെ ആറു മാസത്തോളം സ്കൂളിൽ പഠിക്കുകയുണ്ടായി. ഹോസ്റ്റലിൽ നിന്നാണ് സ്കൂളിലേക്ക് പോയി വന്നത്. പഠന കാലത്ത് ആ കുട്ടിയെ ഏറ്റവും വിഷമിപ്പിച്ച മൂന്നു കാര്യങ്ങൾ തുറന്നു പറയുകയുണ്ടായി. ഒന്ന് സ്കൂളിൽ ചെല്ലുമ്പോൾ കാണേണ്ടി വരുന്നത് ദേഷ്യപ്പെട്ടും ഗൗരവത്തിലും സംസാരിക്കുന്ന, പഠിപ്പിക്കുന്ന ടീച്ചർമാരെ അവന് സഹിക്കാൻ വയ്യാ എന്നായിരുന്നു. രണ്ട്, ബസിൽ നിന്നിറങ്ങാൻ പോകുമ്പോൾ സ്റ്റോപ്പെത്തുന്നതിനു മുമ്പ് ആയമാർ തിടുക്കം കൂട്ടി പേടിപ്പിടിച്ച് സ്റ്റോപ്പിലിറക്കുന്നതായിരുന്നു. ടെൻഷൻ വന്ന് ഏതോ ഒരു അവസ്ഥയിലാകുന്നു പോലും അവൻ. മൂന്നാമത്തേത് വേണ്ടാത്ത ഭക്ഷണങ്ങൾ നിർബന്ധിച്ചും മാനസികമായി പീഡിപ്പിച്ചും കഴിപ്പിക്കുന്നതുമാണ്. ഈ മൂന്നു കാര്യങ്ങളും മലയാളികളുടെ രക്തത്തിലലിഞ്ഞു കിടക്കുന്ന സ്വഭാവങ്ങളായതുകൊണ്ട് നമ്മളെ ആരും പഠിപ്പിച്ചു നന്നാക്കാമെന്നു കരുതണ്ട. ആ കുട്ടിയുടെ നാട്ടിൽ അവൻ ഒരിക്കൽ പോലും കണ്ടിട്ടില്ലാത്ത രീതികളാണ് ഇവിടെ കണ്ടത്. എന്താണതിന്റെ പിന്നിലുള്ള സംസ്ക്കാരം എന്നാലോചിച്ചപ്പോഴാണ് പല കാര്യങ്ങളും മനസിൽ തെളിഞ്ഞു വന്നത്. അദ്ധ്യാപനം ഒരു കലയാണ്. അദ്ധ്യാപകർ കുട്ടികളുടെ വളർച്ചയെ സഹായിക്കുന്നവരാണ്. കുട്ടികൾക്ക് അവരുടെ സ്വാതന്ത്ര്യവും താത്പര്യവും സംരക്ഷിക്കാൻ അവസരമൊരുക്കുന്ന സംവിധാനങ്ങളിവിടെ ഉണ്ടാവണം. എങ്കിലേ വളർച്ചയിലേക്ക് നയിക്കുന്ന അന്തരീക്ഷം കുട്ടികൾക്കു വേണ്ടി ഒരുക്കുവാൻ കഴിയൂ.

നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തെക്കുറിച്ച് അവിടെ നിൽക്കട്ടെ. അധ്യാപകരെക്കുറിച്ച് രണ്ടു വാക്കു പറയാതിരിക്കാൻ വയ്യ. കുടുംബത്തിൽ നിന്നും നാട്ടിൽ നിന്നും മുഴുവൻ ഏറ്റുവാങ്ങേണ്ടി വരുന്ന തിക്തഫലങ്ങളുടെ പ്രതികാര ഭാവവുമായി കുട്ടികളുടെ മുൻപിൽ വന്നു നിൽക്കുമ്പോൾ അവരറിയുന്നില്ല തന്റെ മുന്നിലിരിക്കുന്ന കുഞ്ഞുമക്കൾ വെളിച്ചമില്ലാതെ ഇരുട്ടിലാവുകയാണെന്ന്. ഒരു ടീച്ചറിന്റെ പ്രസന്ന മുഖം തന്നെയാണ് കുട്ടിയെ ക്ലാസിൽ പിടിച്ചിരുത്താൻ പ്രേരിപ്പിക്കുന്ന പ്രധാന ഘടകം. ടീച്ചർ എന്ന അധികാരം കൈയിലെടുക്കുന്നവർക്ക് ഗുരുശിഷ്യബന്ധം സ്ഥാപിക്കാൻ കഴിയുകയില്ല. പിന്നെയോ നന്മകളൊന്നും പ്രതീക്ഷിക്കാനില്ലാത്ത ഒരു ലോകം തുറന്നിടുകയാണെന്ന്. നമ്മുടെ അധ്യാപകരുടെ വിരുദ്ധഭാവത്തെ എത്ര കൃത്യമായാണ് ആ കുട്ടി കണ്ടെടുത്തത്. മൂക്കും തോറും ടീച്ചർമാർ ചിരിക്കാത്തവരും ഇരുണ്ട മുഖമുള്ളവരുമായി മാറുന്നത് കാണാറുണ്ട്. (മുഖം മനസിന്റെ കണ്ണാടി എന്നതു മറക്കുന്നില്ല) (തുടരും)

■



**ദീപ പി.എം.**
സെക്രട്ടറി, വിങ്ങ്സ്
കേരള

# സാംസ്കാരിക രംഗത്തെയും എഴുത്തിടങ്ങളിലെയും സ്ത്രീപ്രാതിനിധ്യം

**കേ**രളത്തിൽ കഴിഞ്ഞ രണ്ടുമൂന്നു പതിറ്റാണ്ടുകളിലായി സ്ത്രീ വിമോചനത്തെക്കുറിച്ചും സ്ത്രീ പ്രശ്നങ്ങളുമായി ബന്ധപ്പെട്ടും വളരെ സജീവമായ ചർച്ചകളും ഇടപെടലുകളും തന്നെ നടന്നുവരുന്നുണ്ട്. നമ്മുടെ 'പൊതു' ഇടങ്ങളിലെ സ്ത്രീ പ്രാതിനിധ്യം ഇങ്ങനെ കലഹിച്ചും ഇടപെട്ടും തന്നെ നേടിയെടുത്തതുമാണ്. പുരോഗമന കാപട്യങ്ങളെ വലിച്ചുകീറി എല്ലാ ബഹുജന സ്ത്രീ സംഘടനകളെയും വിമർശന ബുദ്ധിയോടെ വിചാരണ ചെയ്ത് അവശ്യമായ തിരുത്തുകൾ വരുത്താൻ പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്ന, ഭരണകൂടത്തിന് കേട്ടില്ലെന്നും കണ്ടില്ലെന്നും നടിക്കാൻ കഴിയാത്തവിധം വളർന്നുകഴിഞ്ഞ, അല്ലെങ്കിൽ അതിനു പ്രാപ്തിയുള്ള സ്ത്രീകളുടെ ചെറുചെറു സംഘങ്ങൾ പ്രതീക്ഷയുടെ തുരുത്തുകളായി അവിടവിടെയായി രൂപപ്പെടുകയും പ്രതിരോധത്തിനുള്ള ശ്രമങ്ങൾ നിരന്തരം കാഴ്ചവെക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ സ്ത്രീ വിമോചനത്തിന്റെ ആശയപരമായ സംവേദന ഭാവുകതലങ്ങൾ കേരളത്തിൽ എത്രമാത്രം വികസിച്ചുവന്നിട്ടുണ്ടെന്ന് ഇനിയും സംശയത്തോടെ മാത്രമേ നമുക്ക് കാണാൻ കഴിയൂ.

സംസ്കാരം എന്നത് വിശാലമായ അർഥത്തിൽ അധികാരവും പലതരം സാമൂഹ്യ ശ്രേണികളും അതിന്റെ നവീകരണ പ്രവർത്തനങ്ങളും സാമൂഹികമായ വേർതിരിവുകളുമൊക്കെ നിരന്തരം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു അധികാരമണ്ഡലമാണ്. ഇത് നിരന്തരം മാറിക്കൊണ്ടിരിക്കേണ്ട ഒന്നുമാണ്. എന്നാൽ കുടുംബം, മതം, രാഷ്ട്രീയം തുടങ്ങിയ ഓരോ സാമൂഹിക ഘടനയ്ക്കകത്തും സ്ത്രീകളുടെ സ്ഥാനം രണ്ടാംകിടയായിത്തന്നെ ഒരു മാറ്റവുമില്ലാതെ നിലനിർത്താൻ സവിശേഷമായ ജാഗ്രതകൾ പുലർത്താൻ ആൺകോയ്മാ സംസ്കാരം നിരന്തരം ശ്രമിക്കുന്നുമുണ്ട്. കാലാകാലങ്ങളായി തുടർന്നുപോരുന്ന വ്യവസ്ഥകളും രീതികളുമെല്ലാം വളരെ സ്വാഭാവികരായ ശരികളാണെന്നു തന്നെ അംഗീകരിച്ചുപോരുന്നവരായി ഭൂരിപക്ഷം സ്ത്രീകളെയും വിശ്വസിപ്പിക്കുകയും കാലങ്ങളായുള്ള കീഴ്വഴക്കങ്ങൾ ചൂണ്ടിക്കാട്ടി തുടർന്നു പോരുന്ന മൂല്യ വ്യവസ്ഥകളെ ഊട്ടിയുറപ്പിക്കുകയുമാണ് ചെയ്യുന്നത്. അതുകൊണ്ടാണല്ലോ ഭരണഘടന ഉറപ്പു നൽകുന്ന സമത്വത്തെക്കുറിച്ച് സംസാരിക്കുകയോ അതിനുവേണ്ടി പ്രവർത്തിക്കുകയോ ചെയ്യുന്നവരെ മുളകുവെള്ളം ഒഴിച്ച് ആക്രമിക്കാൻ പോലും തയ്യാറാവുന്നത്! 'എല്ലാറ്റിനും ഒരു പരിധിയുണ്ട്, ആ പരിധിവിട്ടാൽ അങ്ങനെതന്നെ വേണം' എന്നു പറഞ്ഞ് പതച്ചുപൊന്തുന്ന ആത്മരോഷം തീർക്കുന്നത്! 'വിശ്വാസങ്ങളെല്ലാം സംരക്ഷിക്കപ്പെടേണ്ടതല്ലേ. ഇതിന്റെയൊക്കെ ആവശ്യമെന്താണ്..? ഇത്രയും വികസനോന്മുഖമായ ഒരു സമൂഹത്തിൽ സ്ത്രീകൾക്ക് എന്തിന്റെ കുറവാണുള്ളത്...? സ്ത്രീവാദത്തിനോ അത്തരം ചർച്ചകൾക്കോ ഇന്നെന്തു പ്രസക്തിയാണുള്ളത്..?' തുടങ്ങിയ ചോദ്യങ്ങളൊക്കെ പുരോഗമനപരമെന്ന് നാം വിശ്വസിച്ച ഇടങ്ങളിൽനിന്നുതന്നെ നിരന്തരം കേട്ടുകൊണ്ടിരിക്കുന്നത്! എന്നാൽ ഇത് അത്ര നിഷ്കളങ്കമായ ഒരു ചോദ്യമല്ല. പുറമേ അങ്ങനെ തോന്നുമെങ്കിലും സമൂഹത്തിന്റെയോ, സംസ്കാരത്തിന്റെയോ അടരുകളിലൊന്നും ഒരുതരത്തിലുള്ള അട്ടിമറിയും നടന്നുകൂടാ എന്ന് ശഠിക്കുന്നവരുടെ നിതാന്ത ജാഗ്രതയാണ് ഈ ചോദ്യങ്ങളിലുള്ളത് എന്ന് നാം തിരിച്ചറിയേണ്ടതുണ്ട്. ഇങ്ങനെ, നിലനിൽക്കുന്ന സാമൂഹ്യ ശ്രേണിയിൽ ആന്തരികമായ നവീകരണങ്ങളൊന്നും തന്നെ നടക്കാതെ, കാലങ്ങളായി നിലനിന്നുപോരുന്ന ശരികളെ സംരക്ഷിച്ചുപോരുന്നവരായി ബഹുഭൂരിപക്ഷം സ്ത്രീകളെയും മാറ്റിയെടുത്ത് കിട്ടുന്നതെല്ലാം വലിയ ഔദാര്യമായി കരുതാൻ ശീലിപ്പിച്ച് പുറമേ സ്വാതന്ത്ര്യമെന്നും അംഗീകാരമെന്നും ശാക്തീകരണമെന്നുമൊക്കെ പേരിട്ട് വിളിക്കുന്ന പ്രവർത്തനങ്ങളൊക്കെ വളരെ ആസൂത്രിതമായിത്തന്നെ നടത്തി, ഇത്രയൊക്കെയല്ലാതെ ഇനിയെന്താണ് സ്ത്രീകൾക്കു വേണ്ടി ചെയ്യേണ്ടത് എന്നു പറഞ്ഞ് കൈമലർത്തുന്നത്!

കേവലം കോർപ്പറേറ്റ് ശക്തികൾക്ക് വിധേയപ്പെട്ടുകൊണ്ടിരിക്കുന്ന മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളും ജാതിമത സംഘടനകളുമൊക്കെ ചേർന്ന് കേരളത്തിന്റെ പൊതുമണ്ഡലത്തെ നിഷ്ക്രിയമാക്കിക്കൊണ്ടിരിക്കുമ്പോൾ, നിലനിൽപുതന്നെ ചോദ്യംചെയ്യപ്പെടുന്ന ഘട്ടങ്ങളിൽ ജൈവപരമായ ഊർജവും സത്യസന്ധതയും പിൻബലമാക്കി

ക്കൊണ്ട് സ്ത്രീകൾ കൂടുതൽ കൂടുതൽ സമരമുഖത്തേയ്ക്ക് വരുന്ന കാഴ്ച ഈ രണ്ടുമൂന്നു പതിറ്റാണ്ടുകളിലായി നമുക്ക് കാണാൻ കഴിയും. ഇത്തരത്തിൽ സമൂഹത്തെ ചലനാത്മകമാക്കിക്കൊണ്ടിരിക്കുന്നതിൽ സ്ത്രീകൾക്കുള്ള പങ്കിനെ സ്ത്രീകളുടെ ഇടപെടലിനെ, അവരുടെ ചെറുത്തുനിൽപുകളെ അവഗണിച്ചുകൊണ്ട് ഒരു ചരിത്രവും നമുക്കിനി എഴുതാൻ കഴിയില്ല. എന്നാൽ ഇവയെ ചരിത്രവൽക്കരിക്കപ്പെടുമ്പോൾ സ്ത്രീകളുടെ ഇടപെടലുകളെ രാഷ്ട്രീമായ പ്രാധാന്യത്തോടെ പരിഗണിക്കപ്പെടുന്നുണ്ടോ എന്ന് അന്വേഷിക്കേണ്ടതുണ്ട്.

പ്രതിഭാധനരായ കഴിവുറ്റ നിരവധി സ്ത്രീകൾ ഇന്ന് സജീവമായി എഴുതിക്കൊണ്ടിരിക്കുന്നുണ്ട്. നമ്മുടെ സോഷ്യൽ മീഡിയകളിൽ നിന്ന് നമുക്കത് കാണാൻ കഴിയും. വളരെ സ്വാഭാവികമായി, ഒരു ഒളിമറയുമില്ലാതെ അവർ തുറന്നെഴുതുന്നുണ്ട്. എന്നാൽ നമ്മുടെ കാലത്തിറങ്ങുന്ന മാഗസിനുകളിൽ സ്ത്രീ രചനകൾ എത്രമാത്രം പ്രസിദ്ധീകരിക്കപ്പെടുന്നുണ്ട്? നമ്മുടെ എഴുത്തിടങ്ങളിൽ എന്തുകൊണ്ടാണ് സ്ത്രീകൾ അവഗണിക്കപ്പെടുന്നത്? കഴിവുള്ളവർ ഇല്ലെന്നും പറഞ്ഞ് കൈയ്യൊഴിയാൻ പുതിയ കാലത്ത് ഏതായാലും കഴിയില്ല.

പുരുഷന്മാരെത്തന്നെ നവീകരിക്കുന്ന രീതിയിലുള്ള ഇടപെടലുകളുമായി പ്രതിബദ്ധതയുള്ള സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തകരെയും സാമൂഹ്യ-രാഷ്ട്രീയ ബുദ്ധിജീവികളെയും സ്ത്രീകൾക്കിടയിൽ നമുക്ക് ധാരാളം കാണാൻ കഴിയും. എന്നാൽ ഔദ്യോഗികമായി വികസന കാര്യപരിപാടികളിൽ എത്രമാത്രം ഇവർക്ക് പ്രാധാന്യവും പരിഗണനയും ലഭിക്കുന്നുണ്ട്? സ്ത്രീയെക്കൂടി ഇത്തരം കാര്യങ്ങളിൽ പങ്കെടുപ്പിച്ചിരുന്നെങ്കിൽ നമ്മുടെ വികസന നയം ഒരിക്കലും ഇത്രമാത്രം പരിസ്ഥിതിവിരുദ്ധവും മനുഷ്യവിരുദ്ധവും ആകുമായിരുന്നില്ല.

സാംസ്കാരിക രംഗത്തെ സ്ത്രീ പ്രാതിനിധ്യത്തെക്കുറിച്ച് നാം ചർച്ച ചെയ്യുമ്പോൾ സാഹിത്യ അക്കാദമി, ലളിതകലാ അക്കാദമി, സംഗീത നാടക അക്കാദമി എന്നിവിടങ്ങളിലെ സ്ത്രീ പ്രാതിനിധ്യം എത്രയെന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. കഴിവുറ്റ സ്ത്രീകളെ പോലും ഉപപദവികളിൽ (vice) ഒതുക്കി നിർത്തുന്ന രീതി പുതിയ കാലത്തെ കലാലയ തിരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ പോലും നിലനിൽക്കുന്നുണ്ട്. പൊതുമണ്ഡലത്തിൽ സ്ത്രീകളുടെ ദൃശ്യപരത (vissibility) ഇനിയുമിനിയും വർധിക്കേണ്ടതുണ്ട്. നമ്മുടെ നാട്ടിലെ സാംസ്കാരിക-രാഷ്ട്രീയ-പൊതുസമ്മേളനങ്ങളിൽ ആരുടെയോ ഔദാര്യം പോലെ ഒന്നോ രണ്ടോ സ്ത്രീകളാണുണ്ടാവുന്നത്. എല്ലാരംഗത്തും സ്ത്രീകൾ മെച്ചപ്പെട്ട രീതിയിൽ തന്നെ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഔദ്യോഗിക രംഗത്തുപോലും സ്ത്രീകൾക്ക് പലതരത്തിലുള്ള നിയന്ത്രണങ്ങൾ നിലവിലുണ്ട്. 'രാത്രിയല്ലേ... ദൂരെയല്ലേ...' എന്നു പറഞ്ഞ്, കുടുംബപരമായ ഉത്തരവാദിത്തങ്ങൾ ഓർമിപ്പിച്ചുകണ്ട് സ്ത്രീകളെ അവരുടെ കർത്തവ്യ നിർവഹണങ്ങളിൽ നിന്ന് മാറ്റിനിർത്തുന്ന പതിവ് ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ഇങ്ങനെ മാറ്റിനിർത്തി, അവരെ പങ്കെടുപ്പിക്കാതിരിക്കുകയും പിന്നീട് സ്ഥാനമാനങ്ങളുണ്ടായിട്ടും വേണ്ടരീതിയിൽ വിനിയോഗിക്കാത്ത സാമൂഹ്യ ഉത്തരവാദിത്തങ്ങളില്ലാത്ത ഒരു വിഭാഗമായി ഇത്തരം സ്ത്രീകളുടെ ഒരു ചരിത്ര രേഖതന്നെ രൂപപ്പെടുത്തി സ്ത്രീകളുടെ കഴിവുകേടിനെ ചൂണ്ടിക്കാട്ടാനായി ഉപയോഗിക്കുകയും ചെയ്യുകയാണ്.

സ്ത്രീകൾ സംഘടിതരല്ല; ഇനി സംഘടിക്കുകയാണെങ്കിൽ തന്നെ അണിയറയിൽ അതിനെ തളർത്താനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നുണ്ട്. സ്ത്രീകൾക്ക് ഭൂതമില്ല, ചരിത്രമില്ല. എന്നാൽ ഇത് തീർത്തും ഇല്ലാതിരുന്നതല്ല. ഒരു പരിധിവരെ ഇല്ലാതാക്കിയതാണ് എന്നുകൂടി ഈ സന്ദർഭത്തിൽ ഓർക്കാം നമുക്ക്. നമ്പൂതിരി സമുദായത്തിലെ ദുരാചാരങ്ങളെ തുറന്നുകാട്ടി, അതിനെതിരെ പ്രതികരിച്ചവരിൽ വി.ടി. ഭട്ടതിരിപ്പാട് സാമൂഹ്യ നവോത്ഥാന നായകനാവുകയും ലളിതാംബിക അന്തർജനം സാഹിത്യകാരി മാത്രമാവുകയും ചെയ്തു. സാഹിത്യകാരിയാവുകയെന്നത് അത്രതന്നെ അപകടം പിടിച്ച ഒന്നല്ല. 'ബന്ധുരകാഞ്ചനക്കൂട്ടിലാണെങ്കിലും ബന്ധനം ബന്ധനം തന്നെ പാരിൽ' എന്ന് എഴുതിയ വള്ളത്തോൾ ദേശീയ സ്വാതന്ത്ര്യത്തിന്റെ കവിയാവുകയും ഏതാണ്ട് അതേ കാലഘട്ടത്തിൽ, അതേ സാമൂഹ്യ സാഹചര്യങ്ങളിൽതന്നെ 'വിട്ടയ്ക്കുക കൂട്ടിൽ നിന്നെന്നെ, ഞാനൊട്ടു, വാനിൽ പറന്നു നടക്കട്ടെ' എന്നെഴുതിയ ബാലാമണിയമ്മ മാതൃത്വത്തിന്റെ കവിയാവുകയും ചെയ്തു.

ചതിക്കുഴികൾ തിരിച്ചറിഞ്ഞുകൊണ്ടു മാത്രമേ സ്ത്രീകൾക്ക് ഇനി മുമ്പോട്ട് പോകാൻ കഴിയൂ. വരും തലമുറയെക്കുറിച്ചെങ്കിലും സ്വപ്നം കാണാൻ നമുക്ക് കഴിയണമെങ്കിൽ തലയുയർത്തി നെഞ്ചുവിരിച്ച് മണ്ണിൽ ചവിട്ടി നാം നടന്നു മുന്നേറേണ്ടതുണ്ട്. ഈ വഴികളെല്ലാം ചരിത്രത്തിൽ അർഹിക്കുന്ന പ്രാധാന്യത്തോടെത്തന്നെ എഴുതിച്ചേർക്കുന്നോ എന്ന് സൂക്ഷ്മമായി നിരീക്ഷിക്കേണ്ടതുണ്ട്. പെമ്പിളൈ ഒരുമയും അജിതയും വിജിയും വിനയയും ഗീതയും സുഹ്റയും ബിന്ദു അമ്മിണിയും കനക ദുർഗയുമൊക്കെ തീക്കനലിലൂടെ നടന്നുനീങ്ങിയ നവോത്ഥാന നായികമാരായി ത്തന്നെ വരുംതലമുറ പഠിക്കട്ടെ. അതിന് ഒരുപാട് ഊർജം ഇനിയും ആവശ്യമായി വരും. സർവതല സ്പർശിയായ ഒരു ജീവിത മാറ്റത്തിനുതകുന്ന തരത്തിൽ നമ്മുടെ വിദ്യാഭ്യാസ പ്രക്രിയെ തന്നെ മാറ്റിയെഴുതേണ്ടിവരും. കള്ള നാട്യങ്ങളുപേക്ഷിച്ച് അഭിമാനിനികളായി ജീവിക്കാൻ ഒരുപാട് സുഖങ്ങൾ ത്യജിക്കേണ്ടിവരും. എത്ര ആട്ടിയകറ്റിയാലും ചരിത്രത്തിൽ നിന്നും സംസ്കാരത്തിന്റെ ഒരു അടരുകളിൽ നിന്നും ഇനി സ്ത്രീകളെ മാറ്റിനിർത്താനാവില്ല; കാരണം പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്താതെ പോയ പലതും പല ജീവിതങ്ങളും ഇന്ന് നമുക്ക് മുമ്പിൽ മിഴിവോടെ വെളിപ്പെട്ടുകൊണ്ടിരിക്കുകയാണ്.

■

ഗീത നസീർ/ജെന്നി എസ്.


ജെന്നി എസ്.
ഗവേഷക

# എന്റെ രാഷ്ട്രീയ ജീവിതം - ഗീത നസീർ

വിദ്യാർത്ഥി സംഘടനയായ എ.ഐ.എ സ്.എഫിലൂടെ വളർന്ന് ദീർഘകാലം ജനയുഗത്തിൽ പത്രപ്രവർത്തകയും 12 വർഷം ജനയുഗത്തിന്റെ എഡിറ്റോറിയൽ കോ-ഓർഡിനേറ്ററുമായി പ്രവർത്തിച്ച് വിരമിച്ച ഗീതാ നസീർ സി.പി.ഐ. അംഗമാണ്.


ഗീതാ നസീർ

**ജനയുഗം ഡെപ്യൂട്ടി കോർഡുനേറ്റർ എഡിറ്റർ ആയി റിട്ടയർ ചെയ്തു. മുതിർന്ന മാധ്യമ പ്രവർത്തക എന്നു വെച്ചാൽ എത്ര വർഷം?**

12 വർഷത്തോളം ജനയുഗത്തിൽ ഉണ്ടായിരുന്നു. ഇപ്പോൾ NWMI യുടെ സജീവ പ്രവർത്തക. സീനിയർ ജേർണലിസ്റ്റ് യൂനിയൻ സ്റ്റേറ്റ് വൈസ് പ്രസിഡന്റ്.

**ഏത് വർഷമാണ് മാധ്യമ രംഗത്തേക്ക് വന്നത്?**

വനിതാ മാധ്യമ പ്രവർത്തക എന്നുള്ളത് പുതിയൊരു പ്രതിഭാസമാണ്. 78 ലാണ് ഞാൻ മാധ്യമ രംഗത്തേക്ക് വരുന്നത്. ഞങ്ങളൊക്കെ ഡിഗ്രി കഴിഞ്ഞിരിക്കുന്ന സമയമാണ്. ഞങ്ങൾ 2-3 പേർക്ക് മാധ്യമപ്രവർത്തനം നടത്തിയാൽ കൊള്ളാം എന്ന് ആഗ്രഹം ഉണ്ടായിരുന്നു. ഷൈല സി. ജോർജ് (കൂത്താട്ടുകുളം മേരിയുടെ മകൾ) സി.പി.ഐ രാജ്യ സഭാംഗമായിരുന്ന സോളമൻ ആശാന്റെ മകൾ പി.എസ് നിർമല (മാതൃഭൂമി) ആദ്യമായി ഡെസ്കിൽ ട്രെയിനികളായി വരുന്നത് ഞങ്ങൾ ആണ്. മാധ്യമ പ്രവർത്തനത്തിന്റെ ചരിത്രം പരിശോധിച്ചു കഴിഞ്ഞാൽ സ്ത്രീകൾ പൊതുവെ വനിതാ മാഗസിൻ അല്ലെങ്കിൽ വീക്കെൻഡ്, ഇവയിലൊക്കെയേ കാണുകയുള്ളൂ. നേരിട്ടുള്ള പൊളിറ്റിക്കൽ റിപ്പോർട്ടിങ്ങിലേക്ക് വരുന്ന ആദ്യ മൂന്നു പേരായിരുന്നു ഞങ്ങൾ. അന്ന് പ്രസ് ക്ലബ്ബുകളോ ജേർണലിസം സ്കൂളുകളോ ഒന്നുമില്ല. അനുഭവത്തിലൂടെ പഠിക്കുക എന്നുള്ളത് നല്ലൊരു അനുഭവം ആയിരുന്നു. ഞാൻ AISFന്റെ ജോയിന്റ് സെക്രട്ടറിയായിരുന്നു. അതിനു മുൻപ്. അതിനുശേഷം പത്ര പ്രവർത്തനത്തിലേക്കു വന്നു പിന്നീട്, പാർട്ടിയുടെ സാംസ്കാരിക പ്രവർത്തനങ്ങളിലായിരുന്നു പ്രവർത്തനം. മുഴുവൻ സമയ പാർട്ടി പ്രവർത്തനം നടത്തിയിട്ടില്ലെങ്കിൽ പോലും, ആ രാഷ്ട്രീയമാണ് മുന്നോട്ട് നയിക്കുന്നത്.

**അച്ഛന്റെ രാഷ്ട്രീയ പാരമ്പര്യം, വിദ്യാർത്ഥി രാഷ്ട്രീയ പാരമ്പര്യം, ഇവ ഇത്തരം പങ്കാളിത്തത്തിൽ ഘടകങ്ങളാണോ? ഈ പാരമ്പര്യം ഇല്ലാത്ത സ്ത്രീകൾക്ക് ജേർണലിസത്തിലേക്ക് കടന്നുവരാനുള്ള സാഹചര്യങ്ങൾ ഉണ്ടായിട്ടുണ്ടോ?**

തീർച്ചയായും അങ്ങനെയുള്ള സ്ത്രീകൾക്ക് മാത്രമേ വരാൻ പറ്റുകയുള്ളൂ.

**പുരുഷന്മാർക്കോ?**

ലോകം പുരുഷന്മാരുടേത് എന്നത് മാധ്യമ രംഗത്തും അതേപടി ശരിയാണ്. പിന്നെ 'ജെൻഡർ പെർസ്പെക്ടീവ്' എന്നത് ഒരു കാലത്തും രാഷ്ട്രീയ പാർട്ടികളിൽ ഉണ്ടായിട്ടില്ലാത്ത ഒന്നാണ്. പിന്നെ ഇപ്പോൾ ചില ചലനങ്ങൾ സംഭവിക്കുന്നുണ്ട്. സ്ത്രീകൾ പത്രപ്രവർത്തന രംഗത്തേക്ക് വന്നിട്ടുണ്ട്. പക്ഷെ അവരുടെ പ്രശ്നങ്ങൾ മാറി. ഞങ്ങൾക്ക് പാർട്ടിയുടെ സുരക്ഷിതത്വം ഉണ്ടായിരുന്നു. ഇന്ന് അവർക്ക് ആവശ്യമായ താമസ സ്ഥലങ്ങൾ ഇല്ല. ഒരു പാട് വെല്ലുവിളികൾ ഉണ്ട്.

**മാധ്യമ രംഗത്ത് നിന്ന് റിട്ടയർ ചെയ്യുന്ന സമയത്തുള്ള ന്യൂസ് റൂം സ്ത്രീ പ്രാതിനിധ്യം**

**എങ്ങനെയായിരുന്നു?**

ആ സമയത്ത് ഡെസ്കിലും-റിപ്പോർട്ടിംഗിലും സ്ത്രീ പ്രാതിനിധ്യം ഏതാണ്ട്തുല്യമായിരുന്നു. എന്നാൽ എന്റെ പത്രം ഇങ്ങനെയായിരിക്കണം എന്ന് സങ്കല്പിക്കാനും ആവിഷ്കരിക്കാനുമുള്ള സ്വാതന്ത്ര്യം ഇന്നും സ്ത്രീകൾക്കില്ല. ജനയുഗത്തിൽ എനിക്കത് സാധിച്ചു എന്നുള്ളത് അഭിമാനകരമായ കാര്യമാണ്. പക്ഷെ അത് എക്സപ്ഷൻ ആണ്. അതിൽ നേരത്തെ പറഞ്ഞ പോലെ രാഷ്ട്രീയ
പാരമ്പര്യം ഒരു ഘടകമായിരിക്കാം. പക്ഷെ മറ്റൊരു സ്ത്രീക്കും അങ്ങനെയൊരവസരം കിട്ടിയിട്ടില്ല, ഇന്നുപോലും! തീരുമാനങ്ങൾ എടുക്കാനുള്ള സ്വാതന്ത്ര്യം ഇന്നും മാധ്യമ രംഗത്ത് സ്ത്രീകൾക്കില്ല.

**അതെന്തുകൊണ്ടാണ്?**

രാഷ്ട്രീയ പ്രവർത്തനം ചെയ്യാനുള്ള ഏറ്റവും നല്ല മാധ്യമം ആണ് പത്രപ്രവർത്തനം. രാഷ്ട്രീയത്തിൽ സ്ത്രീകൾ അത്തരത്തിൽ വരാൻ അനുവദിക്കുന്നില്ല എന്നതാണ് പ്രശ്നം. പിന്നെ രാഷ്ട്രീയത്തിൽ മാത്രമല്ല, നിയമം, സിനിമ, സാഹിത്യം എല്ലാത്തിലും തീരുമാനങ്ങൾ എടുക്കുന്നത് പുരുഷന്മാർ തന്നെയാണ്. സ്ത്രീയുഗം എന്ന ഒരു പേജ് ജനയുഗത്തിൽ തുടങ്ങുന്നത് ഞാനാണ്. സ്പോർട്സ്, കൃഷി, സാംസ്കാരികം, കല ഇതിനൊക്കെ ഒരു പേജ് ഉണ്ടായിരുന്നു.

**ഇങ്ങനെയുള്ള തീരുമാനങ്ങൾക്ക് എതിരെ എന്തെങ്കിലും പ്രതിരോധം ഉണ്ടായിരുന്നോ?**

അതിന് അർഹിക്കുന്ന അംഗീകാരം നൽകാതിരിക്കുക എന്നുള്ളതാണ് ഒരു സമീപനം. പിന്നെ അത് മുന്നോട്ട് വയ്ക്കുന്ന ലിംഗ രാഷ്ട്രീയത്തോടുള്ള പ്രതിരോധം. പക്ഷെ, എന്നോടത് പ്രത്യക്ഷത്തിൽ പ്രകടിപ്പിക്കാറില്ല. 'നിങ്ങൾക്കതൊക്കെ ആവാം' എന്നുള്ള ഒരു സവിശേഷ പദവി തരികയും എന്നാൽ നമ്മൾ മുന്നോട്ട വെക്കുന്ന രാഷ്ട്രീയത്തെ മനസിലാക്കാതിരിക്കുകയും ചെയ്യുന്ന ഒരു അവസ്ഥ.

**സ്ത്രീകളെ ഉന്നത പദവികളിലേക്ക് എടുക്കാതിരിക്കുന്നതിനുള്ള കാരണമായി പറയുന്നതെന്താണ്?**

അത് 'കഴിവുള്ള സ്ത്രീകൾ ഇല്ലല്ലോ എന്നാണ്'. ത്രിതല പഞ്ചായത്തിൽ സ്ത്രീകളുടെ പ്രാതിനിധ്യം ഉറപ്പു വരുത്താനുള്ള നിയമം വന്നപ്പോൾ പോലും ഭയങ്കര എതിർപ്പായിരുന്നു. എനിക്കിപ്പോഴും ഓർമ്മയുണ്ട്. 'നിങ്ങൾക്കെവിടെനിന്നാണ് ഇത്രയും സ്ത്രീകളെ കിട്ടുക?' 'വേണ്ടാത്ത മുദ്രാവാക്യം ഉയർത്തി', '33% ഒക്കെ ഇവർക്ക് സ്വപ്നം കാണാം, എന്തിനാണ് ഇവർ വേണ്ടാത്ത തലവേദന ഉണ്ടാക്കുന്നത്' ഇങ്ങനെയൊക്കെയായിരുന്നു പറഞ്ഞത്. ഇതൊക്കെ രാഷ്ട്രീയ പാർട്ടികളുടെ തലവേദനയായിട്ടാണ് ഇവർ കാണുന്നത്. കാരണം, 33% സംവരണം വന്നാൽ സ്ത്രീകൾക്ക് രാഷ്ട്രീയ വിദ്യാഭ്യാസം കൊടുക്കേണ്ടി വരും. സ്ത്രീകൾക്ക് രാഷ്ട്രീയ വിദ്യാഭ്യാസത്തിനുള്ള സമയം എവിടെ. അലക്കൊഴിഞ്ഞിട്ട് നേരമില്ല. ഈ പറയുന്ന സഖാക്കളുടെ മൊത്തം മുണ്ടും ഷർട്ടും അലക്കി വെളുപ്പിച്ച് അവരെ ഇറക്കി വിട്ട് കഴിഞ്ഞാൽ ഇവൾക്ക് രാഷ്ട്രീയം പറയാൻ സമയമില്ലല്ലോ. അങ്ങനെയുള്ള സ്ത്രീകൾ രാഷ്ട്രീയത്തിലേക്ക് വന്നാൽ, ഈ ആണുങ്ങളേക്കാൾ മികവ് പ്രകടിപ്പിച്ചാലോ? അതു പേടിച്ച് പുരുഷന്മാർക്ക് സ്ത്രീകൾ വരുന്നതിലും താല്പര്യം ഇല്ല. 'കുടുംബം നടത്താൻ മിടുക്കി ആണെങ്കിൽ, മിക്കവാറും വന്നാൽ-എനിക്ക് പണി കിട്ടും' എന്ന് പറയും. ഒരു നിയമം വന്നപ്പോൾ പെട്ടെന്ന് 'സ്ത്രീകൾ എവിടെ' എന്ന് അപ്പോൾ ഈ രാഷ്ട്രീയ പാർട്ടികളുടെ സ്ത്രീ സംഘടനകളൊക്കെ എന്തിനായിരുന്നു? അത് വേറെ. 'കൊടി പിടിക്കുക, പ്രകടനം നടത്തുക, അതിന്റെ കൂടെ നിങ്ങൾ വന്നിരിക്കുക ഇത് വേറെ!, ഭരണം എന്നു പറയുന്നത് ഗൗരവമുള്ള കാര്യമല്ലേ?' എന്ന് വച്ചാൽ അത് പുരുഷന്മാർക്ക് മാത്രം ചെയ്യാൻ പറ്റുന്ന ഒരു കാര്യമാണ് ഇതായിരുന്നു 33% ശതമാനം സംവരണത്തോട് പൊതുവെയുള്ള സമീപനം. പുരോഗമനം പറയുന്ന പാർട്ടികൾ 'സംവരണത്തോടൊപ്പം' എന്നൊരു മുദ്രാവാക്യം കൂട്ടിച്ചേർക്കും. ബൂർഷ്വാ പാർട്ടികളെ എതിർക്കാനായി മാത്രം നമുക്കൊരു മുദ്രാവാക്യം 'സംവരണം എവിടെ?'

**സി.പി.ഐയിലെ അവസ്ഥയും ഇതു തന്നെ ആയിരുന്നോ?**

എല്ലാ രാഷ്ട്രീയ പാർട്ടിയിലും സി.പി.ഐലെ അവസ്ഥ ഭേദമായിരുന്നു എന്ന് ഞാനൊരിക്കലും പറയില്ല. നമ്മുടെ ചുറ്റുപാടുകളിലുള്ള പുരുഷാധിപത്യ സ്വഭാവത്തിൽ നിന്നു തന്നെ ഉണ്ടായ ഒരു പാർട്ടി അല്ലേ അത്. കുടുംബങ്ങളിലെ ജനാധിപത്യം എന്താണ് എന്ന് നമുക്കറിയാമല്ലോ. പിന്നെ എന്ത് ജനാധിപത്യം ആണ് അവർ പുറത്ത് പോയി വിളമ്പുക? നമ്മളൊക്കെ അതിന്റെ ഇരകളാണ്. മുഖ്യധാര രാഷ്ട്രീയത്തിൽ നിന്ന് മാറി, കുടുംബത്തിന് എനിക്കും മുൻഗണന കൊടുക്കേണ്ടി വന്നിട്ടുണ്ട്. ഇന്ന് അങ്ങിനെയല്ല സ്ത്രീകൾ ചിലതൊക്കെ ചോദ്യം ചെയ്ത് തുടങ്ങി. 90% സമരങ്ങളുടെയും നേതൃത്വത്തിൽ ഇന്ന് സ്ത്രീകൾ അല്ലേ?

**പക്ഷെ ഇതു രണ്ടും തമ്മിൽ വ്യത്യാസമില്ലേ, രാഷ്ട്രീയ നേതൃത്വത്തിലേക്ക് സ്ത്രീകൾ വരുന്നതും ചെറു സമരങ്ങൾ സ്ത്രീകൾ നയിക്കുന്നതും? അധികാര രാഷ്ട്രീയത്തിൽ സ്ത്രീകൾ എത്തുന്നില്ലല്ലോ?**

ആ വ്യത്യാസം ഉണ്ട്. പക്ഷെ പോരാട്ടങ്ങൾ ഏറ്റെടുക്കുകയാണ് സ്ത്രീകൾ. കേരളത്തിൽ നടന്നിട്ടുള്ള സമരങ്ങൾ നോക്കുക. അയ്യങ്കാളി, അല്ലെങ്കിൽ ആറാട്ടു പുവ വേലായുധ പണിക്കർ ആഭരണങ്ങളും മൂക്കുത്തിയും കൊടുത്തത് കൊണ്ട് വിപ്ലവം ആയോ? ഇത് ഇടാൻ തയ്യാറായ സ്ത്രീകൾ ഇന്ന്

എവിടെ? ആക്കുത്തി ഇമിഞ്ഞു കളഞ്ഞ ആ സ്ത്രീ എവിടെ? ആ സ്ത്രീയുടെ പേര് ഇല്ലല്ലോ ചരിത്രത്തിൽ? പക്ഷെ അവളുടെ മൂക്കരിഞ്ഞപ്പോൾ, അവൾ അപമാനിതയായി എന്ന് പറഞ്ഞ വേലായുധ പണിക്കർ ആണ് ഹീറോ! ഒണ്ടി നിറയെ മൂക്കുത്തിയുമായി പോയ വേലായുധ പണിക്കരെ പറ്റി ഒരു കഥ പറയുന്നത് പോലെ നമ്മൾ പറയും. അതിനു തയ്യാറായ സ്ത്രീകൾ ഏത് സാഹചര്യത്തിൽ നിന്നാണ് വന്നിരിക്കുക? ആ തയ്യാറായ സ്ത്രീകൾ ആണ് ഇവിടുത്തെ രാഷ്ട്രീയ ചരിത്രം രചിച്ചിരുക്കുന്നത്. ആ സ്ത്രീ എവിടെ? പുന്നപ്ര വയലാർ സമരം, തോൽ വിറക് സമരം, കയ്യൂർ സമരം, കരിവെള്ളൂർ സമരം, ഒരു സേർ അരി സമരം, ശൂരനാട് സംഭവം ഇതിലൊക്കെ ഉണ്ടായിരുന്ന സ്ത്രീകൾ അധികാരത്തിന്റെ കാര്യം വന്നപ്പോൾ എവിടെ? എല്ലാ രാഷ്ട്രീയ പാർട്ടികളിലും പോരാടിയ സ്ത്രീകൾ ഉണ്ടായിരുന്നു. അക്കാമ്മ ചെറിയാൻ, യശോദ ടീച്ചർ ഉണ്ടായിരുന്നു, കാളിക്കുട്ടി ആശാത്തി ഉണ്ടായിരുന്നു. ഈയിടയ്ക്ക് സംഭവിച്ച ഒരു കാര്യം പറയാം. സി.പി.ഐയുടെ സാംസ്കാരിക സംഘടനയാണ് യുവ കലാ സാഹിതി എന്ന് പറയുന്നത്. അത് 75 ൽ ഉണ്ടായ സംഘടന ആണ്. പക്ഷെ ആ സംഘടനയിൽ ഒരു കാലത്തും ഭാരവാഹി ആയി സ്ത്രീ ഉണ്ടായിട്ടില്ല. അങ്ങനെ 2012 ൽ ഞങ്ങൾ അതിനൊരു വനിതാ സംഘടന ഉണ്ടാക്കാൻ തിരുമാനിച്ചു. വനിത കലാ സാഹിതി എന്നാണ് അതിന്റെ പേര്. ഏത് ക്യാംപെയിനിലും, വനിത കലാ സാഹിതി എന്ന് വെക്കാൻ അനുവാദമില്ല. കൂടെ യുവ കലാ സാഹിതി എന്നും കൂടെ വെക്കണം. കാരണം യുവകലാ സാഹിതിയുടെ ഭാഗമായിട്ട് വന്നതല്ലേ. സംഘടനാ പ്രവർത്തനത്തിന്റെ ഭാഗമായി നമ്മൾ ആദ്യം കണ്ടെത്തിയത് പി.സി കുറുമ്പ എന്നു പറയുന്ന ഒരു സ്ത്രീയെ ആയിരുന്നു. ഞങ്ങൾ കാണുമ്പോൾ അവർക്ക് 90വയസാണ്. അവർ ആരാണെന്ന് അറിയോ? കൂട്ടം കുളം സമരം ഉണ്ടായിരുന്നു, വഴി നടക്കാനുള്ള അവകാശത്തിന് വേണ്ടി ദളിത് സ്ത്രീകൾ നടത്തിയ ഒരു വലിയ പോരാട്ടം ആയിരുന്നു അത്. കൂടൽ മാണിക്യം ക്ഷേത്രത്തിന് അരികിൽ കൂടി നടക്കാൻ ദളിത കുട്ടികൾക്ക് അനുവാദം ഉണ്ടായിരുന്നില്ല. ആ സമരത്തിൽ പങ്കെടുത്ത സ്ത്രീയാണ് പി.സി കുറുമ്പ. ചാത്തൻമാസ്റ്റർ അടക്കം ഉള്ള പുരുഷന്മാരെയും ഇവരേയും നഗ്നരാക്കി നിർത്തി പോലീസ് ചോദ്യം ചെയ്യുമ്പോൾ ഇവരുടെ മാറ് കതകിനടിയിൽ വെച്ച് ഞെരിച്ചു. ക്രൂരമായ പീഠനം സഹിച്ച സ്ത്രീയാണ്. പക്ഷെ കാരിരുമ്പിന്റെ ശക്തിയും വ്യക്തതയും. ആസാദ്യ പോരാളി. 90 വയസ് വരെ ഇവിടെ ഉണ്ടായിരുന്നു. ഒരു രാഷ്ട്രീയ പാർട്ടിയും അവരെ കണ്ടില്ല. 93-ാമത്തെ വയസ്സിൽ ഞങ്ങൾ അവരെ കാണുമ്പോൾ അവർ മുഷ്ടി ചുരുട്ടി മുദ്രാവാക്യം വിളിച്ചു. അവേശം കൊണ്ട് ഒരു ദളിത് സ്ഥാനാർത്ഥി ആക്കാൻ സ്ത്രീയെ തെരഞ്ഞു നടന്നു. അവരെ കണ്ടില്ലല്ലോ. ഏതെങ്കിലും രാഷ്ട്രീയക്കാരന്റെ ഭാര്യയുണ്ടോ എന്ന് നോക്കി നടന്നു. കുടുംബത്തിലെ പെങ്കുട്ടികൾ ഉണ്ടോ എന്ന് നോക്കി നടന്നു.

കൂത്താട്ടുകുളം മേരി കമ്മ്യൂണിസ്റ്റ് പാർട്ടി കെട്ടിപ്പടുക്കുന്നതിൽ പങ്കു വഹിച്ച വ്യക്തി പുരുഷന് ഏൽക്കേണ്ടി വന്ന എല്ലാ പീഡനങ്ങളും അനുഭവിച്ചിട്ടുണ്ട്. അതിൽ കൂടുതൽ അനുഭവിച്ചിട്ടുണ്ട്. അവരെവിടെ. ഒരു ടീച്ചറായി ഒരു കുടുംബമായി. ഭർത്താവ് പാർട്ടിയിൽ ഉണ്ട്. അന്ന് സ്ത്രീകൾക്കും അധികാരം മുൻഗണനയിൽ ഉണ്ടായിരുന്നില്ല. പാർട്ടിയുടെ കൊടി പിടിക്കുക എന്നതിലുള്ള സായൂജ്യത്തിനായിരുന്നു മുൻഗണന. പാർട്ടികളും അവർക്ക് അധികാരത്തിൽ പ്രാതിനിധ്യം കൊടുക്കണം എന്നു പോലും ചിന്തിച്ചിട്ടില്ല. ഇപ്പോഴും ഏതെങ്കിലും പാർട്ടിയിൽ ഒരു സ്ത്രീ സെക്രട്ടറി ആയി ഉണ്ടോ? ബ്രാഞ്ച് തലത്തിൽ ഉണ്ടോ? ഈ അടുത്ത കാലത്ത് സംഭവിച്ച ഏക കാര്യം, ബിന്ദു കൃഷ്ണ കോൺഗ്രസിന്റെ ജില്ലാ കൺവീനർ ആയി. ഞങ്ങളെല്ലാം അവർക്ക് പിന്തുണ കൊടുത്തല്ലോ. അതിൽ ഞങ്ങൾക്ക് രാഷ്ട്രീയം ഇല്ല.

സ്ത്രീകൾക്ക് ഈ തിരിച്ചറിവ് ഉണ്ട്. പക്ഷെ വരാൻ പറ്റില്ല. പക്ഷെ ഇപ്പോൾ കൈ ചൂണ്ടി പറയാൻ ചുറ്റുപാടും സ്ത്രീ സമരങ്ങളാണ്. ഷഹീൻ ബാഗിലെ സ്ത്രീകൾ. പരിസ്ഥിതി സമരങ്ങളിലെ മയിലമ്മ. എന്തൊക്കെ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായാലും പരിസ്ഥിതി സമരങ്ങളിൽ സുഗതകുമാരി ഒരു പങ്കു വഹിച്ചിട്ടുണ്ട്.

**അതായത് ചരിത്രത്തിൽ ഉണ്ടായിരുന്ന സ്ത്രീകളെ ഇപ്പഴും ഒരു 'ചരിത്ര നായികാ' പദവിയിലേക്ക് അംഗീകരിക്കാൻ സമൂഹം തയ്യാറായിട്ടില്ല എന്നത്, സ്ത്രീകളുടെ രാഷ്ട്രീയ പ്രാതിനിധ്യത്തെ ബാധിക്കുന്നു എന്നതാണ് വസ്തുത?**

അതെ. കേരളത്തിൽ ഒന്ന് കാസർഗോഡ് മുതൽ പാറശാലവരെ യാത്ര ചെയ്ത് നോക്കണം. സ്ത്രീകളുടെ എത്ര പ്രതിമകൾ ഉണ്ട്? രണ്ടേ രണ്ടെണ്ണം. ഒന്ന് അക്കാമ്മ ചെറിയാനും, രണ്ട് ആനി(2)(28.18) പ്രതിമയുടെ രാഷ്ട്രീയത്തോടുള്ള യോജിപ്പു കൊണ്ടല്ല. പക്ഷെ കുറെയധികം സ്ത്രീകൾ പോരാട്ട നായികമാർ ആയിരുന്നല്ലോ, രക്തസാക്ഷികൾ ആയിരുന്നല്ലോ, അവരൊക്കെ എവിടെ? പ്രതിമയാക്കാൻ പറ്റിയ ഒരു സ്ത്രീയും ഇല്ലേ?

**സഖാവിന്റെ കുടുംബ ജീവിതവും രാഷ്ട്രീയ ജീവതവും തമ്മിൽ വൈരുദ്ധ്യങ്ങൾഉണ്ടായിരുന്നോ?**

ഞാൻ ഞാനടക്കം ഉള്ളവരെക്കുറിച്ചാണ് പറയുന്നത്. വിവാഹത്തിനു മുൻപ് കേരളത്തിലങ്ങോളം ഇങ്ങോളം നടന്ന്, രാഷ്ട്രീയ പ്രവർത്തനവും സംഘടനാ പ്രവർത്തനവും നടത്തിയ ആളാണ് ഞാൻ. വിവാഹം കഴിഞ്ഞപ്പോൾ പങ്കാളിയും രാഷ്ട്രീയ

പവർത്തകനാണ്. ഭർത്താവ് രാഷ്ട്രീയം തുടരട്ടെ എന്നും കുടുംബം ഞാൻ നോക്കാമെന്നും എനിക്ക് തീരുമാനം എടുക്കേണ്ടി വന്നു. ഒരു മുസ്ലീം കുടുംബത്തിൽ വിവാഹം കഴിച്ചത് കാരണം, ഇത്തരത്തിലുള്ള ബന്ധങ്ങൾ ദൃഢമാണ് എന്ന് ബോധിപ്പിക്കേണ്ട ഇരട്ട ഉത്തരവാദിത്തം കൂടെ എനിക്കുണ്ടായിരുന്നു. അതിന്റെ വ്യഗ്രത എനിക്കായിരുന്നു കൂടുതൽ. അത് ഞാൻ സ്വയം ഏറ്റെടുത്ത ഒരു കാര്യമാണ്. രാഷ്ട്രീയം നടത്തി വെറുതെ ജീവിച്ചാൽ മതിയായിരുന്നു. പിന്നെ ആകുടുംബത്തിന്റെ ഉത്തരവാദിത്തങ്ങളും പ്രശ്നങ്ങളും മുവുവൻ ഞാൻ ഏറ്റെടുത്തു. അതിനിടയിൽ ചെറിയ ചെറിയ ജോലികളും ചെറിയ ചെറിയ രാഷ്ട്രീയ പ്രവർത്തനവും ഞാനും നടത്തി. ഇതാണ് സ്ത്രീ. ഈ മുൻഗണന എപ്പോൾ രാഷ്ട്രീയത്തിൽ നിന്ന് മാറി കുടുംബത്തിൽ എത്തുന്നോ, അവിടുന്നു മുതൽ സ്ത്രീകൾ രാഷ്ട്രീയത്തിൽ നിന്ന് അന്യവൽക്കരിക്കപ്പെടുകയാണ്. എത്ര കൊല്ലം കഴിഞ്ഞാലും പിന്നീട് അത് തിരിച്ച് പിടിക്കാൻ പറ്റില്ല.

**അതെന്ത് കൊണ്ടാണ് സ്ത്രീകൾക്ക് കുടുംബത്തിന് മുൻഗണന കൊടുക്കേണ്ടി വരുന്നത്?**

ചെറുപ്പം മുതലുള്ള സാമൂഹ്യവൽക്കരണം ഒരു പ്രധാന കാരണം ആണ്. നമ്മുടെ നിലനില്പിനെ സാധൂകരിക്കുന്നത് അവൾ നല്ല കുട്ടിയാണ് എന്ന പറച്ചിൽ അല്ലേ.

**സ്ത്രീകൾ സമരങ്ങളിൽ ഉണ്ട്, പക്ഷെ അധികാര പ്രാതിനിധ്യത്തിൽ ഇല്ല, ഈ അവസ്ഥയ്ക്ക് എങ്ങനെയാണ് മാറ്റം വരുക?**

ഞങ്ങൾ വിവിധ പാർട്ടികളിലെ, സ്ത്രീകൾ കൂടി ഒരു സ്ത്രീ കൂട്ടായ്മ ഉണ്ടാക്കി. ഓരോ തെരഞ്ഞെടുപ്പിനും മുൻപും ഞങ്ങൾ വിവിധ പാർട്ടികളെ കാണും, ഒരു വനിതാ പ്രകടന പത്രിക കൊടുക്കും. തെരഞ്ഞെടുപ്പ് കഴിയുമ്പോൾ, മരുന്നിന് ഒരെണ്ണം കിട്ടി എന്നു വരും. അതിനു പറയുന്ന കാരണം എന്താ; 'ജയിക്കാൻ പറ്റുന്ന സ്ഥാനാർത്ഥി ഇല്ല!' എന്തുകൊണ്ടാണ് ജയിക്കാൻ പറ്റിയ സ്ഥാനാർത്ഥി ഇല്ലാത്തത്? ദൈനം ദിന പാർട്ടി പരിപാടികളലൊന്നും സ്ത്രീകൾ പ്രസംഗിക്കുന്നില്ല. രാഷ്ട്രീയക്കാരി ആണെങ്കിൽ പോലും 6 മണിയായാൽ ഓടി പിടിച്ച് വീട്ടിലെത്തണം. ഇപ്പോൾ അത് മാറിയിട്ടുണ്ട്. പക്ഷെ രാഷ്ട്രീയ പ്രവർത്തനത്തിൽ അവരില്ല. പഞ്ചായത്ത് പ്രവർത്തനം ചെയ്യാം, പക്ഷെ രാഷ്ട്രീയ പാർട്ടിയുടെ പ്രവർത്തന കമ്മിറ്റി മീറ്റിംഗ് വിളിച്ചു ചേർക്കുക അതിൽ തീരുമാനം എടുപ്പിക്കുക, അതിലൊന്നും ഈ സ്ത്രീകൾ ഇല്ല. സ്ഥാനാർത്ഥിത്വത്തിലേക്കുള്ള ഒരു പ്രക്രിയയിൽ സ്ത്രീകളെ ഉൾപ്പെടുത്തുന്നില്ല. പുരുഷൻ നിത്യവും അത് ചെയ്തു കൊണ്ടിരിക്കുകയാണ്.

**ആ പ്രക്രിയയിൽ അവരെ ഉൾപ്പെടുത്താൻ എന്ത് ചെയ്യാൻ പറ്റും?**

ത്രിതല പഞ്ചായത്തിൽ ജയിച്ച എല്ലാ സ്ത്രീകൾക്കും സംഘടനാ ട്രെയിനിംഗ് കൊടുക്കണമായിരുന്നു. രാഷ്ട്രീയ വിദ്യാഭ്യാസം പത്രം വായിച്ചോ, ടെലിവിഷൻ കണ്ടോ സ്വായത്തമാക്കാൻ പറ്റാത്ത സ്ത്രീകൾക്ക് അത് കൊടുക്കേണ്ട ഉത്തരവാദിത്തം രാഷ്ട്രീയ പാർട്ടികൽക്ക് ഉണ്ട്.

**രാഷ്ട്രീയം പറയുന്ന സ്ത്രീയുടെ ശാരീരശാസ്ത്രം ഒരു പ്രത്യേക തരത്തിൽ ആയിരിക്കണം എന്ന് സമൂഹം നിഷ്കർഷിക്കുന്നുണ്ടോ?**

അത് സ്ത്രീകൾക്കും പപുരുഷന്മാർക്കും ഉണ്ട്. ഇതൊക്കെ മാധ്യമങ്ങൾ സൃഷ്ടിക്കുന്നതാണ്. ഇപ്പോൾ അധിക രാഷ്ട്രീയ പരിചയമൊന്നുമില്ലാത്ത സ്ത്രീകളെ, കുറച്ച് പബ്ലിസിറ്റി ഉണ്ട്, ടി.വിയിൽ അഭിപ്രായങ്ങൾ പറഞ്ഞു എന്ന പേരിൽ സ്ഥാനാർത്ഥി ആക്കുന്നുണ്ട്. പക്ഷെ രാഷ്ട്രീയം ഒരു പ്രക്രിയ അല്ലെ. അധികാരം എന്നു പറയരുത്. ദൗത്യനിർവ്വഹണ കേന്ദ്രങ്ങളാണത്. അധികാര കേന്ദ്രങ്ങളെ ദൗത്യ നിർവ്വഹണ കേന്ദ്രങ്ങളാക്കാൻ സ്ത്രീകൾക്ക് പറ്റും. പുരുഷനെപ്പോലെയുള്ള സ്ത്രീകളെ വാർത്തെടുക്കുക എന്നുള്ളത് അവരുടെ ഒരു സൂത്രമാണ്. കൈക്കൂലി വാങ്ങാൻ പഠിപ്പിക്കും. കോൺട്രാക്ടർമാരെ ഡീൽ ചെയ്യാൻ പഠിപ്പിക്കും, പാറ മുതലാളികളെ ഡീൽ ചെയ്യാൻ പഠിപ്പിക്കും. പക്ഷെ, രാഷ്ട്രീയത്തെ ഒരു സ്ത്രീ പക്ഷ കാഴ്ചപ്പാടിലൂടെ നോക്കുന്ന നേതൃത്വം സ്ത്രീകൾക്കിടയിൽ നിന്നുതന്നെ ഉയർന്നു വരും. അതാണ് ഇപ്പഴത്തെ സ്ത്രീ സമരങ്ങൾ നൽകുന്ന പ്രതീക്ഷ. അവർ ഒന്നിനേയും ഭയക്കുന്നില്ല. അവർ ഒരു തരത്തിലുള്ള വിട്ടുവീഴ്ചയ്ക്കും തയ്യാറല്ല. അത്തരം മൂമെന്റുകൾ ആയിരിക്കും ഇന്ത്യയെ മാറ്റാൻ പോകുന്നത്. ഇവിടുത്തെ നിലവിലുള്ള പാർട്ടി ഓഫീസുകൾക്കൊക്കെ ഷട്ടർ ഇടീപ്പിച്ച്, ദാ വിപ്ലവം ഞങ്ങൾ കൊണ്ടുവന്നു എന്ന് സ്ത്രീകൾ പറയുന്ന ഒരു നാൾ വരും.

**ഇന്ത്യൻ സ്വാതന്ത്ര്യ സമര ചരിത്രം എടുത്താൽ തന്നെ സ്ത്രീകൾ സമര കാലത്ത് സജീവമാകുകയും അധികാരത്തിൽ വരാതിരിക്കുകയും ചെയ്യുന്ന ഒരവസ്ഥ ഉണ്ട്. പുതിയ സമരങ്ങൾ അങ്ങനെയാവുമോ എന്ന ആശങ്ക ഇല്ലേ?**

ഇല്ല. അതു സംഭവിക്കും. പിന്നെ സ്ത്രീകൾക്ക് പ്രാതിനിധ്യം വേണമെന്ന് പറയുമ്പോൾ അവരുടെ കീശയിൽ നിന്നല്ലല്ലോ ചോദിക്കുന്നത്. നമ്മുടെയും വിയർപ്പല്ലേ. തുല്യ പ്രാതിനിധ്യ പ്രസ്ഥാനം ഉണ്ടാക്കിയപ്പോൾ ഉണ്ടായ ഒരു ആശങ്കയാണ്. ബി. ജെ.പി. വന്നാലോ എന്നുള്ളത്. എനിക്കും ഉണ്ടായിരുന്നു. നമ്മളൊക്കെ ഓടി ജയിക്കാൻ പുരുഷൻ വരണം എന്ന അവസ്ഥ മാറുകയും, സ്ത്രീകളെ രാഷ്ട്രീയ പ്രക്രിയയുടെ ഭാഗമാക്കുകയും ചെയ്താൽ മാത്രമേ ഈ അവസ്ഥ മാറുള്ളൂ.

■

ജാനമ്മ കുഞ്ഞുണ്ണി/മിനി പ്രസാദ്



മിനി പ്രസാദ്

# എന്നെ നയിക്കുന്നത് ആശയങ്ങളാണ്; വ്യക്തികളല്ല.

**ജാ**നമ്മ കുഞ്ഞുണ്ണി എന്ന സഖാവ് കോഴിക്കോട്ടുകാർക്ക് ഒരു മുഖവുരയും ആവശ്യമില്ലാത്ത ഒരു വ്യക്തിയാണ്. ഏതു സമരമുഖങ്ങളിലും മുഴങ്ങി നിൽക്കാറുള്ള ശബ്ദവും രൂപവും അത്രമേൽ പരിചിതമാണ്. മുഴുവൻ സമയ രാഷ്ട്രീയ പ്രവർത്തകയായിരിക്കുമ്പോഴും അവർ എഴുതുന്നു. അനേകം പദവികൾ വഹിക്കുന്നു. സാഹിത്യപ്രവർത്തക സഹകരണ സംഘം, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയുടെ ഡയറക്ടർ ബോർഡ് അംഗം, നന്മ എന്ന ദേശീയ കലാകാരന്മാരുടെ സംഘടനയുടെ സംസ്ഥാന കമ്മിറ്റി അംഗം സർഗ്ഗവനിത എന്ന കലാകാരികളുടെ സംഘടനയുടെ സംസ്ഥാന സെക്രട്ടറി, പുരോഗമന കലാസാഹിത്യ സംഘം സംസ്ഥാന കമ്മിറ്റി അംഗം, ജില്ലാ സാക്ഷരതാ സമിതി അംഗം ഇങ്ങനെ എത്രയോ ചുമതലകൾ. ചുമതലകൾ എന്ന വാക്ക് ഞാൻ ബോധപൂർവ്വം പ്രയോഗിച്ചതാണ്. കാരണം ഇവയൊന്നും സഖാവിന് പദവികളല്ല. മറിച്ച് ജോലി ചെയ്യാനുള്ള ഇടങ്ങളാണ്. ഇവയോടൊപ്പം സൗഹൃദത്തിന്റെ വലിയ വലയം അവർ കാത്തു സൂക്ഷിക്കുന്നു. എസ്.പി.സി.എസിന്റെ കൃതി ഫെസ്റ്റിവലിന്റെ തിരക്കിനിടയിൽ നിന്ന് സഖാവ് ജാനമ്മ കുഞ്ഞുണ്ണി സംസാരിക്കുന്നു. വ്യക്തി ജീവിതത്തെയും രാഷ്ട്രീയ ജീവിതത്തേയും പറ്റി... സന്തോഷങ്ങളേയും ദുഃഖങ്ങളേയും പറ്റി...



ജാനമ്മ കുഞ്ഞുണ്ണി

*1) ഓരോ വ്യക്തിയേയും രൂപപ്പെടുത്തുന്നതിൽ ബാല്യകാലത്തിന് ശക്തമായ പങ്കുണ്ടെന്ന് മനശ്ശാസ്ത്രം പറയുന്നു. സ്വന്തം ബാല്യകൗമാരകാലങ്ങൾ ഒന്ന് ഓർത്ത് എടുക്കാമോ?*

ഉ. കൊല്ലം ജില്ലയിലെ പടിഞ്ഞാറേ കല്ലടയാണ് ജനിച്ചത്. അച്ഛൻ നാണു. അമ്മ നാണി. മക്കളില്ലാത്ത അമ്മാവന്റെ വളർത്തു പുത്രിയായിരുന്നു. വളരെ സ്നേഹമയിയായിരുന്നു അമ്മായി. എന്നെ അമ്മയേക്കാൾ സ്നേഹിച്ചത് അമ്മായിയായിരുന്നു. അടുപ്പവും അങ്ങോട്ടു തന്നെയായിരുന്നു. പെൺകുട്ടികൾക്ക് പ്രത്യേകിച്ച് ആശ്രിത കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് വിദ്യാഭ്യാസം അസാദ്ധ്യമായിരുന്ന കാലഘട്ടമായിരുന്നു അത്. എന്നിട്ടും അമ്മാവനും അമ്മായിയും കൂടി എന്നെ പഠിപ്പിക്കാൻ തീരുമാനിച്ചു. പടിഞ്ഞാറെ കല്ലട ഹൈസ്ക്കൂളിൽ നിന്ന് പത്താം ക്ലാസ്സ് പാസ്സായി. കൊല്ലം ഫാത്തിമാ മാതാ കോളേജിൽ പ്രീഡിഗ്രിക്ക് ചേർന്നു.

പ്രീഡിഗ്രി രണ്ടാം വർഷം പഠിക്കുമ്പോൾ വിവാഹിതയായി. എതിർക്കാനായില്ല. എതിർപ്പുകൾ ദുർബലമായിപ്പോയി എന്നു പറയാം. ദാമ്പത്യജീവിതം വളരെ യാതനാഭരിതമായിരുന്നു. രണ്ട് കുട്ടികൾ ആ ബന്ധത്തിൽ ജനിച്ചു. ആ ബന്ധം നിലനിൽക്കുമ്പോൾത്തന്നെ വളരെ കഷ്ടപ്പെട്ട് ടി.ടി.സി.ക്ക് ചേർന്നു. അങ്ങനെ വയനാട് ജില്ലയിൽ 1974–ൽ അദ്ധ്യാപികയായി. അതാണ് ജീവിതത്തിലെ വഴിത്തിരിവ്. അവിടെ താമസിച്ചത് ഒരു ക്രിസ്തീയ കുടുംബത്തിലായിരുന്നു. അവിടെ നിന്നാണ് സ്നേഹം എന്താണെന്ന് പഠിച്ചത്. അവരോടുചേർന്ന് നിന്നാണ് ജീവിതത്തിനു വേണ്ട അനേക കാര്യങ്ങളും പഠിച്ചത്. ആ വീടിന്റെ സംരക്ഷണം പോലും നഷ്ടപ്പെടുത്തിയത് ആദ്യ ഭർത്താവിന്റെ ചില പ്രവർത്തികളായിരുന്നു. 1976–ൽ കോഴിക്കോട് ജില്ലയിൽ അദ്ധ്യാപികയായി. വെള്ളയിൽ എൽ.പി. സ്കൂളിൽ ആണ് ആദ്യം എത്തിയത്. അപ്പോഴേക്ക് ആ വിവാഹബന്ധത്തിൽ നിന്നും മോചനം നേടി. കവിയും സംസ്കൃതാദ്ധ്യാപകനുമായ കുഞ്ഞുണ്ണി വെങ്കിടങ്ങ് പിന്നീട് ജീവിതത്തിലേക്ക് കടന്നുവന്നു. വിവാഹജീവിതം എന്നാൽ രണ്ടു വ്യക്തികളുടെ പരസ്പര ബഹുമാനത്തിന്റെ ബാക്കിയാണെന്ന് പഠിപ്പിച്ചത് കുഞ്ഞുണ്ണി മാഷാണ്. മാഷ് ആറു വർഷം മുമ്പ് കടന്നു പോയി. ആ ബന്ധത്തിൽ രണ്ടു പെൺകുട്ടികൾ ജനിച്ചു. അവരിൽ ഒരാൾ അക്ഷര കുഞ്ഞുണ്ണി ഈ ലോകം വിട്ടു പോയി. ഇപ്പോൾ മൂന്നു മക്കൾ. പ്രീത ജെ. പ്രിയദർശിനി – വയനാട്ടിൽ അദ്ധ്യാപികയാണ്. മകൾ വിമൽ തമ്പി. മാധ്യമത്തിൽ ഫോട്ടോഗ്രാഫറാണ്. ഇളയ മകൾ ആതിര കുഞ്ഞുണ്ണി വയനാട്ടിൽ ഡോക്ടറാണ്. നാലു കൊച്ചു മക്കൾ. അതിൽ ഒരു കൊച്ചു മകൾ വിവാഹിതയാണ്. അവളുടെ മകൾക്ക് മൂന്നു വയസ്സായി. അങ്ങനെ ഇപ്പോൾ മുതുമുത്തശ്ശിയാണ്.

*2. എങ്ങനെയാണ് രാഷ്ട്രീയത്തിൽ എത്തിയത്?*

ഉ. അമ്മ വീട്ടിൽ അമ്മാവന്റെ സംരക്ഷണയിലാണ് വളർന്നതെന്ന് പറഞ്ഞല്ലോ. അമ്മാവൻ ഒമ്പതാം ക്ലാസ്സു വരെ പഠിച്ച ആളായിരുന്നു. തയ്യൽ തൊഴിലാളിയും. ആ നാട്ടിലെ വായനശാലയിൽ നിന്നാണ് വായന ആരംഭിച്ചത്. ഒരു പെൺകുട്ടി വായനശാലയിൽ എത്തുക എന്നത് അത്ര എളുപ്പമായ കാലമായിരുന്നില്ല അത്. അമ്മാവന്റെ പരിമിതമായ പുസ്തകശേഖരങ്ങൾ എന്നെ തൃപ്തിപ്പെടുത്തിയില്ല എന്നതാണ് സത്യം. വായിക്കാനുള്ള ഒരു ഭ്രാന്താണ് വായനശാലയിൽ എത്തിച്ചത്. ഒരു ജന്മി കുടുംബത്തിലെ ആശ്രിതയായ പെൺകുട്ടി വായനശാലയിൽ എത്തിപ്പെടുക അത്ര എളുപ്പമായിരുന്നില്ല. അവിടെ നിന്നാണ് ആൺസുഹൃത്തുക്കൾ ഉണ്ടാവുന്നത്. അവരുടെ ചർച്ചകളിലൂടെയും സംസാരങ്ങളിലൂടെയും കടന്നു പോയിട്ടാണ് ലോകം അത്ര മനോഹരമല്ല എന്ന് മനസ്സിലാക്കുന്നത്. വീട്ടിലും അമ്മാവന്റെ സുഹൃത്തുക്കൾ ചേർന്നു നടത്തിയിരുന്ന ചർച്ചകളിലും ഭാഗഭാക്കായിരുന്നു. വ്യവസ്ഥിതി മാറേണ്ടതുണ്ട് എന്ന തോന്നൽ ശക്തമാവുന്നത് അത്തരം കേൾവികളിൽ നിന്നാണ്. കമ്മ്യൂണിസ്റ്റ് ആശയങ്ങളിൽ ആകൃഷ്ടയാവുന്നതും ആ വായനകളിൽ നിന്നും കേൾവികളിൽ നിന്നുമാണ്. അന്ന് നാട്ടിൽ നിലവിൽ നിന്ന ജന്മി ഭരണം മനുഷ്യരെ മനുഷ്യരായി കാണാനല്ല പഠിപ്പിച്ചത്. പക്ഷേ കമ്മ്യൂണിസ്റ്റ് ആശയങ്ങൾ മനുഷ്യരെ മനുഷ്യരായി കാണാൻ പഠിപ്പിച്ചു. മനുഷ്യനെ സമ്പത്തുകൊണ്ട് വേർതിരിക്കുന്ന ഒരു ലോകത്തു നിന്ന് അങ്ങനെയല്ലാത്ത സർവ്വ സമത്വ സുന്ദരമായ ഒരു ലോകം കമ്മ്യൂണിസം എനിക്ക് നൽകി. അത്തരമൊരു സ്വപ്നം എന്നെ കമ്മ്യൂണിസ്റ്റുകാരിയാക്കി.

കോളേജിൽ പഠിക്കുമ്പോൾത്തന്നെ നാട്ടിലെ രാഷ്ട്രീയ പ്രശ്നങ്ങളിൽ ഇടപെട്ട് തുടങ്ങിയിരുന്നു. ജന്മിയുടെ ക്രൂരതകൾ നിശ്ശബ്ദം സഹിക്കാൻ വിധിക്കപ്പെട്ട മനുഷ്യർക്കുവേണ്ടി ശബ്ദം ഉയർത്തേണ്ടത് ആവശ്യമാണ് എന്ന തോന്നലിൽ നിന്നാണ് അത്തരം പ്രതിഷേധങ്ങൾ ആരംഭിച്ചത്. പതിനഞ്ചാം വയസ്സിൽ ജന്മി കുടുംബത്തിലെ മുറ്റമടിക്കാൻ നിയോഗിക്കപ്പെട്ടവളാണ് ഞാൻ. അത്തരം ആത്മനിന്ദാപരമായ പ്രവർത്തികളിൽ ഏർപ്പെട്ടതിൽ മനം മടുത്തുപോയിരുന്നു. അക്കാലത്ത് നാട്ടിൽ ഒരു കൊലപാതകം ഉണ്ടായി. അതിൽ ഞാനും ഭാഗഭാക്കാണ് എന്ന ആരോപണം ഉണ്ടായതിനാൽ സുഹൃത്തുക്കൾ എന്നെ അവിടെ നിന്നു മാറ്റി. അങ്ങനെ ആ നാടും അമ്മാവന്റെയും അമ്മായിയുടെയും സ്നേഹവും കരുതലും ഒക്കെ നഷ്ടമായി. അത്തരം ഒരു ജീവിതകാലത്താണ് പതിനാറാം വയസ്സിൽ ആ പട്ടാളക്കാരനുമായുള്ള വിവാഹം നടക്കുന്നത്. അയാൾ നാട്ടിലെ പണക്കാരനായിരുന്നു. അതുകൊണ്ടുതന്നെ പണം കൊണ്ട് എന്തും സാധിക്കാം എന്ന ചിന്ത ഉള്ളവനുമായിരുന്നു. ഏതായാലും ജോലിയും സ്ഥിരമായ ഒരു വരുമാനവും ലഭിച്ചതോടെ ഞാൻ ആ വിവാഹബന്ധത്തിൽ നിന്ന് രക്ഷപ്പെട്ടു.

*3. അങ്ങനെയൊക്കെ സംഭവിച്ചപ്പോഴും മനസ്സിൽ ഒരു കനൽ മായാതെ കിടന്നു അല്ലേ. അതാണ് വീണ്ടും പൊതുരംഗത്ത് എത്തിയത് എന്ന് പറയാമോ?*

ഉ. കോഴിക്കോട് എത്തിയതിനുശേഷം ശാസ്ത്ര സാഹിത്യ പരിഷത്തിലൂടെയാണ് പൊതുരംഗത്തേക്ക് കടന്നുവന്നത്. 1987–ൽ കെ.ജി.ടി.എ.യുടെ പ്രവർത്തകയായി. 1987–ൽത്തന്നെ സാക്ഷരകേരളം പ്രോജക്ട് ഓഫീസറായി. 1993–ൽ കെ.എസ്.ടി.എ. നിലവിൽ വന്നു. ഡി.പി.ഇ.പി. എന്ന പുതിയ പാഠ്യപദ്ധതി നിലവിൽ വന്നപ്പോൾ അതിന്റെ പ്രചാരകയും പ്രയോക്താവും ആയി മാറി. ശരിയല്ല എന്ന് തോന്നുന്ന കാര്യങ്ങളും സംഘടനാ വിരുദ്ധമെന്ന് ബോദ്ധ്യമുള്ളവയുമായ കാര്യങ്ങൾ തുറന്നു പറയുന്ന ഒരു സ്വഭാവം ജന്മനാ ഉള്ളതിനാൽ സംഘടനകളിൽ ഒതുക്കപ്പെട്ടു. ഒരു സ്ത്രീ നിർഭയയായിരിക്കുന്നത് ഇവിടുത്തെ പുരുഷാധിപത്യ സ്വഭാവമുള്ള സംഘടനകൾക്കോ ആ നേതാക്കന്മാർക്കോ ഒട്ടും സഹിക്കാനാവില്ല. നമ്മുടെ ബഹുജന സംഘടനകളെല്ലാം പുരുഷാധിപത്യപരം തന്നെയാണ്.

*4. അനേകം പ്രക്ഷോഭസമരങ്ങളിൽ പങ്കെടുത്ത അനുഭവങ്ങൾ സ്വന്തമാണല്ലോ. അവ ഒന്ന് പങ്കുവെയ്ക്കാമോ?*

ഉ. അന്നും ഇന്നും എന്നും ഒരു സമരത്തിന്റെ ഭാഗമായിക്കഴിഞ്ഞാൽ അതിൽ ആണ്ടു മുഴുകുക എന്നതാണ് എന്റെ രീതി. 2002–ൽ അദ്ധ്യാപകരും ജീവനക്കാരും നടത്തിയ പ്രക്ഷോഭസമരത്തിൽ പങ്കെടുക്കാതെയിരുന്ന 'കരിങ്കാലികളെ' ശരിക്കും ദ്രോഹിച്ചിട്ടുണ്ട്. അന്ന് ഞാൻ സൂപ്പർ അനുവേഷനിലാണ്. നിയമപരമായി എനിക്ക് സമരത്തിൽ പങ്കെടുക്കാനാവില്ല. ആ സമരത്തിനിടയിൽ പ്രസംഗിച്ചുകൊണ്ട് ഇരിക്കുമ്പോൾ മൈക്ക് പിടിച്ച വലിച്ച ഒരു പോലീസുകാരിയെ തൊഴിച്ച് താഴെയിട്ടു എന്ന കുറ്റത്തിൽ ജോലി നഷ്ടമായി. പെൻഷനൊക്കെ സമരം ചെയ്ത് നേടിയെടുത്തതാണ്. ഇപ്പോൾ വിവിധ വകുപ്പുകളിൽ ഏഴ് കേസ്സുകൾ നിലവിലുണ്ട്. അങ്ങനെ ജോലിക്കാലം കഴിഞ്ഞതോടെ പൂർണ്ണമായും രാഷ്ട്രീയ പ്രവർത്തകയായി. ജനകീയാസൂത്രണത്തിന്റെ സ്റ്റേറ്റ് റിസോഴ്സ് പേഴ്സൺ ആയിരുന്നു. ഇപ്പോൾ നിലവിൽ കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുടെ ഏരിയാകമ്മറ്റി അംഗമാണ്. സ്വതന്ത്രമായ അഭിപ്രായം പറയുന്ന സ്വഭാവം മുന്നോട്ടുള്ള വളർച്ചയെ തടസ്സപ്പെടുത്തിയിട്ടുണ്ട്.

ജനാധിപത്യ മഹിളാ അസോസിയേഷൻ സംസ്ഥാന കമ്മറ്റി അംഗവും ജില്ലാ വൈസ് പ്രസിഡണ്ടുമാണ്. 1982 മുതൽ 2020 വരെ ദീർഘകാലം പുരോഗമനകലാസാഹിത്യ സംഘം സംസ്ഥാന വൈസ് പ്രസിഡന്റായിരുന്നു. കഴിഞ്ഞ സമ്മേളനത്തോടെ ഞാൻ സ്വയം ആ സ്ഥാനം ഒഴിഞ്ഞു. ഇപ്പോൾ പുരോഗമന കലാസാഹിത്യസംഘം സംസ്ഥാന കമ്മറ്റി അംഗമാണ്.

*5. ഇത്രയും കാലത്തെ പാർട്ടി ജീവിതത്തെ ഒന്നു വിലയിരുത്താമോ?*

ഉ. ഞാൻ ഏതെങ്കിലും വ്യക്തികളിൽ ആകൃഷ്ടയായിട്ടല്ല രാഷ്ട്രീയത്തിലേക്ക് കടന്നുവന്നത്. കമ്മ്യൂണിസ്റ്റ് ആശയങ്ങളാണ് എന്നെ ആകർഷിച്ചത്. അതുകൊണ്ടുതന്നെ യാതൊരുവിധ ചാഞ്ചല്യവും എന്നെ ബാധിച്ചിട്ടില്ല. ഒരു നിരാശയും ഇല്ലതാനും. പാർട്ടിയിൽ വിഭാഗീയത ഉണ്ടായിരുന്നു. ആശയധാരയുടെ അടിസ്ഥാനത്തിലായിരുന്നില്ല ഇത്തരം വിഭാഗീയത ഉണ്ടായതെന്ന് പറയേണ്ടിവരും. ഞാനും അതിന്റെ ഭാഗമായിരുന്നു എന്ന തരത്തിലുള്ള ചില വാർത്തകൾ പ്രചരിച്ചിരുന്നു. പക്ഷെ ആശയങ്ങളിൽ മുറുകെ പിടിച്ചുകൊണ്ട് നിലനിന്നതി

നാൽ തന്നെ എനിക്ക് പാർട്ടി നേതൃത്വത്തിലും ശരിയായ നിലപാടിലും വിശ്വാസവും ബോദ്ധ്യവും ഉണ്ടായിരുന്നു. പാർട്ടിയുടെ സംഘടനാ നേതൃത്വത്തിൽ നിന്നും വ്യതിചലിക്കാൻ ഒരു ഉത്തമ കമ്മ്യൂണിസ്റ്റിനു കഴിയില്ല. ഇന്നും എന്നെ നയിക്കുന്നത് ആശയങ്ങളാണ്. സ്ഥാനങ്ങൾ എന്നെ സംബന്ധിച്ചേടത്തോളം ഉത്തരവാദിത്വങ്ങൾ മാത്രമാണ്. എന്തും ലാഭത്തിന്റെ കണക്കിൽ മാത്രം അളക്കുന്ന ഈ കാലത്ത് ലാഭം ഞാൻ കാംക്ഷിക്കുന്നതേയില്ല.

*6. പൊതു പ്രവർത്തക എന്ന നിലയിൽ പൊതു പ്രശ്നങ്ങളിൽ ഇടപെടേണ്ടിവരുമ്പോൾ നിരാശ തോന്നാറുണ്ടോ?*

ഉ. സമൂഹം ഒരളവു വരെ ചൂഷണാധിഷ്ഠിതമാണ്. ഇതേ ചൂഷണം അധികാരത്തിലും പണത്തിലും കണ്ണി ചേർക്കപ്പെടുന്നു. അത് പിന്നീട് നീതി നിഷേധമായി മാറുന്നു. സാമൂഹ്യനീതി അർഹതപ്പെട്ടവന് ആകാശാകുസുമം പോലെ അപ്രാപ്യമാണ്. അതിനൊക്കെ എതിരെ ഒരു രാഷ്ട്രീയ പ്രവർത്തക എന്ന നിലയിൽ ഇടപെടുമ്പോൾ പതിത ചേരിക്ക് നീതി ലഭ്യമാക്കുക എന്ന ഏക ലക്ഷ്യമേ അതിനുള്ളൂ.

*7. മത്സരിച്ചു ജയിച്ച ഇലക്ഷനെ കുറിച്ച് ഒന്നു പറയാമോ?*

ഉ. കോഴിക്കോട് കോർപ്പറേഷന്റെ പൂളക്കടവ് ഡിവിഷനിൽ നിന്നാണ് കോർപറേഷൻ തിരഞ്ഞെടുപ്പിൽ ജയിച്ചത്. വൻഭൂരിപക്ഷത്തിലായിരുന്നു ആ വിജയം എന്നത് പ്രത്യേകം പറയേണ്ടതുണ്ട്. 2011-2015 വരെ കോർപറേഷൻ മെമ്പറും, ആരോഗ്യസ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനും ആയിരുന്നു. അനേകം പ്രലോഭനങ്ങളും പ്രകോപനങ്ങളും വിപരീത സാഹചര്യങ്ങളും നേരിടേണ്ടിവന്നു. കേരളത്തിൽ അന്ന് യു.ഡി.എഫ്. ഭരണമായിരുന്നു എന്നും ഓർക്കേണ്ടതുണ്ട്. ആരോഗ്യരംഗത്തെ രണ്ട് ദേശീയ അവാർഡുകൾ കോഴിക്കോട് കോർപ്പറേഷന് നേടിക്കൊടുക്കാൻ കഴിഞ്ഞു എന്നത് വലിയ സന്തോഷത്തോടെയാണ് ഓർക്കുന്നത്. ആ അഞ്ചുവർഷത്തെപ്പറ്റി ഞാൻ പരിപൂർണ്ണ തൃപ്തയുമാണ്.

*8. പാർട്ടിയിൽ ഒപ്പം പ്രവർത്തിച്ചവരുടെ പേരിൽ നടപടികൾ വരുമ്പോൾ ഉണ്ടാവുന്ന വികാരം എന്താണ്?*

ഉ. പാർട്ടിയിൽ സഹപ്രവർത്തകരുടെ പേരിൽ നടപടികൾ വരുമ്പോൾ സ്വാഭാവികമായും അവരെ തിരുത്താൻ പരമാവധി ശ്രമിക്കാറുണ്ട്. പക്ഷെ അക്കാര്യത്തിൽ ഞാൻ പൂർണ്ണമായും വിജയിച്ചു എന്നു പറയാനാവില്ല. അങ്ങനെ പലരും പുറത്തു പോയപ്പോൾ വലിയ വേദന തോന്നിയിട്ടുമുണ്ട്. പാർട്ടിനയങ്ങളെയും അഭിപ്രായങ്ങളെയും അനുസരിക്കുമ്പോൾ തന്നെ വ്യക്തിപരമായ വിയോജിപ്പുകളും ഉണ്ടാവാറുണ്ട്. എന്നാൽ പാർട്ടി അച്ചടക്കം എന്ന സംഘടനാതത്വം ഒരു ഉത്തമപാർട്ടി പ്രവർത്തകയ്ക്ക് ബാധകമാണ്.

*9. സാഹിത്യകാരി എന്ന നിലയിൽ ഒന്ന് സ്വയം പരിചയപ്പെടുത്താമോ?*

ഉ. ആദ്യകഥ 'സമാന്തരങ്ങളിൽ സഞ്ചരിക്കുന്നവർ' വയനാട് ജീവിതത്തിലെ ഒരനുഭവത്തെ ആധാരമാക്കി എഴുതിയതാണ്. എന്റെ എല്ലാ രചനകൾക്കും അനുഭവത്തിന്റെ ഒരു പൊരി വേണം എന്നു വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. കാഴ്ചകൾ, അനുഭവങ്ങൾ, സൗഹൃദങ്ങൾ എല്ലാം എഴുത്തിനെ സ്വാധീനിക്കുന്നുണ്ട്. ഞാൻ എന്നും ആത്മാവിൽ കൊണ്ടുനടന്ന ഭക്തിസാന്ദ്രമായ പ്രണയം എഴുത്തിന്റെ കാതലാണ്. രചനകളിൽ സ്ത്രീ സങ്കടങ്ങളും ചൂഷണങ്ങളും എപ്പോഴും പരാമർശ വിഷയമാണ്. ഒപ്പം മാനുഷികമായ പ്രണയ കാമനകളുടെ വിശകലനങ്ങളും ഉൾച്ചേർന്നിട്ടുണ്ട്. 'സ്ത്രീ-ജീവിതം-സംസ്കാരം' എന്ന പുസ്തകം ലോക സ്ത്രീ ജീവിതത്തെപ്പറ്റി ഞാൻ ആർജ്ജിച്ച അറിവുകളാണ്. മുന്നൂറിൽ അധികം കഥകളും എത്രയോ കവിതകളും എത്രയോ റേഡിയോ നാടകങ്ങളും എഴുതിയിട്ടുണ്ട്. ആകാശവാണിയിലെ ബിഹൈവ് ആർട്ടിസ്റ്റായിരുന്നു. വിദ്യാഭ്യാസ ഹയർ പാനൽ അംഗവുമായിരുന്നു. നന്നായി പാടിയിരുന്നു.

*10. 'ഞാൻ ഗൗരി' എന്ന നോവലിനെകുറിച്ച് എന്തു പറയുന്നു?*

ഉ. ആദ്യ നോവലാണ് 'ഞാൻ ഗൗരി'. അത് ആത്മകഥാപരം തന്നെയാണ്. ഏതൊരു വ്യക്തിയുടേയും ആത്മാവിൽ പൊലിയാത്ത ഒരു ബന്ധമുണ്ടാവും എന്ന് ഞാൻ കരുതുന്നു. അത് തികച്ചും ജൈവീകമായ ഒന്നാണ്. സാഹിത്യവാരഫലത്തിൽ എം. കൃഷ്ണൻ നായർ പല പ്രാവശ്യം എന്നെ ക്രൂരമായി വിമർശിക്കുകയും പരിഹസിക്കുകയും ചെയ്തിട്ടുണ്ട്. എന്റെ എഴുത്തിന്റെ പ്രണയവും പ്രചോദനവുമായി നിന്ന ഒരാൾ എന്റെ കുഞ്ഞുണ്ണി മാഷായിരുന്നു. എഴുത്ത് എന്റെ ജീവിതമാണ്. രാഷ്ട്രീയ പ്രവർത്തനം കാലം എന്നിൽ നിന്നും ആവശ്യപ്പെടുന്ന ദൗത്യമാണ്.

*11. ഒരു സുഹൃദ്‌വലയം സ്വന്തമായി ഉള്ള ആളാണല്ലോ. ഇതെങ്ങനെ ജീവിതത്തെ സ്വാധീനിക്കുന്നു?*

ഉ. എനിക്ക് എണ്ണിയാലൊടുങ്ങാത്ത പരിചയക്കാരുണ്ട്. പല സംഘടനകളിലും പല സാംസ്കാരിക സ്ഥാപനങ്ങളിലും അംഗമാണ്. അങ്ങനെയും അനേകം പരിചയക്കാരുണ്ട്. പക്ഷെ എല്ലാ പരിചയങ്ങളും സൗഹൃദങ്ങളാവില്ല. എല്ലാ സൗഹൃദങ്ങളും ആത്മാവിനെ സ്പർശിക്കില്ല. കോഴിക്കോട്ട് അടുത്തകാലത്ത് രൂപം കൊണ്ട 'ശബ്ദം' എന്ന കൂട്ടായ്മ എന്നെ സംബന്ധിച്ചേടത്തോളം എന്റെ ഹൃദയത്തിൽ തൊട്ട കൂട്ടുകെട്ടാണ്. ശബ്ദത്തിലെ ഓരോ അംഗങ്ങളും എനിക്ക് പ്രിയപ്പെട്ട ചങ്ങാത്തങ്ങളാണ്. എന്റെ അപാരമായ തിരക്കിനിടയിലും 'ശബ്ദം' എന്ന കൂട്ടായ്മ എന്നെ വായിക്കാൻ നിർബന്ധിതയാക്കുന്നു. എഴുത്തിന്റെ ആഴങ്ങളിലേക്ക് പോവൂ എന്ന് നിർബന്ധിക്കുന്നു.

*12. പുതിയ എഴുത്ത് എന്തൊക്കെയാണ്?*

ഉ. പുതിയ നോവൽ കോഴിക്കോടിന്റെ ഹൃദയ ഭൂമിയിൽ ഒരു വിലാപഗാനം പോലെ എന്നെ സ്വാധീനിച്ച ഒരു സൗഹൃദത്തിന്റെ ബാക്കിയാണ്. അവസാനം ആ കഥാപാത്രത്തിന്റെ ദുഃഖപര്യവസായിയായ അന്ത്യം ആവരുതേ എന്നു മാത്രമാണ് ഇപ്പോൾ ആഗ്രഹം.

*13. ദൈവവിശ്വാസിയാണോ?*

ഉ. അതെ. ആശയബലമാണ് ഒരു കമ്മ്യൂണിസ്റ്റ് ആക്കി നിലനിർത്തുന്നത്. എന്നാൽ ദുർഘടം പിടിച്ച ജീവിതപഥങ്ങളിൽ സമാശ്വാസത്തിന്റെ ഒരു തഴുകൽ ഏതു മനുഷ്യനും ആഗ്രഹിക്കുന്നു. എന്റെയുള്ളിലും അത്തരം ഒരു മോഹം ഉണരാറുണ്ട്. ആ ആഗ്രഹമാണ് സത്യമോ മിഥ്യയോ സങ്കൽപ്പമോ യഥാർത്ഥ്യമോ എന്ന് വ്യവഛേദിക്കാനാവാത്ത ഒരു ശക്തിയുമായുള്ള അഭിരമിക്കലായി മാറുന്നത് എന്ന് ഞാൻ കരുതുന്നു. അതാണ് എന്റെ ദൈവവിശ്വാസത്തിന്നടിസ്ഥാനം.

■



നിമിത എ.

# സമത്വം

സ്ത്രീക്കും പുരുഷനും തുല്യഅവകാശം എന്നു പറഞ്ഞു കേൾക്കാം. പക്ഷെസത്യത്തിൽ ഒരു സ്ത്രീക്കും തുല്യമായ അവകാശങ്ങളോ നീതിയോ ലഭിക്കുന്നില്ല. സ്ത്രീകൾക്ക് മനസ്സമാധാനത്തോടെ സമൂഹത്തിൽ ജീവിക്കാൻ സാധിക്കുന്നില്ല.

പുരുഷൻമാർ ചെയ്യുന്നതുപോലെ ഓരോ സ്ത്രീയും ഇന്ന് ജോലിക്കു പോയി കുടുംബം നോക്കുന്നുണ്ട്. എങ്കിലും പുരുഷന് വീട്ടിൽ ലഭിക്കുന്ന സ്വാതന്ത്ര്യം ഒരു പെണ്ണിന് ലഭിക്കുന്നില്ല. പുരുഷന് ജോലി സംബന്ധമായോ അല്ലാതെയോ രാത്രിയിൽ പുറത്തിറങ്ങി സഞ്ചരിക്കാം. എന്നാൽ ജോലി ചെയ്യുന്ന സ്ത്രീ ആണെങ്കിൽ പോലും ആറു മണിക്കു മുമ്പ് വീട്ടിൽ കയറണം. സത്യത്തിൽ വീട്ടുകാർ ഒരു പെൺകുട്ടിയോട് പുറത്തിറങ്ങരുത് എന്നല്ല പറഞ്ഞു പഠിപ്പിക്കേണ്ടത്. പകരം, ആൺകുട്ടികളെ സ്ത്രീകളോട് എങ്ങനെ പെരുമാറണം എന്നാണ് പഠിപ്പിക്കേണ്ടത്.

വിവാഹത്തിന് ശേഷം പല സ്ത്രീകളേയും ജോലി ചെയ്യാൻ ഭർതൃവീട്ടുകാർ അനുവദിക്കാറില്ല. ഒരു പുരുഷൻ എത്ര കഷ്ടപ്പെട്ട് പഠിച്ചാണോ ജോലി വാങ്ങിയത് അതേ കഷ്ടപ്പാട് സഹിച്ച് തന്നെയാണ് ഒരു സ്ത്രീയും തന്റെ ലക്ഷ്യം കരസ്ഥമാക്കുന്നത് എന്ന് ഓരോരുത്തരും മനസ്സിലാക്കണം.

വീട്ടുജോലികൾ അന്നും ഇന്നും പെണ്ണിനു മാത്രം. എന്തുകൊണ്ടാണ് ഇതിനൊരു മാറ്റം വരുത്താത്തത്? തുല്യാവകാശം നമ്മുടെ ഭരണഘടന നൽകിയിട്ടും ഇതൊന്നും ആരെങ്കിലും എന്തുകൊണ്ടിങ്ങനെ? ഇത് അനീതിയല്ലേ എന്ന് ചോദിച്ച് ശബ്ദമുയർത്തിയാൽ അവൾ ഫെമിനിച്ചിയാവുന്നത് എന്തുകൊണ്ടാണ്.

വീട്ടിൽ പോലും ആൺ-പെൺ വിവേചനം നമുക്ക് കാണാൻ സാധിക്കും. ആൺകുട്ടികളുടെ ശബ്ദം വീടിന്റെ വെളിയിൽ കേട്ടാൽ പ്രശ്നമില്ല. എന്നാൽ അത് ഒരു പെൺകുട്ടിയുടേതായാൽ അവൾക്ക് അച്ചടക്കമില്ല.

ആൺകുട്ടികൾക്ക് എത്ര സമയം വേണമെങ്കിലും സുഹൃത്തുക്കളുടെ കൂടെ സമയം ചിലവഴിക്കാം. എത്ര പ്രായമായാലും ഏതു കളിയും കളിക്കാം. ഇതൊന്നും ഒരു പെൺകുട്ടിക്ക് പാടില്ല. നാട്ടിലും വീട്ടിലും എന്തുകൊണ്ടാണ് ഇതിനൊന്നും മാറ്റം വരാത്തത്?




സഞ്ജന കെ.

# തുല്യത

ഗാന്ധിജിയും നെഹ്റുവും ഉൾപ്പെടെയുള്ള ധീര ദേശാഭിമാനികൾ പങ്കെടുത്ത സ്വാതന്ത്ര്യ സമരത്തിൽ ഇന്ത്യയിലെ സ്ത്രീകളും പങ്കെടുത്തിരുന്നു. രാജ്യത്തിനു വേണ്ടി പുരുഷൻമാർ ജീവൻ ബലിയർപ്പിച്ചതു പോലെ സ്ത്രീകളും സ്വന്തം ജീവൻ രാജ്യത്തിനു വേണ്ടി നല്കിയിട്ടുണ്ട്. 1950ൽ ഭരണഘടന നിലവിൽ വന്നപ്പോഴും സ്ത്രീകൾക്ക് തുല്യ പദവിയും സ്വാതന്ത്ര്യവും എഴുതിച്ചേർക്കുകയും ചെയ്തു. എന്നിട്ടും എന്തുകൊണ്ടാണ് സ്ത്രീകൾ അവഹേളിക്കപ്പെടുന്നത്? എല്ലാവർക്കും തുല്യതയും പരിരക്ഷയും ഭരണഘടന ഉറപ്പു വരുത്തിയിട്ടുണ്ടെങ്കിലും എന്തുകൊണ്ടാണ് സ്വതന്ത്ര ഇന്ത്യയിൽ രാത്രി ഒരു പുരുഷൻ ഇറങ്ങി നടക്കുന്നതു പോലെ സ്ത്രീകൾക്ക് ഇറങ്ങി നടക്കാനാവാത്തത്? എല്ലാ സ്ഥലത്തും വിവേചനങ്ങൾ ഉണ്ടാവുന്നതെന്തുകൊണ്ടാണ്?

രാഷ്ട്രീയ പാർട്ടികളിൽ സ്ത്രീകൾ ധാരാളമുണ്ടെങ്കിലും തെരഞ്ഞെടുപ്പിൽ കൂടുതൽ സീറ്റ് പുരുഷന്മാർക്കാണ് നല്കുക. സ്ത്രീകൾ ഭരിച്ചാൽ ഭരണം ശരിയാവില്ല എന്ന് തെറ്റിദ്ധരിച്ചിട്ടാണോ എന്നറിയില്ല അധികാര സ്ഥാനത്ത് സ്ത്രീകളെ ഇരുത്താത്തത്

ഏത് രംഗമെടുത്താലും കഴിവും ശേഷിയുമുണ്ടെങ്കിലും സ്ത്രീകൾ പിന്തള്ളപ്പെടുന്ന നിരവധി സ്ഥലങ്ങൾ രാജ്യത്തുണ്ട്. ഈ അവസ്ഥ മാറണം. രാജ്യം പുരോഗമിക്കണം. സ്ത്രീയുടെ പുരോഗതി കൂടിച്ചേർന്നതാണ് രാജ്യത്തിന്റെ പുരോഗതി. ജനിച്ചു വീഴുന്ന ഓരോ പെൺകുട്ടിക്കും ഭാവിയിൽ ചരിത്രം സൃഷ്ടിക്കാനാവണം. എല്ലാ അധികാര സ്ഥാനങ്ങളിലും അവളും ഉണ്ടാവണം



**പ്രിജിത്ത് പി.കെ.**
ക്വിയറിതം സ്ഥാപക അംഗം

# പ്രാധിനിത്യം, സ്വത്വം - ക്വിയർ വായന

എന്തുകൊണ്ട് (?) എന്ന് ചോദിച്ചുകൊണ്ട് തുടങ്ങുന്നതാകും നല്ലത്. എന്തുകൊണ്ട് ഇടങ്ങൾ അന്യമാകുന്നു? എന്തുകൊണ്ട് മാറ്റിനിർത്തലുകൾ സ്വാഭാവികവും പ്രകടവുമാകുന്നു? എന്തുകൊണ്ട് ചിലരെ മാത്രം ഇത്തരുണിയിൽ ഒഴിവാക്കലുകൾക്കു വിധേയമാക്കുന്നു ? എന്തിന്റെ പേരിൽ ?

സമൂഹം അരുതുകളുടെ വേലിക്കെട്ടുകൾ നിർമിച്ച് മുന്നേറുമ്പോൾ ഇടങ്ങൾ അന്യമാകുന്ന അനേകായിരം മനുഷ്യരെ ബോധപൂർവം വിസ്മരിക്കുന്നു.

ഹാ! സുന്ദരം.

2017 മാർച്ച് 17ന് സാംസ്കാരിക തലസ്ഥാനം എന്നവകാശപ്പെടുന്ന തൃശൂരിൽ, ബാംഗ്ലൂരിലേക്ക് യാത്രചെയ്യാൻ ബസ് കാത്തുനിന്ന രാഗരഞ്ജിനി, അലീന, ദീപ്തി കല്യാണി എന്നിവർ സിറ്റി പോലീസിനാൽ ആക്രമിക്കപ്പെടുന്നു, തൃശൂർ ബസ് സ്റ്റേഷൻ പോലെ തിരക്കേറിയ ഒരിടത്തു നിന്നും മൂന്ന് ഇന്ത്യൻ പൗരരെ നിയമപാലകർ ആട്ടിയോടിച്ചത് 'ഓടി പോകു, ഇവിടെ കണ്ടു പോകരുത്' എന്നും പറഞ്ഞാണ്. മറ്റൊരു യാത്രക്കാരും അന്നവിടെ അക്രമിക്കപ്പെട്ടില്ല ഇവർ മൂവർ ഒഴികെ !

തിരുവനന്തപുരത്ത് വലിയതുറയിൽ രാത്രി കാണപ്പെട്ടു എന്ന കാരണത്താൽ ആൾക്കൂട്ട ആക്രമണത്തിന് ഇരയാകേണ്ടിവന്ന ചന്ദന! 'ഇവിടെയെങ്ങും കണ്ടു പോകരുത്' എന്ന് ആക്രോശിച്ചുകൊണ്ട് നിലത്തിട്ട് ചവിട്ടിയ ജനക്കൂട്ടം.

ഞങ്ങൾ പ്രണയിച്ചു, വിവാഹിതരായി എന്ന് പ്രഖ്യാപിച്ച രണ്ട് പൗരന്മാരെ സമൂഹമാധ്യമങ്ങളിൽ ആണധികാരങ്ങളുടെ അശ്ലീലം പഠിപ്പിച്ചവർ, നട്ടെല്ലും, ലിംഗവും, യോനിയുമാണ് പ്രണയിക്കുവാനുള്ള യോഗ്യതയായി അവർ കണ്ടത്. തെറിവിളിച്ചുകൊണ്ട് എല്ലാത്തരം സൈബർ ഇടങ്ങളുടെയും അവകാശം ഞങ്ങൾക്ക് മാത്രമാണെന്ന് ഘോഷിച്ചുകൊണ്ടവർ ആക്രോശിച്ചു, പ്രണയിച്ചവരുടെ പേരുകൾ സോനു, നികേഷ് എന്ന്.

ചിഞ്ചു അശ്വതി രാജപ്പൻ എന്ന വ്യക്തി കഴിഞ്ഞ ലോക്സഭാ ഇലക്ഷനിൽ എറണാകുളം മണ്ഡലത്തിലെ സ്ഥാനാർഥി ആയി മത്സരിച്ചപ്പോൾ കളിയാക്കിയും അപമാനിച്ചും ഒഴിവാക്കാൻ നോക്കിയവർ! നിയമസഭയിൽ പി സി ജോർജ് എം എൽ എ യാൽ അപമാനിതയായ ശ്യാമ എസ് പ്രഭ!



ചിഞ്ചു അശ്വതി രാജപ്പൻ

വിദ്യാഭ്യാസം മൗലികാവകാശമായി കണക്കാക്കുന്ന നാട്ടിൽ ഒരു കോളേജ് ഹൈക്കോടതിയിൽ കേസ് കൊടുത്തിരിക്കുന്നു, ഞങ്ങൾക്ക് ഇവിടെ സ്ത്രീകളെ മാത്രമേ പ്രവേശിപ്പിക്കാൻ സാധിക്കുകയുള്ളു എന്ന്. മറുവശത്ത് കേരള സർക്കാരിന്റെ ഒരു ഉത്തരവും !

കുടുംബാംഗങ്ങൾ അംഗീകരിക്കാത്തതിനാൽ, ഒഴിവാക്കലുകളും ഒറ്റപ്പെടുത്തലും ഭയന്ന് 2018 മെയ് മാസം തിരുവനന്തപുരത്ത് കെട്ടിടത്തിന്റെ മുകളിൽ നിന്നും ചാടി ആത്മഹത്യ ചെയ്ത പാച്ചു !

പ്രാതിനിധ്യത്തിന്റെ രാഷ്ട്രീയം ഒഴിവാക്കലുകളുടെ കൂടിയാണ്. മുകളിലെ പേരുകൾ ആവർത്തിച്ചാൽ അനുക്രമമായി അവർ നേരിട്ട, അനുഭവിച്ച പ്രശ്നങ്ങൾക്കൊരു താളമുണ്ട്, മാറ്റിനിർത്തലിന്റെ താളവും ഈണവും. രാഗരഞ്ജിനി, അലീന, ദീപ്തി, സോനു, നികേഷ്, ചന്ദന, ചിഞ്ചു അശ്വതി രാജപ്പൻ, ശ്യാമ എസ് പ്രഭ, പാച്ചു ഈ പേരുകൾ മുന്നോട്ട് വയ്ക്കുന്ന സ്വത്വ രാഷ്ട്രീയം പേരിൽ 'ഉടക്കി' നമ്മോടു സംവേദനം നടത്തില്ല, എന്നാൽ ഇവർ ലിംഗത്വ

ലൈംഗിക ന്യൂനപക്ഷങ്ങളായ (LGBTIQ) മനുഷ്യരാണെന്ന തിരിച്ചറിവ് നെറ്റിചുളിയലുകൾക്കും അപ്പുറം നമ്മോടു മറ്റു ചിലത് പറഞ്ഞുവെയ്ക്കും, പറയാതെയും.

1947 രാജ്യത്തിന് സ്വാതന്ത്ര്യം ലഭിച്ചിട്ടും (?) 2014 വരെ കാത്തിരിക്കേണ്ടിവന്നു ലക്ഷക്കണക്കിന് ആളുകൾക്ക് സിസ്ജെണ്ടർ മനുഷ്യരുടെ മാത്രം കുത്തകയായ ഭരണഘടനാമനുഷ്യാവകാശങ്ങൾ ലഭിക്കാൻ. ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ രാജ്യം അസ്പൃശ്യരായി മാറ്റിനിർത്തിയിരുന്ന ട്രാൻസ്ജെൻഡർ മനുഷ്യരെ കുറിച്ചുതന്നെ! സ്വവർഗാനുരാഗം ക്രിമിനൽ കുറ്റം അല്ലാതെ ആയിട്ടും ഇന്നും തെറ്റിദ്ധാരണകളും പാപബോധവും കൊണ്ട് മാത്രം ഒഴിവാക്കലുകളും മാറ്റിനിർത്തലും നേരിടുന്ന ക്വീയർ സമൂഹം! ജീവിതത്തിന്റെ സമസ്ത മേഖലകളിൽ നിന്നും ഇത്തരം അപരവൽക്കരണം മാത്രം നേരിടുന്നവർക്ക് നഷ്ടം വരുന്ന അവസരങ്ങളെ കുറിച്ചോ അഭിമാനബോധത്തെ കുറിച്ചോ ആരും ആകുലത പ്രകടിപ്പിക്കുന്നില്ല എന്നതാണ് യാഥാർഥ്യം. ഞങ്ങളും നിങ്ങളും എന്നത് ശരി തെറ്റ് പോലെ ദ്വന്ദപ്രതിസന്ധിയായി മുന്നോട്ട് പോയികൊണ്ടേയിരിക്കും.

ഒരു ക്വീയർ വ്യക്തിയുടെ ജീവിതത്തിലെ അന്യവൽക്കരണം ആരംഭിക്കുന്നത് വീടുകളിൽ നിന്നുമാണ്, സ്വന്തം കടുംബം എന്ന ഇടത്തുനിന്നും. തെരുവുകളിലേക്ക് പലായനം ചെയ്യപ്പെടേണ്ടിവരുന്ന സമൂഹത്തിന്റെ സഭ്യതയ്ക്കും സദാചാരത്തിനും സ്വാഭാവികതയ്ക്കും നിരക്കാത്തവർ എന്ന് കണക്കാക്കി വീടുകളിൽ നിന്നും ഇറക്കി വിടുന്ന ഇറങ്ങി പോരേണ്ടിവരുന്ന ജനത. രാജ്യത്തിനകത്ത് നടക്കുന്ന ഇത്തരം പലായനങ്ങൾ ഒരു പക്ഷെ ആരും ശ്രദ്ധിക്കുന്നുമില്ല. സ്ത്രൈണത ഉള്ള പുരുഷ ശരീരം അനുഭവിക്കേണ്ടിവരുന്ന അസഹിഷ്ണുതാപരമായ ഓരോ കുത്തിനോട്ടവും ആത്മഹത്യ എന്ന ഒറ്റ വഴിയിലേക്ക് അവരെ എത്തിക്കും. സ്ത്രീ ശരീരത്തിലെ പുരുഷനെ ഒരു പരിധിവരെ അംഗീകരിക്കുന്ന നാം പുരുഷ ശരീരത്തിലെ ഓരോ പെൺ അനക്കങ്ങളും പരിഹാസത്തിനുള്ള കാരണമായി മാത്രം കാണും. നമ്മുടെ പരമ്പരാഗത സ്ത്രീപുരുഷ ദ്വന്ദ്വത്തിനപ്പുറമുള്ള എല്ലാം അപരമെന്ന പുതിയൊരു സ്വത്വമായി കണക്കാക്കി മാറ്റിനിർത്തപ്പെടും. അങ്ങനെ ഒഴിവാക്കപ്പെടുന്നവർക്ക് യാതൊരുവിധ പൗരാവകാശങ്ങളും ലഭ്യമാകാതിരിക്കാൻ നാം ബോധപൂർവം ഇടപെടലുകൾ നടത്തും. ഇടപെടലുകൾ, എത്ര സുന്ദരമായ പ്രവൃത്തി അല്ലേ !

വീടുകളിൽ നിന്നും മാത്രമല്ല സ്കൂളുകളിൽ തുടങ്ങി ഉന്നത വിദ്യാഭ്യാസ രംഗം വരെ തുടരുന്ന അസഹിഷ്ണുതകളുടെ കയ്പേറിയ അനുഭവങ്ങൾ, ആൺപെൺ സ്വത്വങ്ങൾ മാത്രമേ സാധ്യമായിട്ടുള്ളു എന്ന് വിശ്വസിക്കുന്ന അധ്യാപകകൂട്ടങ്ങളും പൊതുസമൂഹവും നൽകുന്ന സമ്മർദ്ദം പല രൂപങ്ങളിലൂടെ അതി ഭീകരമായ പ്രതിസന്ധികളായി ഓരോ ജീവിതത്തെയും ബാധിക്കും. സ്വാഭാവികമായും പഠനം നിർത്താൻ ഇത്തരം ശ്രമങ്ങൾ 'സഹായകമാകും'.

കേരള സർക്കാർ ട്രാൻസ്ജെൻഡർ പോളിസി പ്രകാരം ഉന്നത വിദ്യാഭ്യാസ രംഗത്ത് കൂടുതൽ ട്രാൻസ്ജെൻഡർ മനുഷ്യർ എത്തുവാനും വിവേചനമില്ലാതെ പഠനാന്തരീക്ഷം ഒരുക്കുവാനുമായി എല്ലാ കോളേജുകളിലും ഓരോ വിഷയത്തിനും ബിരുദബിരുദാനന്തര കോഴ്സുകളിൽ രണ്ട് സീറ്റുകൾ വീതം അധികം അനുവദിച്ചുകൊണ്ട് ഉത്തരവായി. നിരവധി ട്രാൻസ്ജെൻഡർ പഠിതാക്കൾ ഈ അവസരം ഉപയോഗിക്കാൻ മുന്നോട്ട് വന്നിട്ടുമുണ്ട്. എന്നാൽ പാലാ അൽഫോൻസാ കോളേജ് ഹൈക്കോടതിയിൽ ഈ സംവരണത്തിനെതിരെ കേസ് ഫയൽ ചെയ്തിരിക്കുന്നു, എന്തൊരു അസംബന്ധമാണ് കോളേജുകാർ കോടതിയിൽ പറഞ്ഞിരിക്കുന്നത്, ട്രാൻസ്ജെൻഡർ പഠിതാക്കൾ മറ്റ് കുട്ടികളുടെ സുരക്ഷക്ക് ഭീഷണി ആണത്രേ? പൊതുവെ അസ്തിത്വപ്രതിസന്ധിയും നിത്യവൃത്തിയോ മറ്റ് ആശ്രയങ്ങളോ ഇല്ലാതെ തെരുവിൽ നില്കേണ്ടിവരുന്ന പഠനം വിദൂരസ്വപ്നത്തിൽ പോലും ആഗ്രഹിക്കാൻ കഴിയാത്ത നിസ്സഹായരായവരോടാണ് അൽഫോൻസാ കോളേജ് അടങ്ങുന്ന മുഖ്യധാരാസമൂഹം കലഹം പ്രഖ്യാപിച്ചിരിക്കുന്നത്. വിദ്യാഭ്യാസാവകാശത്തിന്റെ ലംഘനവും ട്രാൻസ്ജെൻഡർ സ്വത്വത്തിനെ അംഗീകരിക്കുവാനുള്ള മടിയും മതമേല്പിക്കുന്ന സമ്മർദ്ദവും ട്രാൻസ്ജെൻഡർ മനുഷ്യരെ അംഗീകരിക്കാനോ പരിഗണിക്കാനോ അവരെ അനുവദിക്കുന്നില്ല എന്നു വേണം മനസിലാക്കാൻ.

ബ്രിട്ടീഷ് ഇന്ത്യയ്ക്ക് മുൻപ് മുഗൾ ഭരണത്തിലടക്കം ഭരണരംഗത്തും യുദ്ധരംഗത്തും അടക്കം ഹിജഡകൾ എന്നറിയപ്പെട്ടിരുന്ന ട്രാൻസ്ജെൻഡർ മനുഷ്യർ കഴിവുകൾ തെളിയിച്ചവരാണ്, ഭരണ രംഗത്തെ മികവുകൾ തുടരാതിരിക്കാനുള്ള സിസ്ജെൻഡർ മനുഷ്യരുടെ ഇടപെടലുകൾ കൃത്യമായും ട്രാൻസ്ജെൻഡർ മനുഷ്യരെ അസ്പൃശ്യരായി എല്ലാത്തരം മേഖലകളിൽ നിന്നും തുടച്ചുനീക്കി. പിന്നീട് വന്ന ബ്രിട്ടീഷ് ഭരണം ആ ശ്രമങ്ങൾക്ക് ആക്കം കൂട്ടി എന്നുവേണം അടിവരയിട്ട് മനസിലാക്കാൻ. ക്രിമിനൽ ട്രൈബ്സ് നിയമം, ഐപിസി 377 എന്നിവ അതിനു ഉദാഹരണങ്ങളാണ്.

ഇന്ത്യൻ സാഹിത്യത്തിലും സംസ്കാരസന്നിവേശങ്ങളിലും സിസ്ജെൻഡർ ഭിന്നവർഗ ലൈംഗികതാ (Heterosexual) കടന്നുകയറ്റങ്ങൾ മാത്രമാണ് ദൃശ്യമായും അദൃശ്യമായും കാണാൻ സാധിക്കുക. ചലച്ചിത്രങ്ങളും അത്തരം സാമൂഹ്യ വിദ്യാഭ്യാസത്തിനു സ്വവർഗഭീതിയും (Homophobia) ട്രാൻസ്ജെൻഡർ ഭീതിയും (Transphobia) വർധിപ്പിക്കാൻ ഉതകും വിധം വളവും വെളിച്ചവും നൽകി എന്നതാണ് വസ്തുത. സ്വവർഗാനുരാഗം പാപമാണെന്നും, പ്രകൃതിവിരുദ്ധം ആണെന്നും, ആൺ ആൺ, പെൺ പെൺ പ്രണയങ്ങൾ രോഗമാണെന്നും അവ പഠിപ്പിച്ചു. സ്ത്രീപുരുഷൻ എന്നീ ലിംഗത്വങ്ങൾക്കപ്പുറം ട്രാൻസ്ജെൻഡർ അടക്കമുള്ള ജെണ്ടർ വൈവിധ്യങ്ങൾ

വൈകൃതങ്ങൾ ആണെന്നതടക്കമുള്ള തെറ്റിദ്ധാരണകളും തലമുറകളോളം സ്വത്വ പ്രതിസന്ധി ഉണ്ടാക്കിക്കൊണ്ടിരുന്നു.

ചരിത്രത്തിൽ നിന്നും പുറം തള്ളപ്പെട്ടവർക്ക് എവിടാവും സ്ഥാനം ?

ബോധപൂർവമുള്ള ഇടപെടലുകളിലൂടെ ചരിത്രത്തിന്റെ ഓരോ കോണിൽ നിന്നും വിസ്മരിക്കപ്പെട്ട, തുടച്ചുമാറ്റപ്പെട്ട സ്വത്വങ്ങളെ തിരികെ പിടിക്കാനുള്ള ഓരോ ശ്രമങ്ങളും  കഠിനവും ആയാസം എറിയതുമാണ്. ആയതിനാൽ തന്നെ ലൈംഗിക വൃത്തി മാത്രം ചെയ്യുന്ന, സാമൂഹിക പെരുമാറ്റ ശീലങ്ങൾ ഇല്ലാത്ത ഒരു കൂട്ടമായി ട്രാൻസ്ജെൻഡർ മനുഷ്യരെ കാണുന്ന പൊതുബോധത്തിന്റെ പ്രതിനിധാനങ്ങളായ പോലീസ് തൃശൂരിൽ അക്രമം അഴിച്ചുവിടുമ്പോൾ, 'ഓടിക്കോ, ഇവിടെ നിന്നും പൊയ്ക്കോ' എന്നാക്രോശിക്കുന്നത് ഇത് നിങ്ങളുടെ ഇടമല്ല എന്ന ഉറച്ച പൊതുബോധം കൂടിയാണ്.

സമൂഹത്തിന്റെ ഏതു മേഖലയിലും വിവേചനം നേരിടുന്ന, മാറ്റിനിർത്തലുകൾ നേരിടുന്ന ലിംഗത്വലൈംഗിക ന്യൂനപക്ഷങ്ങൾ, വീടുമുതൽ കുഴിമാടം വരെ ഒറ്റയാക്കപ്പെട്ടിട്ടുള്ള പ്രത്യേക വിഭാഗമാണ്. നിങ്ങളുടെ സുഹൃത്ത് നിങ്ങളൊരു സ്വവർഗാനുരാഗിയോ ട്രാൻസ്ജെൻഡറോ ആണെന്നറിയുന്ന നിമിഷം അവസാനിക്കുന്ന ഊഷ്മളതയേ സമൂഹത്തിൽ നിലനില്ക്കുന്നുള്ളു, ഭീതിയും തെറ്റിധാരണയും ഒഴിഞ്ഞാൽ പിന്നെ ഉള്ളതെല്ലാം ഉദാരതയുടെ പുറമെയുള്ള കാട്ടികൂട്ടലുകളാണ്, പ്രാതിനിധ്യം മൈക്കിൻ കുഴലിലൂടെ പടച്ചുവിടുന്ന തിസീസുകളാണ്. ചലച്ചിത്രാഖ്യാനങ്ങൾ നൽകിയ വിദ്യാഭ്യാസം അത്രയും ഭീകരവും ഗുരുതരവുമായാണ് അക്കാദമിക് മേഖലയിലും വഴിയടച്ചിട്ടുള്ളത്. അടിസ്ഥാന വിദ്യാഭ്യാസത്തിലോ സാങ്കേതിക ഉന്നത വിദ്യാഭ്യാസത്തിന്റെ ക്രിയാത്മകമായ ഒരിടപെടലും സ്വാതന്ത്രാനന്തരം ക്വീയർ മേഖലയിൽ ഉണ്ടായിട്ടില്ല എന്നതാണ് വസ്തുത. മെഡിക്കൽ കൗൺസിൽ 21 വർഷങ്ങൾക്കിപ്പുറം മെഡിക്കൽ കരിക്കുലം പരിഷ്ക്കരിച്ചപ്പോൾ അതിൽ ലിംഗത്വലൈംഗിക ന്യൂനപക്ഷങ്ങളെ, അവരുടെ നിലയെ പരിഗണിച്ചിട്ടില്ല എന്നത് കൂടി ചേർത്ത് വായിക്കുമ്പോഴേ ഈ തള്ളിക്കളയൽ പൂർണമായും മനസിലാകൂ.

നിയമസഭയുടെ അങ്കണത്തിൽ നിന്നും 'നിനക്കിവിടെ എന്ത് കാര്യം എന്ന്' ഗർവോടെ ഒരു ജനപ്രതിനിധി ഒരു ട്രാൻസ്ജെൻഡറോട് ചോദിക്കുന്നതും, സമൂഹമാധ്യമങ്ങളിലടക്കം ഓരോ ഇടങ്ങളിലും ഫോബിയ പടർത്തുന്ന ചോദ്യങ്ങളും വിശദീകരണങ്ങളുമായി സ്വവർഗദമ്പതികളോട് 'നന്നാവാൻ' ഉപദേശിക്കുന്നവരും, പാച്ചുവിന്റെ ജീവൻ അപഹരിക്കാൻ പോന്നവിധം പുറംതള്ളൽ നടത്തിയ വീട്ടുകാരും ഒരേ മനസാക്ഷി പേറുന്നവരാണ്.

ഇടം തേടുന്നവരാണോ ഇടം നഷ്ടപ്പെട്ടവരാണോ എന്നതാണ് തർക്കവിഷയം, പ്രാതിനിധ്യം ഇല്ലാതാക്കുന്ന ബോധപൂർവമായ ഇടപെടലുകൾ മാത്രമാണ് ഇതുവരെയും ഉണ്ടായിട്ടുള്ളത് എന്നതാണ് വസ്തുത. വീടുകളിൽ നിന്നും, കുടുംബകൂട്ടായ്മകളിൽ നിന്നും പൊതുപരിപാടികളിൽ നിന്നുമെല്ലാം ഈ തിരസ്കരണം പ്രകടമായി കാണുവാൻ സാധിക്കും. ഒരു പക്ഷെ കേരളത്തിൽ ഒരു ട്രാൻസ്ജെൻഡർ പോളിസി നിലവിൽ വന്നില്ലായിരുന്നെങ്കിൽ ഇന്നും പടിക്കു പുറത്തു നിറുത്തുന്ന മനുഷ്യരായി ട്രാൻസ്ജെൻഡർ മനുഷ്യർ മാറിയേനേ. അപ്പോഴും സ്വവർഗാനുരാഗികൾ വീട്ടുകാരാലും സമൂഹത്താലും ചികിത്സ വേണ്ട ഗുരുതരമായ സ്വഭാവവൈകല്യമുള്ളവരാണ്. സ്വത്വം തിരിച്ചറിഞ്ഞപ്പോൾ/വെളിപ്പെടുത്തിയപ്പോൾ ജോലി നഷ്ടമായവരും അപമാനഭീതിയും ഒറ്റപ്പെടലും കാരണം ആത്മഹത്യയിലേക്ക് നടന്നുപോകുന്നവരും നൂറുകണക്കിന് നമുക്കിടയിലുണ്ട് എന്നത് എപ്പോഴെങ്കിലും സർക്കാരോ പൊതു സമൂഹമോ തിരിച്ചറിയുന്നുണ്ടോ? ഇവിടെ ജീവിതം സാധ്യമല്ലാത്തതിനാൽ മറ്റ് രാജ്യങ്ങളിലേക്ക് കുടിയേറ്റം നടത്തുന്ന ക്വീയർ മനുഷ്യരെ 'കാരണം' ജിഡിപിയിൽ ഉണ്ടാകുന്ന കുറവ് എപ്പോഴെങ്കിലും പഠനവിഷയമാക്കിയിട്ടുണ്ടോ?

ക്വീയർ മനുഷ്യരുടെ അധികാര പങ്കാളിത്തവും പ്രാതിനിത്യവും ഇന്ത്യൻ സാഹചര്യത്തിൽ പ്രവർത്തികമാകണമെങ്കിൽ വർഷങ്ങളുടെ സാമൂഹ്യ വിപ്ലവങ്ങൾ നടക്കേണ്ടിയിരിക്കുന്നു. പ്രൈഡ് പരേഡുകളിൽ രാഷ്ട്രീയ ഭരണ അധികാരികൾ ആഘോഷപൂർവം പങ്കെടുക്കുകയും തുറന്നു പറച്ചിലുകൾ സ്വത്വം വെളിപ്പെടുത്തിയവർ രാജ്യത്തിന്റെ പ്രധാനമന്ത്രിയും പ്രസിഡന്റും ആകുന്ന ഇന്നിന്റെ യാഥാർഥ്യത്തിലേക്കുള്ള നമ്മുടെ ദൂരം ആലോചനകൾക്കും അപ്പുറമാണ്. എന്നാൽ കേരളത്തിലെ ചില രാഷ്ട്രീയ പാർട്ടികൾ എങ്കിലും അത്തരം ചെറിയ ശ്രമങ്ങൾ നടത്തുന്നു എന്നത് ശുഭകരമാണ്. എന്നാൽ പ്രാതിനിത്യരാഷ്ട്രീയം മതവും ജാതിയും തീരുമാനിക്കുന്നിടത്ത് ശരീരവും മനസും സ്വത്വ പ്രതിസന്ധി ഉണ്ടാക്കിയിട്ടുള്ള മനുഷ്യർ എവിടെ അടയാളപ്പെടുത്തും.

എന്തുകൊണ്ട് (?) ചോദ്യങ്ങൾ അവസാനിക്കാതെ മുന്നേറുക മാത്രമാണ് ചെയ്യുന്നത്. എന്നാൽ ഒഴിവാക്കലുകൾക്ക് ഒരു അവസാനം വരേണ്ടതുണ്ട് ! സമഗ്രമായ സാമൂഹ്യ വിദ്യാഭ്യാസ പദ്ധതികളിലൂടെ നാം വീണ്ടും ഇടപെടലുകൾ നടത്തുകതന്നെവേണം. സ്ത്രീകൾ ലിംഗസമത്വമുറപ്പിക്കുവാനായി നടത്തിയ നീണ്ട നാളത്തെ പോരാട്ടം നമുക്ക് മുന്നിലുണ്ട്, ക്വീയർ മനുഷ്യരും ഇടങ്ങൾ തിരികെ പിടിക്കാൻ ആരംഭിക്കണം, അതൊരു സിംബയോട്ടിക് പദ്ധതിയായി ചുരുങ്ങുവാൻ പാടില്ല. പരാദജീവികൾ മാത്രമാണ് ക്വീയർ ജീവിതങ്ങൾ എന്നാക്ഷേപിച്ചവരുടെ, അഭിമാനത്തെ ജീവിതത്തെ ചോദ്യം ചെയ്തവരുടെ മുന്നിലൂടെ ഞങ്ങളും ഇവിടെ ദൃശ്യരാണെന്ന തെളിക്കുകതന്നെ വേണം. പൊതുസമൂഹവും സർക്കാരും മറ്റ് ഏജൻസികളും അവർക്കൊപ്പം ചേരുകയാണ് വേണ്ടത്. ക്വീയർ മനുഷ്യരല്ല വളരേണ്ടത്, പൊതുസമൂഹം അവർക്കൊപ്പം എത്താൻ, അവർ താണ്ടിയ ദൂരം കണ്ടെത്താൻ കൂടെ ഓടിയും ഉയരം കണ്ടെത്തുകയുമാണ് വേണ്ടത്.

■

വഴിത്താരകൾ



ജാനകി
*കോഴിക്കോട് സർവ്വകലാശാല*
*ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക*

# ലോറ മൾവിയുമൊത്ത് ഒരു ദിവസം ...

ഒരു മാർച്ച് 8 കൂടി വന്നു ചേരുകയാണ്. ഈ ലക്കത്തിൽ വഴിത്താരകൾ സംസാരിക്കുന്നതു ഒരു അപൂർവ സംഗമത്തെ കുറിച്ചാണ്. 1970കളിൽ visual pleasure and narrative cinema എന്ന ഒരൊറ്റ ലേഖനത്തിലൂടെ, അനേകം തലമുറകളുടെ സിനിമ കാണലുകളെ തന്നെ അട്ടിമറിച്ച ലോറ മൾവിയുമൊത്തു ചിലവാക്കിയ ഒരു പകലും ഒരു രാവിന്റെ ചില മണിക്കൂറുകളും പങ്കു വെക്കേണ്ടതാണെന്നു തോന്നുന്നു. കാരണം വൻകരകൾക്കപ്പുറം സ്ത്രീപക്ഷവീക്ഷണങ്ങൾ തീർത്ത സൗഹൃദത്തിന്റെ പ്രതീകമായിരുന്നു, ഞാനും സംവിധായികയായ ആശ ജോസഫും അവരുമൊത്തു ചിലവിട്ട അമൂല്യമായ ആ മണിക്കൂറുകൾ. തൃശ്ശൂരിലെ സെന്റ് തോമസ് കോളേജിലെ ഇംഗ്ലീഷ് വിഭാഗം അധ്യാപകനായ ഡോ സി എസ് ബിജു, ലോറ മൾവീ അഭിസംബോധന ചെയ്യുന്ന യോഗത്തിൽ അധ്യക്ഷത വഹിക്കാൻ എന്നെ ക്ഷണിക്കുമ്പോൾ, മലയാളി ചലച്ചിത്ര ഗവേഷകർക്ക് ഇത്രമേൽ പരിചിതമായ വ്യക്തിത്വത്തെ വീണ്ടും പരിചയപ്പെടുത്തുന്നതിൽ എന്ത് പ്രസക്തി എന്ന് ഞാൻ സംശയിച്ചിരുന്നു. ആ സംശയം ഒന്ന് കൂടി ഊട്ടി ഉറപ്പിക്കുകയായിരുന്നു അവിടെ ഞാൻ കണ്ട അധ്യാപക വിദ്യാർത്ഥി വൃന്ദത്തിന്റെ അവരോടുള്ള സ്നേഹാദര പ്രകടനങ്ങൾ.

പക്ഷെ ഒരു വ്യക്തിത്വവും അവരുടെ രചനകളിൽ ഒതുങ്ങുന്നില്ല. സ്വന്തം പ്രശസ്തിയെയും പദവിയേയും എങ്ങിനെ സംയമനത്തോടെ കൈകാര്യം ചെയ്യുന്നു എന്നതു ഒരാളുടെ പക്വതയുടെ അടയാളമാണ്. അസാമാന്യമായ സ്ഥൈര്യവും, വിനയവും ഉണ്ടെങ്കിൽ മാത്രമേ ധാർഷ്ട്യം തീർത്തുമില്ലാതെ സ്വന്തം നിലപാടുകൾ ധീരമായി, ആർജ്ജവത്തോടെ തലകുനിക്കാതെ, പറയാൻ പറ്റുകയുള്ളു . അത്തരം ഒരു വ്യക്തിവിശേഷത്തെയാണ് ഞാൻ ലോറ മൾവിയിൽ കണ്ടത്. എന്നെക്കാൾ ഇരുപത്തിഅഞ്ചോളം വർഷം പ്രായകൂടുതലുള്ള, ദീർഘകാലം അധ്യാപികയായ വ്യക്തിയെ പേരെടുത്തുവിളിക്കുന്നതിൽ ചെറിയൊരു ഔചിത്യക്കുറവ് തോന്നിയത് കൊണ്ടാവാം, ഞാൻ മറ്റു പലരെയും പോലെ 'മാഡം എന്നവരെ ആദ്യം അഭിസംബോധന ചെയ്തത്. അവരുടെ തിരുത്തൽ വളരെ പെട്ടെന്ന്തന്നെആയിരുന്നു. 'Call me Laura'എന്ന ഊഷ്മളമായ നിർദേശത്തിൽ വ്യക്തിബന്ധങ്ങളെ അനൗപചാരികമാക്കാനുള്ള പ്രത്യേക താത്പര്യം സ്ഫുരിച്ചിരുന്നു.അതോടു കൂടി ആ ഒത്തുചേരലിനു ഒരു സൗഹൃദകൂട്ടായ്മയുടെ അയവു വന്നു.

ഫെബ്രുവരി 2020ൽ കുറച്ചാഴ്ചകൾ ഇന്ത്യയിലും കേരളത്തിലും വിവിധ കോളേജുകളിലായി അവർ നടത്തിയ പര്യടനത്തിന്റെ ഭാഗമായാണ് അവർ തൃശൂരിലും എത്തിയത്. അവരുടെ മുകളിൽ പരാമർശിച്ച ലേഖനവും, അതിനു ശേഷം അവർ നടത്തിയ പുനർ വിചാരങ്ങളും ഒക്കെ കേരളത്തിലെ സിനിമാ ഗവേഷകർക്കും, വിദ്യാർഥികൾക്കും, അധ്യാപകർക്കും ഏറെ പരിചിതമാണ്. പക്ഷെ മിക്ക പണ്ഡിതർക്കും ആക്ടിവിസ്റ്റുകൾക്കും ഇല്ലാതെ പോകുന്ന ഒരു ഗുണം അവരിൽ തിളങ്ങി നിന്നിരുന്നു. തനിക്കു നേരെ വന്നിട്ടുള്ള ക്രിയാത്മകമായ വിമർശനങ്ങളെ അവർ തുറന്ന മനസ്സോടെ സ്വാംശീകരിക്കാൻ കാണിച്ചിട്ടുള്ള സന്നദ്ധതയാണത്.

അതൊരു ഗവേഷകക്കു നിർബന്ധമായും ഉണ്ടായിരിക്കേണ്ട ഗുണമാണെന്നു സ്വന്തം ജീവിതം കൊണ്ട് തന്നെ ഉദാഹരിച്ചിട്ടുള്ള അപൂർവം വ്യക്തികളിൽ ഒരാളായാണ് നമ്മൾ ലോറയെ കാണേണ്ടത്. മാറിക്കൊണ്ടിരിക്കുന്ന ചരിത്ര പശ്ചാത്തലത്തിനനുസരിച്ചു തന്റെ നിലപാടുകളെ പുതുക്കിപ്പണിയാൻ അവർ പ്രദർശിപ്പിച്ചിട്ടുള്ള ആത്മവിശ്വാസം ശ്ലാഘനീയമാണ്. തൃശൂരിൽ നടന്ന യോഗത്തിലും അവർ അതിൽ തന്നെയാണ് ഊന്നിയത്. സ്ത്രീപക്ഷ രാഷ്ട്രീയവും മനോവിശ്ലേഷണ സിദ്ധാന്തങ്ങളും സമന്വയിപ്പിച്ചു കൊണ്ട്, അവർ രൂപം നൽകിയ ആൺനോട്ടം എന്ന പരികല്പനയെ താണ്ടാതെ ഇന്ന് സിനിമാ പഠനങ്ങൾക്ക് മുന്നോട്ടു പോകാനാവില്ല. ഇന്നും ക്ലാസ്സു മുറിയിൽ ഈ ലേഖനം ചർച്ച ചെയ്യുമ്പോൾ പുതിയൊരു ആശയലോകം മുന്നിൽ തുറക്കുന്നതിന്റെ അത്ഭുതവും, ആഹ്ലാദവും, ഹരവും വിദ്യാർത്ഥികളിൽ ഞാൻ കാണാറുണ്ട്. ആ വായനക്ക് ശേഷം എല്ലാ കാഴ്ചകളെയും ഞങ്ങൾ വേറെ രീതിയിൽ കണ്ടു തുടങ്ങി എന്ന് സന്തോഷത്തോടെ പറയുന്ന വിദ്യാർത്ഥിനികൾ എന്റെ അഭിമാനമാണ്.

അവരുടെ യാത്രയുടെ ഭാഗമായി തേവര സേക്രഡ് ഹാർട്സ് കോളേജിൽ നടത്തിയ സെമിനാറിൽ പങ്കെടുത്ത മാധവപ്രസാദ്, എഴുപതുകളിൽ അവരെഴുതിയ ലേഖനത്തെ വെച്ച് മാത്രം അവരോട് സംസാരി

*(ശേഷം 62-ാം പേജിൽ)*

ശാസ്ത്രം

സീമ ശ്രീലയം

പ്രമുഖ ശാസ്ത്ര ലേഖിക, നിരവധി ബഹുമതികൾക്ക് ഉടമ



# ഗണിത വിസ്മയമായി സുജാത രാംദൊരൈ

**ക്രീ**ഗർ നെൽസൺ പ്രൈസിലൂടെ ഗണിത ശാസ്ത്ര രംഗത്ത് ഇന്ത്യയുടെ അഭിമാനമായി മാറിയിരിക്കുകയാണ് സുജാത രാംദൊരൈ. ഗണിതശാസ്ത്ര രംഗത്ത് കൈവരിച്ച അതുല്ല്യ നേട്ടങ്ങൾക്കുള്ള അംഗീകാരമായി കനേഡിയൻ മാത്തമാറ്റിക്കൽ സൊസൈറ്റിയാണ് അവാർഡ് പ്രഖ്യാപിച്ചിരിക്കുന്നത്.

ഗണിതശാസ്ത്ര ഗവേഷണത്തിൽ വിസ്മയങ്ങൾ വിരിയിച്ച സുജാതയുടെ നേട്ടം ഗണിതശാസ്ത്ര ഗവേഷണമൊന്നും സ്ത്രീകൾക്ക് പറഞ്ഞിട്ടുള്ളതല്ലെന്ന അബദ്ധ ധാരണ ഇക്കാലത്തും വച്ചു പുലർത്തുന്നവർക്കുള്ള ചുട്ട മറുപടി കൂടിയാണ്. ഇപ്പോൾ കാനഡയിലെ ബ്രിട്ടീഷ് കൊളംബിയ സർവ്വകലാശാലയിൽ ഗണിത ശാസ്ത്ര പ്രഫസറാണ് കണക്കിൽ കരുത്തു തെളിയിച്ച ഈ വനിത. 1962 മെയ് 23 ന് ഇന്ത്യയിൽ ജനിച്ച സുജാത രാംദൊരൈ ബംഗളുരുവിലെ സെന്റ് ജോസ്ഫ്സ് കോളേജിൽ നിന്ന് ഗണിത ശാസ്ത്രത്തിൽ ബിരുദവും അണ്ണാമലൈ യൂണിവേഴ്സിറ്റിയിൽ നിന്ന് ബിരുദാനന്തര ബിരുദവും ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ചിൽ നിന്ന് 1992ൽ ഡോക്ടറേറ്റും നേടി. രാമൻ പരിമളയുടെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം. അതിനു ശേഷം പുണെയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യുക്കേഷൻ ആന്റ് റിസർച്ചിലും ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ചിലും പ്രഫസറായി പ്രവർത്തിച്ചു. ആൾജിബ്ര, ജ്യാമിതി തുടങ്ങിയ മേഖലകളിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ച സുജാതയുടെ ഇവാസാവ സിദ്ധാന്തം ലോകശ്രദ്ധ നേടി. 2004ൽ ശാന്തിസ്വരൂപ് ഭട്നഗർ പുരസ്ക്കാരം ഈ ഗണിത വിസ്മയത്തെ തേടിയെത്തി.

ഐസിടിപി രാമാനുജൻ അവാർഡ് നേടിയ ആദ്യ ഇന്ത്യക്കാരി എന്ന ബഹുമതിയും സുജാതയ്ക്കു സ്വന്തം. ഗണിതശാസ്ത്രത്തിൽ നേട്ടങ്ങൾ കൈയെത്തിപ്പിടിക്കാൻ ആഗ്രഹിക്കുന്ന പെൺകുട്ടികൾക്ക് വലിയൊരു പ്രചോദനമാണ് സുജാത രാംദൊരൈ.



സുജാത രാംദൊരൈ

ക്രീഗർ നെൽസൺ പ്രൈസിനെക്കുറിച്ചു പറയുമ്പോൾ സിപ്രസിസിലിയ ക്രീഗർ ഡുനൈജി, നെൽസൺ എവ്ലിൻ എന്നീ കനേഡിയൻ ഗണിത ശാസ്ത്രജ്ഞകളെക്കൂടി സ്മരിക്കേണ്ടതുണ്ട്. 1894 ഏപ്രിൽ 9ന് ഇപ്പോൾ പോളണ്ടിൽ ഉൾപ്പെടുന്ന ജാസ്ലോയിൽ ജനിച്ച സിസിലിയ ക്രീഗർ പിന്നീട് കുടുംബത്തോടൊപ്പം കാനഡയിലേക്ക് ചേക്കേറുകയായിരുന്നു. കാനഡ സർവ്വകലാശാലയിൽ നിന്നും ഗണിതശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം നേടിയ ആദ്യ ആദ്യ വനിതയും ഡോക്റ്ററേറ്റ് നേടിയ മൂന്നാമത്തെ വനിതയുമാണ് ക്രീഗർ. ജനറൽ ടോപോളജി, തിയററ്റിക്കൽ കമ്പ്യൂട്ടർ സയൻസ് എന്നിവയായിരുന്നു ക്രീഗറിന്റെ ഇഷ്ട മേഖലകൾ. 1943 നവംബർ 25ന് കാനഡയിലെ ഒന്റേറിയോയിലാണ് നെൽസൺ എവ്ലിൻ ജനിച്ചത്. ഇരുവരും ജ്യാമിതി, തിയററ്റിക്കൽ കമ്പ്യൂട്ടർ സയൻസ് എന്നീ മേഖലകളിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചു. ക്രീഗർ ടൊറന്റോ യൂണിവേഴ്സിറ്റിയിലും നെൽസൺ എവ്ലിൻ മക്മാസ്റ്റർ യൂണിവേഴ്സിറ്റിയിലും പ്രഫസറായി പ്രവർത്തിച്ചു. സിസിലിയ ക്രീഗർ, നെൽസൺ എവ്ലിൻ എന്നിവരുടെ സ്മരണയ്ക്കായാണ് ഗണിതശാസ്ത്രത്തിൽ ഏറെ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കുന്ന വനിതകളെ ആദരിക്കാൻ കനേഡിയൻ മാത്തമാറ്റിക്കൽ സൊസൈറ്റി 1995 മുതൽ ക്രീഗർനെൽസൺ പ്രൈസ് നൽകിത്തുടങ്ങിയത്.

■



**ലേഖിക ലോറ മൾവിയും ആശ ജോസഫുമൊത്ത്**


*(തുടർച്ച പേജ് 60)*

ക്കുന്നതിൽ അവർക്കിത്തിരി മടുപ്പുണ്ടെന്നു സൂചിപ്പിച്ചിരുന്നു. പക്ഷെ നേരിട്ട് കണ്ടപ്പോഴേക്കും അവരാ അവസ്ഥയുമായി ഒരു തരത്തിൽ സമരസപ്പെടുവാൻ ശ്രമിക്കുകയായിരുന്നു. 'അന്നെഴുതിയ ലേഖനം ഇന്നും ആർക്കൊക്കെയോ ഉപകാരപ്പെടുന്നുണ്ടെങ്കിൽ അത് അങ്ങിനെ തന്നെയാകട്ടെ.' പിന്നീട് സദസ്സിനോടും അവർ വിശദമാക്കി: 'എന്റെ നിലപാടുകൾ ഒരുപാട് മാറിയിട്ടുണ്ട്. അതിനർത്ഥം ആദ്യകാല സമീപനങ്ങളെ അപ്പാടെ തിരസ്കരിക്കുന്നു എന്നല്ല. അത് ഒരു പുതുക്കിപ്പണിയലാണ്'.

അകലത്തു നിന്ന് ഒരുപാട് മതിപ്പോടെ കണ്ട ആളെ അടുത്തറിയുമ്പോൾ പലപ്പോഴും നല്ല അനുഭവമായി കൊള്ളണമെന്നില്ല. എന്നാൽ വിചാരിച്ചതിനേക്കാൾ മതിപ്പുവർധിപ്പിക്കുന്ന കൂടിക്കാഴ്ചകളും ഉണ്ടാവാം. ലോറയുമായി ചിലവിട്ട ഓരോ നിമിഷവും സമ്പന്നമായ ഒരനുഭവമായി മാറുകയായിരുന്നു.രാത്രി അത്താഴത്തിനായി അവരുടെയൊപ്പം അവർ താമസിക്കുന്ന ഹോട്ടലിൽ ഞാനും ആശയും എത്തിയപ്പോൾ വളരെ സ്വാഭാവികമായി ഈ എഴുപത്തെട്ടുകാരി പറഞ്ഞു: 'Let us celebrate' ഒരു കുപ്പി വീഞ്ഞ് ആ സായാഹ്നത്തിന് ആഘോഷത്തിന്റെ നിറം പകർന്നു. വർഷങ്ങൾക്കുശേഷം വീണ്ടും കാണുന്ന സുഹൃത്തുക്കളായിരുന്നില്ല ഞങ്ങൾ. ആശയും ഞാനും പോലും ഇത്ര അടുത്ത് ഇടപഴകുന്നത് ആദ്യമായിട്ടാണ്. പക്ഷെ അധികമൊന്നും പറയാതെ തന്നെ ഒരു അയത്നലളിതമായ ആത്മബന്ധം ഞങ്ങൾക്ക് തോന്നിയിരിക്കാം. പിറ്റേന്ന് അവർ ബാംഗ്ലൂരിലേക്ക് യാത്രയാവുകയാണ്. അവിടെനിന്നും തായ്‌ലണ്ടിലേക്കും. ഒരു പൂർവ വിദ്യാർത്ഥിയുടെ ആതിഥ്യം സ്വീകരിക്കാനുള്ള ഒരുക്കം. സ്വയം സംസാരിക്കുന്നതിനേക്കാൾ നമ്മുടെ സമൂഹത്തിലെ കാര്യങ്ങളെക്കുറിച്ച അറിയാനുള്ള കൗതുകം, ജിജ്ഞാസ! വിമെൻ ഇൻ സിനിമാ കളക്റ്റീവിലെ അംഗങ്ങളെ കണ്ടതിലും, അവരുമായി സംസാരിച്ചതിലുള്ള സന്തോഷം. 'This is my last journey' എന്ന് പറയുമ്പോഴും പുതിയ അനുഭവങ്ങളിലേക്ക് തുറന്നുവച്ചിരിക്കുന്ന മനസ്സ്. മൊബൈൽ ഫോണിൽ അതിരുകടന്നു അഭിരമിക്കുന്ന തന്റെ പേരക്കുട്ടികൾ അടങ്ങുന്ന പുതു തലമുറ ഉണർത്തുന്ന വിസ്മയം. അവസാനം ഹോട്ടൽ ലോബിയിൽ വെച്ച് പരസ്പരം പുണർന്നു യാത്ര പറയുമ്പോൾ ഞങ്ങൾക്ക് തോന്നിയത് ഇനിയും തമ്മിൽ കണ്ടുമുട്ടും എന്നാണു.മാത്രമല്ല ആ പഴയ ലേഖനം വെറുമൊരു സൈദ്ധാന്തിക നിലപാട് എന്നതിലുപരി ഒരു സ്ത്രീയുടെ ജീവിതയാത്രയിലെ നിർണ്ണായകമായ നാഴികക്കല്ലായി എന്നന്നേക്കുമായി മാറിക്കഴിഞ്ഞിരിക്കുന്നു. ■

## കാർട്ടൂൺ

കടപ്പാട് : ഇന്റർനെറ്റ്



Printed, Published and Owned by K.Ajitha, Harithakam, Kozhikode-17
Editor : Sheeba K.M., Trishna, Ashramam Road, Kalady-683574, EKM
Email : sanghadithacalicut@gmail.com, Printed at A-one Offset Prints, Ramanattukara

























# ഭരണഘടനയുടെ എഴുപതാം വാർഷികത്തോടനുബന്ധിച്ച്

# കേരള സർക്കാർ

# പ്രസിദ്ധീകരിച്ച പോസ്റ്ററുകൾ

